# വി. പത്രോസും
# റോമ്മാ സിംഹാസനവും

(തിരുവല്ലാ രൂപതയിലെ മതപഠനസമിതിയിൽ
പാഠപുസ്തകമായി ഉപയോഗിച്ച് വരുന്നത്.)

ഗ്രന്ഥകർത്താ

**ഫാദർ തോമ്മസ്സ് വടശ്ശേരി എൽ. ഡി**

**PRINTED AT THE
ST. JOSEPH'S PRINTING HOUSE,
TIRUVALLA-1962**

Permissu Ecclesiastico

www.malankaralibrary.com

# വി. പത്രോസും
# റോമ്മാ സിംഹാസനവും.

(തിരുവല്ലാ രൂപതയിലെ മതപഠന സമിതിയിൽ
പാഠപുസ്തകമായി ഉപയോഗിച്ചുവരുന്നത്)

ഗ്രന്ഥകർത്താ

ഫാദർ തോമ്മസ്സ് വടശ്ശേരി എൽ. ഡി.

[വില 75 ന.പൈ.

PRINTED AT THE
ST. JOSEPH'S PRINTING HOUSE,
TIRUVALLA—1963.

Permissu Ecclesiastico.

www.malankaralibrary.com

# പ്രസ്താവന

"വി. പത്രോസും റോമ്മാസിംഹാസനവും" എന്ന ഈ ഗ്രന്ഥം "കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും" എന്ന പേരിൽ 1946-ൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ വിപുലഗ്രന്ഥത്തിലെ ആദ്യത്തെ അഞ്ചു അദ്ധ്യായങ്ങളാണു്. മതപഠനസമിതിയുടെ ഉപയോഗത്തിനായി ഇപ്പോൾ ഇതു പ്രസിദ്ധപ്പെടുത്തുന്നു.

വി. പത്രോസ് റോമ്മായിൽ കാലുകുത്തുകപോലും ചെയ്തിട്ടില്ലെന്നു വിദേശീയരായ ചില അകത്തോലിക്കരെ അനുകരിച്ചു നമ്മുടെ നാട്ടിലെ ചില യാക്കോബായ പണ്ഡിതന്മാരും ഗ്രന്ഥകാരന്മാരും ഉറപ്പിച്ചു പറഞ്ഞിട്ടുണ്ടു്. (1) മാർത്തോമ്മാസഭയിലെ വലിയ ഒരു പണ്ഡിതനായി പരിഗണിക്കപ്പെട്ടുവരുന്ന മി. കെ. എൻ. ദാനിയേൽ പ്രസ്തുതവി

---

1) നിരണം ഇടവകയുടെ മെത്രാപ്പോലീത്താ മാർ തോമ്മസ്സ് ദിവന്നാസ്യോസ് തിരുമനസ്സിലെ മെത്രാഭിഷേകം സംബന്ധിച്ചു മാവേലിക്കരെ നടന്ന മഹായോഗത്തിൽ റാവു സാഹിബ് ഒ. എം. ചെറിയാൻ ബി. ഏ., എൽ. റി. ചെയ്ത പ്രസംഗം കാണുക (1115 മേടം 30-31, ഇടവം 1-2 എന്നീ തീയതികളിലെ പൌരപ്രഭ). ഈ പ്രസംഗത്തെ വിമർശിച്ചു ഈ ഗ്രന്ഥകാരൻ 1940-ൽ പ്രസിദ്ധപ്പെടുത്തിയ "കത്തോലിക്കാസഭയുടെ വിശ്വാസം യാക്കോബായക്കാർക്കു സ്വീകാര്യമോ?" എന്ന ലഘുലേഖ കാണുക; കുന്നംകുളം എ. ആർ. പി. പ്രസ്സിൽനിന്നും 1930-ൽ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിലും മി. ചെറിയാന്റെ വാദങ്ങളെല്ലാം കാണാവുന്നതാണു്.

www.malankaralibrary.com

കുന്നതു്, വി. പത്രോസ് റോമായിൽ ഒരുപക്ഷേ പോയിട്ടുണ്ടെന്നു സമ്മതിച്ചാൽ തന്നെയും അവിടെ മെത്രാനായി ഒരു നാളും ഭരണം നടത്തിയിട്ടില്ലെന്നത്രേ. (2) ഫാദർ കെ. റ്റി. സഖറിയാസിനെപ്പോലെയുള്ള വേറെ ചില അകത്തോലിക്കർ വി. പത്രോസ് രക്തസാക്ഷിയായി മരിക്കാൻ വേണ്ടി മാത്രമാണു റോമായിലേക്കു പോയതു് എന്നു ഉറപ്പിച്ചു പറയുന്നു. ഈ വിഷയത്തെ സംബന്ധിച്ചു വിഭിന്നരീതിയിലുള്ള ഈ അഭിപ്രായങ്ങളെല്ലാം കേരളത്തിലെ അകത്തോലിക്കരുടെ ഇടയിൽ ധാരാളം പ്രചരിച്ചിരിക്കകൊണ്ടു സംശയഗ്രസ്തർക്കും സത്യാന്വേഷികൾക്കും യഥാർത്ഥസ്ഥിതി വെളിപ്പെടുത്തിക്കൊടുക്കുക എന്നുള്ളതാണു് ഈ ഗ്രന്ഥരചനയാൽ ഉദ്ദേശിച്ചിരിക്കുന്നതു്.

ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്ന മിക്ക പുരാതന സഭാപിതാക്കന്മാരുടെയും ഗ്രന്ഥകാരന്മാരുടെയും സാക്ഷ്യങ്ങൾ അവിടവിടെ നിർദ്ദേശിച്ചിരിക്കുന്നപ്രകാരം ഗ്രീക്കു, ലത്തീൻ എന്നീ ഭാഷകളിൽ മീഞ്ഞു് (Migne), ഈശോസഭാ വൈദികരായ കിർഷ് (Kirch S. J.), റൂവെ (Rouet S. J.) ആദിയായ വിശ്വവിശ്രുത പണ്ഡിതന്മാർ ക്രോഡീകരിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്നാകുന്നു. ലോകത്തിലാകെ ഈ ഗ്രന്ഥസഞ്ചയങ്ങൾ പ്രചാരത്തിലിരിക്കുന്നു. ഒരുമാതിരി നല്ല ഗ്രന്ഥശാലകളിലെല്ലാം ഇവ കാണാവുന്നതാണു്. വിഭിന്ന സഭാംഗങ്ങളും വിവിധ ഭാഷാഭിജ്ഞന്മാരുമായ പണ്ഡിതന്മാരുടെയും വിമർശകന്മാരുടെയും ഗവേഷകന്മാരുടെയും മുക്തകണ്ഠമായ പ്രശംസകൾക്കും അഭിനന്ദനങ്ങൾക്കും പാത്രീഭൂതമായ ഇവരുടെ ക്രോഡീകരണങ്ങളുടെ സത്യസന്ധതയും നിജാവസ്ഥയും പ്രസ്പഷ്ടതയും ആരെങ്കിലും നിഷേധിക്കയോ, സംശയിക്കയോ ചെയ്യുന്നെങ്കിൽ, അവർക്കു ലോകത്തിലെ പണ്ഡിതന്മാരുടെയും നിഷ്പക്ഷമതികളുടെയും ഇടയിൽ യാതൊരു സ്ഥാനവും ഉണ്ടാ

---

2) പാപ്പായുടെ ആധിപത്യം (ഒന്നാംവാല്യം, 1108), പുറം 235—254.

www.malankaralibrary.com

യിരിക്കയില്ലെന്നു് ഉറപ്പു പറയുന്നു. നെസ്തോറിയൻ, യാക്കോബായ, ഗ്രീക്ക, പ്രോട്ടസ്റ്റന്റ ആദിയായ സഭകളിലെ ഔദ്യോഗിക ഗ്രന്ഥങ്ങളിൽ നിന്നും പണ്ഡിതന്മാരുടെ പ്രഖ്യാപനങ്ങളിൽ നിന്നും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള സാക്ഷ്യങ്ങളുടെ സത്യസ്ഥിതിയും അവരവരുടെ സഭകളിലുള്ള ഗ്രന്ഥങ്ങൾ ഒത്തുനോക്കി നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്.

ഈ വിഷയത്തെ സംബന്ധിച്ചു അകത്തോലിക്കർ പറയാറുള്ള എതിർവാദങ്ങൾക്കെല്ലാം മറുപടി അഞ്ചാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു. വായനക്കാർക്കു സത്യം പൂർണ്ണമായി ബോധപ്പെടണം എന്ന ഏക ഉദ്ദേശ്യത്തിലാണു് ഇവയെല്ലാം എഴുതപ്പെട്ടതു്. ഈ ഉദ്ദേശ്യം സാധിതമാകുന്നെങ്കിൽ ഈ ഗ്രന്ഥകാരൻ കൃതകൃത്യനായി.

ഭദ്രാസന ദേവാലയം,
തിരുവല്ലാ.
മാർത്തോമ്മാദിനം, 1963.

ഫാദർ തോമ്മസ് വടക്കേൽ.

www.malankaralibrary.com

# വിഷയാനുക്രമണി.

## അദ്ധ്യായം 1.

### അകത്തോലിക്കാ വാദങ്ങൾ.


പുറം

1. വി. പത്രോസിന്റെ റോമ്മാവാസത്തെപ്പററി 14-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന മർസീലിയസിന്റെ അഭിപ്രായം. 1
2. പുരാതനകാലത്തെ പ്രോട്ടസ്റ്റന്റുകാരുടെ അഭിപ്രായം. 3
3. ആധുനികകാലത്തെ അകത്തോലിക്കാ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ. 3
4. ഫാദർ കെ. ററി. സഖറിയാസിന്റെയും കൂട്ടരുടെയും പുറപ്പാട്. 3


## അദ്ധ്യായം 2.


വി. പത്രോസിന്റെ റോമ്മാവാസത്തെ സംബന്ധിച്ച വേദപുസ്തകത്തിലെ തെളിവുകൾ. 4

വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്ത അനേക ചരിത്രസംഭവങ്ങൾ വിശ്വാസയോഗ്യമത്രെ. 4

വി. പത്രോസിന്റെ റോമ്മാവാസത്തെപ്പററി സു 8

വിശേഷങ്ങൾ, അപ്പസ്തോലന്മാരുടെ നടപടികൾ,

ലേഖനങ്ങൾ, വെളിപാടുപുസ്തകം എന്നിവയിൽ 11

സവിസ്തരം പ്രതിപാദിക്കാത്തതിന്റെ കാരണങ്ങൾ. 12

വി. പത്രോസിന്റെ സാക്ഷ്യം. 13

വി. മർക്കോസിന്റെ സാക്ഷ്യം 21


www.malankaralibrary.com

## അദ്ധ്യായം 3.

പൂരാതനകാലത്തെ പിതാക്കന്മാരുടെയും ഗ്രന്ഥ
കാരന്മാരുടെയും സാക്ഷ്യങ്ങൾ 22

പൂരാതനകാലത്തെ പിതാക്കന്മാരുടെയും ഗ്രന്ഥ
കാരന്മാരുടെയും സാക്ഷ്യങ്ങളുടെ പ്രാമാണ്യം. 23
റോമ്മിലെ വി. ക്ലീമ്മീസ്, അന്ത്യോക്യായിലെ 26
വി. ഇഗ്നാത്തിയോസ്, വി. ഇരനേയൂസ്, കെമ 29
റീന്ത്യായിലെ ദിവന്നാസ്യോസ്, അലക്സാണ്ഡ്റി 32
യായിലെ ക്ലീമ്മീസ്, തെർത്തുല്യൻ, ഒരിജൻ, റോ 33
മ്മിലെ കായസ്, സഭാചരിത്രകാരനായ എവുസേ 36
ബിയസ്, വി. അപ്രേം, വി. ഈവാനിയോസ്, 39
വി. അത്തനാസ്യോസ്, വി. ജറോം മുതലായവരു 41
ടെ സാക്ഷ്യങ്ങൾ.

വി. ഇരനേയസ്, വി. എജസിപ്പസ്, തെർത്തു 43
ല്യൻ, വി. സിപ്രിയൻ, വി. ഒപ്താതൂസ്, വി. 47
ആഗസ്തീനോസ്, വി. പത്രോസ് ക്രിസോളഗോ 49
സ് എന്നിവരുടെ കൃതികളിലും, ലിബേറിയൻ 45
പഞ്ചാംഗം (Liberian Catalogue), മർസി
യോൺ എന്ന പാഷണ്ഡിക്ക് എതിരായി എഴുത
പ്പെട്ട ഗീതം, "മാർപ്പാപ്പാമാരുടെ ഗ്രന്ഥം" എ 46
ന്നിവയിലും കാണുന്ന മാർപ്പാപ്പാമാരുടെ പട്ടിക
യിൽ നിന്നു വി. പത്രോസ് റോമ്മായിലെ ആദ്യ
മെത്രാനായിരുന്നെന്നു തെളിയുന്നു.

സന്ദിഗ്ദ്ധഗ്രന്ഥങ്ങൾ (Apocryphal books), 52
റോമ്മായിലെ പാരമ്പര്യം, റോമ്മായിലെ അന്തർ 53
ഭൌമിക മന്ദിരങ്ങളിലെ രേഖകൾ, പുരാണവസ്തു 54
ശാസ്ത്രരേഖകൾ, ഇതര രാജ്യങ്ങളിലെ പാരമ്പര്യ 57
ങ്ങൾ, വി. പത്രോസ് മറെറാരു രാജ്യത്തും മരി 58

www.malankaralibrary.com

ച്ചതായി ആരും അവകാശപ്പെടാത്ത സ്ഥിതി, 59
റോമ്മായിലേക്കുള്ള തീൎത്ഥയാത്രകൾ, രാജാക്കന്മാ 59
രുടെയും ചക്രവൎത്തിമാരുടെയും മാനങ്ങൾ, റോ 60
മ്മിൽവെച്ചു നടന്ന അവരുടെ കിരീടധാരണ
ങ്ങൾ മുതലായവയെ സ്പഷ്ടമാക്കിയുള്ള തെളിവു
കൾ.

## അദ്ധ്യായം 4.

വി. പത്രോസിന്റെ റോമ്മാനിവാസത്തെ സംബന്ധിച്ച നെസ്തോറിയൻ, യാക്കോബായ, യവുനായ, പ്രോട്ടസ്റ്റന്റ മുതലായ അകത്തോലിക്ക സഭകളിലെ സാക്ഷ്യങ്ങൾ:— 62

1. നെസ്തോറിയൻ സഭയിലെ സാക്ഷ്യങ്ങൾ 62
2. യാക്കോബായ സഭയിലെ സാക്ഷ്യങ്ങൾ 65
3. യവുനായ (ഗ്രീക്ക) സഭയിലെ സാക്ഷ്യങ്ങൾ 83
4. പ്രോട്ടസ്റ്റന്റ പണ്ഡിതന്മാരുടെ സാക്ഷ്യങ്ങൾ 84

## അദ്ധ്യായം 5.

എതിർവാദങ്ങളും പ്രത്യുത്തരങ്ങളും 94

വി. പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്നോ അഥവാ പോയാൽ തന്നെയും മെത്രാനായി മരണം നടത്തിയിട്ടില്ലെന്നോ പറയുന്ന അകത്തോലിക്കരുടെ പ്രധാന വാദമുഖങ്ങളും അവയ്ക്കുള്ള പ്രത്യുത്തരങ്ങളും.

അകത്തോലിക്കരുടെ പ്രധാന വാദങ്ങൾ:—

1. വി. പത്രോസ് റോമ്മായിൽ പോയി സുവിശേഷവൃത്തി ചെയ്യുന്നതു കത്തോലിക്കാ സഭയിലെ പ്രധാനപ്പെട്ട ഒരു വിശ്വാസ സത്യമാകയാൽ

www.malankaralibrary.com

അതിനു സ്പഷ്ടമായ തെളിവുകൾ വേദപുസ്തകത്തിൽ കാണേണ്ടതാണു്. എന്നാൽ ഈ വിഷയം സംബന്ധിച്ചു വേദപുസ്തകത്തിൽ യാതൊരു തെളിവുമില്ല. ആകയാൽ പത്രൊസ് റോമ്മായിൽ പോയെന്നുള്ള വിശ്വാസം പരമാബദ്ധം 95

2. വി. പത്രൊസിന്റെ റോമ്മാവാസത്തെപ്പറ്റി നടപടിപുസ്തകം പരിപൂർണ്ണമൌനം അവലംബിക്കുന്നു. 96

3. വി. പത്രൊസിന്റെ റോമ്മാവാസത്തെപ്പറ്റി പത്രൊസുതന്നെ എഴുതിയ രണ്ടു ലേഖനങ്ങളിലും ഒന്നും പറയുന്നില്ല. 96

4. വി. പത്രൊസ് 25 വർഷം റോമ്മാസിംഹാസനത്തിൽ ഭരണം നടത്തിയെന്നുള്ള അഭിപ്രായം ഒട്ടും സ്വീകാര്യമല്ല. 98

5. വി. പൌലോസ് റോമ്മാക്കാർക്ക് അയച്ച ലേഖനത്തിൽ അവിടെയുള്ള പലരുടെയും കാര്യം അന്വേഷിച്ചിട്ടും (റോമ്മാ 16, 1–16) പത്രൊസിന്റെ കാര്യം അന്വേഷിക്കുന്നില്ല. 103

6. വി. പൌലോസ് റോമ്മായിൽ വച്ചു തിമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനത്തിലും പത്രൊസ് റോമ്മായിൽ ഉള്ളതായി പറയുന്നില്ല. 105

7. വി. പത്രൊസ് യഹൂദന്മാരുടെ പ്രത്യേക അപ്പൊസ്തോലനായി ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരുന്നതുകൊണ്ടു (ഗലാത്യ. 2, 7) പുറജാതികളുടെ കേന്ദ്രസ്ഥലമായ റോമ്മായിൽ സുവിശേഷം പ്രസംഗിച്ചിട്ടില്ല. 108

8. അന്യ അടിസ്ഥാനത്തിന്മേൽ പണിയുകയില്ലെന്നു പറയുന്ന വി. പൌലോസ് (റോമ്മാ. 15, 20–21) റോമ്മായിലെ പുറജാതികളോടു സുവിശേഷം പ്രസംഗിച്ച് അവിടെ സഭ സ്ഥാപിച്ചുകൊണ്ടു

പത്രോസു റോമ്മായിൽ സഭ സ്ഥാപിച്ചിരിക്കുവാൻ ഇടയില്ല. 114

9. വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചിരുന്നെങ്കിൽ പരിശുദ്ധാത്മാവിൻെറ നൽവരം കൊടുക്കുന്നതിനുവേണ്ടി (റോമ്മം. 1, 11-12) പൌലോസ് റോമ്മായിലേക്കു പോകേണ്ട ആവശ്യമില്ലായിരുന്നു. 119

10. വി. പത്രോസ് ഒരു പക്ഷേ റോമ്മായിൽ പോയിരുന്നാലും മരിക്കാൻ വേണ്ടി മാത്രമാണു അവിടെ പോയതു്. 122

മി. കെ. എൻ. ഡാനിയേലിൻെറ വാദങ്ങൾ:—

11. അപ്പസ്തോലന്മാർ പ്രത്യേകിച്ചു വി. പത്രോസ് ലോകത്തിൽ ചുററിസ്സഞ്ചരിച്ചു സുവിശേഷം പ്രസംഗിപ്പാനുള്ളവരായിരിക്കെ ഒരു സ്ഥലത്തും സ്ഥിരമായി താമസിച്ചു മെത്രാന്മാരായി ഭരിക്കുവാൻ നിവൃത്തിയില്ല. ആകയാൽ പത്രോസ് റോമ്മായിൽ മെത്രാനായിരുന്നില്ല. 125

12. ഒരു ഭാര്യയ്ക്കു ഒരു ഭർത്താവു എന്നതുപോലെ ഒരു രൂപതയ്ക്കു ഒരാൾ മാത്രമാണു മെത്രാൻ. എന്നാൽ റോമ്മിലെ സഭയ്ക്കു വി. പത്രോസിൻെറ കാലത്തു തന്നെ വേറെ മെത്രാന്മാരുണ്ടായിരുന്നതിനാൽ വി. പത്രോസ് റോമ്മായിലെ മെത്രാനല്ലായിരുന്നു. 127

13. വി. ജോൺ ക്രിസോസ്തോം, എവുസേബിയസ് എന്നിവരാരും വി. പത്രോസ് റോമ്മായിലെ മെത്രാനായിരുന്നെന്നു പറഞ്ഞിട്ടില്ല. 129


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വി. പത്രോസും റോമ്മാ സിംഹാസനവും.

## അകത്തോലിക്ക വാദങ്ങൾക്കു മറുപടി.

## അദ്ധ്യായം 1.

### അകത്തോലിക്ക വാദങ്ങൾ.

വി. പത്രോസ് റോമ്മായിലെ ആദ്യ മെത്രാനായിരുന്നെന്നും, റോമ്മാസിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പാ അദ്ദേഹത്തിന്റെ യഥാർത്ഥ പിൻഗാമിയാണെന്നും കത്തോലിക്കാസഭ പഠിപ്പിച്ചുവരുന്നു. പത്താവിയാ സ്വദേശിയും, 14-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നവനുമായ മർസീലിയസ് (Marsilius Patavinus) എന്നയാളാണ് വി. പത്രോസ് റോമ്മായിൽ വസിച്ച് രക്തസാക്ഷിയായി മരിച്ചു എന്നുള്ള ചരിത്രസംഭവം സംശയാസ്പദമാണെന്ന് ആദ്യമായി പ്രസ്താവിച്ചത്. അന്നുവരെ ക്രൈസ്തവലോകം മുഴുവൻ ഐകകണ്ഠ്യേന അംഗീകരിച്ചിരുന്ന ഈ സത്യത്തെ മർസീലിയസ് സംശയാസ്പദമായി കരുതുവാനുള്ള കാരണം എന്താണെന്ന് അറിയുന്നതു രസാവഹമായിരിക്കും.

1314-ൽ ജർമ്മനിയിലെ രാജാവും റോമ്മാ ചക്രവർത്തിയുമായിരുന്ന ഹെൻറി സപ്തമൻ മരണം പ്രാപിച്ചപ്പോൾ ബവേറിയായിലെ രാജാവായിരുന്ന ലൂയിയും, ആസ്ത്രിയാ രാജാവായിരുന്ന ഫ്രെഡറിക്കും തമ്മിൽ ജർമ്മൻ രാജ്യ

www.malankaralibrary.com

ത്തിന്റെ അവകാശത്തെ സംബന്ധിച്ചു തക്കമുണ്ടായി. അക്കാലത്തു റോമ്മാസിംഹാസനത്തിൽ വാണിരുന്ന 22-ാം യോഹന്നാൻ മാർപ്പാപ്പാ ഇക്കാൎയ്യത്തിൽ ഒരു തീരുമാനം ചെയ്യണമെന്നു രണ്ടു രാജാക്കന്മാരുടെയും സഹപ്രവൎത്തകന്മാർ അഭ്യൎത്ഥിച്ചു. എന്നാൽ മാർപ്പാപ്പാ തിരുമനസ്സിലെ ന്യായ്യമായ തീരുമാനത്തെ പ്രതീക്ഷിച്ചിരിക്കാതെയും, അതിപുരാതനകാലം തുടങ്ങി യൂറോപ്പിലെ ക്രിസ്തീയ രാജാക്കന്മാർ സമാദരിച്ചിരുന്ന റോമ്മാസിംഹാസനത്തിന്റെ അധികാരാവകാശങ്ങളെ അവഗണിച്ചും ലൂയി രാജാവു് ഫ്രെഡറിക്കു രാജാവിനോടു യുദ്ധം ചെയ്യുകയും ചക്രവൎത്തിയായി സ്വയം പ്രഖ്യാപനം ചെയ്യുകയും ചെയ്തു പുരാതന പതിവനുസരിച്ചു ചക്രവൎത്തിസ്ഥാനത്തെ റോമ്മാസിംഹാസനം അംഗീകരിക്കുന്നതിനു മുമ്പായി, ബലപ്രയോഗത്താൽ അദ്ദേഹം കരസ്ഥമാക്കിയ അധികാരാവകാശങ്ങളെ നടപ്പിൽ വരുത്തരുതെന്നു് ഉപദേശിച്ചുകൊണ്ടു മാർപ്പാപ്പാ ലൂയി രാജാവിനു് ഒരു ലേഖനം അയച്ചു. അതിനു മറുപടിയായി അദ്ദേഹം മാർപ്പാപ്പായെ കഠിനമായി അധിക്ഷേപിക്കയും പാഷണ്ഡികളെ അനുകൂലിക്കുന്നു എന്നുള്ള കുററം ചുമത്തി മാർപ്പാപ്പായെ സ്ഥാനഭ്രംശം ചെയ്യുന്നതിനു ശ്രമിക്കയും ചെയ്തു. കോപിഷ്ഠനും, മഹാധിക്കാരിയുമായ ലൂയി രാജാവിനെ എത്രമാത്രം ഉപദേശിച്ചാലും ഫലമില്ലെന്നു കാണുകയാൽ ഒടുവിൽ 1324-ൽ മാർപ്പാപ്പാ അദ്ദേഹത്തെ മഹറോൻ ചൊല്ലി. ലൂയിരാജാവിനെ സമാശ്വസിപ്പിക്കുന്നതിനും, അദ്ദേഹത്തിന്റെ ന്യായരഹിതമായ പ്രവൃത്തികളെ കഴിയുന്നത്ര സാധൂകരിക്കുന്നതിനുംവേണ്ടി "സമാധാനസംരക്ഷകൻ" (Defensor pacis) എന്ന പേരിൽ മർസീലിയസ്സ് ഒരു ഗ്രന്ഥമെഴുതി. തിരുസഭയെയും തിരുസഭാഭരണത്തെയും സംബന്ധിച്ചു അനേക അബദ്ധസിദ്ധാന്തങ്ങളും അവാസ്തവ പ്രസ്താവനകളും അടങ്ങിയിരിക്കുന്ന ഈ ഗ്രന്ഥത്തിലത്രെ വി. പത്രോസ് റോമ്മായിൽ പോകുകയും രക്തസാക്ഷിയായി മരിക്കയും ചെയ്തു സംഗതി സംശയാസ്പദമാണെന്നു രേഖപ്പെടുത്തിയിരിക്കുന്നതു്. അക്കാലത്തു തന്നെ പല കത്തോലിക്ക പണ്ഡിതന്മാരും ഈ ഗ്രന്ഥത്തി

www.malankaralibrary.com

ന്ന പ്രത്യാഖ്യാനം എഴുതി ഇതിലെ വാദമുഖങ്ങളെയെല്ലാം നിശ്ശേഷം ഖണ്ഡിക്കയുണ്ടായി.

വി. പത്രോസിന്റെ റോമ്മാവാസത്തെ സംബന്ധിച്ച് മർസീലിയസ് സംശയാസ്പദമായി പരിഗണിച്ച ചരിത്ര സംഗതികൾ രണ്ടു ശതാബ്ദത്തിനു ശേഷം, അതായതു പ്രോട്ടസ്റ്റന്റുമതത്തിന്റെ ആവിർഭാവത്തോടുകൂടി സംശയരഹിതമാണെന്നു സ്ഥാപിക്കാൻ ലൂതറിന്റെയും കാൽവിന്റെയും അനുയായികൾ ശ്രമം തുടങ്ങി. അവരുടെ അഭിപ്രായങ്ങളെ സമാദരിച്ചുകൊണ്ടു റോമ്മാനഗരത്തിൽ വി. പത്രോസ് കാലുകുത്തുകപോലും ചെയ്തിട്ടില്ലെന്ന് ഇക്കഴിഞ്ഞ ശതാബ്ദംവരെ ചില അകത്തോലിക്കർ വാദിച്ചു വന്നിരുന്നു. എന്നാൽ വി. പത്രോസ് റോമ്മായിൽ സുവിശേഷം പ്രസംഗിക്കയും, രക്തസാക്ഷിയായി അവിടെവച്ചു മരണം പ്രാപിക്കയും ചെയ്തു എന്ന് ആധുനിക കാലത്തെ പ്രമുഖരായ അകത്തോലിക്ക പണ്ഡിതന്മാരെല്ലാം സമ്മതിക്കുന്നുണ്ട്.

മാർപ്പാപ്പായുടെ പരമാധികാരത്തെ അവഗണിച്ചു കത്തോലിക്കാസഭയിൽ നിന്ന് ഓരോരോ കാലത്തു വേർപിരിഞ്ഞിട്ടുള്ള അകത്തോലിക്ക സഭകളിൽ ഉൾപ്പെട്ടിരിക്കുന്ന ചിലർ വി. പത്രോസ് റോമ്മായിൽ ഒരിക്കലും പോയിട്ടില്ല, അഥവാ അവിടെ പോയിരുന്നാലും മെത്രാനായി ഭരണം നടത്തിയിട്ടില്ല എന്നു വാദിച്ചുവരുന്നതിൽ വിസ്മയിപ്പാനില്ല. സ്വന്തം അമ്മയോടു പിണങ്ങി ദുർവ്വാശിയോടുകൂടി വീടുവിട്ടിറങ്ങിപ്പോകുന്ന ഒരു മകൻ ആ അമ്മ എത്ര ഗുണവതിയായിരുന്നാലും അവളെ അല്പമെങ്കിലും കുറ്റം പറയാതെ ഇരിക്കയില്ലല്ലോ. കത്തോലിക്കാസഭയെ പരിത്യജിച്ച ചില അകത്തോലിക്കർക്കു വി. പത്രോസ് റോമ്മായിൽ പോയില്ലെന്നോ, അഥവാ അവിടെ മെത്രാനായി വാണില്ലെന്നോ പറയാതിരുന്നാൽ അകത്തോലിക്കസഭകളിൽ തന്നെയുള്ള അവരുടെ നിലയെ ഒരുപ്രകാരത്തിലും ന്യായീകരിക്കുവാൻ സാധിക്കയില്ലെന്നു് അവർക്കറിയാം. ഇക്കാരണത്താൽ യാക്കോബായ സഭയിൽ ജനിച്ചുവ

www.malankaralibrary.com

ളർന്ന് ആ സഭയിലെ ഒരു പട്ടക്കാരനായിരിക്കുന്ന ബ: കെ. റി. സഖറിയാസച്ചൻ അവർകളും, അദ്ദേഹത്തെ അനുകരിച്ചു ആ സഭയിലെ പല പണ്ഡിതന്മാരും റോമ്മാസിംഹാസനത്തിനു വി. പത്രോസുമായി യാതൊരു ബന്ധവുമില്ലെന്നുള്ള പ്രൊട്ടസ്റ്റന്റു വാദത്തെ മുറുകെ പിടിച്ചുകൊണ്ടു കത്തോലിക്കാ സഭയ്ക്കു എതിരായി യഥാശക്തി പോരാടുവാൻ ഇതാ! "നനഞ്ഞു" ഇറങ്ങിയിരിക്കുന്നു. അവരുടെ ഈ പുറപ്പാട് എത്രത്തോളം വിജയപ്രദമായിരിക്കുമെന്നു നമുക്കു പിന്നാലെ കാണാവുന്നതാണ്.

---

# അദ്ധ്യായം 2.

## വി. പത്രോസിന്റെ റോമ്മാവാസത്തെ സംബന്ധിച്ച വേദപുസ്തകത്തിലെ തെളിവുകൾ

വി. പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്നുള്ളതിന് വേദപുസ്തകത്തിൽ യാതൊരു രേഖയുമില്ലെന്നാണ് പല അകത്തോലിക്കരുടെയും ഒന്നാമത്തെ വാദം. ഈ വാദത്തിന് എത്രമാത്രം "കഴമ്പു"ണ്ടെന്നു് അറിയുവാൻ താഴെ പറയുന്ന സംഗതികൾ ചിന്തിച്ചാൽ മതിയാകും.

1. വിശ്വാസത്തെയും, സന്മാർഗ്ഗത്തെയും സംബന്ധിച്ച സകല കാര്യങ്ങളും വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നെന്നും, വിശുദ്ധ ഗ്രന്ഥങ്ങളിൽ ഇല്ലാത്തതൊന്നും വിശ്വാസവിഷയമായിവരുകയില്ലെന്നും ഉള്ള പ്രൊട്ടസ്റ്റന്റു മതതത്വങ്ങളിന്മേലാണു പ്രസ്തുത വാദം നിലകൊള്ളുന്നതു്. വേദപുസ്തകം വിശ്വാസത്തിന്റെ ഏകാധാരമാണെന്നു പഠിപ്പിക്കുന്ന പ്രൊട്ടസ്റ്റന്റുകാരുടെ ഉപദേശം സ്വീകാര്യമല്ലെന്നു വിശുദ്ധ ഗ്രന്ഥങ്ങൾ തന്നെ ചൂണ്ടിക്കാണിക്കുന്നു.

"എന്നാൽ ഈശോ ചെയ്ത മററു പലതും കൂടിയുണ്ട്. അവ ഓരോന്നും എഴുതപ്പെട്ടിരുന്നെങ്കിൽ എഴുതപ്പെട്ടിരുന്ന

www.malankaralibrary.com

ആ പുസ്തകങ്ങൾക്കു ലോകം തന്നെയും മതിയാകയില്ലായിരുന്നു എന്നു ഞാൻ കരുതുന്നു" (1) എന്നു് വി. യോഹന്നാൻ രേഖപ്പെടുത്തുന്നു. ഇതിൽ നിന്നു വേദപുസ്തകത്തിൽ എല്ലാ കാര്യങ്ങളും എഴുതിയിട്ടില്ലെന്നു തെളിയുന്നുണ്ടല്ലോ. "നിങ്ങൾക്കു എഴുതുവാൻ എനിക്കു് വളരെ കാര്യങ്ങൾ ഉണ്ടായിരുന്നാലും കടലാസും മഷിയും കൊണ്ടു് (അവയെഴുതുവാൻ) എനിക്കു മനസ്സില്ല, പിന്നെയോ, സന്തോഷം പൂർണ്ണമാകേണ്ടതിന്നു് നിങ്ങളുടെ അടുക്കൽ വരാമെന്നും നമുക്കു മുഖത്തോടുമുഖമായി സംസാരിക്കാമെന്നും പ്രതീക്ഷിക്കുന്നു" (2) എന്നും വി. യോഹന്നാൻ രേഖപ്പെടുത്തുന്നു. സ്വശിഷ്യരോടു് വി. യോഹന്നാൻ അഭിമുഖമായി സംസാരിച്ചിട്ടുള്ളവ എന്തെല്ലാമാണെന്നു് വേദപുസ്തകത്തിൽ നിന്നു് ഗ്രഹിക്കുവാൻ സാധിക്കുന്നില്ല "നമ്മുടെ കർത്താവായ ഈശോമിശിഹായ്ക്കു നിങ്ങൾ മഹത്വമായിരിക്കേണം എന്നിവയ്ക്കാകുന്നുവല്ലോ ഞങ്ങളുടെ പ്രസംഗംമൂലം (ദൈവം) നിങ്ങളെ വിളിച്ചിരിക്കുന്നതു്. ആകയാൽ എന്റെ സഹോദരന്മാരേ, നിങ്ങൾ ഉറച്ചുനില്ക്കയും, ഞങ്ങളുടെ വാക്കുമൂലമോ ലേഖനം മൂലമോ നിങ്ങൾ പഠിച്ചിട്ടുള്ള കല്പനകളെ മുറുകെപ്പിടിക്കുകയും ചെയ്‌വിൻ" (3) എന്നു് വി. പൌലോസു് പറയുന്നു. ലേഖനം മൂലം പഠിപ്പിച്ചവ മാത്രമല്ല; വാക്കുമൂലം പഠിപ്പിച്ചവയും മുറുകെപ്പിടിക്കണമെന്നു് അപ്പസ്തോലൻ പ്രസ്താവിച്ചിരിക്കയാൽ, ലേഖനങ്ങളിൽ എഴുതാത്ത ചിലതും സ്വീകാര്യമാണെന്നു സമ്മതിക്കേണ്ടയോ? വി. പൌലോസ് കൊലോസോസ്കാർക്കു് അയച്ച ലേഖനത്തിൽ ഇങ്ങനെ എഴുതുന്നു: "ഈ ലേഖനം നിങ്ങളുടെ ഇടയിൽ വായിക്കപ്പെട്ട ശേഷം ലാവോദിക്യാക്കാരുടെ സഭയിലും വായിക്കപ്പെടുവാൻ ഇടയാക്കണം; ലാവോദിക്യായിൽ നിന്നെഴുതപ്പെട്ടതു് നിങ്ങളും വായിക്കണം". (4) ഈ വാക്യത്തിൽ നിന്നു് വി. പൌലോസ് ലാവോദിക്യാക്കാർക്കു് ഒരു ലേഖനം അയച്ചിരുന്നു-

---

1) യോഹ. 21, 25. 2) 2 യോഹന്നാൻ 12.
3) 2 തെസ്സ. 2, 14—15.
4) കൊലോ. 4, 16.

www.malankaralibrary.com

ന്നും; അതു് എങ്ങിനെയോ നഷ്ടപ്പെട്ടുപോയതിനാലാണു് ഇപ്പോഴത്തെ വേദപുസ്തകസഞ്ചയത്തിൽ ഉൾപ്പെടാത്തതെന്നും ആധുനികരായ വേദപുസ്തക വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. അങ്ങിനെയെങ്കിൽ വേദപുസ്തകകർത്താക്കൾ എഴുതിയവതന്നെയും മുഴുവനായി നമ്മുടെ കൈവശം ഇപ്പോൾ ഇല്ലെന്നു് അനുമാനിക്കാമല്ലോ.

വേദപുസ്തകത്തിൽ വിശ്വാസസംബന്ധമായ സകല കാര്യങ്ങളും അടങ്ങിയിരിക്കുന്നുവെന്നുള്ള പ്രോട്ടസ്റ്റന്റു വാദം ശരിയല്ലെന്നു മുകളിൽ ഉദ്ധരിച്ച വേദവാക്യങ്ങൾ പ്രസ്പഷ്ടമാക്കുന്നു. ആകയാൽ വി. പത്രോസിന്റെ റോമാവാസത്തെപ്പറ്റി വേദപുസ്തകത്തിൽ ഒന്നും പറയുന്നില്ലെന്നുള്ള ഏക കാരണത്തെ അടിസ്ഥാനമാക്കി അദ്ദേഹം റോമിൽ പോയിട്ടില്ലെന്നു് അനുമാനിക്കുന്നതു് അബദ്ധമല്ലേ?

2. വേദപുസ്തകത്തിൽ ഏതെങ്കിലും സംഗതി പറയുന്നില്ല എന്ന കാരണത്താൽ ആക്കാര്യം തെററാണെന്നു വരുന്നില്ല. വി. പത്രോസിന്റെ തലയിൽ ഒററരോമമെങ്കിലും അഥവാ വായിൽ ഒററപല്ലെങ്കിലും ഉള്ളതായി വിശുദ്ധ ഗ്രന്ഥങ്ങളിൽ പറയുന്നില്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ തല ഒററരോമംപോലും ഇല്ലാത്ത കഷണ്ടിത്തലയായിരുന്നെന്നു് അഥവാ അദ്ദേഹത്തിന്റെ വായിൽ ഒററ പല്ലുപോലുമില്ലായിരുന്നെന്നു് അനുമാനിക്കാമോ? ഇതുപോലെതന്നെ, വി. പത്രോസു് റോമായിൽ പോയതായി വേദപുസ്തകത്തിൽ സാക്ഷ്യമില്ല എന്ന ഏക കാരണത്തെ ആസ്പദമാക്കി അദ്ദേഹം റോമായിൽ പോയിട്ടില്ലെന്നു് അനുമാനിക്കുന്നതു് യുക്തിപൂർവ്വമോ?

3. വേദപുസ്തകത്തിൽ പറയാത്ത അനേക ചരിത്രസംഭവങ്ങളെ സംശയരഹിതമായി ഇന്നു നാം സ്വീകരിക്കുന്നു. വി. പത്രോസ് അന്ത്യോക്യാ സിംഹാസനത്തിൽ ഏവോദിയോസിനെ മെത്രാനായി വാഴിച്ചു എന്നു് യാക്കോബായക്കാരും സമ്മതിക്കുന്നുണ്ടല്ലോ. വേദപുസ്തകത്തിൽ ആക്കാര്യം പറഞ്ഞിട്ടില്ല. തോമ്മാശ്ലീഹാ ഇൻഡ്യയിൽ സുവിശേഷം പ്രസംഗിച്ചെന്നും, കേരളത്തിൽ ഏഴു പള്ളികൾ

www.malankaralibrary.com

സ്ഥാപിച്ചെന്നും ഈ നാട്ടിലെ ക്രിസ്ത്യാനികളെല്ലാം, പ്രത്യേകിച്ച് കത്തോലിക്ക, യാക്കോബായ, മാർത്തോമ്മാ എന്നീ സഭകളിൽപ്പെട്ട സുറിയാനി ക്രിസ്ത്യാനികളെല്ലാം സംശയരഹിതമായി വിശ്വസിക്കയും, തങ്ങൾ തോമ്മാശ്ലീഹായിൽനിന്നും സ്നാനം സ്വീകരിച്ചവരുടെ സന്താനങ്ങളാണെന്ന് അഭിമാനിക്കുകയും ചെയ്യുന്നു. ഇവയൊന്നും വേദപുസ്തകത്തിൽ നിന്ന് സാക്ഷ്യങ്ങൾ ഉദ്ധരിച്ച് തെളിയിക്കുവാൻ ആർക്കും സാധിക്കയില്ല. ആകയാൽ വി. പത്രോസ്ശ്ലീഹാ റോമ്മായിൽ പോയതിന് വേദപുസ്തകത്തിൽ തെളിവൊന്നും ഇല്ലെങ്കിലും വിശ്വാസയോഗ്യമായ ഇതര ചരിത്രരേഖകൾ ഉണ്ടെങ്കിൽ അക്കാര്യം നടന്നതായി സമ്മതിക്കേണ്ടതല്ലേ?

4. ഇക്കാലത്തും ഓരോരോ സംഗതികളിൽ ദൃഢമായി നാം വിശ്വസിക്കുന്നതു് വേദപുസ്തകത്തെ അടിസ്ഥാനമാക്കിയല്ല, പ്രത്യുത വിശ്വാസയോഗ്യമായ ഇതര രേഖകളെ ആസ്പദമാക്കിയാണ്. സീസർ, അലക്സാണ്ടർ, നെപ്പോളിയൻ എന്നീ യുദ്ധവീരന്മാർ പുരാതനകാലത്തു് ജീവിച്ചിരുന്നെന്നും, ചർച്ചിൽ, റൂസ്‌വെൽററ്, ഹിററ്ലർ, സ്ററാലിൻ മുതലായവർ ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽ നേതൃത്വം വഹിച്ചിരുന്നെന്നും നാം ദൃഢമായി വിശ്വസിക്കുന്നതു് വേദപുസ്തകത്തിൽ എന്തെങ്കിലും തെളിവു കണ്ടിട്ടുകൊണ്ടല്ല. ഇവ സംബന്ധിച്ച് വേദപുസ്തകത്തിൽ ഒന്നും പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ട് ഇക്കാര്യങ്ങളൊന്നും വിശ്വസിക്കുന്നില്ലെന്നു ഒരാൾ ശാഠ്യം പിടിച്ചാൽ പണ്ഡിതലോകത്തിൽ അയാൾക്കു സ്ഥാനമൊന്നും ഉണ്ടായിരിക്കയില്ല. ഇങ്ങനെയുള്ളവനെ "ഭൂലോകമണ്ടനാ"യി എല്ലാവരും പരിഗണിക്കും. ഇതുപോലെ പത്രോസ് അപ്പസ്തോലൻ റോമ്മായിൽ പോയതു സംബന്ധിച്ച് അനിഷേധ്യവും, വിശ്വാസയോഗ്യവുമായ നിരവധി ചരിത്രരേഖകളുള്ളപ്പോൾ വേദപുസ്തകത്തിൽ തെളിവൊന്നുമില്ലെന്നുള്ള ഒരു 'മുടന്തൻ ന്യായം' പറഞ്ഞ് അദ്ദേഹത്തിന്റെ റോമ്മാവാസത്തെ നിഷേധിക്കുന്നവരെ ചികിത്സിക്കാനായി ഭ്രാന്താശുപത്രിയിലേക്ക് കൊണ്ടുപോകയല്ലേ വേണ്ടതു്?

www.malankaralibrary.com

5. പഴയതും പുതിയതുമായ വി: ഗ്രന്ഥങ്ങളിൽവെച്ചു് പുതിയനിയമത്തിലെ പുസ്തകങ്ങളിലാണു് വി. പത്രോസിന്റെ റോമ്മാവാസത്തെപ്പററി പറയേണ്ടിയിരുന്നതു്. പുതിയനിയമത്തിലെ പുസ്തകങ്ങളിൽ നാലു സുവിശേഷങ്ങളും, അപ്പൊസ്തോലന്മാരുടെ നടപടിപ്പുസ്തകവും, വി. പൌലോസ്, വി. യാക്കോബ്, വി. പത്രോസ്, വി. യോഹന്നാൻ, വി. യൂദാ എന്നീ ശ്ലീഹന്മാർ എഴുതിയ ഇരുപത്തിയൊന്നു ലേഖനങ്ങളും, വി. യോഹന്നാനെഴുതിയ വെളിപാടും ഉൾപ്പെടുന്നു.

സുവിശേഷങ്ങളിൽ നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും അവിടുത്തെ ഉപദേശങ്ങളും വിവരിക്കുന്നതിനു മാത്രമേ തൽകർത്താക്കൾ ശ്രമിച്ചിട്ടുള്ളു. തന്മൂലം സുവിശേഷഗ്രന്ഥങ്ങളിൽ വി. പത്രോസിന്റെ റോമ്മാവാസത്തെപ്പററി യാതൊന്നും പറയാത്തതിൽ വിസ്മയിപ്പാനില്ല.

6. "അപ്പൊസ്തോലന്മാരുടെ നടപടികൾ" എന്ന ഗ്രന്ഥം എഴുതിയതു് വി. പൌലോസിന്റെ ശിഷ്യനും സഹചാരിയും ആയിരുന്ന വി. ലൂക്കോസാണു്. "അപ്പൊസ്തോലന്മാരുടെ നടപടികൾ" എന്നു് ഈ പുസ്തകത്തിനു് പേരുണ്ടെങ്കിലും യാതൊരു അപ്പൊസ്തോലന്റെയും സമ്പൂർണ്ണമായ ജീവചരിത്രം ഇതിൽ അടങ്ങിയിട്ടില്ല.

ഈ പുസ്തകത്തിന്റെ 1-ാം അദ്ധ്യായം 13-ാം വാക്യത്തിൽ എല്ലാ അപ്പൊസ്തോലന്മാരുടെയും പേർ പറയുന്നുണ്ടു്. ഇവരിൽ അന്ത്രയോസും, തോമ്മായും, മത്തായിയും, ബർത്തുൽമായിയും, യൂദായും മററും എവിടെയെല്ലാം സുവിശേഷം പ്രസംഗിക്കുവാൻ പോയെന്നോ, അവർ എവിടെവെച്ചു മരിച്ചെന്നോ ഗ്രന്ഥകർത്താവു പറയുന്നില്ല. തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നു് സുവിശേഷം പ്രസംഗിച്ചു് ഒടുവിൽ മൈലാപ്പൂർ എന്ന സ്ഥലത്തുവെച്ചു് രക്തസാക്ഷിയായി മരിച്ച വിവരം നാം അറിയുന്നുണ്ടല്ലോ. എന്നാൽ ഈ സംഗതികളൊന്നും നടപടിപ്പുസ്തകത്തിൽ കാണുന്നില്ല. തോമ്മാശ്ലീഹാ

www.malankaralibrary.com

യുടെയും മററപ്പോസ്തോലന്മാരുടെയും പേർ 13-ാം വാക്യത്തിൽ പറഞ്ഞിട്ടുണ്ടെന്നല്ലാതെ വി. പത്രോസ്, വി. യാക്കോബ്, വി. യോഹന്നാൻ എന്നിവരെ ഒഴിച്ച് മററു രെയുംപററി ഒരു വാക്കുപോലും വി. ലൂക്കോസ് തന്റെ ഗ്രന്ഥത്തിൽ എഴുതിയിട്ടില്ല. വി ലൂക്കോസ് പൗലോസ് ശ്ലീഹായുടെ ശിഷ്യനായിരുന്നതുകൊണ്ടും, അദ്ദേഹത്തോടൊരുമിച്ച് അനേക യാത്രകൾ ചെയ്തിരുന്നതുകൊണ്ടും വി. പൗലോസ് പറഞ്ഞ പ്രസംഗങ്ങളും, അദ്ദേഹം നടത്തിയ പ്രേഷിത യാത്രകളും വിവരിക്കണമെന്നേ ലൂക്കോസ് മുഖ്യമായി ഉദ്ദേശിച്ചിരുന്നുള്ളു. തന്നിമിത്തം അപ്പോസ്തോലന്മാർ സുവിശേഷം പ്രസംഗിക്കുന്നതിനായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോകുന്നതിനു മുമ്പ് ഊർശ്ലേമിലും സമീപസ്ഥലങ്ങളിലും മററും നടന്ന ചില സംഭവങ്ങളെ ആദ്യമായി അദ്ദേഹം വിവരിക്കുന്നു. നടപടി 12-ാം അദ്ധ്യായത്തിൽ ദൈവദൂതൻ വി. പത്രോസിനെ കാരാഗൃഹത്തിൽനിന്ന് അത്ഭുതകരമായി മോചിപ്പിച്ച കാര്യം വിവരിച്ചശേഷം ലൂക്കോസ് വി. പത്രോസിനെപ്പററി പറയുന്നത് ഇങ്ങനെയാണ്: "കർത്താവു കാരാഗൃഹത്തിൽനിന്ന് തന്നെ എപ്രകാരം പുറപ്പെടുവിച്ചു എന്ന് അവരെ വിവരിച്ചറിയിക്കുകയും ഇവ യാക്കോബിനെയും, (ശേഷം) നമ്മുടെ സഹോദരന്മാരെയും അറിയിക്കുവിൻ എന്നവരോടു പറയുകയും ചെയ്തിട്ട് അവൻ (പത്രോസ്) വേറൊരു സ്ഥലത്തേക്കു പോയി". (5) "വേറൊരു സ്ഥലത്തേക്കു പോയി" എന്നല്ലാതെ എവിടേക്കു പോയി എന്നു ലൂക്കോസു പറയുന്നില്ല. ആകയാൽ പാലസ്തീനായിൽ എവിടെയെങ്കിലുമോ, അഥവാ പാലസ്തീനാ വിട്ടു വിദൂരമായ ഏതെങ്കിലും സ്ഥലത്തോ പത്രോസു പോയിട്ടുണ്ടെന്ന് ഈ വാക്യത്തിൽനിന്ന് അനുമിക്കാം. ദൂരസ്ഥമായ സ്ഥലത്തു പോയിട്ടുണ്ടെങ്കിൽ റോമായിൽ അദ്ദേഹത്തിനു പോകുവാൻ പാടില്ലെന്നു വരുമോ? റോമായിലേക്കു യാത്രാസൗകര്യങ്ങൾ അക്കാലത്തു ധാരാളമുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ അക്കാല

5) നട. 12, 17.

www.malankaralibrary.com

ത്തു വി॰ പൌലോസ് പല സ്ഥലങ്ങളിൽ ചുററിസ്സഞ്ചരിക്കയും, ഒടുവിൽ റോമ്മായിൽ പോകയും ചെയ്തതു്. വി. പത്രോസ് എവിടെപോയെന്നു വ്യക്തമായി പറഞ്ഞാൽ അവിടെയും അദ്ദേഹത്തെ പിടിപ്പിക്കുന്നതിനും കാരാഗൃഹത്തിലാക്കുന്നതിനും ശത്രുക്കൾ എത്തിയേക്കും എന്നു ഭയന്നാണു് അദ്ദേഹം പോയ സ്ഥലം ഏതാണെന്നു് ലൂക്കോസ് വെളിപ്പെടുത്തി എഴുതാഞ്ഞതു് എന്നും, "വേറൊരു സ്ഥലത്തേക്കു പോയി" എന്ന വാക്യത്തിൽ വി. പത്രോസ് പല സ്ഥലങ്ങളിൽ ചുററിസ്സഞ്ചരിച്ചു് ഒടുവിൽ റോമ്മായിൽ പോയ കാര്യംകൂടിയാണു് ലൂക്കോസ് സൂചിപ്പിച്ചിരിക്കുന്നതെന്നും പണ്ഡിതന്മാരായ പല വേദപുസ്തക വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. ഏതായാലും വി. പത്രോസിനെ സംബന്ധിച്ചു പിന്നീടു ലൂക്കോസ് എന്തെങ്കിലും പറയുന്നതു് പാലസ്തീനായിലെ മതപീഡനങ്ങളെല്ലാം അവസാനിച്ചശേഷം പരിച്ഛേദന വിഷയത്തെ സംബന്ധിച്ചുണ്ടായ തർക്കം തീരുമാനിക്കാനായി ജറുശലേമിൽ സമ്മേളിച്ച സൂനഹദോസിനെ വിവരിക്കയിലാണു്. (6) നടപടി 16-ാം അദ്ധ്യായം തുടങ്ങി അവസാനത്തെ 28-ാം അദ്ധ്യായംവരെ വി. പത്രോസിനെയോ, മററു അപ്പസ്തോലന്മാരെയോ സംബന്ധിച്ചുള്ള കാര്യമൊന്നും പറയാതെ വി. പൌലോസിന്റെ യാത്രകളെയും പ്രസംഗങ്ങളെയും മററും ലൂക്കോസ് വിവരിക്കുന്നു. വി. പൌലോസ് റോമ്മായിൽ എത്തി രണ്ടുവർഷം സുവിശേഷം പ്രസംഗിച്ചതായി നടപടിപുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും (7) അദ്ദേഹം അവിടെ നടത്തിയ പ്രേഷിതവൃത്തിയെയും പ്രസംഗങ്ങളെയും സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങളോ, അദ്ദേഹം റോമ്മായിൽ രക്തസാക്ഷിയായി മരിച്ച കാര്യമോ ആ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വി. പൌലോസ് റോമ്മായിൽ മരിച്ചകാര്യം വേദപുസ്തകത്തിൽ നിന്നല്ല, ഇതര ചരിത്രരേഖകളിൽ നിന്നാണു നാം അറിയുന്നതു്. ചുരുക്കിപ്പറഞ്ഞാൽ നടപടിപുസ്തകത്തിലെ ആദ്യത്തെ ചില അദ്ധ്യാ

---

6) നടപടി 15, 7.

7) നടപടി 28, 16—30.

www.malankaralibrary.com

യങ്ങളിൽ വി. പത്രോസിന്റെ ജീവിതത്തിൽ നടന്ന ഏതാനും ചില യാത്രകളും പ്രസംഗങ്ങളും മാത്രം വിവരിക്കണമെന്നല്ലാതെ അദ്ദേഹത്തിന്റെ ജീവചരിത്രം മുഴുവൻ എഴുതുന്നതിനു വി. ലൂക്കോസിനു് ഉദ്ദേശമില്ലായിരുന്നെന്നും, നേരെമറിച്ചു് തന്റെ ഗുരുവായ വി. പൗലോസിന്റെ യാത്രകളും പ്രസംഗങ്ങളും വിവരിക്കുവാനാണു് അദ്ദേഹം ശ്രമിച്ചിട്ടുള്ളതെന്നും ആ പുസ്തകം വായിക്കുന്ന ഏവനും മനസ്സിലാകുന്നതാണു്. ആകയാൽ വി. പത്രോസിന്റെ ജീവിതത്തിലെ അന്ത്യഘട്ടത്തിൽ നടന്ന റോമാവാസത്തെയും, പിന്നീടുണ്ടായ മരണത്തെയും സംബന്ധിച്ചു നടപടി പുസ്തകത്തിൽ ഒന്നും രേഖപ്പെടുത്താതിരുന്നതു വിസ്മയകരമല്ല. ഈ ഗ്രന്ഥം ക്രിസ്ത്വബ്ദം 63-ൽ അത്രെ എഴുതപ്പെട്ടതു്. വി. പത്രോസിന്റെ മരണം ക്രിസ്ത്വബ്ദം 67-ൽ സംഭവിച്ചതായി ചരിത്രരേഖകളുണ്ടു്. നടപടി പുസ്തകം എഴുതിയ കാലത്തിനുശേഷം വി. പത്രോസ് റോമായിൽ പോയി സുവിശേഷം പ്രസംഗിച്ചു് ഒടുവിൽ രക്തസാക്ഷിയായി മരിച്ചു എന്നും വരാം; അങ്ങനെയെങ്കിൽ അതേപ്പറ്റി ഈ പുസ്തകത്തിൽ പ്രസ്താവിക്കുക സാദ്ധ്യമല്ലല്ലോ.

7. വി. പൗലോസിന്റെയും മററു് അപ്പസ്തോലന്മാരുടെയും ലേഖനങ്ങളിലും വി. യോഹന്നാന്റെ വെളിപാടിലും വി. പത്രോസിന്റെ റോമാവാസത്തെ സംബന്ധിച്ചു യാതൊന്നും പറഞ്ഞിട്ടില്ല എന്ന കാരണത്താൽ പത്രോസു റോമായിൽ പോയിട്ടില്ലെന്നു വാദിക്കുന്നതും ശരിയല്ല. ഈ ലേഖനങ്ങളെല്ലാം എഴുതപ്പെട്ടതു് ക്രിസ്ത്യാനികളെ സന്മാർഗ്ഗത്തിലും, വിശ്വാസത്തിലും സ്ഥിരപ്പെടുത്തണമെന്നുള്ള മുഖ്യോദ്ദേശ്യത്തോടുകൂടിയാണു്. അപ്പസ്തോലന്മാർ അന്നു ജീവിച്ചിരിക്കയും, അവരുടെ യാത്രകളെയും പ്രസംഗങ്ങളെയും സംബന്ധിച്ചുള്ള വിവരങ്ങൾ പലപ്പോഴും നേരിട്ടു് അന്നത്തെ ക്രിസ്ത്യാനികൾക്കു് അറിവുണ്ടായിരിക്കയും ചെയ്തിരുന്നതുകൊണ്ടു് തങ്ങളുടെ ജീവചരിത്രവും യാത്രാവിവരണങ്ങളും സമ്പൂർണ്ണമായി എഴുതണമെന്നുള്ള ഉദ്ദേശ്യം ഈ ലേഖനകർത്താക്കൾക്കു് ആർക്കും ഉണ്ടായിരുന്നില്ല. സ

www.malankaralibrary.com

ദുർഭവശാൽ ചില ലേഖനങ്ങളിൽ വി. പൗലോസു തന്നെ സംബന്ധിച്ചു ചില കാര്യങ്ങൾ വിവരിച്ചിട്ടുണ്ടെന്നേ ഉള്ളു. മാത്രമല്ല, ഒരാൾ ജീവിച്ചിരിക്കുമ്പോൾ അയാളുടെ മരണത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അയാൾക്കോ, അന്യർക്കോ എഴുതുവാനും സാധ്യമല്ലം. വി. പത്രോസു മരിക്കുന്നതിനു വളരെ മുമ്പാണു പുതിയ നിയമത്തിലെ മിക്ക ലേഖനങ്ങളും എഴുതപ്പെട്ടതു. വി. പൗലോസിന്റെ 14 ലേഖനങ്ങളും, വി. പത്രോസിന്റെ 2 ലേഖനങ്ങളും പത്രോസിന്റെ മരണത്തിനു മുമ്പാണു എഴുതിയിട്ടുള്ളതു. എന്തുകൊണ്ടെന്നാൽ ഈ രണ്ടു അപ്പോസ്തോലന്മാരും ഒരേ കാലം റോമായിൽ വച്ചു മരിച്ചതായി രേഖകളുണ്ടു. ആകയാൽ വി. പത്രോസിന്റെ ജീവിതാന്ത്യത്തിൽ നടന്ന സംഭവങ്ങളെയും അദ്ദേഹത്തിന്റെ മരണത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ ഈ ലേഖനങ്ങളിൽ കാണിച്ചുതരണമെന്നു വാദിക്കുന്നവർ പാളയിൽ കിടക്കുന്ന ഒരു ആൺപൈതലിന്റെ മുഖത്തു മീശ കാണിച്ചുതരണമെന്നു ശഠിക്കുന്ന ജളന്മാരെപ്പോലെ ബുദ്ധിശൂന്യരല്ലേ?

8. ക്രിസ്തുസഭയിൽ ആദിമ ശതാബ്ദങ്ങളിൽ തന്നെ ഉണ്ടാകുവാനിരുന്ന വിവിധ മതപീഡനങ്ങൾ, തിരുസഭയുടെ ശാശ്വതമായ വിജയം എന്നിവ വിവരിച്ചും, ക്രിസ്തുവിന്റെ വിജയപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തെ അറിയിച്ചും മതപീഡനങ്ങൾ സഹിച്ചുകൊണ്ടിരുന്ന വിശ്വാസികളെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുന്നതിനാണു വി. യോഹന്നാൻ വെളിപാടുപുസ്തകം എഴുതിയതു. തന്മൂലം വെളിപാടു പുസ്തകത്തിലും വി. പത്രോസിന്റെ റോമാവാസത്തെപ്പറ്റി എന്തെങ്കിലും പ്രസ്താവിക്കേണ്ടതായ യാതൊരു നിർബന്ധവുമുണ്ടായിരുന്നില്ല. ഒരാൾ ഒരു ഗ്രന്ഥം എഴുതുമ്പോൾ അറിവിൽപെട്ട എല്ലാ കാര്യവും അതിൽ എഴുതാറില്ല. ഏതുദ്ദേശ്യത്തോടുകൂടി ഒരു ഗ്രന്ഥം രചിക്കുന്നുവോ ആ ഉദ്ദേശ്യം സാധിക്കുന്നതിനു ഉപയുക്തമായ കാര്യങ്ങളാണു ആ ഗ്രന്ഥത്തിൽ വിവരിക്കുന്നതു. ഒരു ചരിത്രഗ്രന്ഥത്തിൽ കണക്കുശാസ്ത്രത്തിലെയോ ഭൂമിശാസ്ത്രത്തിലെയോ

www.malankaralibrary.com

കാൎയ്യങ്ങൾ ആരും എഴുതുകയില്ല. സുവിശേഷകൎത്താക്കന്മാരോ, നടപടിപുസ്തകം എഴുതിയ വി. ലൂക്കോസിനോ, ലേഖനങ്ങൾ എഴുതിയ അപ്പൊസ്തോലന്മാൎക്കോ, വെളിപാടുപുസ്തകം എഴുതിയ വി. യോഹന്നാനോ വി. പത്രോസിന്റെ പ്രേഷിതയാത്രകളെയും പ്രസംഗങ്ങളെയും മരണത്തെയും മററും പൂൎണ്ണമായി വിവരിച്ച് ഒരു ഗ്രന്ഥം എഴുതണമെന്ന് ഉദ്ദേശ്യമില്ലായിരുന്നു. യാതൊരു അപ്പൊസ്തോലന്റെയും ജീവചരിത്രം മുഴുവനായി വേദപുസ്തകത്തിൽ എഴുതിയിട്ടില്ല. ആകയാൽ വി. പത്രോസിന്റെ റോമ്മാവാസവും മരണവും സംബന്ധിച്ച് ഒറവാക്കുപോലും വേദപുസ്തകത്തിൽ കാണ്മാനില്ലെങ്കിലും വിശ്വാസയോഗ്യമായ ഇതര രേഖകൾ ഉണ്ടെങ്കിൽ ഈ ചരിത്രസംഭവങ്ങളെ നിഷേധിക്കുക പണ്ഡിതന്മാൎക്കു അനുയോജ്യമായിരിക്കയില്ല.

## 9. വിശുദ്ധപത്രോസിന്റെ സാക്ഷ്യം.

വി. പത്രോസ് റോമ്മായിൽ സുവിശേഷം പ്രസംഗിച്ചതിനു വേദപുസ്തകത്തിൽ യാതൊരു സാക്ഷ്യവുമില്ലെന്നുള്ള ഏകകാരണത്താൽ അക്കാൎയ്യം നിഷേധിക്കുന്നത് അബദ്ധമാണെന്നു തെളിയിച്ചു കഴിഞ്ഞതല്ലോ. എന്നാൽ വേദപുസ്തകമാണ് വിശ്വാസത്തിന്റെ ഏകാധാരമെന്നു വിശ്വസിക്കുന്ന പ്രോട്ടസ്റ്റന്റുകാൎക്കു തന്നെയും നിഷേധിവാൻ സാധിക്കാത്തവിധം വി: പത്രോസിന്റെ റോമ്മാവാസത്തെയും, സഭാസ്ഥാപനത്തെയും സൂചിപ്പിക്കുന്ന ഒരു വാക്യം വേദപുസ്തകത്തിൽ ഉണ്ടെന്നുള്ളത് സ്മരണീയമത്രെ. വി. പത്രോസിന്റെ 1-ാം ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ബാബേലിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഭയും, എന്റെ പുത്രനായ മൎക്കോസും നിങ്ങൾക്കു വന്ദനം പറയുന്നു". (8) ഈ വാക്യത്തിൽ "ബാബേൽ" എന്ന പദം റോമ്മയെ ഉദ്ദേശിച്ചാണു വി. പത്രോസ് പ്രയോഗിച്ചിരിക്കുന്നതെന്നു 16-ാം ശതാബ്ദത്തിൽ ഉണ്ടായ പ്രോട്ടസ്റ്റന്റു മതപരിവൎ

---

8) 1 പത്രോസ് 5, 13.

www.malankaralibrary.com

ത്തനംവരെ എല്ലാവരും സമ്മതിച്ചിരുന്നു. എന്നാൽ മാർപ്പാപ്പായുടെ പരമാധികാരത്തെ അവഗണിച്ചുകൊണ്ടു് കത്തോലിക്കാസഭയെ പരിത്യജിച്ചതോടുകൂടി വി. പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്നും, തന്നിമിത്തം മാർപ്പാപ്പാ വി. പത്രോസിന്റെ യഥാർത്ഥപിൻഗാമിയല്ലെന്നും സ്ഥാപിക്കുന്നതിനായി "ബാബേൽ" എന്ന പദം റോമ്മായെ ഉദ്ദേശിച്ചല്ല പ്രയോഗിച്ചിരിക്കുന്നതെന്നു ചില പ്രോട്ടസ്റ്റന്റുകാർ വാദിച്ചു തുടങ്ങി. വി. പത്രോസ് ഈ വാക്യത്തിൽ പറയുന്ന "ബാബേൽ" റോമ്മായെ ഉദ്ദേശിച്ചാണെന്നു താഴെച്ചേർത്തിരിക്കുന്ന തെളിവുകൾ വ്യക്തമാക്കുന്നു

(1) പുരാതനകാലം തുടങ്ങി ക്രിസ്തുമതം പ്രചരിച്ച കാലംവരെ റോമ്മാനഗരം പുറജാതികളുടെ ആസ്ഥാനമായിരുന്നു. വിഗ്രഹാരാധനയിലും, മ്ലേച്ഛതയിലും റോമ്മാനഗരം സാക്ഷാൽ ബാബേലിനോടുതുല്യമായിരുന്നതുകൊണ്ടു പുരാതനകാലം തുടങ്ങി അലങ്കാരഭാഷയിൽ റോമ്മാ നഗരത്തെ "ബാബേൽ" എന്നു വിളിക്കുക പതിവുണ്ടായിരുന്നു. വെളിപാടു 14, 8; 16, 19; 17, 5; 18, 2 എന്നീ വാക്യങ്ങളിൽ "ബാബേൽ" എന്ന പദം ഉപയോഗിച്ചിരിക്കുന്നതു റോമ്മായെ ഉദ്ദേശിച്ചാണെന്നു് അകത്തോലിക്കരെല്ലാം സമ്മതിക്കുന്നു. "തന്റെ വ്യഭിചാരത്തിന്റെ ക്രോധവീഞ്ഞിൽ നിന്നു സകല പുറജാതികളെയും കുടിപ്പിച്ച മഹാബാബേൽ" (9), "ഭൂമിയിൽ വസിക്കുന്നവർ ആരുടെ വേശ്യാവൃത്തിയുടെ വീഞ്ഞുകൊണ്ടു് ഉന്മത്തരായിത്തീർന്നുവോ ആ മഹാവേശ്യ" (10), "ഭൂമിയിലെ വേശ്യകളുടെയും അശുദ്ധികളുടെയും മാതാവായ മഹാബാബേൽ" (11) എന്നിങ്ങനെ വി. യോഹന്നാൻ വെളിപാടിൽ വിവരിച്ചിരിക്കുന്ന "ബാബേൽ" വാസ്തവത്തിൽ റോമ്മായാണെന്നു സമ്മതിച്ചുകൊണ്ടു പല പ്രോട്ടസ്റ്റന്റുകാരും കത്തോലിക്കാസഭയെ അധിക്ഷേപിക്കാറുണ്ടു്. റോമ്മായിലെ പുറജാതിമതത്തെ സംബന്ധിച്ചു വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന ഈ മാലിന്യങ്ങളെ

---

9) വെളിപാടു്, 14, 8. 10) വെളി: 17, 2.
11) വെളി: 17, 5.

www.malankaralibrary.com

ല്ലാം കത്തോലിക്കാസഭയെ സംബന്ധിച്ചാണെന്നത്രെ ഇവരുടെ വ്യാഖ്യാനം. എന്നാൽ വി. യോഹന്നാന്റെ കാലത്തു റോമ്മായിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾ വിശ്വാസത്തിലും ദൈവഭക്തിയിലും മുന്നിട്ടു നിന്നിരുന്നെന്നു വി. പൌലോസിന്റെ റോമ്മാ ലേഖനത്തിൽ നിന്നും (റോമ്മാ 1, 7-8; 15, 14; 16, 19—20) നമുക്കു അറിയാവുന്നതുകൊണ്ടു ബാബേൽ എന്നു പറഞ്ഞ് വി. യോഹന്നാൻ വിവരിക്കുന്ന കാര്യങ്ങൾ ക്രിസ്തുസഭയെ സംബന്ധിച്ചല്ല, പുറജാതിമതത്തെ സംബന്ധിച്ചാണെന്നു നിസ്സംശയം അനുമാനിക്കാം. ഇങ്ങനെ വി. യോഹന്നാൻ വെളിപാടുഗ്രന്ഥത്തിൽ പറയുന്ന ബാബേൽ റോമ്മായാണെന്നു സമ്മതിക്കുന്ന പ്രോട്ടസ്റ്റന്റുകാർ അതേസമയംതന്നെ വി. പത്രോസിന്റെ ലേഖനത്തിൽ പറയുന്ന "ബാബേൽ" റോമ്മായാണെന്ന് സമ്മതിക്കയുമില്ല. "മുട്ടവരുമ്പോൾ കൈനീട്ടുകയും വിട്ടു വരുമ്പോൾ കൈ വലിക്കയും" ചെയ്യുന്ന നയംപോലെ കത്തോലിക്കാസഭയെ ആക്ഷേപിക്കാൻ സന്ദർഭം കിട്ടുമ്പോഴൊക്കെ "ബാബേൽ" റോമ്മായാണെന്ന് അവർ സമ്മതിക്കയും, നേരെമറിച്ചു കത്തോലിക്കാസഭയുടെ ഒരു വിശ്വാസത്തെ അനുകൂലിക്കേണ്ടിവരുമ്പോൾ "ബാബേൽ" റോമ്മാ അല്ലെന്നു മക്കടമുഷ്ടി പിടിക്കയും ചെയ്യുന്നു. ഇതെന്തൊരു ന്യായം? എന്തൊരു യുക്തി? വേദപുസ്തകത്തിൽനിന്നു രേഖകൾ കാണിക്കുവാൻ അകത്തോലിക്കർ കത്തോലിക്കരോടു ആവശ്യപ്പെടുന്നു. രേഖകൾ നൽകുമ്പോൾ കുയുക്തികൾ പറഞ്ഞ് അവർ അവയെ നിരസിക്കുന്നു!

(2) വെളിപാട് 17, 9-ൽ, "ബാബേൽ" എന്നു വിളിക്കപ്പെടുന്ന മഹാവേശ്യ ഏഴു മലകളിൽ ഇരിക്കുന്നതായി വി. യോഹന്നാൻ പറയുന്നു. ഭൂമുഖത്തു ഏഴുമലകളിൽ സ്ഥിതിചെയ്യുന്ന ഏകപട്ടണം റോമ്മാ മാത്രമാകയാൽ "ബാബേൽ" എന്ന പദം ഇവിടെ റോമ്മായെ സൂചിപ്പിക്കുന്നു എന്നു തീർച്ചയാണല്ലോ. ആകയാൽ വി. പത്രോസിന്റെ ലേഖനത്തിൽ പറയുന്ന ബാബേലും റോമ്മായാണെന്നുള്ള വ്യാഖ്യാനം വേദപുസ്തകത്തിലെ അക്കാലത്തുള്ള പദപ്രയോ

www.malankaralibrary.com

ഗരിതിക്കു എത്രയും അനുയോജ്യമത്രെ. വി. യോഹന്നാനു റോമ്മായെ ബാബേൽ എന്നു വിളിക്കാമെങ്കിൽ വി. പത്രോസിനു എന്തുകൊണ്ടു അങ്ങനെ വിളിച്ചുകൂടാ?

(3) പുരാതന കാലത്തു റോമ്മായെ "ബാബേൽ" എന്നു വിളിച്ചുവന്നിരുന്നതായി ക്രൈസ്തവരുടെ ഇതര സാഹിത്യഗ്രന്ഥങ്ങളിലും, യഹൂദഗ്രന്ഥങ്ങളിലും സാക്ഷ്യമുണ്ടു്. ഉദാഹരണമായി നേറോ ചക്രവർത്തി റോമ്മാ വിട്ടോടിയതിനെപ്പററി പറയുമ്പോൾ "ബാബേൽ വിട്ടോടി" എന്നൊരു ഗ്രന്ഥത്തിൽ പറയുന്നു. (12) ഈ ഗ്രന്ഥം ക്രിസ്ത്വബ്ദം 71-നും 74-നും മദ്ധ്യേ, അതായതു വി. പത്രോസിന്റെ ലേഖനം എഴുതിക്കഴിഞ്ഞു ഏകദേശം പത്തുകൊല്ലത്തിനിപ്പുറം വരുന്ന ഒരു കാലഘട്ടത്തിലാണു് എഴുതിയിട്ടുള്ളതു്. തന്മൂലം വി. പത്രോസിന്റെ കാലത്തും റോമ്മായെ "ബാബേൽ" എന്നു വിളിച്ചുവന്നിരുന്നതായി തെളിയുന്നു. അങ്ങനെയെങ്കിൽ അദ്ദേഹത്തിന്റെ ലേഖനത്തിൽ കാണുന്ന "ബാബേൽ" റോമ്മയെ ഉദ്ദേശിച്ചാണെന്നു വ്യാഖ്യാനിക്കുന്നതു് അബദ്ധമായിരിക്കയില്ലല്ലോ.

(4) ആകെ മൂന്നു സ്ഥലങ്ങളാണു ബാബേൽ എന്ന പേരിൽ അറിയപ്പെട്ടുന്നതു്. 1) വി. പത്രോസ് തന്റെ ലേഖനത്തിൽ പറയുന്ന "ബാബേൽ" കാൽദായദേശത്തു യൂപ്രാറ്റീസ് നദീതീരത്തുള്ള സാക്ഷാൽ ബാബേൽ അല്ല. എന്തുകൊണ്ടെന്നാൽ ഫ്ളാവിയസ് ജോസഫ് എന്ന പ്രസിദ്ധനായ യഹൂദചരിത്രകാരൻ പറയുന്നതു് അവിടെയുള്ള യഹൂദസമൂഹം മുഴുവൻ ആക്കാലത്തു് നശിപ്പിക്കപ്പെട്ടിരുന്നു എന്നാണു്. (13) പ്ലീനിയൂസ് (Plinius) (14), സ്ട്രാബോ (Strabo) (15) എന്നീ അക്രൈസ്തവഗ്രന്ഥകാരന്മാരുടെ സാക്ഷ്യങ്ങളിൽനിന്നു വി. പത്രോസ് ലേഖനം എഴുതിയ

---

12) Sybilline Oracls, 5, 143.

13) Antiq. L. 18, cap. ultimo.

14) Hist. Nat. Lib 6, 30. 15) Geogr. 16, 1, 5

www.malankaralibrary.com

കാലത്തു സാക്ഷാൽ ബാബേൽ നശിച്ചു വിജനസ്ഥലമായിത്തീർന്നിരുന്നു എന്നു മനസ്സിലാക്കാം. ആകയാൽ "ബാബേലിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഭ" എന്നു് വി. പത്രോസിനു വിളിക്കത്തക്കവിധം ഒരു ക്രൈസ്തവസഭ അക്കാലത്തു് അവിടെ ഉണ്ടായിരുന്നില്ല. 2) "കായിറസ്" (Cayrus) എന്നു് ഇപ്പോൾ വിളിച്ചുവരുന്ന എജിപ്തിലുള്ള ബാബേൽ അക്കാലത്തു് ഒരു കുഗ്രാമം മാത്രമായിരുന്നു. കൽദായിലും എജിപ്തിലുമുള്ള ഈ രണ്ടു ബാബേലിലും വി. പത്രോസ് സുവിശേഷം പ്രസംഗിച്ചു സഭ സ്ഥാപിച്ചതായി യാതൊരു രേഖയുമില്ല. 3) തന്നിമിത്തം അക്കാലത്തെ പതിവനുസരിച്ചു വി. പത്രോസിന്റെ ലേഖനത്തിൽ അലങ്കാരഭാഷയിൽ പറയുന്ന ബാബേൽ റോമ്മയാകുവാനേ തരമുള്ളൂ.

(5) സഭാചരിത്രകാരനായ എവുസേബിയസ് (265–340) വി. മർക്കോസിന്റെ സുവിശേഷത്തെപ്പറ്റി പ്രസ്താവിക്കയിൽ, വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനും ഹെയറാപ്പോലിസിലെ മെത്രാനുമായിരുന്ന പപ്പിയാസിന്റെയും, അലക്സാന്ത്രിയായിലെ ക്ലീമ്മീസിന്റെയും (150–211) സാക്ഷ്യം ഉദ്ധരിച്ചുകൊണ്ടു് ഇങ്ങനെ എഴുതുന്നു: "വി. പത്രോസ് തന്റെ ആദ്യലേഖനത്തിൽ മർക്കോസിന്റെ പേർ പറഞ്ഞിരിക്കുന്നെന്നും, ഈ ലേഖനം റോമ്മയിൽ വെച്ചാണ് എഴുതപ്പെട്ടതെന്നും, 'ബാബേലിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഭയും എന്റെ പുത്രനായ മർക്കോസും നിങ്ങൾക്കു വന്ദനം പറയുന്നു' എന്നീ വാക്കുകളാൽ അലങ്കാരഭാഷയിൽ റോമ്മായെ ബാബേൽ എന്നു നാമകരണം ചെയ്തുകൊണ്ടു് വി. പത്രോസു തന്നെ ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നെന്നും ക്ലീമ്മീസും, പപ്പിയാസും സമർത്ഥിക്കുന്നു." (16) പപ്പിയാസ് വി. യോഹന്നാന്റെ ശിഷ്യനായിരുന്നു. ആകയാൽ വി. പത്രോസ് തന്റെ ആദ്യലേഖനം റോമ്മായിൽവെച്ചാണ്

16) Euseb. Hist. Eccl. 2, 15; MG (Migne, Patrol. Graec.) 20, 171; k (Kirch S. J., Enchirid. Font. Hist. Eccl. antiq.) 427.

www.malankaralibrary.com

എഴുതിയതെന്നും, ബാബേൽ എന്നു് ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു് റോമ്മായെ ഉദ്ദേശിച്ചാണെന്നും അപ്പസ്തോലിക കാലത്തുതന്നെ എല്ലാവരും മനസ്സിലാക്കിയിരുന്നതായി ഈ സാക്ഷ്യത്തിൽ നിന്നും തെളിയുന്നു.

(6) വി. പത്രോസിന്റെ ലേഖനത്തിലെ ബാബേൽ എന്ന പദം റോമ്മായെ ഉദ്ദേശിച്ചാണു പ്രയോഗിച്ചിരിക്കുന്നതെന്നു പുരാതനകാലം തുടങ്ങിയുള്ള മററു ഗ്രന്ഥകാരന്മാരും അഭിപ്രായപ്പെടുന്നു. തെർത്തുല്യൻ (17), ജറോം (18), വി. ബീദ് (19), തെയോഫിലാക്തസ് (20) ആദിയായ ഗ്രന്ഥകാരന്മാരെല്ലാം ബാബേൽ എന്ന പദത്തെ റോമ്മായായി വ്യാഖ്യാനിക്കുന്നു.

(7) മുൻകാലങ്ങളിലുള്ള പ്രൊട്ടസ്റ്റന്റുകാർ ബാബേൽ എന്നു വി. പത്രോസ് പറഞ്ഞിരിക്കുന്നതു റോമ്മായെ ഉദ്ദേശിച്ചാണെന്നുള്ള സംഗതി നിഷേധിച്ചിരുന്നെങ്കിലും ആധുനിക കാലത്തെ പണ്ഡിതന്മാർ അതു സ്വീകരിച്ചിരിക്കുന്നു. പ്രൊട്ടസ്റ്റന്റുകാർ ഇക്കാലത്തു ഏററം സാധാരണമായി ഉപയോഗിച്ചുവരുന്നതു "സ്പീക്കേഴ്സ് കമന്ററി" (Speakers Commentary), "ബൈബിൾ കമന്ററി" Bible Commentary) എന്നിങ്ങനെ രണ്ടു വേദപുസ്തക വ്യാഖ്യാനങ്ങളാണു്. 1893-ൽ യോർക്കിലെ പ്രൊട്ടസ്റ്റന്റ മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തിയ "സ്പീക്കേഴ്സ് കമന്ററി" എന്ന വേദപുസ്തക വ്യാഖ്യാനത്തിൽ വി. പത്രോസിന്റെ ഒന്നാം ലേഖനം 5, 13-ൽ പറയുന്ന ബാബേലിനെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നു: "ഇവിടെ ശ്രദ്ധിക്കേണ്ടതു്: 1) വി. പത്രോസിന്റെ ലേഖനം എഴുതിയകാലത്തു സാക്ഷാൽ ബാബേൽ നഗരം ക്രിസ്തീയ സമുദായത്തിന്റെ ഒരു കേന്ദ്രമല്ലായിരുന്നു എന്നുള്ളതു് നിസ്തൎക്കമാണു്. 2) വി. പത്രോസ് കൽദായ നാട്ടിലുള്ള ബാബേലിൽ സഞ്ചരിക്കയോ, അവിടെ പ്രേഷിതവൃത്തി ന

17) Tertull. Adv,. Jud. 9. 18) St. Jerome, De Viris illust. 8. 19) St. Beda. In 1 Pet. 5, 13. 20) Theophylactus, In 1 Pet. 5, 13.

www.malankaralibrary.com

ഉണ്ടാകയോ ചെയ്തതിന് തീരെ നിസ്സാരമായ ഒരു തെളിവുപോലും പുരാതനരേഖകളിൽ ഇല്ലം * 3) വി. പത്രോസിന്റെ ജീവിതത്തിലെ അവസാന ഘട്ടം റോമ്മാസാമ്രാജ്യത്തിന്റെ പശ്ചിമ ഭാഗത്തു് കഴിച്ചുകൂട്ടി എന്നുള്ള അഭിപ്രായത്തിൽ പുരാതന സാക്ഷികളെല്ലാം ഐകകണ്ഠ്യേന യോജിക്കുന്നു. മാത്രമല്ല, വി. യോഹന്നാൻ സുവിശേഷകന്റെ കാലത്തു "ബാബേൽ" എന്ന പദം റോമ്മാനഗരത്തിന്റെ മറുനാമമായി ചെറിയ ഏഷ്യായിൽ (Asia Minor) നല്ലതുപോലെ അറിയപ്പെട്ടിരുന്നു. ആകയാൽ ഇവിടെ "ബാബേൽ" എന്നതു് റോമ്മാനഗരത്തിന്റെ മറുനാമമായി തന്നെ ഗ്രഹിക്കേണ്ടതാണെന്നു പുരാതനകാലത്തെ സകല വ്യാഖ്യാതാക്കളുടെയും ഐകകണ്ഠ്യേനയുള്ള പൂർണ്ണ സമ്മതത്താൽ നാം മനസ്സിലാക്കുന്നു." (21) ഈ വ്യാഖ്യാന ഗ്രന്ഥത്തിൽ തന്നെ വി. പത്രോസിന്റെ ഒന്നാം ലേഖനത്തെ സംബന്ധിച്ചുള്ള അവതാരികയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "ആദ്യമായി പുരാതനകാലത്തെ ക്രൈസ്തവ ഗ്രന്ഥകാരന്മാരുടെ ഏകവും അവിഭിന്നവും ആയ സാക്ഷ്യം നാം നോക്കേണ്ടിയിരിക്കുന്നു. അവരുടെ സ്വരം (ലോകത്തിന്റെ) ഏതു ഭാഗത്തുനിന്നും നമ്മുടെ അടുക്കൽ വന്നാലും "ബാബേൽ" എന്ന പേർ ഇവിടെ റോമ്മായാണെന്നു മനസ്സിലാക്കുവാൻ വേണ്ടി പ്രയോഗിച്ചിട്ടുള്ള ഒരു മറുനാമമാണെന്നു സാക്ഷിക്കുന്നു." (22)

ഗ്ലൊസ്റ്റർ, ബ്രിസ്റ്റാൾ എന്നീ രണ്ടു സ്ഥലങ്ങളുടെ മെത്രാനായ ഡാക്ടർ എല്ലിക്കോട്ട് (Dr. Ellicott) പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, പ്രോട്ടസ്റ്റന്റുകാരുടെ ഇടയിൽ സുപ്രസിദ്ധമായിത്തീർന്നിട്ടുള്ളതുമായ "ബൈബിൾ കമന്ററി"യിലും വി. പത്രോസിന്റെ 1-ാം ലേഖനത്തിൽ പറയുന്ന

---

* 16-ാംപുറം (4)-ാം സാക്ഷ്യം കാണുക.

21) Cf. "തിരുസിംഹാസനാമറവു്" (റവ. ഫാദർ അലക്സാണ്ടർ ടി. ഒ. സി. ഡി., ബി. ഡി., എൽ. റ്റി — മാന്നാനം 1902) 2-ാം സർഗ്ഗം. 22) Ibid.

www.malankaralibrary.com

ബാബേലിനെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നു: "ഇവിടെ സൂചിപ്പിക്കപ്പെടുന്ന സ്ഥലം റോമ്മായാണെന്നുള്ളതു നിസ്തർക്കമായ ഒരു വ്യാഖ്യാനമാണെന്നു പറയാം. പത്രോസ് തന്റെ അന്തിമകാലത്തു പൗരസ്ത്യദേശത്തു താമസിച്ചിരുന്നതായി നാം ഒരുനാളും കേട്ടിട്ടില്ല. അതു സ്വീകാര്യയോഗ്യവുമല്ല. വി. പത്രോസു റോമ്മായിൽ താമസിച്ചു മരിച്ചെന്നുള്ള ചരിത്രസത്യത്തിന് എതിരായി നില്പാൻ പ്രോട്ടസ്റ്റന്റുകാരുടെ മുൻവിധിക്കല്ലാതെ മറെറാന്നിനും സാദ്ധ്യമാകയില്ല." (23) ഈ വ്യാഖ്യാനഗ്രന്ഥത്തിലും വി. പത്രോസിന്റെ 1-ാം ലേഖനത്തെ സംബന്ധിച്ചുള്ള അവതാരികയിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "പാപ്പാമതത്തിന്റെ സംരക്ഷകന്മാർ ഈ സംഗതിയെ ദുഷ്പ്രയോഗം ചെയ്യാതിരുന്നെങ്കിൽ * വി. പത്രോസ് സഹപ്രവർത്തകനായ വി. മർക്കോസിനോടുകൂടി റോമ്മാസഭയെ സ്ഥാപിച്ചു എന്നുള്ള സാർവ്വത്രികവും സുസ്ഥിരവുമായ പാരമ്പര്യപ്രബോധനത്തെ സംബന്ധിച്ചു യാതൊരുതർക്കം പുറപ്പെടുവിക്കയില്ലായിരുന്നു. പിൽക്കാലത്തു ഈ സംഗതി ജർമ്മൻകാരും മററുമായ പല ഗ്രന്ഥകാരന്മാരും അവഗാഢം ശോധനചെയ്തു. ഈ ഗ്രന്ഥകാരന്മാരുടെ ഇടയിലുള്ള ഏക അഭിപ്രായവ്യത്യാസം വി. പത്രോസ് റോമ്മായിൽ വസിച്ച കാലത്തിന്റെ ദൈർഘ്യത്തെയും പരിധിയെയും സംബന്ധിച്ചു മാത്രമാണ്. ഹന്നിബാൾ ഇററലിയെ ആക്രമിച്ച സംഭവംപോലെ ഏത്രയും ദൃഢവും, പൂർവ്വികവും, സർവ്വജനസമ്മതി സിദ്ധിച്ചിട്ടുള്ളതുമായ ഈ സംഗതിയെ പൂർണ്ണമായി നിഷേധിക്കുന്നവർ തീരെ അപൂർവ്വമാണ്." (24)

---

23) Ibid.

* വി. പത്രോസ് റോമ്മാ സിംഹാസനത്തിലെ ഒന്നാമത്തെ മെത്രാനായിരുന്നെന്നു തെളിയിക്കുവാൻവേണ്ടി കത്തോലിക്കർ ഈ സാക്ഷ്യം ഉപയോഗിക്കുന്നതിനെ സംബന്ധിച്ചാണ് 'പാപ്പാമതക്കാർ ഈ സാക്ഷ്യത്തെ ദുഷ്പ്രയോഗം ചെയ്യുന്നു' എന്ന് ഇവിടെ പറയുന്നതു്. ഇതു ദുഷ്പ്രയോഗമല്ലല്ലോ.

24) Cf. തിരുസിംഹാസനാമരവ്, 2-ാം സർഗ്ഗം.

www.malankaralibrary.com

(8) ഇംഗ്ലണ്ടു്, ജർമ്മനി മുതലായ രാജ്യങ്ങളിലെ കേൾവികേട്ട മററ പ്രോട്ടസ്റ്റൻറ പണ്ഡിതന്മാരുടെ അഭിപ്രായവും മുകളിൽ പ്രസ്താവിച്ചതുതന്നെയാണു്. ഇക്കൂട്ടത്തിൽ തീർഷ് (Thiersch), എവാൾഡ് (Ewald), ഹില്ജൻ ഫെൽഡ് (Hilgenfeld) എന്നിവരുടെ പേരുകൾ പ്രസ്താവാർഹമാണു്. കത്തോലിക്കാസഭയോടു് ഒട്ടും അനുഭാവമില്ലാത്ത സാൻ (Zahn) (25), ഹർണാക്കു്, (Harnack) (26) എന്നീ പ്രോട്ടസ്റ്റൻറ പണ്ഡിതന്മാർപോലും വി. പത്രോസ് തൻെറ ലേഖനത്തിൽ ബാബേൽ എന്നു പറയുന്നതു് റോമ്മാസഭയെ ഉദ്ദേശിച്ചാണെന്നു സമ്മതിക്കുന്നു. വി. പത്രോസിൻെറ റോമ്മാവാസത്തെയും സഭാസ്ഥാപനത്തെയും സംബന്ധിച്ച വേദപുസ്തകത്തിൽനിന്നു സാക്ഷ്യം ആവശ്യപ്പെടുന്നവർക്കു വി: പത്രോസുതന്നെ തൻെറ ആദ്യലേഖനത്തിൽ നൽകുന്നതും, പേരുകേട്ട പ്രോട്ടസ്റ്റൻറ പണ്ഡിതന്മാരെല്ലാം ഇക്കാലത്തു കൈക്കൊള്ളി സമ്മതിക്കുന്നതുമായ ഈ സാക്ഷ്യം മതിയാകയില്ലേ? "ബാബേലിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഭ നിങ്ങൾക്കു വന്ദനം പറയുന്നു" എന്നു വി. പത്രോസ് പറയുന്നതിൽനിന്നു പൻതോസു്, ഗലാത്തിയാ മുതലായ (27) വിദൂര ദേശങ്ങളിൽ അധിവസിക്കുന്ന ക്രിസ്ത്യാനികൾക്കു വന്ദനം പറയത്തക്കവിധം വിപുലമായ ഒരു ക്രൈസ്തവസമൂഹം ബാബേലിൽ, അതായതു റോമ്മായിൽ ഉണ്ടായിരുന്നെന്നും വി. പത്രോസു് അതിൻെറ സ്ഥാപകനാണെന്നും തെളിയുന്നില്ലേ?

## 10. വി. മർക്കോസിൻെറ സാക്ഷ്യം.

വി. പത്രോസ് റോമ്മായിൽ പ്രസംഗിച്ച കാര്യങ്ങളാണു വി. മർക്കോസു് തൻെറ സുവിശേഷത്തിൽ രേഖപ്പെടു

25) Einleitung in das N. T. 2, 17.
26) Chronologie, 2, 1. pag. 455.
27) Cf. 1 പത്രോ. 1, 1–2.

www.malankaralibrary.com

ത്തിയിരിക്കുന്നതെന്നു പുരാതനകാലത്തെ പല പിതാക്കന്മാരും സാക്ഷിക്കുന്നുണ്ടു്. (28) ആകയാൽ മർക്കോസിന്റെ സുവിശേഷം മുഴുവനും വി. പത്രോസ് റോമ്മായിൽ സുവിശേഷം പ്രസംഗിച്ചു സഭ സ്ഥാപിച്ചു എന്നുള്ളതിന്റെ ശാശ്വത സ്മാരകമായി നിലകൊള്ളുന്നു. വി പത്രോസിന്റെ റോമ്മാവാസത്തെപ്പററി വേദപുസ്തകങ്ങളിൽ നിന്നു തെളിവുകൾ ആവശ്യപ്പെടുന്ന അകത്തോലിക്കർക്കു മർക്കോസിന്റെ ഈ സുവിശേഷം തന്നെയാണു് ഉത്തമവും ഏററം ബലവത്തുമായ തെളിവു്. *

# അദ്ധ്യായം 3.

## പുരാതനകാലത്തെ പിതാക്കന്മാരുടെയും ഗ്രന്ഥകാരന്മാരുടെയും സാക്ഷ്യങ്ങൾ.

വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിക്കയും രക്തസാക്ഷിയായി മരിക്കുകയും ചെയ്തു എന്നുള്ള പാരമ്പര്യം വിശ്വാസയോഗ്യമാണെന്നു തെളിയിക്കുന്നതിലേക്കു് അപ്പസ്തോലന്മാരുടെ കാലത്തുതന്നെ ജീവിച്ചിരുന്ന ചില പിതാക്കന്മാരുടെയും, അപ്പസ്തോലന്മാരുടെ അടുത്ത പിൻഗാമികളുടെയും, മററു ചില ഗ്രന്ഥകാരന്മാരുടെയും സാക്ഷ്യങ്ങൾ നമുക്കു് ലഭിച്ചിട്ടുണ്ടു്. ചില പ്രത്യേക ഉദ്ദേശ്യങ്ങളെ മുൻനിറുത്തി ഓരോരോ ഗ്രന്ഥങ്ങൾ എഴുതിയപ്പോൾ സന്ദർഭ

28) 17-ാം പുറത്തു 5-ാം സാക്ഷ്യം കാണുക. 3-ാം അദ്ധ്യായത്തിൽ 5, 9, 10 എന്നീ സാക്ഷ്യങ്ങൾ കാണുക.

* വി. പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്നു കാണിക്കുവാൻ അകത്തോലിക്കർ വേദപുസ്തകത്തെ അടിസ്ഥാനമാക്കി പറയാറുള്ള വാദമുഖങ്ങളെ 5-ാം അദ്ധ്യായത്തിൽ ഖണ്ഡിച്ചിരിക്കുന്നതു കാണുക.

www.malankaralibrary.com

പന്മാർ വി. പത്രോസിന്റെ റോമാ വാസത്തെയും, രക്തസാക്ഷിത്വത്തെയും സംബന്ധിച്ച് സ്വഗ്രന്ഥങ്ങളിൽ ചിലതെല്ലാം അവർ പ്രസ്താവിച്ചിട്ടുണ്ടല്ലാതെ വി. പത്രോസിന്റെ ജീവചരിത്രം മുഴുവൻ എഴുതുവാൻ അവരാരും ഉദ്ദേശിച്ചിരുന്നില്ല. തന്നിമിത്തം വി. പത്രോസിനെ സംബന്ധിച്ച് ചില പിതാക്കന്മാരും, ഗ്രന്ഥകാരന്മാരും നൽകുന്ന സാക്ഷ്യങ്ങൾ അത്ര സ്പഷ്ടമല്ലെങ്കിലും വിസ്മയത്തിന് അവകാശമില്ല. ഒരാൾ എഴുതിയത് അത്ര സ്പഷ്ടമല്ലെങ്കിൽ വേറൊരാൾ എഴുതിയത് അതിനെക്കാൾ സ്പഷ്ടമാണെന്നും എല്ലാംകൂടി നോക്കുമ്പോൾ ഈ വിഷയത്തിൽ ധാരാളം തെളിവുകൾ നമുക്ക് ലഭിച്ചിട്ടുണ്ടെന്നും ഈ രേഖകൾ നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്നവർക്ക് മനസ്സിലാകും.

പിതാക്കന്മാരുടെയും, പുരാതനഗ്രന്ഥകാരന്മാരുടെയും കൃതികളെല്ലാം മതപീഡനകാലത്ത് സഭാവൈരികൾ നശിപ്പിച്ചുകളഞ്ഞെന്നും, പിതാക്കന്മാർ മൂഢവിശ്വാസികളും പല അബദ്ധസിദ്ധാന്തങ്ങൾ പഠിപ്പിച്ചിരുന്നവരുമാണെന്നും അഭിപ്രായപ്പെട്ടുകൊണ്ട് ഇവരുടെ സാക്ഷ്യങ്ങളെല്ലാം തള്ളിക്കളയുന്ന ചില അകത്തോലിക്ക ഗ്രന്ഥകാരന്മാരുണ്ട്* എന്നാൽ അതേ സമയത്തെന്നെ സ്വാഭിപ്രായങ്ങളെ സ്ഥാപിക്കുന്നതിനുവേണ്ടി ഈ പിതാക്കന്മാരുടെയും പുരാതന ഗ്രന്ഥകാരന്മാരുടെയും മററും കൃതികളിൽ നിന്നു ധാരാളം ഉദ്ധരണികൾ—പലപ്പോഴും സന്ദർഭം വേണ്ടതുപോലെ വെളിപ്പെടുത്താതെ വാലും തലയും മുറിച്ച് ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു—ഈ അകത്തോലിക്ക ഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിൽ നൽകിവരുന്നു.

---

* "അന്ത്യോക്യായും റോമായും" എന്ന പേരിൽ കുന്നംകുളത്തു എ. ആർ. പി. പ്രസ്സിൽ നിന്നു 1930-ൽ പ്രസിദ്ധം ചെയ്തിട്ടുള്ള ഗ്രന്ഥത്തിൽ ഈ കാരണങ്ങൾ പറഞ്ഞു പിതാക്കന്മാരുടെ സാക്ഷ്യങ്ങളെ ഒന്നാകെ തട്ടിക്കളഞ്ഞിരിക്കുന്നു! (7, 9 എന്നീ അദ്ധ്യായങ്ങൾ കാണുക)

www.malankaralibrary.com

മതപീഡനകാലത്തു് ക്രിസ്തുമതവിദ്വേഷികൾ പല ഗ്രന്ഥങ്ങളും നശിപ്പിച്ചിട്ടുണ്ടു് എന്നുള്ളതു് വാസ്തവമാണു്. എന്നാൽ സകല ഗ്രന്ഥങ്ങളെയും അക്കാലത്തു് അവർ നശിപ്പിച്ചെന്നു് ചില അകത്തോലിക്കർ പറയുന്നതു് ഭീമമായ അജ്ഞതകൊണ്ടോ, പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾക്കു പ്രതികൂലമാകയാൽ ഏതു വിധമെങ്കിലും അവ തട്ടിക്കളയണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയോ ആണു്. മൂന്നൂറുകൊല്ലത്തോളം അത്യുഗ്രമായ മതപീഡനങ്ങൾ തുടർച്ചയായി ഉണ്ടായിട്ടും പഴയനിയമവും പുതിയനിയമവും ഉൾപ്പെട്ട വേദപുസ്തകസംഹിത നശിക്കുന്നതിനു് ഇടയായില്ല. ഇതുപോലെ പല പിതാക്കന്മാരുടെയും അനേക ഗ്രന്ഥങ്ങൾ യാതൊരു കേടും കൂടാതെ പൂർണ്ണമായി നമുക്കു് ലഭിച്ചിട്ടുണ്ടു്. പിതാക്കന്മാർ എഴുതിയതും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി കൈയെഴുത്തു പ്രതികളിൽ പ്രചരിച്ചിരുന്നതുമായ നിരവധി ഗ്രന്ഥങ്ങളുടെ ഏതാനും പ്രതികൾ മതപീഡനകാലത്തു ചില സ്ഥലങ്ങളിൽ നശിപ്പിക്കപ്പെട്ടെങ്കിലും പുരാതനമായ പല കൈയെഴുത്തു പ്രതികളും, അവയിൽ നിന്നു് പിൽക്കാലത്തു് മുദ്രണം ചെയ്യപ്പെട്ട പ്രതികളും ഇന്നു് ലോകത്തിലുണ്ടെന്നു് ഈ വിഷയത്തിൽ അല്പമെങ്കിലും ജ്ഞാനം സിദ്ധിച്ചവർക്കു് അറിയാവുന്നതാണു്. മതപീഡനകാലത്തു നിരവധി ഗ്രന്ഥങ്ങൾ നശിപ്പിക്കപ്പെടാതിരുന്നെങ്കിൽ വി. പത്രോസിന്റെ റോമ്മാവാസത്തെ സംബന്ധിച്ചു് ഇപ്പോഴുള്ളതിൽ കൂടുതൽ രേഖകൾ നമുക്കു ലഭിക്കുമായിരുന്നു എന്നു് ഈ അകത്തോലിക്ക ഗ്രന്ഥകാരന്മാരുടെ വാദത്തിൽ നിന്നുതന്നെ തെളിയുന്നുണ്ടല്ലോ. പുരാതനകാലത്തു ജീവിച്ചിരുന്ന ക്ലീമീസു്, ഇഗ്നാത്തിയോസു്, ഇരണേയൂസ്, ജെറോം, അഗസ്തീനോസു്, സ്വർണ്ണനാവുകാരൻ ഈവാനിയോസു് (യോഹന്നാൻ ക്രീസോസ്തോം) ആദിയായ പുണ്യവാന്മാരും വേദശാസ്ത്രപണ്ഡിതന്മാരും ജഗൽപ്രസിദ്ധന്മാരുമായ പിതാക്കന്മാരെല്ലാം മൂഢവിശ്വാസികളും അബദ്ധോപദേശങ്ങൾ പഠിപ്പിച്ചിരുന്നവരുമാണെന്നു് വാദിക്കുന്നവർ സ്വന്തം വിഡ്ഢിത്തത്തെ ലോകസമക്ഷം ഏറ്റുപറയുകയല്ലേ ചെയ്യുന്നതു്? ബുദ്ധിക്കു വികല്പമുള്ളവർ അന്യ

www.malankaralibrary.com

രെ ഭ്രാന്തരായും തങ്ങളെ പരിപൂർണ്ണ ആരോഗ്യവാന്മാരായും കരുതിവരുന്നതുപോലെയല്ലേ ഇക്കൂട്ടരും പുരാതന പിതാക്കന്മാരെ മൂഢന്മാരായും തങ്ങളെ അതിബുദ്ധിമാന്മാരായും പരിഗണിച്ചു് ഇമ്മാതിരി അഭിപ്രായങ്ങൾ "തട്ടിമൂളിക്കു"ന്നതു്? ഒരു പിതാവു് അല്ലെങ്കിൽ വേറൊരു പിതാവു് മൂഢവിശ്വാസിയോ, അബദ്ധോപദേശം പഠിപ്പിച്ചിരുന്നവനോ ആയിരുന്നാൽ തന്നെയും ചില കാര്യങ്ങളെ സംബന്ധിച്ചു് പിതാക്കന്മാർ ഐകകണ്ഠ്യേന പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്തുവന്നതു് തെറ്റാണെന്നു പറയുന്നതു് സാഹസമല്ലേ? ഒരാൾ മരിച്ചെന്നു് തീർച്ചപ്പെടുത്തുവാൻ ഒരു ഡോക്ടർ വേണമെന്നുണ്ടോ? ഒരു ഉടുപ്പു് കീറിയതാണു് എന്നു് പറയുവാൻ തയ്യൽക്കാരന്റെ അഭിപ്രായം ആവശ്യമാണോ? നാഴികമണിയുടെ സൂചിനിന്നുപോയോ എന്നറിവാൻ നാഴികമണി നന്നാക്കുന്നവനെ വിളിക്കേണ്ട ആവശ്യമുണ്ടോ? അധികവിദ്യാഭ്യാസവും ബുദ്ധിശക്തിയും ലോകപരിചയവുമില്ലാത്ത സാധാരണ മനുഷ്യർക്കും ഇക്കാര്യങ്ങൾ എല്ലാം നിഷ്പ്രയാസം മനസ്സിലാക്കി അന്യരെ വിവരങ്ങൾ അറിയിക്കുവാൻ സാധിക്കയില്ലേ? ഇതുപോലെ വി. പത്രോസ് റോമായിൽ പോയി എന്നുള്ള ചരിത്ര സംഭവം രേഖപ്പെടുത്തിയ ചില പിതാക്കന്മാർ വലിയ പണ്ഡിതന്മാരല്ലെങ്കിൽ തന്നെയും—അതിഗഹനങ്ങളായ വിശ്വാസവിഷയങ്ങളിൽ ചില തെറ്റുകൾ ചിലർക്കു് വന്നുപോയിട്ടുണ്ടെന്നു് സങ്കല്പിച്ചാൽ തന്നെയും—വി. പത്രോസിന്റെ റോമ്മാ വാസത്തെയും മരണത്തെയും സംബന്ധിച്ചുള്ള അവരുടെ സാക്ഷ്യങ്ങൾ അവാസ്തവമോ അവിശ്വാസ്യമോ ആണെന്നു വരുന്നില്ല. ചുരുങ്ങിയപക്ഷം വി. പത്രോസ് റോമ്മായിൽ സഭസ്ഥാപിച്ചു രക്തസാക്ഷിയായി മരിച്ചു എന്നുള്ള വിശ്വാസം പുരാതന കാലത്തു് ജീവിച്ചിരുന്ന ഈ പിതാക്കന്മാർക്കും, ഗ്രന്ഥകാരന്മാർക്കും, അക്കാലത്തെ ജനങ്ങൾക്കും പൊതുവെ ഉണ്ടായിരുന്നു എന്നെങ്കിലും അവരുടെ സാക്ഷ്യങ്ങൾ തെളിയിക്കുന്നു. നമ്മുടെ കാര്യസാദ്ധ്യത്തിനു് അതിപുരാതന കാലം തുടങ്ങി ഉണ്ടായിരുന്ന ഈ വിശ്വാസവും തൽസംബന്ധമായ സാക്ഷ്യങ്ങളും ധാരാളം മതിയാകും.

www.malankaralibrary.com

താഴെ ഉദ്ധരിച്ചിരിക്കുന്ന സാക്ഷ്യങ്ങളിൽ ചിലതിൽ നിന്നു് വി. പത്രോസ് റോമായിൽ പോയെന്നും, മറ്റു ചിലതിൽനിന്നു് അവിടെ സുവിശേഷം പ്രസംഗിച്ചു രക്തസാക്ഷിയായി മരിച്ചെന്നും, വേറെ ചിലതിൽ നിന്നു അവിടെ സഭ സ്ഥാപിച്ചു് റോമാ സിംഹാസനത്തിലെ ആദ്യ മെത്രാനായി ഭരണം നടത്തിയെന്നും വിശദമാകും. മരിക്കാൻവേണ്ടിമാത്രമാണു് വി. പത്രോസ് റോമായിൽ പോയതെന്നും അവിടെ സഭ സ്ഥാപിക്കുകയോ, മെത്രാനായി ഭരണം നടത്തുകയോ ചെയ്തിട്ടില്ലെന്നും വാദിക്കുന്നവരുടെ കുയുക്തികളെയെല്ലാം ഈ സാക്ഷ്യങ്ങൾ പാടേ തകർക്കുന്നു.

## സാക്ഷ്യങ്ങൾ.

1. റോമിലെ വി. ക്ലീമ്മീസ്. (92-101) * റോമാസിംഹാസനത്തിൽ വി. പത്രോസിന്റെ മൂന്നാമത്തെ പിൻഗാമിയാണു് ഇദ്ദേഹം. "ആയുസ്സിന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ക്ലീമ്മീസ്" (1) എന്നു് വി. പൗലോസ് പറഞ്ഞിരിക്കുന്ന ക്ലീമ്മീസും റോമിലെ വി. ക്ലീമ്മീസും ഒരാൾതന്നെയാണെന്നു് പ്രസിദ്ധ ഗ്രന്ഥകാരനായ ഒരിജനും (185—255), സഭാചരിത്രകാരനായ എവുസേ

---

* മാർപ്പാപ്പാമാരുടെയോ, ചക്രവർത്തിമാരുടെയോ പേരുകൾ കഴിഞ്ഞു വലയത്തിലിട്ടിരിക്കുന്ന സംഖ്യകൾ അവരുടെ ഭരണകാലത്തെ കാണിക്കുന്നു. ഗ്രന്ഥകാരന്മാരുടെ പേരുകൾ കഴിഞ്ഞു വലയത്തിലിട്ടിരിക്കുന്ന സംഖ്യകൾ, ആ ഗ്രന്ഥകാരന്മാരുടെ ജനനമരണ കാലങ്ങളെ കാണിക്കുന്നു. ഒരു ഗ്രന്ഥത്തിന്റെ പേരുകഴിഞ്ഞുവരുന്ന സംഖ്യ ആ ഗ്രന്ഥം എഴുതപ്പെട്ട കാലം കാണിക്കുന്നു.

1) പീലിപ്പോ. 4, 3.

www.malankaralibrary.com

ബിയസും (263-340), വി. എപ്പിഫാനിയോസ് (367—403), വി. ജെറോം (342—419) എന്നീ പിതാക്കന്മാരും അഭിപ്രായപ്പെടുന്നു. ക്ലീമ്മീസ് കൊറിന്ത്യാക്കാർക്ക് എഴുതിയ രണ്ടു ലേഖനങ്ങളെ യാക്കോബായക്കാർ പുതിയനിയമഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തുന്നു. (2) മററു വിശുദ്ധന്മാരോടുകൂടി വി. ക്ലീമ്മീസിന്റെ നാമവും യാക്കോബായക്കാർ വി. കുർബാനയിലെ 5-ാം "തുബ്ദേനി"യിൽ (മദ്ധ്യസ്ഥപ്രാർത്ഥനയിൽ) പ്രസ്താവിച്ചിട്ട്—'അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിപ്പാൻ കർത്താവിനോടു നാം പ്രാർത്ഥിക്കണം" എന്ന് എല്ലാ കുർബാനയിലും ചൊല്ലിവരുന്നു. വി. ക്ലീമ്മീസിന്റെ പേരിൽ ഒരു കുർബാനക്രമവും കൂദാശപരമായ എട്ടു ഗ്രന്ഥങ്ങളും (ഹൂദായ കാനോൻ, 7. 9) യാക്കോബായസഭയിൽ ഉണ്ടെന്നുള്ളതും പ്രസ്താവ്യമത്രേ. (3)

ക്രിസ്ത്വബ്ദം 95-നും 97-നും മദ്ധ്യേ എഴുതിയ കൊറിന്ത്യാക്കാർക്കുള്ള 1-ാം ലേഖനത്തിൽ വി. പത്രോസിന്റെയും, വി. പൗലോസിന്റെയും പീഡകളെയും രക്തസാക്ഷിത്വത്തെയും അനുസ്മരിപ്പിച്ചുകൊണ്ട് വി. ക്ലീമ്മീസ് ഇപ്രകാരം എഴുതുന്നു: "പുരാതനകാലത്തെ മാതൃകകളെ വിട്ടുകളഞ്ഞിട്ട് സമീപസ്ഥരായ മല്പിടുത്തക്കാരെ സംബന്ധി

---

2) മലങ്കര മെത്രാപ്പോലീത്തായായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി കോട്ടയത്തു പഴയസെമിനാരിയിൽ മല്പാനായിരിക്കയിൽ എഴുതിയ "മതോപദേശസാരങ്ങൾ" എന്ന ഗ്രന്ഥം 33-ാം സംഗതി കാണുക; യാക്കോബായ സഭയിലെ നിയമഗ്രന്ഥമായ ഹൂദായ കാനോൻ, 7. 9 (കോനാട്ട് അബ്രഹാം കത്തനാരുടെ മലയാള പരിഭാഷ 1952, പുറം 116) കാണുക.

3) യാക്കോബായസഭയിൽ ഉപയോഗത്തിലിരിക്കുന്ന "പൂർവ്വീകസഭാപിതാക്കന്മാരും പൊതു സുന്നഹദോസുകളും" (എം. ആർ. പി. പ്രസ്സ്, കുന്നംകുളം, 1932) എന്ന ഗ്രന്ഥം 8-ാം അദ്ധ്യായത്തിൽ വി. ക്ലീമ്മീസിനെയും അദ്ദേഹത്തിന്റെ ലേഖനങ്ങളെയും സംബന്ധിച്ചു പറയുന്നുണ്ട്.

www.malankaralibrary.com

ച്ചു നമുക്കു പറയാം. നമ്മുടെ കാലത്തെ മഹനീയ മാതൃകകളെപ്പററി നമുക്കു പ്രതിപാദിക്കാം. തീക്ഷ്ണതയും ധൈര്യവും നിമിത്തം (തിരുസഭയുടെ) മഹത്തുക്കളും ഏററം നീതിമാന്മാരുമായ സംരക്ഷകന്മാർ പീഡകൾ സഹിക്കുകയും മരണംവരെ പൊരുതുകയും ചെയ്തു. ഉത്തമ അപ്പസ്തോലന്മാരായ പത്രോസിനെയും പൗലോസിനെയും നമ്മുടെ കൺമുൻപാകെ നമുക്കു വയ്ക്കാം. വിശുദ്ധ പത്രോസാവട്ടെ അത്യധികമായ തീക്ഷ്ണതനിമിത്തം ഒന്നോ രണ്ടോ അല്ല, അനേക ബുദ്ധിമുട്ടുകൾ സഹിക്കുകയും, ഇങ്ങനെ രക്തസാക്ഷ്യം നൽകിക്കൊണ്ട് മഹത്വത്തിന്റെ യോഗ്യസ്ഥലത്ത് പ്രവേശിക്കുകയും ചെയ്തിരിക്കുന്നു.” (4)

അനന്തരം ക്ലീമ്മീസ് വി. പൗലോസിന്റെയും വലിയ ഒരു ജനവിഭാഗത്തിന്റെയും രക്തസാക്ഷിത്വത്തെ വിവരിക്കുന്നു. “നമ്മുടെ ഇടയിൽ (മൂലഭാഷയായ ഗ്രീക്കിൽ ‘എൻ എമിൻ’ അതായത്, റോമാക്കാരുടെ ഇടയിൽ എന്നുള്ള അർത്ഥം കൂടുതലായി സ്ഫുരിക്കുന്നു) രക്തസാക്ഷിത്വം അനുഭവിച്ചവർ” എന്നത്രെ ഇവരെല്ലാവരെയുംപററി വി. ക്ലീമ്മീസ് പറയുന്നത്. നേറോചക്രവർത്തിയുടെ ഭരണകാലത്ത് നടന്ന ആദ്യത്തെ മതപീഡനത്തെപ്പററിയാണ് ഇവിടെ പറയുന്നത് എന്ന് ഈ ലേഖനത്തിന്റെ ഇതര ഭാഗങ്ങളും തെളിയിക്കുന്നു. നേറോയുടെ കാലത്ത് റോമാ പട്ടണത്തിൽ മാത്രമേ മതപീഡനം നടന്നുള്ളു എന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഏതായാലും വി. പത്രോസിന്റെയും വി. പൗലോസിന്റെയും മരണത്തെ സംബന്ധിച്ചു പറയുകയിൽ “നമ്മുടെ ഇടയിൽ രക്തസാക്ഷിത്വം അനുഭവിച്ചവർ” എന്ന് റോമായിലെ ക്ലീമ്മീസ് പറയുന്നതുകൊണ്ടും, വി. പൗലോസ് റോമായിൽ രക്തസാക്ഷിയായി മരിച്ചു എന്ന് എല്ലാവരും സമ്മതിക്കുന്നതുകൊണ്ടും വി. പത്രോസും റോമായിൽ രക്തസാക്ഷിയായി മരണം പ്രാപിച്ചു എന്നു തെളിയുന്നു.

---

4) 1 Ep. ad Cor. 5, 1; MG 1, 217; R (Rouet S. J., Enchirid. Patrist.) 11.

www.malankaralibrary.com

## ൨. അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസ് (50—107.)

അന്ത്യോക്യാസിംഹാസനത്തിൽ വി. പത്രോസ് നിയമിച്ച ഏവോദിയോസിന്റെ അടുത്ത പിൻഗാമിയായിരുന്നു വി. ഇഗ്നാത്തിയോസ്. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഇടയിൽ വലിയവൻ ആരാണെന്നു ഒരു തർക്കം ഉണ്ടായപ്പോൾ ക്രിസ്തു ഒരു പൈതലിനെ എടുത്തു നടുവിൽ നിറുത്തി "ഈ പൈതലിനെപ്പോലെയുള്ളവനെ എന്റെ നാമത്തിൽ സ്വീകരിക്കുന്ന ഏവനും എന്നെയാകുന്നു സ്വീകരിക്കുന്നതു" (5) എന്നു അരുളിച്ചെയ്തതായി സുവിശേഷത്തിൽ പറയുന്നുണ്ടല്ലോ. ക്രിസ്തു സ്വകരങ്ങളിൽ വഹിച്ച ആ പൈതൽ ഇഗ്നാത്തിയോസ് ആയിരുന്നു എന്നു ഒരു ഐതിഹ്യമുള്ളതായി ചില പുരാതന ഗ്രന്ഥകാരന്മാർ പറയുന്നുണ്ടു. ഈ ഐതിഹ്യം അത്ര വിശ്വാസയോഗ്യമാണെന്നു തോന്നുന്നില്ല. ഏതായാലും വി. ഇഗ്നാത്തിയോസിനു അപ്പോസ്തോലന്മാരെ അടുത്തു പരിചയമുണ്ടായിരുന്നെന്നും, അദ്ദേഹം തന്റെ സ്നേഹിതനായ വി. പോളിക്കാർപ്പും ഒരുമിച്ചു വി. യോഹന്നാൻ ശ്ലീഹായുടെ പ്രസംഗങ്ങൾ കേട്ടിരുന്നെന്നും വിശ്വസിക്കുന്നതിനു ന്യായങ്ങൾ ഇല്ലാതില്ല. വി. യോഹന്നാൻ ക്രിസോസ്തോം (സ്വർണ്ണനാവുകാരൻ വി. ഈവാനിയോസ്) അഭിപ്രായപ്പെട്ടിരിക്കുന്നതു, വി. ഇഗ്നാത്തിയോസിനു അപ്പോസ്തോലന്മാരുടെ കരങ്ങളിൽ നിന്നു തന്നെ മെത്രാഭിഷേകം ലഭിക്കുവാനുള്ള മഹാഭാഗ്യം സിദ്ധിച്ചു എന്നാണു. (6)

യാക്കോബായക്കാർ വി. കുർബാനയിലെ 5-ാം "തുബ്ദേനിൽ" വി. ഇഗ്നാത്തിയോസിനെയും അനുസ്മരിച്ചു അദ്ദേഹത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. (7) റോമ്മാചക്ര

5) മർക്കൊ. 9, 33-36.

6) Homil. in St. Ign. iv, 587. 7) "പൂർവ്വ ...... പൊതു സുന്നഹദോസുകളും" എന്ന പുസ്തകം 6-ാം അദ്ധ്യായത്തിൽ വി. ഇഗ്നാത്തിയോസിനെപ്പറ്റി പറഞ്ഞിരിക്കുന്നു.

www.malankaralibrary.com

വത്തിയായ ട്രാജൻ (98-117) അന്ത്യോക്യായിൽ ഏതാനും നാൾ താമസിച്ചിരിക്കവെ, വി. ഇഗ്നാത്തിയോസിനെ ബന്ധനസ്ഥനാക്കി റോമ്മായിലെ മല്ലരംഗത്തിൽ കൊണ്ടുപോയി കാട്ടുമൃഗങ്ങൾക്ക് ഇരയായിട്ട് ഇട്ടുകൊടുക്കണമെന്നു കല്പന നൽകി. റോമ്മായിലേക്കുള്ള യാത്രാമദ്ധ്യേ ചെറിയ ആസ്യായിലെ (Asia Minor) പലക്രൈസ്തവസമൂഹങ്ങൾക്കായി അഞ്ചുലേഖനങ്ങളും, തന്റെ സ്നേഹിതനായ വി. പോളിക്കാർപ്പിനും റോമ്മായിലെ ക്രിസ്ത്യാനികൾക്കും ഓരോ ലേഖനം വീതവും_ഇങ്ങനെ ആകെ ഏഴു ലേഖനങ്ങൾ_ ഈ വിശുദ്ധൻ എഴുതുകയുണ്ടായി.

റോമ്മായിലെ ക്രിസ്ത്യാനികൾക്ക് അയച്ച ലേഖനത്തിൽ റോമ്മായിൽ താൻ ചെന്നുചേരുമ്പോൾ മിശിഹായോടുള്ള സ്നേഹത്താൽ പ്രേരിതനായി രക്തസാക്ഷിയായി മരിക്കുന്നതിൽ നിന്ന് തന്നെ ആരും തടയരുത് എന്ന് അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "എന്നാൽ പത്രോസിനെയോ, പൌലോസിനെയോ പോലെ ഞാൻ നിങ്ങളോടു കല്പിക്കുന്നില്ല. അവർ അപ്പസ്തോലന്മാരാകുന്നു. ഞാനാകട്ടെ മരണത്തിനു വിധിക്കപ്പെട്ടവൻ; അവർ സ്വതന്ത്രർ, ഞാനാകട്ടെ ഇപ്പോഴും ദാസൻ". (8) ഈ വാക്യത്തിൽ വി. ഇഗ്നാത്തിയോസ് സൂചിപ്പിച്ചിരിക്കുന്നത്, വി. പത്രോസും വി. പൌലോസും റോമ്മായിൽ സുവിശേഷം പ്രസംഗിച്ച് അപ്പസ്തോലിക അധികാരത്തോടുകൂടി അവിടെ ക്രിസ്ത്യാനികളോട് എന്തെല്ലാം ചെയ്യണമെന്ന് കല്പിച്ചിട്ടുണ്ടെന്നും, എന്നാൽ ദാസനായ തനിക്ക് അവരെപ്പോലെയുള്ള അധികാരത്തോടുകൂടി റോമിലെ ക്രിസ്ത്യാനികളോട് കല്പിക്കുവാൻ അധികാരവും അവകാശവുമില്ലെന്നും ആകുന്നു.

---

8) Ep. ad Rom. 4. 3; MG 5, 689; R, 54

www.malankaralibrary.com

## 3. വി. ഇരനേയസ് (140-202)

ഇദ്ദേഹം ചെറിയ ആസ്യായിലാണ് (Asia Minor) ജനിച്ചതെങ്കിലും ഒടുവിൽ ഫ്രാൻസ് രാജ്യത്തുള്ള ലിയോൺസിലെ മെത്രാനായിത്തീർന്നു. വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായ വി. പോളിക്കാർപ്പിന്റെ ശിഷ്യനാണ് ഈ വിശുദ്ധൻ. തന്റെ ഗുരുവായ പോളിക്കാർപ്പ് വി. യോഹന്നാൻ ശ്ലീഹായോടും കർത്താവിനെ നേരിട്ടു കണ്ടിട്ടുള്ള മററാളുകളോടും ഹൃദയംഗമമായ സംഭാഷണങ്ങൾ നടത്തിയിട്ടുണ്ടെന്നു പോളിക്കാർപ്പ് തന്നെ തന്നോടു പറഞ്ഞിട്ടുള്ളതായി വി. ഇരനേയസ് പ്രസ്താവിക്കുന്നു. (9) ആകയാൽ അപ്പസ്തോലിക പാരമ്പര്യം ഈ വിശുദ്ധനുള്ളതായി തെളിയുന്നു. ഇദ്ദേഹം വളരെക്കാലം റോമ്മായിൽ താമസിച്ച് പാശ്ചാത്യ പൗരസ്ത്യദേശങ്ങളിലെ പാരമ്പര്യങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുള്ള ഒരാളുമാണ്. (10) പാഷണ്ഡികൾക്ക് എതിരായി അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥത്തിൽ റോമ്മിലെ സഭ അപ്പസ്തോലന്മാരിൽ നിന്നും ലഭിച്ച വിശ്വാസസത്യങ്ങളെ അഭംഗമായി പരിരക്ഷിച്ചുവരുന്നതിനാൽ പാഷണ്ഡികളുടെ ഉപദേശങ്ങൾ അബദ്ധമാണെന്ന് ആർക്കും നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കുമെന്നു പറയുന്നു. "ഈ സഭയുടെ മുഖ്യമായ അധികാരം നിമിത്തം എല്ലാ സഭകളും അവശ്യം ഇതിനോടു യോജിച്ചിരിക്കണം" എന്നത്രെ റോമ്മായിലെ സഭയെപ്പററി ഈ വിശുദ്ധൻ പറയുന്നതു്. അദ്ദേഹം തുടരുന്നു: "ഇതു് ഏററവും മഹത്തും, ഏററവും പുരാതനവും, എല്ലാവരാലും അറിയപ്പെടുന്നതും, ഏററം വി

---

9) Ep. ad Florin; Euseb. Hist. Eccl. 5, 20, 5; MG 20, 486; K, 96; Cf. R, 264.

10) "പൂർവ്വിക ....പൊതു സുനഹദോസുകളും" 10-ാം അദ്ധ്യായത്തിൽ വി. ഇരനേയസിനെ (ഈറീനോസിനെ)പ്പററി പറയുന്നുണ്ട്.

www.malankaralibrary.com

ശ്രുതന്മാരായ പത്രോസ്, പൌലോസ് എന്നീ രണ്ടു അപ്പസ്തോലന്മാരാൽ സ്ഥാപിച്ച് ക്രമപ്പെടുത്തപ്പെട്ടതുമാണ്." (11)

4. കൊറീന്ത്യായിലെ ദിവന്നാസ്യോസ്. കൊറീന്ത്യായിലെ മെത്രാനായിരുന്ന ദിവന്നാസ്യോസ് (12) സോത്തർ മാർപ്പാപ്പായുടെ കാലത്തു് (165–171) റോമ്മിലേക്ക് അയച്ച ഒരു കത്തിൽ വി. പത്രോസും, വി. പൌലോസും റോമ്മായിൽ മാത്രമല്ല കൊറീന്ത്യായിലും സുവിശേഷം പ്രസംഗിച്ചിട്ടുണ്ടെന്നു പറയുന്നു. "നിങ്ങളുടെ ഉത്തേജകമായ നിർദ്ദേശത്താൽ വി. പത്രോസും വി. പൌലോസും റോമ്മായിലും കൊറീന്ത്യായിലും വിതച്ചുവയെ ദൃഢമായി കൂട്ടിച്ചേർത്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇവർ രണ്ടുപേരും ഇറ്റാലിയിൽ ഒരേസ്ഥലത്തു് പഠിപ്പിക്കുകയും ഒരേസമയത്തു രക്തസാക്ഷിത്വം സഹിക്കുകയും ചെയ്തതുപോലെ ഇവർ രണ്ടുപേരും സുവിശേഷത്തിന്റെ വിത്തു് കൊറീന്ത്യായിൽ വിതയ്ക്കുകയും ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തു." (13)

5. അലക്സാണ്ഡ്റിയായിലെ ക്ലീമ്മീസ് (150–211/215) ഇദ്ദേഹം അലക്സാണ്ഡ്റിയായിൽ നടത്തിവന്നിരുന്ന സുപ്രസിദ്ധ മതശാസ്ത്ര വിദ്യാലയത്തിലെ ഒരു അദ്ധ്യാപകനായിരുന്നു: "ഹിപ്പോതിപോസെസസ്" എന്ന ഗ്രന്ഥ

---

11) Adv. haer. III, 3. 2; MG 7,848; R, 210.

12) ഈ ദിവന്നാസ്യോസിനെപ്പറ്റിയും ഇദ്ദേഹം എഴുതിയ ലേഖനങ്ങളെപ്പറ്റിയും "പൂർവ്വിക ...... പൊതു സുന്നഹദോസുകളും" 8-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

13) In Euseb. Hist. Eccl., II, 25, 8; MG 20, 210; K, 60.

www.malankaralibrary.com

ത്തിൽ വി. മർക്കോസിന്റെ സുവിശേഷത്തെ സംബന്ധിച്ചു് പറയുകയിൽ പുരാതന പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു: "പത്രോസ് റോമ്മായിൽ ദൈവവചനം അറിയിക്കുകയും ദൈവികാരുപിയിൽ സുവിശേഷം പ്രസംഗിക്കുകയും ചെയ്ത കാലത്തിനുശേഷം കേൾവിക്കാരായ ജനക്കൂട്ടം, പത്രോസിനെ വളരെക്കാലമായി എല്ലാ യാത്രകളിലും അനുഗമിച്ചിരുന്ന മർക്കോസിനോട്ടു് അപ്പസ്തോലൻ തങ്ങളോടു് പ്രസംഗിച്ചവയെ എഴുതുന്നതിനു് അപേക്ഷിച്ചു". (14)

6. <u>തെർത്തുല്യൻ</u> (160 – 222). ആഫ്രിക്കായിലെ സുപ്രസിദ്ധ കാർത്തേജ് നഗരത്തിൽ ജനിച്ചുവളർന്ന ഇദ്ദേഹം ഒടുവിൽ ഒരു പാഷണ്ഡിയായിത്തീർന്നെങ്കിലും പുരാതന കാലത്തെ വിശ്രുതഗ്രന്ഥകാരന്മാരുടെ ഗണത്തിൽ ഗണ്യമായ ഒരു സ്ഥാനം ഇദ്ദേഹത്തിനുണ്ടു് (15). വി. ഇരനേയസിനെപ്പോലെ (മുകളിൽ മൂന്നാമത്തെ സാക്ഷ്യം കാണുക) തെർത്തുല്യനും റോമൻ സഭയുടെ പ്രാമാണ്യം നിമിത്തം സത്യവിശ്വാസം നിഷ്പ്രയാസം ആ സഭയിൽ കണ്ടുപിടിക്കാമെന്നു് പാഷണ്ഡികളെ അറിയിച്ചുകൊണ്ടു് ഇങ്ങിനെ പറയുന്നു: "നിങ്ങൾ ഇററലിയെ സമീപിക്കുന്നെങ്കിൽ എപ്പോഴും നമുക്കു പ്രാമാണ്യം ലഭ്യമാകുന്ന റോമ്മായെ നിങ്ങൾക്കു കാണ്മാൻ കഴിയും. ഈ സഭ എത്രയോ സൌഭാഗ്യവതിയാണു്. അവിടെ അപ്പസ്തോലന്മാർ തങ്ങളുടെ രക്തം ചിന്തിക്കൊണ്ടു് സകല ഉപദേശങ്ങളും നൽകി. അവിടെ പത്രോസു് കർത്താവിന്റെ പീഡയെ [കുരിശുമരണത്തെ] അഭിമുഖീകരിച്ചു. അവിടെ പൗലോസ് യോഹന്നാന്റെ [മാംദാനായുടെ] മരണത്താൽ [ശിരശ്ഛേദനത്താൽ] മകുടം ചൂടി.

---

14) Euseb. H. E. VI, 14; MG 9, 749; 20, 552; R, 439; Cf. K, 150.

15) "പൂർവ്വീക ......പൊന്തനഹാമോസുകളും" 11-ാം അദ്ധ്യായത്തിൽ തെർത്തുല്യന്റെ ജീവചരിത്രം എഴുതിയിരിക്കുന്നു.

www.malankaralibrary.com

അവിടെ യോഹന്നാൻശ്ലീഹാ തിളച്ച എണ്ണയിൽ ഇടപ്പെട്ടിട്ടും ഒരു പീഡയും ഏല്ക്കാതെ [പാത്മോസ്] ദ്വീപിലേക്കു നാടുകടത്തപ്പെട്ടു". (16) പത്രോസിനെ കുരിശിൽതറച്ചതിനെപ്പററി ഇദ്ദേഹം ഇങ്ങനെ പറയുന്നു: "റോമ്മായിൽ മുളച്ചുതുടങ്ങിയ വിശ്വാസത്തെ ആദ്യമായി നേറോ രക്തമയമാക്കി. പത്രോസ് അവിടെവച്ച് മറെറാരുത്തനാൽ അര കെട്ടപ്പെട്ടു, കുരിശിനോടു ബന്ധിതനായി". (17) മാമ്മോദീസായെ സംബന്ധിച്ച് എഴുതിയ ഗ്രന്ഥത്തിൽ ഏതു സ്ഥലത്തെ വെള്ളവും മാമ്മോദീസാ മുക്കുന്നതിന് ഉപയോഗിക്കാമെന്നുള്ളതിന് ഉദാഹരണമായിട്ടു അദ്ദേഹം പറയുന്നു: "യോർദ്ദാനിൽ യോഹന്നാൻ മാമ്മോദീസാമുക്കിയതും (റോമ്മായിൽ) ടൈബർ നദിയിൽ പത്രോസ് മുക്കിയതുമായ വെള്ളം തമ്മിൽ വ്യത്യാസമില്ല". (18) മാർസിയോൺ എന്ന പാഷണ്ഡനെതിരായിട്ട് എഴുതിയ ഗ്രന്ഥത്തിൽ വിശ്വാസസംബന്ധമായ കാര്യങ്ങളിൽ റോമ്മൻ ക്രിസ്ത്യാനികളുടെ സാക്ഷ്യത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിച്ചുകൊണ്ട് "പത്രോസും പൗലോസും രക്തംകൊണ്ടു മുദ്രവെച്ചു സുവിശേഷം അവർക്കു പ്രദാനം ചെയ്തു" (19) എന്നു പറയുന്നു.

7. ഒരിജൻ (185—254). "വേദപുസ്തക വ്യാഖ്യാനത്തിന്റെ പിതാവു" എന്ന പേരിൽ വിശ്രുതനായിത്തീർന്നിട്ടുള്ള ഇദ്ദേഹം അലക്സാണ്ഡ്റിയായിലെ ക്ലീമ്മീസിന്റെ ശിഷ്യനും, ക്ലീമ്മീസിന്റെ ശേഷം അലക്സാണ്ഡ്റിയായിലെ മതശാസ്ത്രവിദ്യാലയത്തിലെ അദ്ധ്യാപകനുമായിരുന്നു. (20) (മുകളിൽ 5-ാം സാക്ഷ്യം നോക്കുക) അപ്പസ്തോ-

16) De Praescrip. 36; ML (Migne, Patrol. Latin.) 2, 49; R, 297.

17) Scorpiace 15, 4; ML 2, 151; K, 216.

18) De Baptism. 5. — 19) Adv. Marc. 4, 5; ML 2, 366; R, 341.

20) "പൂർവ്വീക.... .....പൊതു സുനഹദോസുകളും" 12-ാം അദ്ധ്യായത്തിൽ ഇദ്ദേഹത്തിന്റെ ജീവചരിത്രം എഴുതിയിരിക്കുന്നു.

www.malankaralibrary.com

ലന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും സുവിശേഷം പ്രസംഗിക്കുന്നതിനായി പോയതു സംബന്ധിച്ചു് അദ്ദേഹം ഇങ്ങനെ എഴുതുന്നു: "നമ്മുടെ രക്ഷകനായ കർത്താവിന്റെ പരിശുദ്ധ ശ്ലീഹന്മാരും മററു ശിഷ്യന്മാരും ഭൂലോകത്തിന്റെ എല്ലാ രാജ്യങ്ങളിലും ദൈവവചനം പ്രസംഗിക്കുന്നതിനായി പുറപ്പെട്ടു. തോമ്മാ നമുക്കു അറിയാവുന്നതുപോലെ പാർത്ത്യായിലേക്കും, മത്തായി എത്തിയോപ്യായിലേക്കും..........അന്ത്രയോസ് ഷിത്തിയായിലേക്കും, യോഹന്നാൻ ആസ്യായിലേക്കും, പിന്നീട് എഫേസൂസിലേക്കും പോകുകയുണ്ടായി...പത്രോസ് പുൻതോസ്, ഗലാത്തിയാ, ബിത്തീനിയാ, കപ്പദോക്കിയാ എന്നീ സ്ഥലങ്ങളിലും സമീപദേശങ്ങളിലും ചുററിസ്സഞ്ചരിച്ചു് അവിടെയുള്ള യഹൂദന്മാരോടു പ്രസംഗിച്ചശേഷം ഒടുവിൽ റോമ്മായിൽ താമസിച്ചു് അവിടെ തല കീഴായി കുരിശിൽ തറയ്ക്കപ്പെട്ടു. കർത്താവിനോടു് താൻ തുല്യനാണെന്നു കാണപ്പെടാതിരിപ്പാൻവേണ്ടി ഇങ്ങനെ ചെയ്യണമെന്നു് അവൻതന്നെ യാചിക്കയുണ്ടായി. (21)

8. റോമ്മിലെ കായസ്. സെഫിറിനസ് മാർപ്പാപ്പായുടെ കാലത്തു് (198 — 217) റോമ്മായിൽ താമസിച്ചിരുന്ന കായസ് എന്ന പട്ടക്കാരൻ മോൺടണിസ്ററു് പാഷണ്ഡികൾക്കു് എതിരായി എഴുതിയിട്ടുള്ള "പ്രോക്ലസ്സിനോടുള്ള സംഭാഷണം" എന്ന ഗ്രന്ഥത്തിൽ റോമ്മാ നഗരത്തിലുള്ള പത്രോസ്, പൌലോസ് ശ്ലീഹന്മാരുടെ ശവകുടീരങ്ങളെ സംബന്ധിച്ചു് ഇങ്ങനെ പ്രസ്താവിക്കുന്നു: "അപ്പസ്തോലന്മാരുടെ ശവകുടീരങ്ങളെ ഞാൻ നിനക്കു കാണിച്ചുതരാം. വത്തിക്കാനിലേക്കോ, ഓസ്തിയായിലേക്കുള്ള പാതയിലേക്കോ പോ

21) In Euseb. H. E. 3, 1; MG 20, 213 sqq; K, 428; Cf. 1 പത്രോ. 1, 1.

www.malankaralibrary.com

കാൻ നീ താല്പൎയ്യപ്പെടുന്നെങ്കിൽ ഈ സഭ സ്ഥാപിച്ചവരുടെ ശവകുടീരങ്ങൾ നിനക്കു കാണുവാൻ കഴിയും". (22) റോമ്മായിലുള്ള വത്തിക്കാൻകുന്നിൽ വിശുദ്ധ പത്രോസിനെ കുരിശിൽ തറെച്ചെന്നും, വിശുദ്ധ പൗലോസിനെ ഓസ്തിയായിലേക്കുള്ള പാതയ്ക്കു സമീപം വാളുകൊണ്ടു ശിരശ്ഛേദനം ചെയ്തുവെന്നും, അവർ മരണം പ്രാപിച്ചിടത്തു തന്നെ അവരുടെ ശവകുടീരങ്ങൾ നിർമ്മിച്ചുവെന്നുമത്രെ പുരാതന പാരമ്പൎയ്യം. അവരുടെ ശവകുടീരങ്ങളിൽ പത്രോസ് എന്നും പൗലോസ് എന്നുമുള്ള നാമങ്ങൾ കൊത്തിയിട്ടുണ്ടെന്നും, തന്റെ കാലത്തും അവ കേടുകൂടാതെ സ്ഥിതിചെയ്യുന്നെന്നും പ്രസ്താവിച്ചുകൊണ്ടും, കായസിന്റെ മേൽ പ്രസ്താവിച്ച സാക്ഷ്യം ഉദ്ധരിച്ചുകൊണ്ടും വിശുദ്ധ പത്രോസും വി. പൗലോസും നേറോ ചക്രവൎത്തിയുടെ മതപീഡനകാലത്തു റോമ്മായിൽ മരിച്ചെന്നുള്ള പാരമ്പൎയ്യ വിശ്വാസത്തെ സഭാചരിത്രകാരനായ എവുസേബിയസ് സ്ഥിരീകരിക്കുന്നു. (23)

9. എവുസേബിയസ് (265—340). "സഭാചരിത്രത്തിന്റെ പിതാവ്" എന്ന പേരിൽ അറിയപ്പെടുന്ന ഇദ്ദേഹം കേസറിയായിലെ മെത്രാനും, അക്കാലത്തെ ഏററവും വിജ്ഞന്മാരായ വൈദികാദ്ധ്യക്ഷന്മാരിൽ ഒരാളുമായിരുന്നു. സഭാചരിത്രം, നാളാഗമം, കോൺസ്റ്റന്റയിൻ ചക്രവൎത്തിയുടെ ജീവചരിത്രം, പാലസ്തീനായിലെ രക്തസാക്ഷികൾ ; ഇത്യാദി അനേക അമൂല്യഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ടു്. "നാളാഗമം" എന്ന ഗ്രന്ഥത്തിൽ വി. പത്രോസിന്റെയും വി. പൗലോസിന്റെയും രക്തസാക്ഷിത്വത്തെ സംബന്ധിച്ച് എവുസേബിയസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "ഗലീലേയക്കാരനും, ക്രിസ്ത്യാനികളുടെ ആദ്യത്തെ മേലദ്ധ്യക്ഷനുമായ പത്രോസ് അപ്പൊസ്തോലൻ അന്ത്യോഖ്യായിൽ ആദ്യമായി സഭ

---

22) In Euseb. H. E. 2, 25, 7; MG 20, 207 sqq; K. 138.

23) Euseb. H. E. 2, 25, 5–7; MG 20, 207 sqq; K, 137–138.

www.malankaralibrary.com

സ്ഥാപിച്ചിട്ട് റോമ്മായിലേക്കുപോയി. അവിടെ സുവിശേഷം പ്രസംഗിച്ച് 25 വർഷം ആ പട്ടണത്തിന്റെ മെത്രാനായി വാണു. ആദ്യമായി നേറോ തന്റെ സകല ദുഷ്പ്രവൃത്തികൾക്കും ഉപരിയായിട്ട് ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. ഈ പീഡനത്തിൽ പത്രോസും പൗലോസും വിശ്രുതമായി റോമ്മായിൽ നിദ്രയടഞ്ഞു". (24) ക്ഷുദ്രക്കാരനായ ശെമഓൻ റോമ്മായിൽ എത്തി ജനങ്ങളെ വഞ്ചിച്ചുകൊണ്ടു നടക്കയിൽ വി. പത്രോസ് റോമ്മായിൽ ചെന്നു സുവിശേഷം പ്രസംഗിച്ച് ശെമഓന്റെ ശക്തിയെ നിശ്ശേഷം നശിപ്പിച്ചു കാര്യം എവുസേബിയസ് തന്റെ സഭാ ചരിത്രഗ്രന്ഥത്തിൽ ഇങ്ങനെ വിവരിക്കുന്നു: "റോമ്മായിൽ അധിവസിച്ചിരുന്ന പിശാചിന്റെ സഹായസഹകരണങ്ങളാൽ ആ നഗരത്തിലേക്ക ആവഹിക്കപ്പെട്ട (ക്ഷുദ്രക്കാരനായ) ശെമഓൻ അല്പകാലത്തെ പരിശ്രമഫലമായി അവിടത്തെ ജനങ്ങളെ ആശ്ചര്യം അധികമായി ഇളക്കുകയാൽ [അവനെ ദേവനായി കരുതി അവന്റെ ഒരു പ്രതിമ ആ നഗരത്തിലെ ജനങ്ങൾ സ്ഥാപിക്കയുണ്ടായി. എന്നാൽ ദീർഘനാൾ അവരുടെ ആഗ്രഹാനുസരണം സംഗതികൾ നടക്കുകയുണ്ടായില്ല. എന്തുകൊണ്ടെന്നാൽ പൊരുന്നമന ക്ലാവുദിയൂസ് ആഗസ്റ്റസിന്റെ ഭരണകാലത്ത്, ദൈവത്തിന്റെ ഏററവും കരുണാമസൃണവും ദയാപൂർവ്വകവുമായ പരിപാലനത്താൽ അപ്പസ്തോലന്മാരിൽ വച്ച് ഏററവും ധീരനും, പ്രമുഖനും, അൽഭുതപ്രവർത്തനത്തിൽ യഥായോഗ്യം മററു അപ്പസ്തോലന്മാർ എല്ലാവരുടെയും നേതാവും സംരക്ഷകനുമായ പത്രോസ്, മനുഷ്യവർഗ്ഗത്തിന് നേരിട്ട ആ മാലിന്യത്തെയും മാരകത്തെയും * നീക്കിക്കളയുന്നതിനായി റോമ്മായിലേക്ക് അയച്ചു

---

24) Chroni. 2, 2058 ad a. Chr. 44 & Chron. 2, 2084 ad a. Chr. 70; ML 27, 577 sq. —ML 27, 589 sq; K, 421. 421, I.

* മാരകം = നാശം, സാംക്രമികരോഗം.

www.malankaralibrary.com

പ്പെട്ടു. ദൈവികസൈന്യത്തിന്റെ പ്രബലനേതാവായ അദ്ദേഹം പൌരസ്ത്യദേശത്തു നിന്നു് സ്വർഗ്ഗീയ ആയുധങ്ങൾ സംവഹിച്ചുകൊണ്ടു പാശ്ചാത്യദേശത്തു അധിവസിക്കുന്നവർക്കു് സുഗ്രഹപ്രകാശത്തിന്റെ അനർഘനിക്ഷേപം, + അതായതു് സ്വർഗ്ഗരാജ്യം അവരെ അറിയിച്ചുകൊണ്ടു് സാക്ഷാൽ പ്രകാശത്തെയും, ആത്മാക്കൾക്കു് രക്ഷാകരമായ ഉപദേശത്തെയും പ്രദാനം ചെയ്തു. ഇപ്രകാരം തന്റെ ആഗമം മൂലം ദൈവികോപദേശത്താൽ റോമൻ ജനതയെ പ്രശോഭിപ്പിച്ചപ്പോൾ ശെമയോന്റെ ശക്തിയും പ്രതാപവും തന്നാഥനായ അവനോടുകൂടി തൽക്ഷണം അസ്തമിച്ചു് അപ്രത്യക്ഷമായി. പത്രോസിന്റെ പ്രസംഗം ശ്രവിച്ചവരുടെ മനസ്സിൽ സത്യത്തിന്റെ പ്രഭാപൂരം എത്രയും ആഴമായി പതിഞ്ഞതുകൊണ്ടു് സ്വർഗ്ഗീയവചനമായ ആ ഉപദേശം രേഖാമൂലം ലഭിക്കാതെ സജീവശബ്ദത്തിൽ ഒരിക്കൽ മാത്രം കേട്ടതുകൊണ്ടു് അവർ ഒട്ടും തൃപ്തരായില്ല. ആകയാൽ പത്രോസിന്റെ അനുഗാമിയായ മർക്കോസിനോടു് തങ്ങൾ കേട്ട ഉപദേശത്തിന്റെ ഒരു സ്മാരകം രേഖപ്പെടുത്തി തങ്ങളുടെ അടുക്കൽ ഉണ്ടാകണമെന്നു് അവർ ഉൽകണ്ഠാപൂർവ്വം അപേക്ഷിച്ചു. ആ സുവിശേഷം ഇപ്പോഴും നിലനില്ക്കുന്നു ......പത്രോസ് പരിശുദ്ധാത്മാവിന്റെ നിയോഗത്താൽ ഇക്കാര്യം അറിഞ്ഞപ്പോൾ ആ മനുഷ്യരുടെ അത്യധികമായ താല്പര്യം കണ്ടു് സന്തോഷിക്കുകയും, ദേവാലയങ്ങളിൽ പിന്നീടു് വായിക്കപ്പെടുന്നതിനായി ആ പുസ്തകത്തെ തന്റെ അധികാരത്താൽ അംഗീകരിക്കുകയും ചെയ്തു". (25) വി. പത്രോസ് റോമായിൽ സുവിശേഷം പ്രസംഗിച്ചു സഭ സ്ഥാപിച്ചു എന്ന വിശ്വാസത്തെ എവുസേബിയസിന്റെ ഈ സാക്ഷ്യം എത്രമാത്രം സ്ഥിരീകരിക്കുന്നു എന്നു കണ്ടാലും.

---

\+ സുഗ്രഹപ്രപ്രകാശത്തിന്റെ അനർഘനിക്ഷേപം = എല്ലാജാതികൾക്കും വെളിപ്പെടുത്തപ്പെട്ട സുവിശേഷമാകുന്ന വലിയ സമ്പത്തു്.

25) Euseb. H. E. 2, 14, 5-6 & 2, 15, 1-2; MG 20, 171 sq-; K, 425-426.

www.malankaralibrary.com

10. വി. അപ്രേം (306-373). "സുറിയാനിക്കാരുടെ പ്രവാചകൻ", "പരിശുദ്ധാത്മാവിന്റെ വീണ" എന്നീ അപരനാമങ്ങളിൽ അറിയപ്പെടുന്നവനും, സരസകവിയും, സുറിയാനി പിതാക്കന്മാരിൽ അഗ്രഗണ്യനുമായ വി. അപ്രേം സുവിശേഷഗ്രന്ഥങ്ങളുടെ ഉൽഭവത്തെ സംബന്ധിച്ച് പ്രതിപാദിക്കയിൽ ഇങ്ങനെ പറയുന്നു: "മത്തായി എബ്രായഭാഷയിൽ സുവിശേഷം എഴുതി. അതു പിന്നീട് ഗ്രീക്കുഭാഷയിലേക്കു തർജ്ജിമ ചെയ്യപ്പെട്ടു. മർക്കോസ് ശെമഓനെ (പത്രോസിനെ) അനുഗമിക്കയും, അവർ റോമ്മാനഗരത്തിൽ വരികയും ചെയ്തു. അപ്പോൾ അവർ (ജനങ്ങൾ) കേട്ടവ നന്നായി ഓർമ്മിക്കുന്നതിനുവേണ്ടിയും, അധികകാലം കഴിയുമ്പോൾ ഒരുപക്ഷേ എന്തെങ്കിലും വിസ്മൃതിയിൽ ആണ്ടുപോകാതിരിക്കുന്നതിനുവേണ്ടിയും മർക്കോസിനോട് എല്ലാ സംഗതിയും എഴുതണമെന്നപേക്ഷിച്ചു ...... മർക്കോസ് ശെമഓനിൽനിന്നു റോമ്മാനഗരത്തിൽവച്ച് കേട്ടവ ലത്തീൻ ഭാഷയിൽ എഴുതി". (26). യാക്കോബായക്കാർ വി. കർബാനയിലെ 5-ാം "തുബ്ദേനി"ൽ വി. അപ്രേമിന്റെ നാമം അനുസ്മരിച്ചു പ്രാർത്ഥിക്കുന്നുണ്ട് എന്നുള്ളതും സ്മരണീയമത്രെ.

11. വി. ഈവാനിയോസ് (യോഹന്നാൻ ക്രിസോസ്തോം അഥവാ സ്വർണ്ണനാവുകാരൻ യോഹന്നാൻ) 344-407)

അന്താക്യാ സ്വദേശിയും, കോൺസ്റ്റൻറിനോപ്പിളിലെ മെത്രാനും, ജഗൽപ്രസിദ്ധവാഗ്മിയുമായ ഇദ്ദേഹം യവനായ (ഗ്രീക്കു) പിതാക്കന്മാരിൽ അഗ്രഗണ്യനും വിവിധ വിഷയങ്ങളെ സംബന്ധിച്ച് അനേകം അമൂല്യഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള മഹാത്മാവുമാണ്. വി. അപ്രേമിനു സുറിയാ

26) Evang. Concord. Expositio, in fine; Ed. G Moesinger (Venetiis 1876), 285 K, 592. I

www.malankaralibrary.com

നിക്കാരുടെ ഇടയിൽ എത്ര വലുതായ സ്ഥാനമുണ്ടോ അത്ര മഹത്തായ സ്ഥാനമാണ് വി. ഈവാനിയോസിന് യവനായക്കാരുടെ ഇടയിൽ ഉള്ളത്. യാക്കോബായക്കാർ 5-ാം 'തുബ്ദേനി'ൽ ഈ വിശുദ്ധന്റെ നാമവും അനുസ്മരിച്ച് മാദ്ധ്യസ്ഥം യാചിച്ചുവരുന്നു. + വി. പത്രോസിനെ സംബന്ധിച്ച് ചെയ്ത ഒരു പ്രസംഗത്തിൽ വി. ഈവാനിയോസ് ഇപ്രകാരം പറയുന്നു: "ശ്ലീഹാന്മാരുടെ തലവനെ ആദ്യമായി ഗുരുവായി ലഭിച്ചതും നമ്മുടെ പട്ടണത്തിന്റെ (അന്ത്യോക്യായുടെ) ഒരു പ്രത്യേക ഭാഗ്യമത്രെ. എന്തെന്നാൽ ലോകത്തിൽ മറെറല്ലാ സ്ഥലങ്ങളെക്കാൾ ആദ്യമായി ക്രിസ്ത്യാനി എന്ന നാമം കേൾക്കപ്പെട്ട് * അതിനാൽ അലംകൃതമായ ഈ നഗരത്തിന് അപ്പസ്തോലന്മാരിൽ പ്രമുഖനെ തന്നെ ഇടയനായി ലഭിക്കുന്നതു സമുചിതമത്രെ. എന്നാൽ നമ്മുടെ ഗുരുവായി കിട്ടിയ അദ്ദേഹത്തെ ദീർഘകാലം ആസ്വദിക്കുന്നതിനു നമുക്കു സാധിച്ചില്ല. എന്തെന്നാൽ ചക്രവർത്തികൾക്ക് അനുയോജ്യമായ റോമാനഗരത്തിനു നാം അദ്ദേഹത്തെ വിട്ടുകൊടുക്കേണ്ടിവന്നു". (27) ഈവാനിയോസിന്റെ മററു പല കൃതികളിലും വി. പത്രോസ് റോമായിൽ മരിച്ചതായി പറയുന്നുണ്ട് (28).

12. വി. ഈവാനിയോസിനെപ്പോലെതന്നെ പൌരസ്ത്യ പിതാക്കന്മാരായ അലക്സാണ്ഡ്റിയായിലെ വി. പ

---

+ "പൂർവ്വിക .. പൊതുസുന്നഹദോസുകളും" 20-ാം അദ്ധ്യായത്തിൽ ഈ വിശുദ്ധന്റെ ജീവചരിത്രം വിവരിക്കുന്നു

* "ശിഷ്യന്മാർ അന്ത്യോക്യായിൽവച്ച ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിളിക്കപ്പെട്ടു" (നട. 11, 26) എന്ന കാര്യമാണ് വിശുദ്ധൻ ഇവിടെ സൂചിപ്പിക്കുന്നത്.

27) Homil, 3, 2.

28) Contra Judaeos et gentiles 9; In S. Ignat. 4; In Ps. 48, 6; In Rom. homil. 32, 2; MG 48, 825; 50, 593; 55, 232; 60, 678.

www.malankaralibrary.com

ത്രോസ് (+ 311) (29), വി. അത്തനാസ്യോസ് (295—373) (30) വി. ഗ്രീഗരി നസ്യാൻസൻ (329—389) (31) എന്നിവരെല്ലാം വി. പത്രോസ് റോമ്മായിൽ വച്ചു രക്തസാക്ഷിമകുടം ചൂടിയതായി രേഖപ്പെടുത്തുന്നു.

13. വി. ജരോം (342—419). പാശ്ചാത്യനെങ്കിലും ദീർഘകാലം പാലസ്തീനായിൽ വസിച്ചു് എബ്രായഭാഷയിൽ അസാമാന്യ പാണ്ഡിത്യം സമ്പാദിച്ചു വേദപുസ്തകത്തെ ലത്തീൻ ഭാഷയിലേക്കു തർജ്ജിമചെയ്തവനും, "വിശുദ്ധ ഗ്രന്ഥം വ്യാഖ്യാനിക്കുന്ന കാര്യത്തിൽ ദൈവത്തുക്കലും മഹത്വപ്പെടുത്തിയിട്ടുള്ളവരിൽവച്ചു് ഏറ്റവും വലിയ പണ്ഡിതൻ" എന്നുള്ള അനശ്വരയശസ്സ് സമ്പാദിച്ചിട്ടുള്ളവനുമായ വി. ജരോം "മഹാത്മാക്കളുടെ ജീവചരിത്രം" എന്ന ഗ്രന്ഥത്തിൽ വി. പത്രോസിന്റെ ജീവചരിത്രം സംഗ്രഹിച്ചു് ഇങ്ങനെ എഴുതുന്നു: "യോനായുടെ പുത്രനും, ഗലീലേയാ ദേശത്തിലുള്ള ബെത്ത്സൈദാ ഗ്രാമത്തിൽപ്പെട്ടവനും, അന്ത്രയോസ് ശ്ലീഹായുടെ സഹോദരനും, ശ്ലീഹന്മാരുടെ തലവനുമായ ശെമഓൻ പത്രോസ് അന്ത്യോക്യാസഭയിൽ മെത്രാനായിരുന്ന ശേഷം പൊന്തോസ്, ഗലാത്തിയാ, കപ്പദോക്കിയാ, ആസ്യാ, ബിത്തീനിയാ × എന്നീ സ്ഥലങ്ങളിലായി ചിതറിപ്പാർത്തിരുന്ന പരിച്ഛേദന വിശ്വാസികളോടു [യഹൂദന്മാരോടു്] സുവിശേഷം പ്രസംഗിച്ചിട്ടു് ക്ലാവുദിയസ് ചക്രവർത്തിയുടെ ഭരണകാലത്തിന്റെ ദ്വിതീയവത്സരത്തിൽ ക്ഷുദ്രക്കാരൻ ശെമഓനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി റോമ്മായിലേക്കു പോകുകയും അവിടെ നേറോ [ചക്രവർത്തി]യുടെ ഭരണകാലത്തിന്റെ അവസാനവർഷംവരെ, അതായതു 14-ാമത്തെ ഭരണവർഷംവരെ, പൌരോഹിത്യസിംഹാസനത്തിൽ

29) Ep. canonic. 9, 9; MG 18, 484. Ds.
30) Apolog. de fuga sua 18; MG 25, 668 B.
31) In S. Stephan, 2; Ep. 17; MG 46, 729. 1061 C.
× Cf. 1 പത്രോ. 1, 1.

www.malankaralibrary.com

25 വത്സരം വാഴുകയും ചെയ്തു. അവന്റെ [നേറോ ചക്രവർത്തിയുടെ] കല്പനയാൽ കുരിശിൽ തറയ്ക്കപ്പെട്ട് അവൻ [പത്രോസ്] രക്തസാക്ഷിമകുടം ചൂടി. തന്റെ ഗുരുവിനെപ്പോലെ കുരിശിൽ തറയ്ക്കപ്പെടുന്നതിനു താൻ യോഗ്യനല്ലെന്നു പറയുകയാൽ തല താഴേക്കും കാലുകൾ മുകളിലേക്കുമായിട്ടാണ് അവനെ കുരിശിൽ തറച്ചത്............രാജപാതയ്ക്കു സമീപം വത്തിക്കാനിൽ സംസ്കരിക്കപ്പെട്ട അവൻ ലോകം മുഴുവന്റെയും ബഹുമാനത്തിന് പാത്രീഭൂതനായിരിക്കുന്നു. (32)

14. നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ ഗ്രന്ഥകാരനായ ലക്താൻസിയൂസ് (33), സഭാചരിത്രകാരന്മാരായ സുൽപ്പീസിയസ് സേവരൂസ് (34), ഒറോസിയസ് 35) എന്നിവരെല്ലാം വി. പത്രോസ് റോമായിൽ കുരിശിൽ തൂങ്ങി മരിച്ചതായി പ്രസ്താവിക്കുന്നു.

## 15. മാർപ്പാപ്പാമാരുടെ പട്ടിക.

പുരാതന കാലത്തെ പല പിതാക്കന്മാരും ഗ്രന്ഥകാരന്മാരും വി. പത്രോസിന്റെ കാലം തുടങ്ങി തങ്ങളുടെ കാലം വരെ റോമാ സിംഹാസനത്തിൽ മെത്രാന്മാരായി ഭരണം നടത്തിയവരുടെ പേരുവിവരം നൽകുന്നുണ്ട്. വി. പത്രോസിന്റെ നാമം ആദ്യം പ്രസ്താവിച്ചിട്ട് ലീനോസ്, അനക്ലേത്തസ്, ക്ലീമീസ് ആദിയായവരെ പത്രോസിന്റെ അനന്തരഗാമികളായി അവർ രേഖപ്പെടുത്തുന്നു. ഇതിൽ നിന്നും വി. പത്രോസ് റോമായിലെ ആദ്യ മെത്രാനായിരുന്നെന്നു തെളിയുന്നുണ്ടല്ലോ. ചില പിതാക്കന്മാരുടെയും ഗ്രന്ഥകാരന്മാരുടെയും സാക്ഷ്യങ്ങൾ താഴെ ഉദ്ധരിക്കുന്നു.

---

32) De. Viris iilust. 1; ML 23, 607 sq; K, 634—635.

33) De mortibns persecut. 2, 6; ML 7, 195.

34) Chron. 2, 29, 3 s; ML 20, 145 c.

35) Hist. 7, 7, 10; ML 31, 1078 A.

www.malankaralibrary.com

(1) വി. ഇരനേയസ്. *

പാഷണ്ഡികൾക്ക എതിരായി എഴുതിയ ഗ്രന്ഥത്തിൽ റോമ്മായിലെ സഭയോടു എല്ലാ സഭകളും അവശ്യം യോജിക്കണമെന്നും, ഈ സഭ വി. പത്രോസ്, വി. പൌലോസ് എന്നി അപ്പസ്തോലന്മാരിൽ നിന്നും സ്വീകരിച്ച വിശ്വാസ സത്യങ്ങളെ അഭംഗമായി സമാ പരിപാലിച്ചുവരുന്നെന്നും പറഞ്ഞശേഷം വി. ഇരനേയസ് റോമ്മാസഭയിലെ അപ്പസ്തോലിക പിൻതുടച്ചയെ ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു: "സഭയെ സ്ഥാപിച്ചു പഠിപ്പിച്ച അനുഗ്രഹീതരായ അപ്പസ്തോലന്മാർ സഭയെ ഭരിക്കുന്നതിനായി ലീനോസിനു മെത്രാൻ സ്ഥാനം നൽകി. ഈ ലീനോസിനെ തിമോത്തിയോസിനു എഴുതിയ ലേഖനത്തിൽ പൌലോസ് അനുസ്മരിക്കുന്നു (36). അനക്ലേത്തൂസ് അദ്ദേഹത്തിന്റെ പിൻഗാമിയായിത്തീന്നു. അദ്ദേഹത്തിന്റെ കാലശേഷം ക്ലീമ്മീസ് (37) മൂന്നാമതായി അപ്പസ്തോലന്മാരിൽ നിന്നു മെത്രാൻസ്ഥാനം സ്വീകരിച്ചു. ഇദ്ദേഹം അപ്പസ്തോലന്മാരെ തന്നെ കാണുകയും, അവരോടു സംഭാഷണം നടത്തുകയും ചെയ്തിട്ടുണ്ട്. അപ്പസ്തോലന്മാരുടെ പ്രസംഗം മുഴങ്ങികൊണ്ടിരിക്കയും, അവർ ഭരമേല്പിച്ച വിശ്വാസം കൺമുമ്പാകെ ഇരിക്കയും ചെയ്ത അക്കാലത്തു ഇദ്ദേഹം മാത്രമല്ല അപ്പസ്തോലന്മാരാൽ പഠിപ്പിക്കപ്പെട്ട അനേകംപേർ അപ്പോഴും ജീവിച്ചിരുന്നു ..........എവരിസ്തൂസ് (Evaristus) ഈ ക്ലീമ്മീസിന്റെ അനന്തരഗാമിയായിത്തീന്നു.... ഇപ്പോൾ പന്ത്രണ്ടാമതായി എലെവുത്തേറിയസ് (Eleutherius) അപ്പസ്തോലന്മാരിൽനിന്നു മെത്രാൻസ്ഥാനം ലഭിച്ചിരിക്കുന്നു. ഈ ക്രമവും പിൻതുടച്ചയും വഴിയായി തിരുസഭയിൽ അപ്പസ്തോലന്മാരിൽനിന്നുള്ള ആ

---

* വി. ഇരനേയസിനെ സംബന്ധിച്ചുള്ള വിവരങ്ങൾ മുകളിൽ 3-ാം അക്കത്തിൽ കാണുക.

36) 2 തിമൊ. 4, 21. 37) വി. ക്ലീമ്മീസിനെ സംബന്ധിച്ചുള്ള വിവരങ്ങൾ മുകളിൽ 1-ാം അക്കത്തിൽ കാണുക.

www.malankaralibrary.com

പാരമ്പര്യവും സത്യപ്രഘോഷണവും നമ്മുടെ കാലംവരെ വന്നെത്തിയിരിക്കുന്നു". (38) എലെവുത്തേറിയസ് വി. ഇറനേയസിന്റെ കാലത്തു റോമ്മാസിംഹാസനത്തിൽ വാണിരുന്ന മാർപ്പാപ്പായായിരുന്നതുകൊണ്ടാണ് ഇദ്ദേഹത്തിന്റെ കാലംവരെ വാണ മാർപ്പാപ്പാമാരുടെ പേരുകൾ ഉദ്ധരിച്ചു ഈ പട്ടിക അവസാനിപ്പിച്ചിരിക്കുന്നതു്.

(2) വി. എജസിപ്പൂസ് (+180). പൌരസ്ത്യദേശീയൻ — ഒരു പക്ഷേ പാലസ്തീനാ സ്വദേശി—ആയ ഇദ്ദേഹം കൊറീന്ത്യായിലും റോമ്മായിലും ചുററിസ്സഞ്ചരിക്കയും, റോമ്മാസിംഹാസനത്തിൽ ഇദ്ദേഹത്തിന്റെ കാലംവരെ വാണ മെത്രാന്മാരുടെ ഒരു പട്ടിക തയ്യാറാക്കുകയും ചെയ്തു. (39). സഭാചരിത്രകാരനായ എവുസേബിയസ് എജസിപ്പൂസിനെയും അദ്ദേഹം തയ്യാറാക്കിയ പട്ടികയെയും സംബന്ധിച്ചു ഇങ്ങനെ എഴുതിയിരിക്കുന്നു: "എജസിപ്പൂസ് എഴുതിയതും നമ്മുടെ പക്കൽ വന്നു ചേർന്നിരിക്കുന്നതുമായ അഞ്ചു വ്യാഖ്യാനഗ്രന്ഥങ്ങളിൽ തന്റെ വിശ്വാസത്തിന്റെ ഏററവും സ്പഷ്ടമായ സാക്ഷ്യങ്ങൾ നമുക്കു നൽകിയിരിക്കുന്നു. റോമ്മായിലേക്കു പുറപ്പെട്ടപ്പോൾ അനേക മെത്രാന്മാരെ അദ്ദേഹം കണ്ടുമുട്ടുകയും അവർ എല്ലാവരിൽനിന്നും ഒരേ ഉപദേശം കേൾക്കയും ചെയ്തതായി അദ്ദേഹം എഴുതിയിരിക്കുന്നു. കൊറീന്ത്യാക്കാർക്ക് ക്ലീമ്മീസ് എഴുതിയ ലേഖനത്തെ സൂചിപ്പിച്ചു എഴുതിയശേഷം അദ്ദേഹം ഇങ്ങനെ തുടരുന്നു.........റോമ്മായിൽ ഞാൻ ചെന്നപ്പോൾ അനിസേറസ് (157—168) വരെയുള്ള മെത്രാന്മാരുടെ പട്ടിക ഞാൻ തയ്യാറാക്കി. അപ്പോൾ എലെവുത്തേരസ് (Eleutherus) ഇദ്ദേഹത്തി

38) Adv. haer. 3, 3, 3; MG 7, 849 sqq; K, 126.

39) ഇദ്ദേഹത്തിന്റെ ജീവചരിത്രം "പൂർവ്വ...... പൊതു സുന്നഹദോസുകളും" എന്ന ഗ്രന്ഥം 8-ാം അദ്ധ്യായത്തിൽ (ഹെഗസിപ്പൂസ്) ചേർത്തിരിക്കുന്നു.

www.malankaralibrary.com

ന്റെ ആറാം പട്ടക്കാരനായിരുന്നു. അനിസെറാസിന്റെ മരണശേഷം സോതെർ (Soter) അവന്റെ പിൻഗാമിയായി. അദ്ദേഹത്തെ എലെവുത്തേരസ് അനുഗമിച്ചു"। (40) എലെവുത്തേരസ് മാർപ്പാപ്പാ (177—192) റോമ്മാ സിംഹാസനത്തിൽ വി. പത്രോസിന്റെ 12-ാമത്തെ പിൻഗാമിയാണു്.

(3) ലിബേറിയസ് (352-366) മാർപ്പാപ്പായുടെ കാലത്തു സഞ്ചയിക്കപ്പെട്ട മാർപ്പാപ്പാമാരുടെ പട്ടികയിൽ വി. പത്രോസിന്റെ കാലം തുടങ്ങി ലിബേറിയസ് മാർപ്പാപ്പായുടെ കാലംവരെ റോമ്മാ സിംഹാസനത്തിൽ ഭരണം നടത്തിയ 35 മെത്രാന്മാരുടെ മരണകാലവും, അവർ ഏതെല്ലാം റോമ്മൻ ചക്രവർത്തിമാരുടെ ഭരണകാലത്താണു സഭാഭരണം നടത്തിയതെന്നുള്ള വിവരവും, ചില മാർപ്പാപ്പാമാരുടെ സംക്ഷിപ്ത ജീവചരിത്രവും രേഖപ്പെടുത്തിയിരിക്കുന്നു. (41)

(4) മാർസിയോൺ എന്ന പാഷണ്ഡിക്കു എതിരായി ക്രിസ്ത്വബ്ദം 360-നും 370-നും മദ്ധ്യേ എഴുതപ്പെട്ട ഒരു ഗീതത്തിൽ ഇങ്ങനെ പറയുന്നു: "പത്രോസ് ഇരുന്നതായ റോമ്മായിലെ മഹാ സിംഹാസനത്തിൽ ആദ്യമായി ലീനോസ് ആസനസ്ഥനാകുവാൻ അവൻ (പത്രോസ്) കല്പിച്ചു. അനന്തരം ക്ലേത്തൂസ് അജഗണത്തിന്റെ സംഘത്തെ ഭരമേറ്റു. ഇവന്റെ പിൻഗാമിയായി അനക്ലേത്തൂസ് * തെരഞ്ഞെടുക്കപ്പെട്ടു. അപ്പസ്തോലന്മാരെ നന്നാ

---

40) Euseb. H. E. 4, 22, 1-3; MG 20, 378 sq.; K, 69-70. 41) Chronogra. a. 354; Cf. K, 545.

* ക്ലേത്തൂസും അനക്ലേത്തൂസും ഒരാൾ തന്നെയാണെന്നത്രെ മിക്ക ഗ്രന്ഥകാരന്മാരുടെയും അഭിപ്രായം. അവർ രണ്ടു മാർപ്പാപ്പാമാരാണെന്നു ചുരുക്കം ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ അനക്ലേത്തൂസ് എന്ന നാമം ലോപിച്ചാണു ക്ലേത്തൂസ് എന്നു പറയുന്നതു്. പുരാതന പട്ടികകളിലെല്ലാം ലീനോസ്, ക്ലേത്തൂസ്, ക്ലീമ്മീസ് എന്ന ക്രമത്തിലാണു് മാർപ്പാപ്പാമാരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നതു്.

www.malankaralibrary.com

യി അറിഞ്ഞിട്ടുള്ള ക്ലീമ്മീസ് ഇവനെ അനുഗമിച്ചു.... .. പീയൂസിനു ശേഷം അനിസെററസ് ക്രമാനുസരണം തെരഞ്ഞെടുക്കപ്പെട്ടു." (42) അനിസെററസ് (157–168) വി. പത്രോസിന്റെ 10–ാമത്തെ പിൻഗാമിയാണ്.

(5) "മാർപ്പാപ്പാമാരുടെ ഗ്രന്ഥം". ക്രിസ്തബ്ദം 530–ൽ ശേഖരിച്ചു തുടങ്ങിയതും, വി. പത്രോസിന്റെ കാലം മുതൽ 15–ാം ശതാബ്ദം വരെ റോമ്മാസിംഹാസനത്തിൽ വാണിട്ടുള്ള മാർപ്പാപ്പാമാരുടെ ജീവചരിത്രം അടങ്ങിയിട്ടുള്ളതും, "മാർപ്പാപ്പാമാരുടെ ഗ്രന്ഥം" (Liber pontificalis) എന്ന പേരിൽ അറിയപ്പെടുന്നതുമായ പുസ്തകത്തിന്റെ ആദ്യഭാഗത്തു വി. പത്രോസിന്റെ ജീവചരിത്രം രേഖപ്പെടുത്തുകയിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "അപ്പസ്തോലനും അപ്പസ്തോലന്മാരുടെ തലവനുമായ അനുഗ്രഹീതനായ പത്രോസ് നേറോ കൈസറിന്റെ കാലത്തു റോമ്മാനഗരത്തിൽ പ്രവേശിച്ചു 25 സംവത്സരം അവിടെ മെത്രാൻ സ്ഥാനത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായി........റോമ്മാ നഗരത്തിലെ ജനങ്ങൾക്കും അവിടെ വന്നു ചേരുന്നവർക്കും പൌരോഹിത്യസംബന്ധമായ സകല കർമ്മവും ഫലവത്തായിട്ടു ചെയ്തുകൊടുക്കുന്നതിനുവേണ്ടി ലീനോസ്, ക്ളേതൂസ് എന്നീ രണ്ടുപേരെ അവൻ മെത്രാന്മാരായി വാഴിച്ചു.... അനുഗ്രഹീതനായ ക്ളീമ്മീസിനെയും മെത്രാനായി വാഴിക്കയും, സിംഹാസനത്തെ അഥവാ സഭ മുഴുവനെയും ഭരിക്കുവാൻ ഭരമേല്പിക്കയും ചെയ്തുകൊണ്ടു അവൻ ഇങ്ങനെ പ്രസ്താവിച്ചു: എന്റെ നാഥനായ യേശുമിശിഹാ ഭരിക്കുന്നതിനും കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം എനിക്കു

---

42) Poema adv. Marc. 3, 9; ML 2, 1077. R, 897.

www.malankaralibrary.com

നൽകിയതുപോലെ ഞാൻ നിനക്കും നൽകുന്നു". (43) വി. പത്രോസ് അപ്പസ്തോലൻ നേരിട്ടു ലീനോസ്, ക്ലേതസ് ക്ലീമ്മീസ് എന്നീ ആദ്യത്തെ മൂന്നു മാർപ്പാപ്പാമാർക്കു മെത്രാൻ പട്ടം നൽകിയ കാര്യമാണല്ലോ ഇവിടെ പറയുന്നതു്.

(6) തെർത്തുല്യൻ * എഴുതിയ "പാഷണ്ഡികളുടെ അനുശാസനങ്ങൾ" എന്ന ഗ്രന്ഥത്തിൽ പാഷണ്ഡികൾക്കു അപ്പസ്തോലിക പിൻതുടർച്ചയില്ലെന്നു കാണിക്കുവാൻ ഇപ്രകാരം പ്രസ്താവിക്കുന്നു: "അവരുടെ സഭകളുടെ ഉല്പത്തിയെ അവർ വെളിപ്പെടുത്തട്ടെ. അവരുടെ മെത്രാന്മാരുടെ പിൻതുടർച്ചയെ അവർ എണ്ണിപ്പറയട്ടെ........അപ്പസ്തോലിക സഭകൾ ഈ വിധത്തിൽ തങ്ങളുടെ കണക്കുകൾ പ്രഖ്യാപനം ചെയ്യുന്നു. ഉദാഹരണമായി പോളിക്കാർപ്പിനെ യോഹന്നാൻ നിയമിച്ചതായി സ്മീർണാക്കാരുടെ സഭ പ്രഘോഷിക്കുന്നു; ക്ലീമ്മീസിനെ പത്രോസ് വാഴിച്ചതായി റോമാക്കാരുടെ സഭ ചൂണ്ടിക്കാണിക്കുന്നു.......പാഷണ്ഡികൾ ഇതുപോലെ വല്ലതും കാണിച്ചുതരട്ടെ". (44)

(7) വി. സിപ്രിയൻ (200-258). അസാമാന്യപാണ്ഡിത്യം, കാർത്തേജിലെ മെത്രാനുമായിരുന്ന ഇദ്ദേഹം അന്തോനിയാനൂസ് എന്നയാൾക്കു് എഴുതിയ ലേഖനത്തിൽ ഫാബിയാനോസ് മാർപ്പാപ്പായുടെ (236—250) മരണശേഷം കൊർണേലിയസ് റോമ്മായിൽ വി. പത്രോസിന്റെ

---

43) Lib. Pontif. 1, 1-6; ML 127, 1003 sq; K, 1002-1004.

* മുകളിൽ 6-ാം അക്കത്തിൽ ഇദ്ദേഹത്തെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നതു കാണുക. 44) De praescrip. haer., 32; ML 2, 44; R, 296.

സിംഹാസനത്തിൽ മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടതിനെപ്പററി ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഫബിയാനോസിൻെറ സ്ഥാനം, അതായതു പത്രോസിൻെറ സ്ഥാനവും പൌരോഹിത്യപരമായ സിംഹാസനത്തിൻെറ പദവിയും ഒഴിവായപ്പോൾ ദൈവത്തിൻെറയും ക്രിസ്തുവിൻെറയും വിധിയാൽ സകല വൈദികരുടെയും പരിപൂർണ്ണമായ സാക്ഷ്യത്താൽ കൊർണേലിയസ് മെത്രാനായിത്തീന്നു". (45) റോമ്മായിലെ സിംഹാസനത്തിൽ മുറപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന മെത്രാൻ വി. പത്രോസിൻെറ യഥാത്ഥ പിൻഗാമിയായിത്തീരുന്നു എന്നാണല്ലോ വി. സിപ്രിയൻെറ ഈ സാക്ഷ്യത്തിൽ നിന്നു തെളിയുന്നതു്.

(8) വി. ഒപ്റ്റാത്തസ് (+370). മിലെവിസിലെ (Milevis) മെത്രാനും, തിരുസഭയിലെ ഏററവും വിശ്രുതരായ ഗ്രന്ഥകാരന്മാരിൽ ഒരാളായി വി. അഗസ്റ്റീനോസ് പരിഗണിക്കുന്നവനുമായ വി. ഒപ്റ്റാത്തസ് ഡൊനാററിസ്റ്റു ശീശ്മക്കാരനായ പർമേനിയാനൂസിനു് എതിരായി എഴുതിയ ഗ്രന്ഥത്തിൽ വി. പത്രോസിൻെറ പിൻഗാമികളായി റോമ്മാ സിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പാമാരോടു ഐക്യമില്ലാത്തവർ ശീശ്മക്കാരും പാപികളും ആണെന്നു സമത്ഥിച്ചുകൊണ്ടു വി. പത്രോസിൻെറ കാലംതുടങ്ങി തൻെറ കാലംവരെ റോമ്മാ സിംഹാസനത്തിൽ വാണിട്ടുള്ള മെത്രാന്മാരുടെ പേരുകൾ നൽകുന്നു. അദ്ദേഹം പറയുന്നു: "റോമ്മാനഗരത്തിൽ ആദ്യമായി മെത്രാൻസ്ഥാനത്തിനു് അനുയോജ്യമായ സിംഹാസനം പത്രോസു സ്ഥാപിച്ചു എന്നും, അതിൽ എല്ലാ അപ്പസ്തോലന്മാരുടെയും തലവനായ പത്രോസ് വാണു എന്നും ഉള്ള സംഗതി നിഷേധിക്കുവാൻ നിനക്കു സാധിക്കയില്ലെന്നു നീ അറിയുന്നുണ്ടല്ലോ.... ഈ ഏക സിംഹാസനത്തിൽ എല്ലാവരും ഐക്യം പരിപാലിക്കണം

45) Ep. 55. ad Anton. 8; ML (ep. 52) 3, 770; R, 575.

www.malankaralibrary.com

..........ഈ ഏക സിംഹാസനത്തിനു് എതിരായി മറെറാന്നിനെ സ്ഥാപിക്കുന്നവൻ ശീശ്മക്കാരനും പാപിയുമായിത്തീരുന്നു. എല്ലാററിലുംവച്ചു മുഖ്യമായ ഈ ഏക സിംഹാസനത്തിൽ ആദ്യമായി പത്രോസു വാണു. ലീനോസു് അവന്റെ പിൻഗാമിയായി. ക്ലീമീസു് ലീനോസിന്റെ അനന്തരഗാമിയായി... ഇക്കാലത്തു് സിറീച്ചിയസു് ദമാസൂസിന്റെ പിൻഗാമിയായിത്തീർന്നിരിക്കുന്നു......... അവനോടുകൂടി ഏക സംഘത്തിന്റെ ഐക്യത്തിൽ നാം യോജിക്കുന്നു. നിങ്ങളുടേതു് വിശുദ്ധ സഭയാണെന്നു തെളിയിക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങൾ നിങ്ങളുടെ സിംഹാസനങ്ങളുടെ ഉൽഭവത്തെ പ്രത്യക്ഷമാക്കുവിൻ". (46) ഒപ്റ്റാത്തസിന്റെ കാലത്തു വാണുകൊണ്ടിരുന്ന സിറീച്ചിയസ് (385—398) മാർപ്പാപ്പാവരെയുള്ള 37 മാർപ്പാപ്പാമാരുടെ പേരുകൾ വി. ഒപ്റ്റാത്തസു് തന്റെ ഗ്രന്ഥത്തിൽ നൽകുന്നുണ്ടു്. വി. പത്രോസിന്റെ യഥാർത്ഥപിൻഗാമിയായി, ഏക സത്യസഭയുടെ പരമാദ്ധ്യക്ഷനായി റോമ്മാ സിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പായോടു ഐക്യമില്ലാത്തവരെല്ലാം ശീശ്മക്കാരും പാപികളുമാണെന്നുള്ള വി. ഒപ്റ്റാത്തസിന്റെ ഉപദേശം അകത്തോലിക്കാ സഹോദരങ്ങൾ ചിന്താവിഷയമാക്കേണ്ടതാണെന്നും സന്ദർഭവശാൽ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

(9) <u>വി. ആഗസ്തീനോസു്</u> (354—430). ആഫ്റിക്കായിലുള്ള ഹിപ്പോയിലെ മെത്രാനും, പാശ്ചാത്യ പിതാക്കന്മാരിൽ അഗ്രഗണ്യനും, അഗാധ ചിന്തകനും, നിസ്തുല പണ്ഡിതനും, "സൌഭാഗ്യജീവിതം", "ആത്മാവിന്റെ അനശ്വരത്വം", "ദൈവനഗരം", "വി. ത്രിത്വം", "പ്രസാദവരം", "ആത്മപ്രഖ്യാപനം" (Confessions) ഇത്യാദി താത്വികവും വേദശാസ്ത്രപരവും സാഹിത്യരസസ്യന്ദങ്ങളുമായ നിരവധി ഉൽകൃഷ്ടഗ്രന്ഥങ്ങളുടെ കർത്താവും, ഡോനാററിസ്റ്റ്, മനിക്കേയൻ, പെലാജിയൻ എന്നീ പാഷണ്ഡതകളോടു ധീരധീരം

---

46) Contra Parmen. Donat. 2, 2; ML 11, 947 sq; K, 583—584; Cf. R, 1242.

www.malankaralibrary.com

പോരാടി വിജയപതാക പാറിച്ച സഭാ ചരിത്രത്തിൽ അനശ്വരയശസ്തംഭം നാട്ടി പരിലസിക്കുന്നവനുമായ ഈ മഹാസിദ്ധൻ ജനറോസസ് എന്നയാൾക്കു എഴുതിയ ലേഖനത്തിൽ റോമ്മാ സിംഹാസനത്തിന്റെ അപ്പസ്തോലിക പിന്തുടർച്ചയെപ്പറ്റി ഇങ്ങനെ പ്രസ്താവിക്കുന്നു: "മെത്രാന്മാരുടെ അനുസ്യൂതമായ അനുക്രമത്തെ * സംബന്ധിച്ചു പര്യാലോചിക്കയാണെങ്കിൽ പത്രോസു മുതൽ എണ്ണിപ്പറയുന്നതിനേക്കാൾ സുനിശ്ചിതവും സുഖപ്രദവുമായി മറ്റെന്തുണ്ട്? സഭമുഴുവന്റെയും പ്രാതിനിധ്യം വഹിക്കുന്ന അവനോട് 'ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും; നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല' (മത്താ. 16, 18) എന്നു കർത്താവു അരുളിച്ചെയ്തു. പത്രോസിനെ ലീനോസും, ലീനോസിനെ ക്ലീമ്മീസും, ക്ലീമ്മീസിനെ അനക്ലേത്തൂസും....സിരീച്ചിയസിനെ അനസ്താസിയസും അനുഗമിച്ചു." (47) വി. പത്രോസിന്റെ കാലംതുടങ്ങി തന്റെ കാലത്തുള്ള അനസ്താസിയസ് (398—402) മാർപ്പാപ്പാവരെ റോമ്മാ സിംഹാസനത്തിൽ വാണ 38 മാർപ്പാപ്പാമാരുടെ പേരുകൾ വി. അഗസ്തീനോസ് ഈ ലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട്.

(10) <u>വി. പത്രോസ് ക്രിസോളഗോസ്</u> (406—450).

നിസ്തുലമായ വാഗ്വൈഭവത്താൽ "പാശ്ചാത്യസഭയിലെ ക്രിസോസ്തോം" അഥവാ "സ്വർണ്ണനാവുകാരൻ" (മുകളിൽ 11-ാം സാക്ഷ്യം കാണുക) എന്ന വിഖ്യാതി നേടിയിട്ടുള്ളവനും, റാവെന്നായിലെ മെത്രാനുമായ ഇദ്ദേഹം മിശിഹായിൽ ദൈവസ്വഭാവം മാത്രമേ ഉള്ളൂ എന്നു് അബദ്ധോപദേശം പഠിപ്പിച്ച എവുത്തിക്കോസിനു് സദുപദേശം നൽകിക്കൊണ്ടു അയച്ച ലേഖനത്തിൽ വി. പത്രോസിന്റെ പിൻ

---

* അനുസ്യൂതമായ അനുക്രമം = ഇടവിടാതെയുള്ള പിന്തുടർച്ച.

47) Ep. 53. Generoso, 1, 2; ML 33, 196; R, 1418.

www.malankaralibrary.com

ഗാമിയായി റോമ്മാ സിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പാ യുടെ തീരുമാനത്തെ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത യെപ്പററി ഇങ്ങനെ പറയുന്നു: "ബഹുമാന്യ സഹോദരാ! എല്ലാററിലും ഉപരിയായി റോമ്മാ നഗരത്തിലെ അനുഗൃഹീതനായ മാർപ്പാപ്പാ എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളിലും അനുസരണത്തോടുകൂടി ശ്രദ്ധപതിക്കണമെന്നു താങ്കളെ നാം ഉപദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ സ്വസിംഹാസനത്തിൽ ജീവിച്ചു ആദ്ധ്യക്ഷം വഹിക്കുന്ന അനുഗൃഹീതനായ പത്രോസു് അന്വേഷിക്കുന്നവർക്ക് സത്യവിശ്വാസത്തെ പ്രദാനം ചെയ്യുന്നു. വാസ്തവത്തിൽ സമാധാനവും വിശ്വാസവും കാംക്ഷിക്കുന്നപക്ഷം റോമാനഗരത്തിലെ മെത്രാന്റെ സമ്മതമില്ലാതെ വിശ്വാസവിഷയങ്ങളെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ കേൾക്കുവാൻ നമുക്കു നിവൃത്തിയില്ല." (48) എവുത്തിക്കോസിനെ യാക്കോബായക്കാർ ഒരു പാഷണ്ഡിയായും സഭാഭ്രഷ്ടനായും കരുതുന്നുണ്ടു്. (49) എന്നാൽ മാർപ്പാപ്പായുടെ അംഗീകരണത്തോടുകൂടി സമ്മേളിച്ചതും, ലെയോൻ മാർപ്പാപ്പാ അയച്ച മൂന്നു പ്രതിനിധികളുടെ ആദ്ധ്യക്ഷത്തിൽ ക്രിസ്ത്വബ്ദം 451-ൽ നടന്നതുമായ കൽക്കദോനിയാ സൂനഹദോസാണു് എവുത്തിക്കോസിനെ പാഷണ്ഡിയായി വിധികല്പിച്ചു സഭയിൽനിന്നു ഔദ്യോഗികമായി ബഹിഷ്കരിച്ചതു് എന്നുള്ള സംഗതി യാക്കോബായക്കാർ അനുസ്മരിക്കുന്നുണ്ടോ?

മുകളിൽ ഉദ്ധരിച്ച വിവിധ സാക്ഷ്യങ്ങളിൽ നിന്നു വി. പത്രോസു റോമ്മായിൽ പോകുകമാത്രമല്ല അവിടെ സുവിശേഷം പ്രസംഗിച്ചു സഭ സ്ഥാപിക്കയും, റോമ്മാസിംഹാസനത്തിൽ ദീർഘനാൾ ഭരണം നടത്തുകയും, അനന്തരഗാമികളെ വാഴിക്കയും ചെയ്തു എന്നും, പുരാതനകാലത്തു ജീവിച്ചിരുന്ന വിശ്രുതന്മാരായ നിരവധി പിതാക്കന്മാരും ഗ്രന്ഥ

48) Ep. ad Eutych. 2; ML 54, 741; R, 2178. 49) മതോപദേശ സാരങ്ങൾ, 2-ാം ഭാഗം 27; "പൂർവ്വികസഭാ... പൊതുസൂനഹദോസുകളും" അദ്ധ്യായം 20.

www.malankaralibrary.com

കാരന്മാരും റോമ്മാസിംഹാസനത്തിൽ വാണ മാർപ്പാപ്പാമാരെയാണ വി. പത്രോസിന്റെ യഥാർത്ഥപിൻഗാമികളായി പരിഗണിച്ചുവന്നിരുന്നതെന്നും, ഈ സിംഹാസനത്തോടു യോജിക്കാത്ത സഭകളെയെല്ലാം ശീശ്മസഭകളും പാഷണ്ഡസഭകളുമായിട്ടാണ് അവർ കരുതിവന്നിരുന്നതെന്നും (3, 6, 15-ൽ 7, 8, 9, 10, എന്നീ സാക്ഷ്യങ്ങൾ കാണുക) തെളിയുന്നുണ്ടല്ലോ. ആകയാൽ വി. പത്രോസ് റോമ്മായിൽ കാലുകുത്തുകപോലും ചെയ്തിട്ടില്ലെന്നും, അഥവാ റോമ്മായിൽ പോയിട്ടുണ്ടെങ്കിൽ മരിക്കാൻ വേണ്ടിമാത്രമാണ് അവിടെ പോയതെന്നുമുള്ള വാദം എത്രമാത്രം അടിസ്ഥാനരഹിതവും, അവാസ്തവ ജടിലവും, വിദ്വേഷപ്രചോദിതവുമാണെന്നു കണ്ടാലും.

## 16. മറുതെളിവുകൾ

(1) പുരാതനകാലത്തു ജീവിച്ചിരുന്ന സത്യവിശ്വാസികളായ ചില ഗ്രന്ഥകാരന്മാർ ഭക്തി പരമായ പാരായണത്തിനുവേണ്ടിയും, പല ശീശ്മക്കാരും പാഷണ്ഡികളും സ്വാഭിപ്രായങ്ങളെയും, അബദ്ധോപദേശങ്ങളെയും നിഷ്പ്രയാസം പ്രചരിപ്പിച്ച് അവയ്ക്കു ജനതാമദ്ധ്യത്തിൽ പ്രാമാണ്യം നൽകുന്നതിനുവേണ്ടിയും ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ പേരിലും കർത്താവിന്റെ കാലത്തു ജീവിച്ചിരുന്ന മററാളുകളുടെ നാമത്തിലും ചില ഗ്രന്ഥങ്ങൾ രചിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇവയെ സന്ദിഗ്ദ്ധഗ്രന്ഥങ്ങൾ (Apocryphal books) എന്നു വിളിച്ചുവരുന്നു. (50) ഈ ഗ്രന്ഥങ്ങളിൽ ചിലതു ശരിയായ ഗ്രന്ഥങ്ങളെ അനുകരിച്ച് എഴുതപ്പെട്ടവയും, പലതിലും അനേക ഐതിഹ്യങ്ങളും മതസംബന്ധമായ തെററുകളും ഉണ്ടെങ്കിലും അവ വിശ്വാസയോഗ്യമായ പല കാര്യങ്ങളെയും അടക്കിക്കൊള്ളുന്നവയുമാണ്. നമുക്കു ലഭിച്ചിട്ടുള്ള നാലു സുവിശേഷങ്ങളെ അനുകരിച്ചു എഴുതപ്പെ

50) Cf. Migne, Dictionnaire des Apocryphes, II, (Encyclop. theol. t. 24), Paris 1858.

www.malankaralibrary.com

ട്ട വി. പത്രോസിന്റെ സുവിശേഷം, വി. തോമ്മായുടെ സുവിശേഷം, പന്ത്രണ്ടു അപ്പസ്തോലന്മാരുടെ സുവിശേഷം, യൂദാസിന്റെ സുവിശേഷം എന്നിങ്ങനെ പല സുവിശേഷങ്ങളുണ്ടു്. അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തെ അനുകരിച്ചു എഴുതപ്പെട്ട പത്രോസിന്റെ നടപടി, പൌലോസിന്റെ നടപടി, യോഹന്നാന്റെ നടപടി, തോമ്മായുടെ നടപടി, പീലാത്തോസിന്റെ നടപടി എന്നിങ്ങനെ പല നടപടി പുസ്തകങ്ങളുമുണ്ടു്. തോമ്മായുടെ നടപടിയിൽ നിന്നു ഗുണ്ടഫർ രാജാവിന്റെ കാലത്തു തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നെന്നും, അദ്ദേഹത്തെയും രാജകുടുംബത്തെയും അനേകായിരം പ്രജകളെയും വിശുദ്ധൻ മാനസാന്തരപ്പെടുത്തിയെന്നും മററുമുള്ള വിവരങ്ങൾ നാം അറിയുന്നു. (51) വി. പത്രോസിന്റെയും വി. പൌലോസിന്റെയും നടപടികളിൽ റോമ്മായിൽ നടന്ന അവരുടെ പ്രേഷിതവൃത്തിയെയും മരണത്തെയും വിവരിക്കുന്നുണ്ടു്. (52) രണ്ടാം ശതാബ്ദത്തിലാണു് ഈ രണ്ടു കൃതികളും എഴുതപ്പെട്ടതു്. ഇവ സന്ദിഗ്ദ്ധഗ്രന്ഥങ്ങളിൽ ഉൾപ്പെട്ടതാണെങ്കിലും വി. പത്രോസും വി. പൌലോസും റോമ്മായിൽ പ്രേഷിതവൃത്തി ചെയ്തു രക്തസാക്ഷികളായി മരിച്ചു സംഭവങ്ങളും മററും ഇവയിൽ വിവരിക്കുന്നതിൽ നിന്നു ചുരുങ്ങിയ പക്ഷം അക്കാലത്തുള്ള ജനങ്ങൾക്കു പൊതുവെ ഈ വിശ്വാസം ഉണ്ടായിരുന്നെന്നു് അനുമാനിക്കാം. മുകളിൽ ഉദ്ധരിച്ച അനിഷേധ്യമായ രേഖകളെ ആസ്പദമാക്കി വിചിന്തനം ചെയ്താൽ ഈ സന്ദിഗ്ദ്ധഗ്രന്ഥങ്ങളിൽ വി. പത്രോസിന്റെ റോമ്മാവാസത്തെപ്പററി പറയുന്ന കാര്യങ്ങൾ അവാസ്തവമായിരിപ്പാൻ നിവൃത്തിയില്ലെന്നു് ഊഹിക്കാം.

(2) തോമ്മാശ്ലീഹാ കേരളത്തിൽ വന്നു് ഏഴുപള്ളികൾ സ്ഥാപിച്ചു് അനേകായിരം ബ്രാഹ്മണരെ മാനസാന്തര

---

51) Cf. R. A. Lipsius, Die apokryphen Apostelgeschichten, I, 225—347. (52) Lipsius, o. c. II, 1. Braunschweig 1887, 85—284.

www.malankaralibrary.com

പ്പെട്ടതി ക്രിസ്തുമതത്തിൽ ചേർന്നശേഷം ഒടുവിൽ കുന്തത്താൽ കുത്തപ്പെട്ടു രക്തസാക്ഷിയായി മരണം പ്രാപിക്കയും, അദ്ദേഹത്തിന്റെ മൃതശരീരം മദ്രാസിനു സമീപമുള്ള മൈലാപ്പൂർ എന്ന സ്ഥലത്തു സംസ്കരിക്കപ്പെടുകയും ചെയ്തു എന്നു കേരളത്തിലെ നസ്രാണിക്രിസ്ത്യാനികൾ പുരാതനകാലംമുതൽ വിശ്വസിച്ചു വരുന്നുണ്ടല്ലോ. ഇതുപോലെ വി. പത്രോസ് റോമായിൽ സുവിശേഷം പ്രസംഗിച്ചു രക്തസാക്ഷിയായി മരിച്ചു എന്നുള്ളതു അതിപുരാതനകാലംമുതൽ റോമായിൽ ദൃഢമായി വിശ്വസിച്ചു വരുന്ന ഒരു സംഗതിയാണ്. വി. പത്രോസ് റോമായിൽ എത്തിയപ്പോൾ അവിടത്തെ ജ്ഞാനസമിതിയിലെ അംഗങ്ങളിൽ ഒരാളായ പുദെൻസ് അദ്ദേഹത്തെ സ്വഭവനത്തിൽ സ്വീകരിച്ചു സൽക്കരിച്ചതായി പുരാതന പാരമ്പര്യം പറയുന്നു. ഈ പുദെൻസ് തിമോത്തെയോസിനു വന്ദനം പറയുന്നതായി വി. പൌലോസ് തിമോത്തെയോസിനു അയച്ച രണ്ടാം ലേഖനത്തിൽ പറയുന്നു. (53) വി. പത്രോസ് പുദെൻസിന്റെ ഭവനത്തിൽ വസിക്കയിൽ ദിവ്യബലി അർപ്പിക്കുന്നതിനു ഉപയോഗിച്ച വലിയ ഒരു മേശ റോമായിൽ വി. യോഹന്നാൻ മാംമോനായുടെ നാമത്തിലുള്ള ബ്രഹ്മാണ്ഡദേവാലയത്തിൽ ഇപ്പോൾ ബഹുമാനപൂർവ്വം സൂക്ഷിച്ചുവരുന്നു. വി. പത്രോസിനു ഇരിക്കുന്നതിനായി പുദെൻസ് സമ്മാനിച്ചതും, ജ്ഞാനസമിതിയിൽപ്പെട്ട പ്രഭുക്കന്മാരും മററും ഇരിക്കുന്നതിനു സാധാരണമായി അക്കാലത്തു ഉപയോഗിച്ചു വന്നിരുന്നതും, അതിവിശിഷ്ടമായ വിചിത്രപ്പണികളോടുകൂടിയതുമായ ഒരു സിംഹാസനം റോമായിൽ വി. പത്രോസിന്റെ നാമത്തിലുള്ള മനോഹരദേവാലയത്തിൽ ഇപ്പോഴും ആദരപൂർവ്വം സൂക്ഷിച്ചുവരുന്നു.

(3) ക്രിസ്ത്വബ്ദം 258-ൽ വലേരിയൻ ചക്രവർത്തിയുടെ കാലത്തു നടന്ന മതപീഡനാവസരത്തിൽ വി. പത്രോസിന്റെയും വി. പൌലോസിന്റെയും തിരുശ്ശേഷിപ്പുകൾ

---

53) 2 തിമോ. 4, 21.

www.malankaralibrary.com

"അപ്പിയൻ പാത"യ്ക്കു സമീപമുള്ളതും, ഇപ്പോൾ വി. സെബസ്ത്യാനോസിന്റെ നാമത്തിലുള്ള ദേവാലയത്തിൽ കാണപ്പെടുന്നതുമായ അന്തർഭൌമികമന്ദിരത്തിൽ (Catacombs) നിക്ഷേപിച്ചതായി പാരമ്പര്യമുണ്ട്. പിന്നീടു വി. പത്രോസിന്റെ പൂജ്യാവശിഷ്ടങ്ങൾ വത്തിക്കാനിലുള്ള പുരാതന കബറിടത്തിലേക്കു മാററുകയുണ്ടായി. മഹാനായ കോൺസ്റ്റൻറയിൻ ചക്രവർത്തി നാലാം ശതാബ്ദത്തിൽ ഈ കബറിടത്തിന്നു മുകളിലായി വി. പത്രോസിന്റെ നാമത്തിൽ മനോഹരമായ ഒരു ദേവാലയം പണിയിച്ചു. ഈ ദേവാലയത്തെ 16-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന മൈക്കേൾ ആൻജെലോ, ബർനീനി, മഡേർനോ, ജിയോട്ടോ ആദിയായ ഭുവനപ്രസിദ്ധരായ ശില്പവിദഗ്ദ്ധന്മാരും ചിത്രകാരന്മാരും അശ്രാന്തപരിശ്രമം ചെയ്തു ലോകത്തിലേക്കും വച്ചു ഏററവും ബ്രഹ്മാണ്ഡവും സുമനോഹരവുമായ ദേവാലയമായി രൂപാന്തരപ്പെടുത്തി *

(4) മതപീഡനകാലത്തു വി. പത്രോസിന്റെയും വി. പൌലോസിന്റെയും തിരുശ്ശേഷിപ്പുകൾ മുകളിൽ പ്രസ്താവിച്ചതുപോലെ അന്തർഭൌമിക മന്ദിരത്തിൽ നിക്ഷേപിച്ചിരുന്നതിന്റെ ഓർമ്മക്കായിട്ടു ദമാസ്സൂസ് മാർപ്പാപ്പാ (366–384) ഒരു സ്മാരക രേഖ റോമ്മായിലെ അപ്പിയൻ പാത

---

* ലോകത്തിലേക്കും വച്ചു ഏററവും ബ്രഹ്മാണ്ഡമായ ഈ ദേവാലയത്തിന്റെ അകത്തെ വിസ്തീർണ്ണത 5 ഏക്കറാണ്. പ്രധാന ബലിപീഠത്തിന്നു നേരേ മുകളിലായി ദേവാലയത്തിന്റെ മുകൾഭാഗത്തു ഉയർന്നു നില്ക്കുന്ന വൃത്താകൃതിയിലുള്ള താഴികക്കുടത്തിന്നു 142 അടി വീതിയുണ്ട്. തറയിൽനിന്നു 448 അടി ഉയരത്തിലാണ് ഇതു സ്ഥിതി ചെയ്യുന്നതു്. സ്വജീവിതത്തിന്റെ അവസാനത്തെ 16 വർഷം മൈക്കേൾ ആൻജെലോ ഈ താഴികക്കുടത്തിന്റെ പണിക്കായി ചെലവഴിച്ചു. ശില്പകലയുടെയും ചിത്രപ്പണിയുടെയും അത്യൽഭുത സ്മാരകമായി ഇതിനെ ലോകം കൊണ്ടാടുന്നു.

ജ്ജു സമീപമുള്ള ആ അന്തർഭൌമിക മന്ദിരത്തിൽ സ്ഥാപിക്കയുണ്ടായി. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "ഇവിടെ പത്രോസെന്നും, പൌലോസെന്നും പേരുള്ള വിശുദ്ധന്മാർ ഒരിക്കൽ വസിച്ചിരുന്നെന്നു നീ മനസ്സിലാക്കണം.... ക്രിസ്തുവിനെ അനുഗമിച്ചുകൊണ്ടു അവർ സ്വർഗ്ഗത്തിലേക്കു, അഭയസ്ഥാനത്തേക്കു, ഭക്തന്മാരുടെ രാജ്യത്തിലേക്കു പുറപ്പെട്ടിരിക്കുന്നു". (54)

(5) റോമ്മായിലെ ഓരോ ചില അന്തർഭൌമിക മന്ദിരങ്ങളുടെ ഭിത്തികളിൽ "വി. പത്രോസേ!, വി. പൌലോസേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്നുള്ള പ്രാർത്ഥനകൾ രേഖപ്പെടുത്തിയിരിക്കുന്നു. വി. പത്രോസ് റോമ്മായിൽ സുവിശേഷം പ്രസംഗിച്ചു മരിച്ചു എന്നുള്ള സംഗതി റോമ്മായിലെ സ്മാരകസ്തംഭങ്ങളും ശിലാരേഖകളും മാത്രം പരിശോധിക്കുന്നവർക്കുതന്നെയും മനസ്സിലാകുമെന്നു സുപ്രസിദ്ധ പുരാണവസ്തുശാസ്ത്ര വിദഗ്ദ്ധന്മാരായ (Archaeologists) ഡെ റോസ്സി (55), ക്രാവുസ് (56), വിൽപ്പെർട്ട് (57), ടഫൽബാൻഡ് (58), മരുഖി (59) മുതലായവർ അഭിപ്രായപ്പെടുന്നു.

---

54) Epigram. ad catacumb. Via Appia; ML 13, 382; K, 589.

55) De Rossi, "Roma sotterranea cristiana" (3Vols. Rome 1864—67)

56) F. X. Kraus, "Roma sotterranea," p. 69, 336, 576.

57) Wilpert, Die Malereien der Katakomben Roms, p. 112—113.

58) Tafelband. Taf. 93, 94.

59) Marucchi, Nuovo Bull. 1901—1902, 1908.

www.malankaralibrary.com

പുരാണവസ്തുശാസ്ത്രവിദഗ്ദ്ധനായ ഗരുഖി റോമ്മായിലെ അന്തർഭൗമിക മന്ദിരങ്ങളിൽ നിന്നു ലഭിച്ചുള്ളതും, സ്വന്തം പൃശിയിട്ടുള്ളതുമായ 340-ൽ അധികം കണ്ണാടിച്ചില്ലുകൾ പരിശോധിച്ചു നോക്കിയതിൽ 80 എണ്ണത്തിൽ വി. പത്രോസിന്റെയും വി. പൌലോസിന്റെയും ചിത്രങ്ങൾ വരച്ചിട്ടുള്ളതായി കണ്ടു. ഈ ചിത്രങ്ങൾ ക്രിസ്ത്വബ്ദം 150-നും 220-നും മദ്ധ്യേ വരച്ചിട്ടുള്ളവയത്രെ. (60) കോബൺ (61), മരുഖി (62), ലഞ്ചിയാനി (63), വിൽപ്പേർട്ട് (64) എന്നീ സുപ്രസിദ്ധ വസ്തു, ശാസ്ത്രവിദഗ്ദ്ധന്മാരെല്ലാം വി. പത്രോസും വി. പൌലോസും റോമ്മായിൽ സുവിശേഷം പ്രസംഗിച്ചതിന്റെ ഉത്തമലക്ഷ്യങ്ങളായി നിരവധി വസ്തുശാസ്ത്രരേഖകൾ ഹാജരാക്കുന്നു. (65)

ഇവരിൽ ലഞ്ചിയാനി പറയുന്നതു കേട്ടാലും "For the archaeologist, the presence and execution of SS. Peter and Paul in Rome are facts established beyond a shadow of doubt by purely monumental evidence". (66)

---

60) Hugh Pope o. p. The Catholic student's aids to the study of the Bible (Burns Oates, London, 1926) p. 297.

61) Cobern, The New Archaeological Discoveries, 2nd Ed., 1917, p. 520.

62) Marucchi, Elements d' Archeologie Chretienne, I, p, 330.

63) Lanciani, Pagan and Christian Rome, (London, 1892) pp. 122 & 212.

64) Wilpert, Le pitture delle catacombe Romanae Tav. 48 & 252, 1903.

65) Cf. P. Albers S. J. Enchir. Hist. Eccl. I, 4.

66) Lanciani, o. c. p. 122.

www.malankaralibrary.com

"വി. പത്രോസും വി. പൌലോസും റോമ്മായിൽ അധിവാസം ചെയ്തെന്നും അവിടെവച്ചു കൊല്ലപ്പെട്ടു എന്നുമുള്ളതു സംശയസ്പർശമില്ലാത്ത സംഭവങ്ങളായി സ്ഥാപിക്കപ്പെട്ടിരിക്കുന്നെന്നു് സ്മാരകസ്തംഭങ്ങൾ പ്രമാണം ചെയ്യുന്ന തെളിവുകൾകൊണ്ടു തന്നെ ഏതു പുരാണവസ്തുശാസ്ത്രനിപുണനും ബോദ്ധ്യമാകും."

(6) വി. പത്രോസ് റോമ്മായിൽ എത്തിയപ്പോൾ താമസിച്ചിരുന്ന പൂദെൻസിന്റെയും അക്വീലായുടെയും ഭവനങ്ങൾ ക്രിസ്തീയ പ്രാർത്ഥനാലയങ്ങളായി രൂപാന്തരപ്പെടുത്തിയതും, റോമ്മിലെ ആദിമ ക്രിസ്ത്യാനികൾ തങ്ങളുടെ കുട്ടികൾക്ക പത്രോസെന്നും പൌലോസെന്നുമുള്ള നാമങ്ങൾ സർവ്വസാധാരണമായി കൊടുത്തതും, വി. പത്രോസിന്റെയും വി. പൌലോസിന്റെയും തിരുനാൾ ജൂൺ 29-ാംതിയതി പുരാതനകാലം തുടങ്ങി റോമ്മായിൽ ആഘോഷിച്ചുവന്നതും, ചിത്രകാരന്മാരും ശില്പവിദഗ്ദ്ധന്മാരും നാണയനിർമ്മാതാക്കളും ഈ അപ്പസ്തോലന്മാരുടെ ഛായകളും, രൂപങ്ങളും രണ്ടാംശതബ്ദത്തിന്റെ ആരംഭംമുതൽ റോമ്മാനഗരത്തിൽ വച്ചു നിർമ്മിച്ചു തുടങ്ങിയതും മററും വി. പത്രോസിന്റെ റോമ്മാവാസത്തെ സ്ഥിരീകരിക്കുന്ന തെളിവുകളത്രെ.

(7) റോമ്മായിലെ പാരമ്പര്യംപോലെതന്നെ ഗ്രീസ്, ഫ്റാൻസ്, ഏജിപ്ത്, പാലസ്തീനാ മുതലായ രാജ്യങ്ങളിലുള്ള അതിപുരാതന പാരമ്പര്യവും വി. പത്രോസ് പൌലോസ് ശ്ലീഹന്മാർ റോമ്മായിൽ സുവിശേഷം പ്രസംഗിച്ചു രക്തസാക്ഷികളായി മരിച്ചെന്നു് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു. (67)

(8) പത്രോസ് റോമ്മായിൽ അല്ലാതെ മറേറതെങ്കിലും

67) J. A. Birkhaeuser, History of the Church, p. 19

www.malankaralibrary.com

സ്ഥലത്തു മരിച്ചതായി യാതൊരു ചരിത്രലേഖയുമില്ല. വി. യോഹന്നാൻ എഫേസൂസിലും, വി. മത്തായി എത്തിയോപ്പിയായിലും, വി. തോമ്മാ ഇൻഡ്യയിലും എന്നിങ്ങനെ അപ്പൊസ്തോലന്മാർ ഓരോരുത്തനും സുവിശേഷം പ്രസംഗിക്കുകയും മരിക്കുകയും ചെയ്ത സ്ഥലങ്ങൾ എല്ലാവരും അറിയുന്ന സ്ഥിതിക്കു അപ്പൊസ്തോലപ്രധാനനായ വി. പത്രോസിന്റെ മരണസ്ഥലത്തെപ്പറ്റി പുരാതന സഭയ്ക്കു വേണ്ട അറിവില്ലായിരുന്നെന്നോ, പുരാതനസഭയുടെ അറിവു തെറ്റിപ്പോയെന്നോ വിചാരിപ്പാൻ നിവൃത്തിയില്ല. റോമ്മായിലെ സഭയൊഴിച്ചു മറ്റൊരു സഭയും ആ വിശുദ്ധന്റെ ശ്മശാനസ്ഥലത്തെയോ, പൂജ്യാവശിഷ്ടങ്ങളെയോ അവകാശപ്പെടാത്ത സ്ഥിതിക്കു അദ്ദേഹം റോമ്മായിൽതന്നെ മരിച്ചു എന്നുള്ള ചരിത്രലേഖകൾക്കു കൂടുതൽ പ്രാബല്യം സിദ്ധിക്കുന്നു. ഡാക്ടർ കിഡ് എന്ന പ്രൊട്ടസ്റ്റന്റു പണ്ഡിതൻ പറയുന്നതു ശ്രദ്ധാർഹമത്രെ:— "പൌരസ്ത്യദേശത്തോ, പാശ്ചാത്യദേശത്തോ ഉള്ള യാതൊരു സഭയും വി. പത്രോസ് (റോമ്മായിലല്ലാതെ) മറ്റെവിടെയെങ്കിലും മരിച്ചതായോ, അദ്ദേഹത്തിന്റെ ശ്മശാനസ്ഥലം മറ്റെവിടെയെങ്കിലും ഉള്ളതായോ ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. റോമ്മാസിംഹാസനത്തിന്റെ പരമാധികാരം ഒരിക്കലും അവകാശപ്പെട്ടിട്ടില്ലാത്ത സഭകൾ റോമ്മാ വി. പത്രോസിന്റെ സിംഹാസനസ്ഥലമാണെന്നുള്ള പാരമ്പര്യവിശ്വാസം സ്വീകരിക്കുന്നുണ്ടു". (68)

(9) മൈലാപ്പൂർ എന്ന സ്ഥലത്തുള്ള തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിച്ചു അവിടെ പ്രാർത്ഥിക്കുന്നതിനായി പുരാതനകാലത്തു കേരളത്തിൽനിന്നു ധാരാളം തീർത്ഥകർ പൊയ്ക്കൊണ്ടിരുന്നതായി ചരിത്രത്തിൽനിന്നു നാം അറിയുന്നുണ്ടല്ലോ. ഇതുപോലെ പുരാതന കാലംമുതൽ ഇന്നുവരെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വി. പത്രോ

---

68) Ch. Hist. p. 57; Cf. Dollinger, First age of the Church, II pp. 164—6.

www.malankaralibrary.com

സിന്റെ കവറിടം സന്ദർശിച്ചു അവിടെ പ്രാത്ഥിച്ചു നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതിനായി തീത്ഥസംഘങ്ങൾ റോമ്മായിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. സാധാരണ ജനങ്ങൾ മാത്രമല്ല പാത്രിയക്കീസന്മാർ, മെത്രാന്മാർ, ചക്രവത്തിമാർ, രാജാക്കന്മാർ, പ്രഭുക്കന്മാർ എന്നിങ്ങനെ എല്ലാം സ്ഥിതിയിലുള്ളവരും തീത്ഥയാത്രക്കായി റോമ്മായിൽ പോയിരുന്നെന്നും ഇപ്പോഴും പോകുന്നെന്നുമുള്ള വിവരം ഇക്കാലത്തു ആക്കും അറിവുള്ളതാണു്. (69)

(10) റോമ്മാ സിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പാ യഥാത്ഥത്തിൽ വി. പത്രോസിന്റെ പിൻഗാമിയാണെന്നുള്ള ബോദ്ധ്യത്താൽ പ്രേരിതരായിട്ടാണു് ക്രിസ്ത്വബ്ദം 756-ൽ ഫ്രാൻസിലെ രാജാവായ പെപ്പിനും, അദ്ദേഹത്തിന്റെ പുത്രനായ കാറൽമാൻ ചക്രവത്തിയും "വി. പത്രോസിന്റെ പത്രമനി" എന്ന പേരിൽ റോമ്മാസിംഹാസനത്തിനു് ഇററലിയിലെ ചില രാജ്യങ്ങൾ സംഭാവനയായി നൽകി മാർപ്പാപ്പാമാരെ ബഹുമാനിച്ചതു്. അനേകം ക്രിസ്തീയ രാജാക്കന്മാർ റോമ്മായിൽ വന്നു വി. പത്രോസിന്റെ കവറിടം സന്ദർശിക്കയും, വി. പത്രോസിന്റെ പിൻഗാമികളായ മാർപ്പാപ്പാമാരോടുള്ള ബഹുമാനം നിമിത്തം തങ്ങളുടെ കിരീടധാരണകർമ്മം മാർപ്പാപ്പാമാരെക്കൊണ്ടു റോമ്മായിൽവച്ചു നടത്തിക്കയും ചെയ്തിട്ടുണ്ടു്. ഫ്രാൻസിലെ രാജാക്കന്മാരായ കാറൽമാൻ (800), * ലൂയി (823), ചാൾസ് ദ്വിതീയൻ (875), ചാൾസ് തൃതീയൻ (881), ജർമ്മനിയിലെ രാജാക്കന്മാരായ അർനാൾഡ് (896), ഓത്തോ ഒന്നാമൻ (962), ഓത്തോ തൃതീയൻ (999), ഹെൻറി ദ്വിതീയൻ (1014), കോൺറാഡ് ദ്വിതീയൻ (1027), ഹെൻറി തൃതീയൻ (1047) എന്നിവരുടെയും മററു പല ചക്രവത്തിമാരുടെയും രാജാക്കന്മാരുടെയും കിരീടധാരണം മാർപ്പാപ്പാമാർ റോമ്മായിൽവച്ചു് നടത്തിയിട്ടുണ്ടു്.

---

69) Cf. തിരുസിംഹാസനാദരവു്, പുറം 76—81, 109—111.

* വലയത്തിൽ ഇട്ടിരിക്കുന്ന സംഖ്യ കിരീടധാരണം നടന്ന വർഷത്തെ കാണിക്കുന്നു.

www.malankaralibrary.com

ഇപ്രകാരം തിരുസഭയുടെ ആദിമശതാബ്ദം തുടങ്ങി എല്ലാ ശതാബ്ദങ്ങളിലും ജീവിച്ചിരുന്ന വിശ്രുതന്മാരായ പിതാക്കന്മാരും, ഗ്രന്ഥകാരന്മാരും മാത്രമല്ല, ലോകത്തിന്റെ എല്ലാ ഭാഗത്തും അധിവസിക്കുന്ന ജനം മുഴുവൻ സംശയരഹിതമായി സ്വീകരിച്ചിട്ടുള്ള ഒരു ചരിത്രസംഭവമത്രെ വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ച് രക്തസാക്ഷിയായി മരിച്ചു എന്നുള്ളത്. അന്തരീക്ഷത്തിൽ നിത്യം പ്രശോഭിക്കുന്ന സൂൎയ്യൻ ഇപ്പോഴത്തെപ്പോലെ 20 ശതാബ്ദങ്ങൾക്കു മുമ്പും അനുദിനം ഉദിക്കയും അസ്തമിക്കയും ചെയ്തിരുന്നു എന്നുള്ള കാൎയ്യം എത്ര തീൎച്ചയായി നമുക്കു പറയുവാൻ സാധിക്കുമൊ അത്രയ്ക്കു തീൎച്ചയായി വി. പത്രോസ് റോമ്മാ സിംഹാസനം സ്ഥാപിച്ചു അവിടെ മെത്രാനായി വാണു എന്ന് പുരാതനകാലം തുടങ്ങിയുള്ള ഈ ചരിത്രരേഖകളെ ആസ്പദമാക്കി നമുക്കു പറയുവാൻ സാധിക്കുന്നു. വി. പത്രോസിന്റെ റോമ്മാവാസത്തെ സംബന്ധിച്ചുള്ള പുരാതനങ്ങളും വിവിധങ്ങളുമായ ഈ സാക്ഷ്യങ്ങളോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ വി. തോമ്മാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിക്കയും, കേരളത്തിൽ ഏഴു പള്ളികൾ സ്ഥാപിക്കയും ചെയ്തു എന്ന നമ്മുടെ പാരമ്പൎയ്യത്തെ സംബന്ധിച്ചുള്ള ചരിത്രരേഖകൾ വളരെ വിരളവും, പ്രായേണ ഏകദേശീയവുമാണെന്നു പറയാം. എന്നിരുന്നാലും തോമ്മാശ്ലീഹാ കേരളത്തിൽ പ്രേഷിതവൃത്തി ചെയ്ത് ഒടുവിൽ രക്തസാക്ഷിയായി മരിച്ച് മൈലാപ്പൂർ എന്ന സ്ഥലത്തു സംസ്കരിക്കപ്പെട്ടു എന്നു സുദൃഢമായി വിശ്വസിച്ചുവരുന്ന യാക്കോബായ, മാൎത്തോമ്മാ എന്നീ സഭകളിൽപ്പെട്ട കേരളീയ സുറിയാനി ക്രിസ്ത്യാനികൾക്കു വി. പത്രോസ് റോമ്മായിൽ പോയി സുവിശേഷം പ്രസംഗിച്ചു എന്നു കേൾക്കുമ്പോൾ "ഓക്കാനം വരുന്നതും", ഇങ്ങനെ പറയുന്ന കത്തോലിക്കരോടു അവർ കയൎക്കുകയും മുറുമുറുക്കയും ചെയ്യുന്നതും പൂച്ചയ്ക്കു എലിയോടും, ചെന്നായിക്കു ആട്ടിൻകുട്ടിയോടും, സിംഹത്തിന് ആനയോടും എന്നതുപോലെ ഈ അകത്തോലിക്കസഹോദരങ്ങൾക്കു കത്തോലിക്കരോടു സ്വാഭാവികമായി തോന്നുന്ന പകയും

www.malankaralibrary.com

ബിഭേഷവും, വൈരാഗ്യബുദ്ധിയും കൊണ്ടല്ലെങ്കിൽ പിന്നെ മറെറന്തു കൊണ്ടാണു്?

---

# അദ്ധ്യായം 4.

## വി. പത്രോസിന്റെ റോമ്മാനിവാസത്തെപ്പററി നെസ്തോറിയൻ, യാക്കോബായ, യവ്വനായ, പ്രോട്ടസ്റ്റന്റു മുതലായ അകത്തോലിക്ക സഭകളിലെ സാക്ഷ്യങ്ങൾ.

വി. പത്രോസ് റോമ്മായിൽ സുവിശേഷം പ്രസംഗിക്കയും, ദീർഘകാലം അവിടെ മെത്രാനായി വാഴുകയും ചെയ്തു എന്നുള്ള വിശ്വാസം നെസ്തോറിയൻ, യാക്കോബായ, യവ്വനായ (ഗ്രീക്ക) മുതലായ പുരാതനങ്ങളായ അകത്തോലിക്ക സഭകളിലെ പല ഔദ്യോഗിക ഗ്രന്ഥങ്ങളും, ഈ സഭകളിലും പ്രോട്ടസ്റ്റന്റു സഭയിലുമുള്ള പേരുകേട്ട അനേക പണ്ഡിതന്മാരും പ്രസ്പഷ്ടമായി ഏററുപറയുന്നുണ്ടു്. ഉദാഹരണത്തിന് ഏതാനും സാക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

### 1. നെസ്തോറിയൻ സഭയിലെ സാക്ഷ്യങ്ങൾ.

1. ക്രിസ്ത്വബ്ദം 431-ൽ സാർവ്വത്രിക സഭയിൽ നിന്നു വേർപിരിഞ്ഞ നെസ്തോറിയൻ സഭയിൽ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന നമസ്കാരപുസ്തകത്തിൽ വി. പത്രോസ്, പൌലോസ് ശ്ലീഹന്മാരോടുള്ള ഒരു പ്രാർത്ഥനയിൽ ഇങ്ങനെ പറയുന്നു: "വിശുദ്ധ ശെമഓൻ റോമ്മായിൽ പ്രവേശിച്ചപ്പോൾ നിന്ദിക്കപ്പെട്ടവനും, ദുഷ്ടനുമായ ക്ഷുദ്രക്കാരൻ ശെമഓനെ കണ്ടെത്തി". (1)

---

1) Cf. തിരുസിംഹാസനാമരവു്, പുറം 64.

www.malankaralibrary.com

2. വി. പത്രോസിന്റെയും, വി. പൌലോസിന്റെയും തിരുനാളിൽ നെസ്തോറിയർ ചൊല്ലുന്ന പ്രാൎത്ഥനയിൽ പറയുന്നു: "പത്രോസിനെയും പൌലോസിനെയും ഭയപ്പെടുത്തുവാൻ നേറോ ഒരു സിംഹത്തെപ്പോലെ ഗൎജ്ജിച്ചു. എന്നാൽ വായുവിൽ പറക്കുന്ന ഒരു കൊതുകിനെപ്പോലെ അവർ അവനെ പരിഗണിച്ചു. രണ്ടു വത്സല സഹോദരന്മാരായ പത്രോസും പൌലോസും കൊല്ലപ്പെടണമെന്ന് ഏറ്റം ധിക്കാരിയും ശാപഗ്രസ്തനുമായ നേറോ കല്പിച്ചു." (2) പൌലോസ് നേറോചക്രവൎത്തിയുടെ കാലത്തു റോമ്മായിൽവച്ചു മരിച്ചതുപോലെ പത്രോസും റോമ്മായിൽ രക്തസാക്ഷിയായി മരണം പ്രാപിച്ചെന്നാണല്ലോ ഇവിടെ പറയുന്നത്.

3. നെസ്തോറിയൻ സഭയിലെ സുപ്രസിദ്ധ പണ്ഡിതനായ നർസൈ സുവിശേഷകന്മാരെപ്പറ്റി പറഞ്ഞ ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "ശെമഓൻ റോമ്മാക്കാരുടെ ഇടയിൽ ഒരു പുതിയ സുവിശേഷം പ്രസംഗിച്ചു......മീൻ പിടിക്കുന്ന മുക്കുവൻ ഒന്നാമതായി പുറജാതികളെ പിടിക്കുവാൻ പുറപ്പെട്ടു. അദ്ദേഹം വലയിറക്കി പട്ടണങ്ങളുടെ മാതാവിനെ പിടിച്ചു. ശിഷ്യന്മാരുടെ തലവൻ ഒന്നാമത്തെ പട്ടണത്തെ പിടിച്ച് അവളെ വിശ്വാസത്തിന്റെ കോട്ടകൊത്തളങ്ങളിൽ സൂക്ഷിച്ചു. പുത്രൻ ദൈവപുത്രനാണെന്ന് ഒന്നാമതായി ഏറ്റുപറഞ്ഞ ആ ഒന്നാമൻ പുറജാതികളുടെ മാനസാന്തരത്തിനായി ഒന്നാമതായി ബലിയർപ്പിച്ചു.......... അദ്ദേഹം റോമ്മായിൽ നിലവിളിച്ചു. വിഗ്രഹാരാധനയുടെ ഭവനങ്ങൾ കുലുങ്ങി......" (3). ഈ സാക്ഷ്യത്തിൽ "പട്ടണങ്ങളുടെ മാതാവ്", "ഒന്നാമത്തെ പട്ടണം" എന്നിങ്ങനെ പറഞ്ഞിരിക്കുന്നതു റോ

2) വി. പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാൾ നമസ്കാരം.

3) Sermo de Evangelistis, D. 1.

www.malankaralibrary.com

മ്മാപ്പട്ടണത്തെ ഉദ്ദേശിച്ചാണെന്നു് ഇതിനു മുകളിലുള്ള വാചകങ്ങൾ സ്പഷ്ടമാക്കുന്നു.

4. പെന്തിക്കോസ്തിയെ സംബന്ധിച്ചു പറഞ്ഞ വേറൊരു പ്രസംഗത്തിൽ നർസൈ പറയുന്നു: "ശെമഓൻ റോമ്മാദേശത്തു് ഒരു പുതിയ ശബ്ദം മുഴക്കി. ഏകസ്രഷ്ടാവിന്റെ കർത്തൃത്വത്തിന്റെ ശക്തി അവൻ അവരെ (ജനങ്ങളെ) ഗ്രഹിപ്പിച്ചു. പട്ടണങ്ങളുടെ മാതാവു ശിഷ്യപ്രമുഖനെ സമീപിച്ചു. ശിരസ്സിൽ എന്നപോലെ വിശ്വാസത്തിന്റെ ദൃഷ്ടികൾ അവൻ അവളിൽ ഉറപ്പിച്ചു". (4)

5. നെസ്തോറിയൻ സഭയിലെ മറെറാരു പണ്ഡിതനായ എബദ്യേശു പറയുന്നതു കേൾക്കുക: "ആകയാൽ പരിശുദ്ധ ശ്ലീഹന്മാർ മൂലം പാത്രിയർക്കാസ്ഥാനം ക്രമപ്പെടുത്തപ്പെട്ട സ്ഥലങ്ങൾ അഞ്ചു പട്ടണങ്ങളത്രെ ............ റോമ്മായിൽ നാട്ടിയ രണ്ടു തൂണുകൾ മൂലം, അതായതു് ശ്ലീഹന്മാരുടെ തലവനായ പത്രോസും, വിജാതികളുടെ ഉപദേഷ്ടാവായ പൌലോസും വഴിയായി വലിയ റോമ്മായിക്കു പാത്രിയർക്കാസ്ഥാനം ലബ്ധമായി. ഇതാണു് ആദ്യത്തേതും, പാത്രിയർക്കീസന്മാരുടെ ശിരസ്സുമായ സിംഹാസനം. രണ്ടാമത്തെ സിംഹാസനം അലക്സാണ്ഡ്റിയാ അത്രെ ......ഇതിന്റെ കാരണം ഈ സിംഹാസനങ്ങളുടെ പണിക്കാരും സ്ഥാപകന്മാരുമായ ശ്ലീഹന്മാരുടെ, അതായതു് ശെമഓൻ കേപ്പായുടെയും, പ്രസംഗകനായ മർക്കോസിന്റെയും സ്വകീയമായ വിഖ്യാതിയത്രെ". (5) റോമ്മാസിംഹാസനം എല്ലാ സിംഹാസനങ്ങളിലും വച്ചു ശ്രേഷ്ഠവും, എല്ലാ സിംഹാസനങ്ങളുടെയും ശിരസ്സും ആകുവാനുള്ള കാരണം ശ്ലീഹന്മാരുടെ തലവനായ പത്രോസു് അതു സ്ഥാപിച്ചതുകൊണ്ടാണെന്നും, പത്രോസു ശ്ലീഹായുടെ ശിഷ്യനായ മർക്കോസ് സ്ഥാപിച്ചതുകൊണ്ടാണു് അലക്സാണ്ഡ്റിയാ സിംഹാസനത്തിനു രണ്ടാമത്തെ

4) Sermo de Pentecoste, D. 2.

5) Ebedjesus Sobensis, Nomo Canon I, 9, 2.

www.malankaralibrary.com

സ്ഥാനം ലഭ്യമായതെന്നും ഈ സാക്ഷ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നതു റോമ്മാ സിംഹാസനത്തിന്റെ പരമാധികാരം നിഷേധിക്കുന്ന അകത്തോലിക്ക സഹോദരങ്ങൾ പ്രത്യേകം അനുസ്മരിക്കേണ്ട ഒന്നത്രേ.

## 2. യാക്കോബായ സഭയിലെ സാക്ഷ്യങ്ങൾ. *

1. വി. പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസത്തേക്കുള്ള പ്രഭാതപ്രാർത്ഥനയിൽ "ശെമഊൻ ഹാള സായോദോ" എന്നാരംഭിക്കുന്ന സുറിയാനിഗീതത്തിൽ ഇങ്ങനെ പറയുന്നു: "വീച്ചുകാരനായ ശെമഓനെ മിശിഹാ വിശി. മീനിനുപകരം മനുഷ്യനെ ജീവങ്കലേക്കു വിശിയെടുപ്പാനായിട്ടത്രെ. അദ്ദേഹം തന്റെ വല റോമ്മായിൽ വിരിച്ചു. അതിന്റെ ക്രൗര്യത്തെ നീക്കി, അതിന്റെ സിംഹത്വത്തെ കുഞ്ഞാടുപോലെയാക്കി അതിനെ തിരുസഭയിൽ പ്രവേശിപ്പിച്ചു". (6) വിഗ്രഹാരാധനയിലും സകലവിധ ദുർഗ്ഗുണങ്ങളിലും ആണ്ടുകിടന്ന പുരാതന റോമ്മായിലെ പുറജാതിമതത്തിൽ നിന്നു് അനേകായിരംപേരെ വി. പത്രോസ് മാനസാന്തരപ്പെടുത്തി ക്രിസ്തുമതത്തിൽ ചേർത്ത സംഭവത്തെയാണു് ഈ ഗീതം അനുസ്മരിപ്പിക്കുന്നതു്. വി. പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ പെരുനാളിൽ വി. കുർബാനയിലെ സുവിശേഷവായന കഴിഞ്ഞു ഈ ഗീതം ചൊല്ലാറുണ്ടു്.

---

* യാക്കോബായക്കാർ വി. കുർബാനയിലെ 5-ാം "തുബ്ദേനിൽ" അനുസ്മരിക്കുന്ന ക്ലീമ്മീസ്, ഇഗ്നാത്തിയോസ്, അപ്രേം, ഈവാനിയോസ് എന്നീ വിശുദ്ധ പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ 3-ാം അദ്ധ്യായം, 1, 2, 10, 11 എന്നീ അക്കങ്ങളിൽ കാണുക.

6) പെങ്കീസാ പ്രഭാതപ്രാർത്ഥനം. വലിയ സുറിയാനിക്രമം പുറം 224; സുറിയാനി കുർബാനക്രമം, വലുതു് (കോനാട്ടു മല്പാൻ പാമ്പാക്കുട പ്രസ്സിൽ അച്ചടിപ്പിച്ചതു്), പുറം 218.

www.malankaralibrary.com

2. സുറിയാനി കർബാനക്രമത്തിൽ "കദ് നഫാക്ക് ശ്ലീഹേ" എന്നാരംഭിക്കുന്ന ഗീതത്തിൽ ഇങ്ങനെ പറയുന്നു: "ശ്ലീഹന്മാർ സുവിശേഷം പ്രസംഗിപ്പാൻ പുറപ്പെട്ടപ്പോൾ ചിട്ടിയിട്ടു അതിൻപ്രകാരം നാലുഭാഗത്തേക്കും പുറപ്പെട്ടു. ശെമഓൻ റോമ്മായിലെത്തി. തോമ്മാശ്ലീഹാ ഇൻഡ്യയിലും, തിരഞ്ഞെടുക്കപ്പെട്ടവനായ യോഹന്നാൻ എഫേസൂസിലും.......എത്തി". (7) ഏതെങ്കിലും ഒരു അപ്പസ്തോലന്റെ തിരുനാളിൽ ചൊല്ലുന്ന കർബാനയിൽ കൂദാശ ചെയ്തു അപ്പം വിഭജിക്കുമ്പോൾ ഈ ഗീതം പാടാറുണ്ട്.

3. പെങ്കീസാ നമസ്കാരക്രമത്തിലുള്ള പെന്തിക്കോസ്തി തിരുനാളിലെ രാത്രി 2-ാം കൌമായിൽ "ശെമഓൻ റോമ്മായിലേക്കു അയക്കപ്പെട്ടു. യോഹന്നാൻ എഫേസൂസിലേക്കും, തോമ്മാ ഇൻഡ്യയിലേക്കും........" എന്നു പറയുന്നു.

4. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റെ പെങ്കീസാ നമസ്കാരക്രമം രാത്രിപ്രാർത്ഥനയിൽ "വിശുദ്ധ മാതാവിന്റെ സംസ്കാരത്തിനായി വി. പത്രോസ് റോമ്മായിൽനിന്നും.......തോമ്മാ ഇൻഡ്യയിൽനിന്നും........ വന്നെത്തി" എന്നു പറഞ്ഞിരിക്കുന്നു.

5. ദൈവമാതാവിന്റെ ശവസംസ്കാരത്തിൽ പങ്കുകൊള്ളുന്നതിനായി ശ്ലീഹന്മാർ പല ഭാഗങ്ങളിൽനിന്നും അത്ഭുതകരമായി ജറുശലേമിൽ വന്നതിനെ വിവരിക്കുന്ന ഒരു സുറിയാനിഗീതത്തിൽ വി. പത്രോസിനെപ്പററി ഇപ്രകാരം പ്രസ്താവിക്കുന്നു: "ശെമഓനേ! അവിടുന്നു റോമ്മായിൽനിന്നും ജറുശലേമിൽ വന്നതു എങ്ങനെയെന്നു എന്നോടു പറയുക. ഏററം പരിപാകതയുള്ള കന്യകമാതാവിന്റെ സംസ്കാരത്തിനു വന്നുചേരുവാൻ അങ്ങയെ ആരു ക്ഷണിച്ചു? അദ്ദേഹം ഉത്തരമിയിട്ട്, 'പരിശുദ്ധാത്മാവു എന്നെ ക്ഷണിക്കയും, ഇതാ! നിന്റെ അമ്മ അത്ഭുതകരമായവിധം സംസ്കരിക്കപ്പെടുന്നു എന്നു എന്നോടു പറയുകയും ചെയ്തപ്പോൾ പറ

---

7) സുറിയാനി കർബാനക്രമം (വല്യത്) പുറം 231.

www.malankaralibrary.com

ക്കുന്ന മിന്നൽപോലെ ഞാൻ വായുവിൽക്കൂടി ഗത്ത്സെമൻ വരെയും വന്നുവെന്ന് എന്നോടു പറഞ്ഞു". (8)

6. യാക്കോബായസഭ അംഗീകരിക്കുന്നതും, വി. പത്രോസിന്റെ ശിഷ്യനായ റോമ്മായിലെ ക്ലീമ്മീസിനാൽ * എഴുതപ്പെട്ടതായി ആ സഭ വിശ്വസിച്ചുവരുന്നതുമായ എട്ടുഗ്രന്ഥങ്ങളിൽ അവസാനത്തെ പുസ്തകത്തിൽ ശ്ലീഹന്മാരെ ക്രിസ്തു എവിടേക്കു അയച്ചു എന്നും, അവർ എങ്ങനെ മരിച്ചു എന്നും പ്രതിപാദിക്കയിൽ വി. പത്രോസിനെപ്പറ്റി ഇപ്രകാരം പറയുന്നു: "ശെമവോൻ പത്രോസ്, അതായത് ശ്ലീഹന്മാരുടെ തലവൻ ബെത്ത്സൈദാക്കാരനും, നപ്താലി ഗോത്രക്കാരനുമാകുന്നു. അവൻ അന്ത്യോക്യായിൽ ഒരു വർഷം പഠിപ്പിക്കയും, അവിടെ സഭ പണിയുകയും ചെയ്തു. അനന്തരം അവൻ റോമ്മായിലേക്കുപോയി അവിടെ 27 വർഷം പ്രസംഗിച്ചു. പൌലോസ് അവന്റെ അടുക്കൽ എത്തിയപ്പോൾ റോമ്മായിൽ പ്രക്ഷോഭം (മതപീഡനം) ഉണ്ടായി. നേറോ (ചക്രവർത്തി) അവരെ രണ്ടുപേരെയും കൊല്ലുവാൻ കല്പിച്ചു. തന്റെ നാഥന്റെ പാദങ്ങളെ ചുംബിക്കുന്നതിനുവേണ്ടി തലകീഴായി തന്നെ കുരിശിൽ തറയ്ക്കണമെന്നു പത്രോസ് അഭ്യർത്ഥിച്ചു. പൌലോസ് വാളാൽ ശിരച്ഛേദനം ചെയ്യപ്പെട്ടു". (9)

7. യാക്കോബായസഭ അംഗീകരിക്കുന്നതും, "ശ്ലീഹന്മാരുടെ കാനോനാകൾ" എന്ന പേരിൽ അറിയപ്പെടുന്നതുമായ അതിപുരാതന ഗ്രന്ഥത്തിൽ, ക്രിസ്തു അപ്പോസ്തോലന്മാർക്കു പൌരോഹിത്യത്തിന്റെ കൈവെപ്പ് പ്രദാനംചെയ്തുകൊണ്ടു അവരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അ

---

8) സുറിയാനി കുർബാനക്രമം (വലുത്) പുറം 93.

* ഈ ക്ലീമ്മീസിനെപ്പറ്റി 3-ാം അദ്ധ്യായം 1-ാം സാക്ഷ്യത്തിൽ പറഞ്ഞിരിക്കുന്നതു കാണുക.

9) ക്ലീമ്മീസിന്റെ എട്ടാം പുസ്തകം (കൈയെഴുത്തു പ്രതിയിൽ നിന്നുള്ള ഉദ്ധരണി)

www.malankaralibrary.com

യക്കുന്നതിനെ വിവരിക്കയിൽ വി. പത്രോസിനെപ്പററി ഇപ്രകാരം പ്രസ്താവിക്കുന്നു: "അന്ത്യോക്യായും, സിറിയാ മുഴുവനും, കിലിക്കിയായും, പൊന്തോസ് മുതൽ ഗലാത്തിയായും ശെമഓൻ കേപ്പായിൽ നിന്നും ശ്ലീഹന്മാരുടെ പൌരോഹിത്യത്തിന്റെ കൈവെപ്പ് സ്വീകരിച്ചു. അവൻ (പത്രോസ്) അവിടെയുള്ള സഭയുടെ അടിസ്ഥാനം സ്ഥാപിച്ചു. (ക്ഷുദ്രക്കാരനായ) ശെമഓൻ ജിമിഞ്ഞും റോമ്മായിലേക്കു പ്രയാണംചെയ്ത സമയംവരെ അവൻ അവിടെ പൌരോഹിത്യപരമായി ജോലിചെയ്യുകയും പരികർമ്മിക്കുകയും ചെയ്തു. റോമ്മാനഗരവും, ഇററലി മുഴുവനും, സ്പെയിനും, ബ്രിട്ടനും, ഗോളും സമീപസ്ഥലങ്ങളുമായ ഇതര പ്രദേശങ്ങളും അന്ത്യോക്യയിൽ നിന്നു പ്രയാണം ചെയ്ത ശെമഓൻ കേപ്പായിൽ നിന്നു ശ്ലീഹന്മാരുടെ പൌരോഹിത്യത്തിന്റെ കൈവെപ്പ് സ്വീകരിച്ചു. അവിടെ അവൻ പണിത സഭയിൽ അവൻ അധികാരിയും ഭരണകർത്താവുമായി". (10)

8. യാക്കോബായ സഭയിലെ വലിയ ഒരു പണ്ഡിതനായ യാക്കോബ് സ്രോഗ് അന്ത്യോക്യാ നഗരത്തെ സംബന്ധിച്ചു പറഞ്ഞ ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "ദൈവപുത്രന്റെ വെളിപാടു ശിഷ്യന്മാരുടെ തലവനിൽ നിവേശിച്ചു. ശെമഓൻ കേപ്പായോടു 'നീ എങ്ങനെ അന്ത്യോക്യാപട്ടണത്തെപ്പററി വിചാരിക്കുന്നു? ഇതാ! ആ പട്ടണം നിന്നിൽനിന്നു ഉപദേശം സ്വീകരിക്കുന്നതിനു വേണ്ടി നിന്നെ പ്രതീക്ഷിച്ചിരിക്കുന്നു' എന്നു കർത്താവു പറഞ്ഞു. അപ്പോൾ ശെമഓൻ മറുപടി നൽകി: 'എന്റെ കർത്താവേ! എനിക്കു റോമ്മാപട്ടണം മതി. രണ്ടുപട്ടണങ്ങളിൽ പോയി ഞാൻ എങ്ങനെയാണു പഠിപ്പിക്കുന്നതു്? എനിക്കു ഒരു കു

---

10) Ccnsti. Apost. G. E. Kayyath, Syri Orientales seu Chaldaei Nestoriani et Romanorum Pontificum Primatus, Rom. 1870, p. 23-24.

ട്ടുകാരനെ തരികം. അപ്പോൾ നീ എന്നെ അയക്കുന്ന സ്ഥലത്തേക്കു ഞാൻ പോകാം'. കർത്താവു അവനോടു പറയുന്നു: 'ഞാൻ നിന്നെ പന്ത്രണ്ടുപേരുടെ തലവനാക്കിയില്ലേ. നിനക്കു ഇഷ്ടമുള്ളവൻ നിന്റെകൂടെ പോരട്ടെ'. (11) വി. പത്രോസ് അന്ത്യോക്യായിൽ എവോദിയോസിനെ വാഴിച്ചിട്ടു റോമ്മായിൽ തന്റെ സിംഹാസനം സ്ഥാപിക്കുന്നതിനായി ആ പട്ടണത്തിലേക്കു പോകാൻ നിശ്ചയിച്ച കാര്യമാണു ഈ സംഭാഷണത്തിൽ സൂചിപ്പിക്കുന്നതു.

൯. മൂസലിലെ യാക്കോബായ മെത്രാനായ മൂശെ ബർ കീപ്പാ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മത്തെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "കേപ്പാ എന്നു വിളിക്കപ്പെടുന്ന ശെമഓൻ—യോനായുടെ പുത്രൻ, അതായതു ശ്ലീഹന്മാരുടെ തലവനായ പത്രോസ്—റോമ്മായിലേക്കു പോകുകയും, അവിടെ സഭ സ്ഥാപിക്കുകയും, അതിനെ ശ്ലീഹന്മാരുടെ തലവന്റെ സിംഹാസനമാക്കുകയും 25 സംവത്സരം അതിനെ ഭരിക്കുകയും ചെയ്തു. (12)

10. യാക്കോബായസഭ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്ന "ഹൂദായ കാനോൻ" എന്ന വിശ്രുത നിയമഗ്രന്ഥത്തിന്റെ കർത്താവും യാക്കോബായസഭയിലെ പണ്ഡിതന്മാരിൽ അഗ്രഗണ്യനുമായ ബർ എബ്രായ "വൈദിക നാളാഗമം" എന്ന പുസ്തകത്തിൽ വി. പത്രോസിനെപ്പറ്റി ഇങ്ങനെ എഴുതുന്നു: "ദൈവത്തിന്റെ മാലാഖാ കാരാഗൃഹത്തിൽ നിന്നും പത്രോസിനെ മോചിപ്പിച്ചശേഷം പത്രോസ് ജറുശലേമിൽ നിന്നു പുറപ്പെട്ടു സുവിശേഷം പഠിപ്പിച്ചുകൊണ്ടു

---

11) Jacob Srog: Homil. de urbe Antioch. cod. Vati. (Syri) 177, p. 522, a tergo, col. 2.

12) Moses Bar kipo; de dedicatione Eccl. Homil. I, Cod. Vat. Syr. 159, p. 314; Cf. Jugie, Theol. Dogm. Christ. Orient. V., 1935, p. 393.

www.malankaralibrary.com

ണ്ടുവർഷം വഴിയാത്രയിൽ കഴിച്ചു. അനന്തരം അന്ത്യോക്യായിലേക്കു അവൻ പോയി. അവിടെ സഭയ്ക്കു് അടിസ്ഥാനം ഇടുകയും, ബലിപീഠം സ്ഥാപിക്കയും, ഒന്നാമത്തെ മെത്രാനായി എവോദിയോസിനെ അവിടെ നിയമിക്കയും ചെയ്തു. അവിടെ നിന്നും റോമ്മായിലേക്കു പോയി. അവിടെ 25 (27?) വർഷം മെത്രാനായി ഭരിച്ചു. എവോദിയോസ് അന്ത്യോക്യായിലെ ഒന്നാമത്തെ പാത്രിയർക്കീസായി വാണു. പത്രോസ് അവിടെ സഭ സ്ഥാപിച്ചെങ്കിലും അവിടെ ഭരണം നടത്തിയില്ല. എവോദിയോസിനു പട്ടം കൊടുത്തു് അവിടെ നിയമിച്ചു. പത്രോസ് റോമ്മായിലെ സിംഹാസനം ഭരിച്ചു". (13)

11. വിദേശത്തെ യാക്കോബായസഭ സ്വീകരിച്ചിട്ടുള്ളതും, കേരളീയ യാക്കോബായ സഭയിലെ പണ്ഡിതന്മാരായ ചില വൈദികർ സുറിയാനിയിൽനിന്നു മലയാളഭാഷയിലേക്കു തർജ്ജമ ചെയ്തു ശ്രേഷ്ഠാനുമതിയോടുകൂടി പ്രസിദ്ധം ചെയ്തിട്ടുള്ളതുമായ അനേക ഗ്രന്ഥങ്ങൾ വി. പത്രോസിന്റെ റോമ്മാവാസത്തെയും സിംഹാസന സ്ഥാപനത്തെയും സംബന്ധിച്ച പ്രസ്പഷ്ടമായ സാക്ഷ്യങ്ങൾ നൽകുന്നു. "പൂർവ്വിക സഭാപിതാക്കന്മാരും പൊതു സൂനഹദോസുകളും" എന്ന ഗ്രന്ഥം യാക്കോബായ സണ്ഡേസ്കൂളുകളിൽ പാഠപുസ്തകമായി മേല്പട്ടക്കാർ അംഗീകരിച്ചിട്ടുള്ള ഒരു പുസ്തകമാണു്. കുന്നംകുളം എം. ആർ. പി. പ്രസ്സിൽനിന്നു 1932-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ പുസ്തകത്തിന്റെ 2-ാം പതിപ്പു് ഈ ഗ്രന്ഥകാരന്റെ കൈവശം ഇരിക്കുന്നു. ദിവ്യശ്രീ പി. പി. യൌസേപ്പു് കത്തനാർ രചിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യപുറത്തു "നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അനുമതിയോടുകൂടെ പി. പി. യൌസേപ്പ് ശെമ്മാശനാൽ 1905-ൽ രചിക്കപ്പെട്ടതു" എന്നു് അച്ചടിച്ചിരിക്കുന്നു. ദിവ്യശ്രീ പി. പി. യൌസേപ്പു് കത്തനാർ കോട്ടയത്തു പ

13) Bar-Hebraeus, Ed. Klameth.

www.malankaralibrary.com

ഴയസെമ്മിനാരിയിൽ വളരെക്കാലം സുറിയാനിമല്പാനായിരുന്നിട്ടുണ്ടു്. ഇദ്ദേഹം നല്ല ഒരു പ്രസംഗകനും, സുറിയാനി ഭാഷയിലുള്ള അസാമാന്യ പാണ്ഡിത്യത്താൽ മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ മെഡൽ സമ്പാദിച്ചിട്ടുള്ളവനുമാണു്. ഈ പുസ്തകത്തിന്റെ അവതാരികയിൽ ഗ്രന്ഥകർത്താവു് ഇങ്ങനെ എഴുതിയിരിക്കുന്നു: "ഈ നൂതന പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന മിക്കഭാഗങ്ങളും മാർ എപ്രേമിയോ, എവുസേബിയോസ്, യോസിപ്പൂസ് ആദിയായ പിതാക്കന്മാരുടെ സ്വന്തമതം സിദ്ധിച്ചിട്ടുള്ള കൃതികളിൽ നിന്നും മററു പല മഹാന്മാരുടെ വിശ്വാസയോഗ്യങ്ങളായ ചരിത്രങ്ങളിൽനിന്നും എടുത്തിട്ടുള്ളവയാണു്...... ഞായറാഴ്ച പള്ളിക്കൂടങ്ങളെ ഉദ്ദേശിച്ചു എത്രയും വേഗത്തിൽ ഈ പുസ്തക പ്രസിദ്ധീകരണം ആവശ്യമായി വന്നു....... റി. വ. ദി. ശ്രീ മലങ്കരയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഈ പുസ്തകത്തെ വായിച്ചു കേൾക്കയും വളരെ സന്തോഷിക്കയും ഈ പുസ്തകം എല്ലാ ക്രിസ്തീയ സമൂഹങ്ങൾക്കും പ്രയോജനകരമായിരിക്കുമെന്നു അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു എന്നുള്ളതും വളരെ അഭിനന്ദനീയം തന്നെ." ഇങ്ങനെ യാക്കോബായക്കാർ വിശ്വാസയോഗ്യമായി പരിഗണിക്കുന്ന ചരിത്രരേഖകളെ ആസ്പദമാക്കി രചിച്ചിട്ടുള്ളതും, യാക്കോബായസഭയിലെ മേല്പട്ടക്കാർ പ്രത്യേകവിധം പ്രശംസിച്ചിട്ടുള്ളതുമായ ഈ പുസ്തകത്തിന്റെ 2-ാം അധ്യായത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "വി. പത്രോസ് അന്ത്യോക്യയിൽ സിംഹാസനം ഉറപ്പിച്ചശേഷം എവോദിയോസിനെ മേലധ്യക്ഷനായി നിയമിച്ചുകൊണ്ടു റോമ്മായിൽ പോയതായും, തന്റെ വേല അവിടെയും ഫലസിദ്ധി പ്രാപിച്ചതായും, ക്ലീമ്മീസിനെ അവിടത്തെ മേലധ്യക്ഷനായി നിയമിച്ചതായും പറച്ചിലുണ്ടു്. ഈ സമയം വി. പൌലോസും റോമ്മായിൽ ഉണ്ടായിരുന്നു.... വി. പത്രോസിന്റെയും പൌലോസിന്റെയും മരണത്തിനു് അപ്രതീക്ഷിതമായ കാരണം തങ്ങളുടെ ഉപദേശംമൂലം ക്രൂരനായ നീറോയുടെ ഒരു വെപ്പാട്ടിയെ മനസ്സുതിരിപ്പിച്ചു എന്നുള്ള

www.malankaralibrary.com

താണു്. പാറാവുകാവൽക്കാരിൽ രണ്ടുപേരെയും വേറെചില രാജസേവകന്മാരെയും ഈ അവസരത്തിൽ അവർ മനസ്സു തിരിപ്പിച്ചു. മാമർട്ടീൻ എന്നു പേരുള്ളതായി വളരെ തണുല്ലും നികൃഷ്ടവുമായ ഒരു കാരാഗൃഹത്തിലാണു പത്രോസിനെ ഇട്ടിരുന്നതു്. ഏകദേശം ഒമ്പതുമാസത്തോളം അവൻ ഈ ബന്ധനത്തിൽ പാർത്തു....മിശിഹാകാലം 68-ൽ നീറോ കേസർ മൂലമുണ്ടായ പീഡയിൽ ഭാഗ്യവാന്മാരായ പത്രോസിന്റെയും പൌലോസിന്റെയും മരണം ഒരു ദിവസമായിരുന്നു എന്നു വി. ജെറോം പറയുന്നു....വി. പത്രോസിന്റെ ശ്മശാനസ്ഥലം വത്തിക്കാനെന്നത്രെ പറഞ്ഞുവരുന്നതു്. ഈ സ്ഥലത്തു കൊസ്തന്തീനോസു രാജാവു അതിരമണീയമായ ഒരു പള്ളി പണികഴിപ്പിച്ചു. അവന്റെ രണ്ടാമത്തെ ലേഖനം മരണത്തിനു മുമ്പായി റോമ്മായിൽ വച്ചു എഴുതി". (14) വി. പത്രോസിന്റെ കാലത്തുതന്നെ ക്രിസ്തുമതം റോമ്മാസാമ്രാജ്യത്തിൽ പ്രചരിച്ചതു എപ്രകാരമാണെന്നു വിവരിച്ചുകൊണ്ടു 7-ാം അദ്ധ്യായത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "കാലക്രമത്തിൽ മിശിഹായുടെ ബാലസഭ സമുന്നതിയെ പ്രാപിച്ചു വന്നതിനാൽ അതിനെക്കുറിച്ചു ഗൗനിക്കണമെന്നു റോമ്മായിലെ നാടുവാഴികളും വിശുദ്ധ പൌലോസിന്റെയും പത്രോസിന്റെയും ബ്രഹ്മശത്രുക്കളുമായ താത്തേലോസ്, അൽബീനോസ് ആദിയായ മഹാന്മാർ തോന്നിത്തുടങ്ങി.......നഗരങ്ങളിലും ഗ്രാമങ്ങളിലും രഹസ്യസംഘവും രാത്രിക്കൂട്ടവും പാടില്ലെന്നുള്ള നിയമത്തെ അനുസരിച്ചു അടിമകളും തൊഴിൽക്കാരും പ്രാർത്ഥനായോഗത്തിൽ വന്നു സംബന്ധിപ്പാൻവേണ്ടി രാത്രി എത്രയും ഗോപ്യമായി സംഘത്തെ നടത്തി വന്നു. വി. പത്രോസിന്റെ കാലത്തു നക്കേസോസു എന്നു പേരുള്ള ഒരു കശീശായുടെ × ഭവനത്തിൽവച്ചു സംഘം നടത്തിവ

---

14) "പൂർവ്വിക സഭാപിതാക്കന്മാരും, പൊതുസുന്നഹദോസുകളും" (പി. പി. ഔസേപ്പുകത്തനാർ), എ. ആർ. പി. പ്രസ്സ്, കുന്നംകുളം (1932) പുറം 32-35.

× കശീശാ=പട്ടക്കാരൻ

www.malankaralibrary.com

നും. അനന്തരം മക്കേലോസ് എന്നൊരു പ്രളയവും, അൽബിനോസ് നാടുവാഴിയുടെ ഭാര്യയായ ക്സന്തിപ്പായും മനസ്സുതിരിഞ്ഞതിനാൽ സംഘം കുറെക്കൂടി ബലപ്പെട്ടു." (15) അലക്സാണ്ഡ്റിയാക്കാരനും ഒരു എബ്രായ തത്വജ്ഞാനിയുമായ ഫീലോ (Philo) റോമ്മായിൽ വച്ചു വി. പത്രോസിന്റെ പ്രസംഗം കേട്ടിട്ടുള്ളതായി ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. (16) "സകല ദുഷ്കൃതങ്ങൾക്കും ഇരിപ്പിടമായിരുന്ന അജ്ഞാന റോമ്മാ അശേഷവും ക്രിസ്ത്യാനികളാകുന്നതിനും, അവിടെ വി. പത്രോസിന്റെയും പൌലോസിന്റെയും സ്മാരകമായി പ്രസിദ്ധാലയങ്ങൾ സ്ഥിതി ചെയ്യുന്നതിനും കാരണമായതു രക്തസാക്ഷികളുടെ രക്തമാണു" (17) എന്നും 7-ാം അദ്ധ്യായത്തിൽ പറയുന്നു.

വി. പത്രോസിന്റെ മരണശേഷം ലീനോസ്, അനിക്ലേത്തസ്, ക്ലീമ്മീസ് എന്നിവർ റോമ്മാസിംഹാസനത്തിൽ വാണതായും ഈ ഗ്രന്ഥത്തിൽ പറയുന്നുണ്ടു. "ശ്ലീഹന്മാരുടെ കാലത്തോടു അടുത്തു ജീവിക്കയും, അവരുമായി സംസർഗ്ഗംചെയ്കയും, അവരിൽ നിന്നു കേട്ടുപഠിക്കയും ചെയ്തവരിൽ ഒരാളാണു ക്ലീമ്മീസ്.......ലീനോസ് (യുലിയാനോസ്), അനിക്ലേത്തസ് എന്നീ മേലദ്ധ്യക്ഷന്മാരുടെ മരണശേഷം റോമായിൽ ഓരോ വീടുകളിൽ സ്വകാര്യമായി കൂടിവന്ന സഭകൾ യോജിച്ചു വി. ക്ലീമ്മീസ് എപ്പിസ്കോപ്പായാൽ ഭരിക്കപ്പെട്ടുവന്നു. അദ്ദേഹം ശ്ലീഹന്മാരിൽ നിന്നും കണ്ടു പഠിച്ച ഓരോ പാരമ്പര്യന്യായങ്ങളെ ശരിയായി പാലിച്ചുവന്നു". (18) വി. പത്രോസ് മരിക്കാൻ മാത്രമല്ല റോമ്മായിൽ പോയതെന്നും, അവിടെ ദീർഘനാൾ വസിച്ചു പലരെയും മാനസാന്തരപ്പെടുത്തിയെന്നും, പിൻഗാമികളെ വാഴിച്ചെന്നും ഈ സാക്ഷ്യത്തിൽനിന്നു തെളിയുന്നു.

---

15) ഉദ്ധൃതഗ്രന്ഥം (മുകളിൽ ഉദ്ധരിച്ച ഗ്രന്ഥം) അദ്ധ്യായം 7, പുറം 114—115. 16) പുറം 116. 17) പുറം 121.

18) ഉദ്ധൃതഗ്രന്ഥം, പുറം 123.

www.malankaralibrary.com

12. കേരളത്തിലെ യാക്കോബായക്കാർ സണ്ഡേസ്കൂളുകളിൽ പാഠപുസ്തകമായി ഉപയോഗിച്ചു വരുന്ന മറ്റൊരുഗ്രന്ഥമാണു് "പന്ത്രണ്ടു ശ്ലീഹന്മാർ" എന്ന പേരിൽ പി. ഠി. ഇട്ടൂപ്പു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകം. വൈദികാനുമതിയോടുകൂടി കുന്നംകുളം എ. ആർ. പി. പ്രസ്സിൽ നിന്നു 1929-ൽ പ്രസിദ്ധപ്പെടുത്തിയ ഈ പുസ്തകത്തിന്റെ മുഖവുരയിൽ ഗ്രന്ഥകർത്താവു് ഇങ്ങനെ പറയുന്നു: "പല സണ്ഡേസ്കൂളുകളിലും ഇതരസമുദായക്കാരുടെ പുസ്തകങ്ങൾ തന്നെ പാഠപുസ്തകങ്ങളായും ഉപയോഗിച്ചുവരുന്നു. സഭാ സംബന്ധമായ പുസ്തകങ്ങളുടെ കുറവിനെ ശക്ത്യനുസരണം പരിഹരിച്ചു നമ്മുടെ സണ്ഡേസ്കൂളുകളിൽ ഉപയോഗിപ്പാൻ സ്വന്തമായ പുസ്തകങ്ങൾ ധാരാളം പ്രസിദ്ധപ്പെടുത്തണമെന്നു കുറേ നാളുകളായി എന്നിൽ ഉദിച്ചിട്ടുള്ള ആഗ്രഹത്തിന്റെ ഫലമായി ഇപ്രകാരം ഒരു ചെറുപുസ്തകംകൂടി രചിപ്പാൻ ഇടയായിട്ടുള്ളതാകുന്നു. ഈ പുസ്തകരചനയ്ക്കു വിശ്വാസയോഗ്യമായ പല ഗ്രന്ഥങ്ങൾക്കും പുറമേ ദിവ്യശ്രീ പി. പി. യൗസേപ്പുകത്തനാർ അവർകളാൽ രചിക്കപ്പെട്ട "പൂർവ്വികസഭാപിതാക്കന്മാരും പൊതു സുന്നഹദോസുകളും" എന്ന ഗ്രന്ഥം വളരെ സഹായമായിട്ടുണ്ടു്.... നി. വ. ദി. ശ്രീമാർ ഒസ്താത്യോസ് ബാവാ തിരുമനസ്സുകൊണ്ടു * ആർത്താറ്റ സിംഹാസനപ്പള്ളിയിൽ എഴുന്നള്ളിയിരുന്നപ്പോൾ ഇതിന്റെ കൈയെഴുത്തുപ്രതി വായിച്ചു കേട്ടതിൽ അത്യന്തം തൃപ്തിപ്പെടുകയും, ഇതു പ്രസിദ്ധീകരിപ്പാൻ സസന്തോഷം ആജ്ഞാപിക്കയും ചെയ്തു". (19) ഈ പുസ്തകം പരിശോധിച്ചു ഇതിലെ തെറ്റുകൾ തിരുത്തി ഇതിനു് അവതാരിക എഴുതിയിരിക്കുന്ന വ.

19) "പന്ത്രണ്ടു ശ്ലീഹന്മാർ" (പി. ഠി. ഇട്ടൂപ്പു്), എ. ആർ. പി. പ്രസ്സു്, കുന്നംകുളം (1929). മുഖവുര, പുറം 3-4.

* അന്ത്യോക്യാപാത്രിയർക്കീസിന്റെ പ്രതിനിധിയായി കുന്നംകുളത്തു് താമസിച്ചു് അവിടെത്തന്നെ കബറടങ്ങിയ വിദേശീയനായ ഒരു യാക്കോബായ മെത്രാനാണു മാർ ഒസ്താത്തിയോസു്.

www.malankaralibrary.com

ഡീ. ശ്രീ കൊച്ചു പറമ്പിൽ ഗീവർഗീസ് റമ്പാച്ചൻ തന്റെ അവതാരികയിൽ എഴുതുന്നു: "സണ്ഡേസ്കൂൾ അദ്ധ്യേതാക്കൾക്ക് എന്നല്ല അദ്ധ്യാപകന്മാർക്കും എന്നുമല്ല സകലമാനപേർക്കും വളരെ പ്രയോജനകരമായ ഒരു പുസ്തകമാണ് ഇതു്." (20)

ഈ ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്തിൽ, ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് ശ്ലീഹാ എന്ന തലവാചകം കൊടുത്തിട്ടുള്ള 1-ാം അദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു: "ഊർശ്ലേമിൽ കർത്താവിന്റെ സഹോദരനായ വി. യാക്കോബിനെ നിയമിച്ചശേഷം പത്രോസ്ശ്ലീഹാ അന്ത്യോക്യായിൽ ചെന്ന് അവിടെ 7 സംവത്സരം താമസിച്ചു സഭയെ ഭരിച്ചു. അവിടെ വിശുദ്ധ സിംഹാസനം ഉറപ്പിച്ചു ശേഷം എവോദിയോസിനെ മേലദ്ധ്യക്ഷനായി നിയമിച്ചുകൊണ്ടു താൻ റോമ്മായിൽ പോയി. അവിടെയും തന്റെ വേല വളരെ സഫലമായിത്തീർന്നു. പൌലോസ് ശ്ലീഹാ തടവിലാക്കപ്പെട്ടപ്പോൾ തന്റെ സംരക്ഷണയിൽ ഇരുന്ന ചിലസഭകളെ പത്രോസ്ശ്ലീഹാ സന്ദർശിക്കയുണ്ടായിട്ടുണ്ട്. ...രണ്ടാമത്തെ ലേഖനം റോമ്മായിൽവച്ചു തന്റെ മരണത്തിന് അല്പം മുമ്പായി എഴുതി... ക്രിസ്ത്വബ്ദം 64-ൽ നീറോ ചക്രവർത്തിയുടെ പ്രേരണയാൽ റോമ്മായിൽ ഒരു അഗ്നിബാധയുണ്ടായി... ചക്രവർത്തിയുടെ കാച്ചക്കാരിൽ ചിലരെ ശ്ലീഹാ മാനസാന്തരപ്പെടുത്തിയതിനാൽ ചക്രവർത്തിക്കു തന്നോടു പ്രത്യേക വൈരമുണ്ടായിരുന്നു. അഗ്നിബാധ കാരണമാക്കി അനവധി ക്രിസ്ത്യാനികളെ പിടിപ്പിച്ച കൂട്ടത്തിൽ പത്രോസ ശ്ലീഹായെയും പിടിച്ചു പൌലോസ് ശ്ലീഹായോടുകൂടെ ഒമ്പതുമാസത്തോളം തടവിൽ പാർപ്പിച്ചു... ശ്ലീഹാ തടവിൽ പാർക്കുമ്പോൾ കാരാഗൃഹപ്രമാണിയെയും, വേറെ പല തടവുകാരെയും മാനസാന്തരപ്പെടുത്തി. ക്രിസ്ത്വബ്ദം 68-ൽ ചക്രവർത്തിയുടെ കല്പനപ്രകാരം പൌലോസ് ശ്ലീഹായെ ശിരഃഛേദം ചെയ്യുകയും, അനന്തരം

20) ഉദ്ധൃതഗ്രന്ഥം അവതാരിക, പുറം 5.

ന്നു പത്രോസു ശ്ലീഹായെ കൊരടാവുകൊണ്ടു അടിച്ചശേ
ഷം കുരിശിൽ തറയ്ക്കയും....ചെയ്തു... ശ്ലീഹായുടെ ശ്മശാ
നസ്ഥലം വന്ദിക്കാൻ ആണെന്നു പറഞ്ഞുവരുന്നു. ഈ സ്ഥ
ലത്തു വി. ശ്ലീഹായുടെ നാമത്തിൽ കുസ്തന്തീനോസ്
(Constantine) രാജാവു വളരെ മനോഹരമായ ഒരു പള്ളി
പണിയിച്ചിട്ടുണ്ടു്". (21) ഈ ഗ്രന്ഥത്തിന്റെ അനുബന്ധ
ത്തിൽ വി. പത്രോസിന്റെയും പൌലോസിന്റെയും മരണ
വിവരത്തെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു: "പത്രോ
സ് ക്രിസ്താബ്ദം 68-ൽ റോമ്മായിൽ വച്ചു നീറോ കൈ
സർ മുഖാന്തിരം കുരിശിൽ തലകീഴായി തറച്ചു കൊല്ല
പ്പെട്ടു. പൌലോസ് റോമ്മായിൽ വച്ചു ക്രിസ്താബ്ദം 68ൽ
വി. പത്രോസിനോടു ഒന്നിച്ചു കൊല്ലപ്പെട്ടു". (22)

13. കേരളത്തിലെ മിക്ക യാക്കോബായ കുടുംബങ്ങളി
ലും ഭക്തിപൂർവ്വം വായിച്ചുവരുന്ന ഒരു പുസ്തകമാണു "പരി
ശുദ്ധദൈവമാതാവായ കന്യകമറിയാമിന്റെ ജീവചരിത്രം."
കുന്നംകുളം എ. ആർ. പി. പ്രസ്സിൽ 1928-ൽ പ്രസിദ്ധീക
രിച്ച ഈ പുസ്തകത്തിന്റെ 2-ാം പതിപ്പാണു് ഈ ഗ്രന്ഥ
കാരന്റെ കൈവശമുള്ളതു്. ഈ പുസ്തകത്തിന്റെ ആദ്യ
പുറത്തു മലങ്കര സുറിയാനി ക്നാനായ ഇടവകയുടെ മാർ
സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ഗ്രന്ഥകാ
രനു 257-ാം നമ്പരായി നൽകിയിരിക്കുന്ന ആശീർവ്വാദ കല്പ
നയിൽ ഇങ്ങനെ പറയുന്നു: "നിങ്ങൾ കൊടുത്തയച്ച വി.
ദൈവമാതാവിന്റെ ജീവചരിത്രത്തിന്റെയും വേദവായന
കുറിപ്പിന്റെയും തർജ്ജിമകൾ നമ്മുടെ ബ. വികാരി ജന
റാളിനെക്കൊണ്ടു നാം പരിശോധിപ്പിച്ചതിൽ അവ മൂല
ത്തോടു യോജിച്ചിരിക്കുന്നു എന്നു അദ്ദേഹം അഭിപ്രായപ്പെ
ട്ടിരിക്കുന്നതിനാൽ നാം അവയുടെ പ്രസിദ്ധീകരണത്തെ ഇ
തിനാൽ അനുവദിച്ചിരിക്കുന്നു. ഈ പുസ്തകങ്ങൾ രണ്ടും ഭ
ക്തിയോടെ ഉപയോഗിക്കുന്നവർക്കു ദൈവാനുഗ്രഹങ്ങൾ സ

---

21) ഉദ്ധൃതഗ്രന്ഥം, പുറം 41-45. 22) ഉദ്ധൃത
ഗ്രന്ഥം, അനുബന്ധം, പുറം 93, 95

www.malankaralibrary.com

ൽ ലഭിക്കുമാറാകട്ടെ." പിന്നാലെ ചേർത്തിരിക്കുന്ന വിജ്ഞാപനത്തിൽ ഇങ്ങനെ പറയുന്നു: "മനഹോ എന്നുപേരായ പരദേശക്രിസ്ത്യാനിയാൽ ക്രിസ്താബ്ദം 101–ാം ആണ്ടു സുറിയാനിഭാഷയിൽ എഴുതപ്പെട്ടതും, പരേതനായ നി. വം. ദി. ശ്രീ മാർ സെവേറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കൈവശമിരുന്നതുമായ മൂലഗ്രന്ഥത്തിൽ നിന്നും തർജ്ജിമ ചെയ്യതാണ് ഈ പുസ്തകം."

ഈ ഗ്രന്ഥത്തിൻെറ 3–ാം പുസ്തകത്തിൽ, വി. അത്താനാസ്യോസ് പാഷണ്ഡികളിൽ നിന്നു വിവിധപീഡകൾ സഹിച്ച് 27 വർഷത്തോളം പലസ്ഥലങ്ങളിൽ ചുററിസ്സഞ്ചരിച്ചു എന്നു പറഞ്ഞശേഷം ഇങ്ങനെ പ്രസ്താവിക്കുന്നു: "പിന്നെയും അദ്ദേഹം റോമ്മാപട്ടണത്തിലേക്കു പോയി. മാർ പത്രോസ്, പൌലോസു എന്ന പരിശുദ്ധശ്ലീഹന്മാരുടെ ശരീരങ്ങളിൽ നിന്നു വാഴ്വു് കൈക്കൊള്ളുവാൻ യോഗ്യനായിഭവിക്കയും, അവരുടെ പ്രസന്നമുഖത്തെ കണ്ടു അഭിമുഖമായി സംസാരിപ്പാൻ ഇടവരുകയും ചെയ്തു". (23)

പ്രസ്തുതഗ്രന്ഥം 5–ാം പുസ്തകത്തിൽ കന്യകമറിയാമിൻെറ ചരമവാർത്ത അടങ്ങിയ ഗ്രന്ഥം പലടത്തും അന്വേഷിച്ചിട്ടു കിട്ടാഞ്ഞതിനെപ്പററി വിവരിക്കയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "വിശുദ്ധ മറിയാമിൻെറ ചരമവിവരം അടങ്ങിയ പുസ്തകത്തിനായി ജറുശലേമിലെല്ലാം അന്വേഷിച്ചിട്ടും ലഭിച്ചില്ല.... ആയതുകൊണ്ടു പത്രോസിനെയും പൌലോസിനെയും കബറടക്കിയിരിക്കുന്ന സ്ഥലമായ റോമ്മിലേക്കു എഴുതി അയയ്ക്കണം; പക്ഷേ ആ പരിശുദ്ധ പുസ്തകം അവിടെ കണ്ടേക്കാം" (24)

ലോകത്തിൻെറ നാനാഭാഗങ്ങളിലും സുവിശേഷം പ്രസം

---

23) കന്യകമറിയാമിൻെറ ജീവചരിത്രം (മ്സമ്രോനാ ജോസഫ്) എം. ആർ. പി. പ്രസ്സ്, കുന്നംകുളം (1928) പുറം, 25. 24) ഉദ്ധൃതഗ്രന്ഥം, പുറം 66.

www.malankaralibrary.com

ഗിച്ചുകൊണ്ടിരുന്ന അപ്പസ്തോലന്മാർ തങ്ങളുടെ ഗുരുവിന്റെ മാതാവായ കന്യകമറിയാം മരണാസന്നയായി കിടക്കയിൽ അത്ഭുതകരമായി സ്വർഗ്ഗീയ രഥങ്ങളിൽ ബെത്ലഹേമിൽ വന്നെത്തിയ സംഭവത്തെ ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ടു്. റോമ്മായിൽ വി. കുർബാന ചൊല്ലിക്കൊണ്ടിരുന്ന വി. പത്രോസിനെ പരിശുദ്ധാത്മാവു വിവരം അറിയിച്ചതിനെപ്പററി ഈ ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: "ശെമഓൻകീപ്പാ ബുധനാഴ്ച കുർബാന ചൊല്ലിക്കൊണ്ടു നില്ക്കുമ്പോൾ ആകന്ദ പരിശുദ്ധാത്മാവു അവനെ അറിയിച്ചതു്. അവിടെ പുറജാതികളുടെ കുർബാന ഉണ്ടായിരുന്നു. അവൻ മശ്ബഹായുടെ മുമ്പാകെ രഹസ്യപ്രാർത്ഥന കഴിക്കുമ്പോൾ പരിശുദ്ധാത്മാവു അവനോടു 'നിന്റെ ഗുരുവിന്റെ മാതാവു മരിക്കുന്നതിനു സമയമായിരിക്കുന്നതുകൊണ്ടു കുർബാനാനന്തരം ഉടൻ ബേത്ലഹേമിലേക്കു പോകണം' എന്നു പറഞ്ഞു". (25)

അപ്പസ്തോലന്മാരെല്ലാം ബേത്ലഹേമിൽ വന്നുചേർന്നപ്പോൾ വി. പത്രോസ് അവരോട് ഏതെല്ലാം സ്ഥലങ്ങളിൽ നിന്നു അവർ വന്നെത്തി എന്നും, പരിശുദ്ധാത്മാവു അവരോടു പറഞ്ഞ സംഗതികൾ എന്തെന്നും കന്യകമറിയാമിനെ അറിയിപ്പാൻ ആജ്ഞാപിച്ചു. വി. പത്രോസ് ഇങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തുന്നു: "ബുധനാഴ്ച രാവിലെ പരിശുദ്ധാത്മാവു റോമ്മായിൽവച്ചു എന്നോടു" 'നീ കുർബാന ചൊല്ലിക്കഴിഞ്ഞാൽ ഉടൻ ബേത്ലഹേമിൽ നിന്റെ ഗുരുവിന്റെ മാതാവിന്റെ സമീപത്തേക്കു പോക, അവൾ മരിക്കാറായിരിക്കുന്നു' എന്നു പറഞ്ഞു. കുർബാന കഴിഞ്ഞു ഉടൻതന്നെ ഞാൻ പ്രകാശമുള്ള മേഘങ്ങളിൽ കയറി ആകാശത്തിനും ഭൂമിക്കും മദ്ധ്യേ മററു ശ്ലീഹന്മാരുടെ രഥങ്ങളെ കാത്തുകൊണ്ടു നിന്നു". (26)

14. "പത്രോസ് ശ്ലീഹായും നീറോ രാജാവും" എന്ന

---

25) ഉദ്ധൃതഗ്രന്ഥം, പുറം 79. 26) ഉദ്ധൃതഗ്രന്ഥം, പുറം 82.

www.malankaralibrary.com

പേരിൽ സുറിയാനിയിൽ നിന്നു തർജ്ജിമ ചെയ്യപ്പെട്ടിട്ടു
ള്ള ഒരു ലഘുഗ്രന്ഥം കേരളീയ യാക്കോബായക്കാരുടെ ഇട
യിൽ പ്രചുരപ്രചാരത്തിലിരിക്കുന്നു. ഈ ലഘുഗ്രന്ഥത്തി
ന്റെ പരിഭാഷകനായ ദിവ്യശ്രീ എം. റ്റി. ഇട്ടിരാകത്ത
നാർ ഒരു സുറിയാനിഭാഷാപണ്ഡിതനത്രെ. ഇദ്ദേഹം പാ
മ്പാക്കട കോനാട്ടു മാത്തൻമല്പാന്റെ സഹായിയായി ശമ്മാ
ശ്ശന്മാരെ വളരെക്കാലം സുറിയാനി പഠിപ്പിക്കയും, മല്പാന്റെ
മരണശേഷം അവിടത്തെ സെമ്മിനാരിയിൽ അതേജോലി
തുടർന്നുനിർവ്വഹിക്കയും ചെയ്തു. വി. പത്രോസ് റോമായിൽ
സുവിശേഷം പ്രസംഗിച്ചു അനേകരെ മാനസാന്തരപ്പെടു
ത്തിയ വിവരം അറിഞ്ഞു നേറോ ചക്രവർത്തി കോപിച്ചു
വി. പത്രോസിനെയും വി. പൌലോസിനെയും തന്റെ
മുമ്പിൽ വരുത്തി. നേറോ ചക്രവർത്തിയും വി. പത്രോസും
തമ്മിൽ അപ്പോൾ നടന്ന സംഭാഷണമാണ് ഈ പുസ്തക
ത്തിൽ വിവരിക്കുന്നതു്. അതിലെ ചില ഭാഗങ്ങൾ താഴെ
ചേർക്കുന്നു.

"നേറോ:—നമ്മുടെ പട്ടണത്തെ കലക്കിയവർ നിങ്ങൾ
അല്ലയോ? അടുത്തുവന്നു നിങ്ങളുടെ ഉപദേശം എന്തെന്നും,
നമ്മുടെ പട്ടണത്തിലേക്കു നിങ്ങളെ അയച്ചതു് ആരെന്നും
നമ്മോടു അറിയിക്കുക....

പത്രോസ്:—ഞാൻ ഈ പട്ടണത്തിലേക്കു വന്നതു് ഇ
വിടെ വേല ചെയ്വാനും ഇവിടെയുള്ള മുള്ളുകളെ പറിച്ചുകള
ഞ്ഞു് എന്റെ യജമാനന്റെ ഉപദേശം ഇവിടെ വിതപ്പാന
മായിട്ടാകുന്നു. അതു വിതച്ചിട്ടു ഞാൻ പൊയ്ക്കൊള്ളും....

നേറോ:—ഭോഷനായ വൃദ്ധാ! മരണവും ജീവനും എന്റെ
കൈകളിൽ മറഞ്ഞിരിക്കുന്നു എന്നു നീ അറിയുന്നില്ലയോ?
എന്നെ നീ പരിഹസിക്കുന്നുവോ? നിന്റെ അവസാനം അ
ടുത്തു എന്നു നീ കരുതിക്കൊള്ളുക.

പത്രോസ്:—അവിടുന്നു പറഞ്ഞതു ശരിതന്നെ. ഞാൻ
വൃദ്ധനാകുന്നു. എല്ലാവർക്കും പിതാവും ഉപദേഷ്ടാവും ആ

www.malankaralibrary.com

യിരിപ്പാനും, കർത്താവിങ്കലേക്ക എല്ലാവരേയും തിരിപ്പിപ്പാനും ആയിട്ടും, താനാണ എന്നെ തെരഞ്ഞെടുത്തു് അയച്ചിരിക്കുന്നതു്.

നേരോ:—നീ അയക്കപ്പെട്ടതു ഞങ്ങൾക്കായി മാത്രമാ? എല്ലാ ജാതികളോടും നിനക്ക പ്രസംഗിക്കേണ്ടയോ? റോമ്മായിലേക്ക മാത്രമെങ്കിൽ ഇപ്പോൾ റോമ്മാ നിന്നെ കൈക്കൊള്ളുന്നില്ല.

പത്രോസ്:—ലോകത്തിൽ ചിതറപ്പെട്ടിരിക്കുന്ന സകല ജാതികൾക്കമായി പന്ത്രണ്ടുപേരെയാണ് എന്റെ യജമാനൻ തെരഞ്ഞെടുത്തു് അയച്ചതു്. എനിക്ക റോമ്മായിലേക്ക ചീട്ടികിട്ടി. അതുകൊണ്ടത്രെ ഞാൻ ഇങ്ങോട്ടു വന്നതു്........

നേരോ:— നീ വീച്ചുകാരനല്ലായിരുന്നുവോ? ഭോഷാ! നിന്റെ നല്ല ജോലി ഉപേക്ഷിച്ചു നിന്റെ ജീവഹാനിക്കായി ഈ ജോലി നീ തെരഞ്ഞെടുത്തുവല്ലോ. നിനക്ക കഷ്ടം!

പത്രോസ്:—അങ്ങു പറഞ്ഞതു ശരിതന്നെ. ഞാൻ വീച്ചുകാരനായിരുന്നു. വളരെ മത്സ്യങ്ങളെ ഞാൻ വീശിപ്പിടിച്ചിട്ടുണ്ടു്. പക്ഷേ ഇപ്പോൾ എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യാനായി ഞാൻ മനുഷ്യരെ വീശിപ്പിടിക്കുകയാകുന്നു....

നേരോ:—റോമ്മാ നമ്മുടെ രാജ്യത്തിന്റെ തലസ്ഥാനമാകുന്നു. അതിന്റെ ചുററുമുള്ള രാജ്യങ്ങൾ അതിന്റെ കീഴ്പ്പെട്ടാണിരിക്കുന്നതു്. അവിടെയെല്ലാം നിങ്ങളുടെ ഉപദേശത്തെ നിങ്ങൾ നിറച്ചു. അതുകൊണ്ടു നിങ്ങളുടെ മരണം ഇവിടെത്തന്നെ. ഏതു മരണത്തെയാണ നിങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നതു്.

പത്രോസ്:—അവിടുന്നു പറഞ്ഞതുപോലെ റോമ്മാ ഈ രാജ്യത്തിന്റെ തലസ്ഥാനമാകുന്നു. എങ്കിലും അതിൽ നല്ല വിത്തു വിതച്ചതു ഞാനാണ്. അതിന്റെ കൂലിയായി അങ്ങു മുമ്പു പറഞ്ഞ കുരിശുമരണം തന്നെ എനിക്ക യോഗ്യമാകുന്നു.

നീറോൻ രാജാവു വി. ശ്ലീഹായുടെ വചനപ്രകാരം തല

www.malankaralibrary.com

കീഴോട്ടായി അവനെ കുരിശിൽ തറയ്ക്കുകയും, വി. പൌലോസിന്റെ കഴുത്ത് വാളുകൊണ്ടു കണ്ടിക്കയും ചെയ്തു". (27)

15. മലങ്കര യാക്കോബായ സഭയിലെ വലിയ ഒരു ചരിത്രകാരനായ ഇട്ടൂപ്പ് റൈട്ടർ എഴുതിയ സഭാചരിത്രത്തിൽ പറയുന്നു: "പത്രോസ് ശ്ലീഹാ യഹൂദന്മാരുടെ ഇടയിൽ പ്രത്യേകം ഏറിയകാലം അറിയിച്ചു ഫലപ്രാപ്തി കണ്ടശേഷം അന്ത്യോക്യായിലേക്കു ചെന്നു് അവിടെ ഏഴു സംവത്സരംവരെയും താമസിച്ചു് ക്രിസ്തുയേശുവിൽ അവരെ സ്ഥിരപ്പെടുത്തി, പള്ളിയും പള്ളിയ്ക്കടുത്ത മുറകളും ക്രമപ്പെടുത്തി, എവോദിയോസ് എന്ന മേല്പട്ടക്കാരനെയും അവിടെ നിശ്ചയിച്ചതിന്റെ ശേഷം, ക്ഷുദ്രക്കാരൻ ശെമഓൻ മാഗ്ഗൂസ് റോമ്മായിലുള്ള ക്രിസ്ത്യാനികളെ ചില എടത്തുടുകളാലെ തട്ടിക്കുന്നു എന്ന വർത്തമാനം കേട്ടു അവിടെ എത്തി. അവിടെ പൌലോസുമായി തമ്മിൽകണ്ടു ഇരുവരുടെയും യാത്രാഘോഷണവിവരവും ഫലവും തമ്മിൽ പറഞ്ഞു ക്രിസ്തുവിൽ സന്തോഷിക്കയും, അവിടെ തൽക്കാലം ഉണ്ടായ എടത്തുടിനെ നീക്കി ലീനോസ് എപ്പിസ്കോപ്പായെ സഭാകാര്യങ്ങൾ വിചാരിപ്പാൻ നിശ്ചയിച്ചു. അവിടെവച്ചു പൌലോസ് ശ്ലീഹായെപ്പോലെ തന്നെ ക്രിസ്താബ്ദം 64-ൽ മരണത്തിന്റെ കിരീടത്തെ പത്രോസ് ശ്ലീഹായും ഏററു". (28) ഇട്ടൂപ്പ് റൈട്ടരുടെ ഈ സഭാചരിത്രം മെത്രാൻ ബാവാകക്ഷി കേസിൽ ഒരു വിശിഷ്ട രേഖയായിട്ടാണ് "റോയൽ കോർട്ടു" വിധിയിലും മററും പരിഗണിച്ചിട്ടുള്ളതെന്നു് പ്രസ്താവ്യമത്രെ.

16. അന്ത്യോക്യാ പാത്രിയർക്കീസിന്റെ പ്രതിനിധിയായി കേരളത്തിൽ (മഞ്ഞനിക്കരെ) താമസിച്ചിരുന്ന മാർ

---

27) "പത്രോസ് ശ്ലീഹായും നീറോ രാജാവും" (എം. റി. ഇട്ടിരാകത്തനാർ) എം. ആർ. പി. പ്രസ്സ്, കുന്നംകുളം (1930), പുറം 2-8.

28) "മലങ്കരയുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം", പുറം 20-21.

www.malankaralibrary.com

ജൂലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സമുദായക്കേസിൽ മൊഴികൊടുക്കയിൽ ഇങ്ങനെ പറയുന്നു: "......ക്ലീമീസ് റോമ്മായിലെ രണ്ടാമത്തെയോ, മൂന്നാമത്തെയോ എപ്പിസ്കോപ്പാ ആയിരുന്നു ......ആദ്യമായി റോമ്മായിൽ സഭ സ്ഥാപിച്ചതു വി. പൌലോസാണു്. പിന്നീട്ട വി. പത്രോസ് റോമ്മായിൽ വന്നു. അതുകൊണ്ടു രണ്ടുപേരുംകൂടി സഭ സ്ഥാപിച്ചു എന്നു പറയപ്പെടുന്നു ...... അന്ത്യോക്യാ സിംഹാസനവും റോമ്മാസിംഹാസനവും പത്രോസിന്റെ സിംഹാസനമാണു്...... ...റോമ്മായിലെ സഭയുടെ ആദ്യസ്ഥാപകൻ വി. പൌലോസാണു്. എന്നാൽ പിന്നീട്ട വി. പത്രോസ് അവിടെ ചെന്നതിനാലും, അദ്ദേഹം അപ്പസ്തോല ശ്രേഷ്ഠനാകയാലും അദ്ദേഹത്തിന്റെ സിംഹാസനമായി റോമ്മാ അറിയപ്പെടുന്നുണ്ടു്......പത്രോസ് റോമ്മായിൽവച്ചു മരിച്ച കാലം മുതൽ ഇതറിയപ്പെടുന്നു." (29)

വി. പത്രോസിന്റെ റോമ്മാ നിവാസത്തിനും, സഭാസ്ഥാപനത്തിനും ഇത്ര ധാരാളമായ രേഖകൾ യാക്കോബായ സഭയിൽ ഉണ്ടായിട്ടും, അജ്ഞരെന്നപോലെ ആ സഭയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പുസ്തകങ്ങൾ ഇക്കാര്യങ്ങൾ കൊട്ടിഘോഷിച്ചിട്ടും സ്ഥാനവും മാനവുമുള്ള എത്രയോ യാക്കോബായക്കാരാണു വി. പത്രോസ് റോമ്മായിൽ കാലുകുത്തുകപോലും ചെയ്തിട്ടില്ലെന്നു വാശിയോടെ വാദിച്ചു സാധുക്കളായ കത്തോലിക്കരുടെ തല തല്ലിക്കീറാൻ ശ്രമിച്ചുവരുന്നതു്. ''കുഞ്ഞാങ്ങള ചത്താലും വേണ്ടുകയില്ല, നാത്തൂന്റെ കണ്ണുനീരു കാണണം'' എന്ന നീച മനഃസ്ഥിതിപോലെ, തങ്ങളുടെ സഭയും പിതാക്കന്മാരും പഠിപ്പിക്കുന്നവയ്ക്കു എതിരായാലും വേണ്ടുകയില്ല, കത്തോലിക്കാസഭയുടെ ഒരു വിശ്വാസസത്യം സമ്മതിച്ചുകൊടുക്കുവാൻ പാടില്ല എന്നുള്ള വാശിയും വൈരാഗ്യബുദ്ധിയുമല്ലേ യാക്കോബായ സഹോദരങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നതു്?

---

29) പൌരവാണി (സമുദായക്കേസ്), 117 മിഥുനം 8.

www.malankaralibrary.com

## 3. യവുനായ (ഗ്രീക്ക) സഭയിലെ സാക്ഷ്യങ്ങൾ.

1054-ൽ കത്തോലിക്കാസഭയിൽ നിന്നു വേർപിരിഞ്ഞ യവുനായ ശീശ്മസഭക്കാർ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആരാധനക്രമങ്ങളിൽ പല സ്ഥലത്തും വി. പത്രോസ് റോമ്മാസിംഹാസനത്തിലെ ആദ്യമെത്രാനാണെന്നു ഏററുപറയുന്നു. ഉദാഹരണത്തിന്, ചില സാക്ഷ്യങ്ങൾ താഴെ ചേൎക്കുന്നു.

1. വി. പത്രോസിൻെറ "ചങ്ങലയുടെ തിരുനാളിൽ" ചൊല്ലുന്ന പ്രാൎത്ഥനയിൽ പത്രോസിനെ സംബന്ധിച്ചു പറയുന്നു: "നീ അപ്പസ്തോലന്മാരുടെ മുഖ്യ അടിസ്ഥാനമാകുന്നു.......നീ റോമ്മായിലെ ആദ്യമെത്രാനാകയും ചെയ്തു". (30)

2. വി. പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാളിൽ ചൊല്ലുന്ന പ്രാൎത്ഥനയിൽ പ്രസ്താവിക്കുന്നു: "റോമ്മായുടെ അദ്ധ്യക്ഷനും, രാജ്യത്തിൻെറ കോശാധിപനും, വിശ്വാസത്തിൻെറ പാറയും, സാൎവ്വത്രികസഭയുടെ അടിസ്ഥാനവുമായ അവൻ (പത്രോസ്) വിശുദ്ധ കീൎത്തനങ്ങളാൽ പ്രകീൎത്തിക്കപ്പെടട്ടെ". (31)

3. ജൂൺമാസം 30-ാംനു സകല അപ്പസ്തോലന്മാരുടെയും ബഹുമാനാൎത്ഥം ചൊല്ലുന്ന പ്രാൎത്ഥനയിൽ ഇപ്രകാരം പറയുന്നു: "അല്ലയോ പത്രോസേ! റോമ്മായിലെ ആദ്യമെത്രാനായി നിയമിതനായ നീ എല്ലാ നഗരങ്ങളിലും വച്ചു ഏററവും വലിയ നഗരത്തിൻെറ സ്തുതിയും മഹത്വവും, സഭയുടെ അടിസ്ഥാനവുമായിത്തീൎന്നിരിക്കുന്നു. ക്രിസ്തു പ്രവചിച്ചതുപോലെ നരകവാതിലുകൾ ഒരിക്കലും അതിന്മേൽ പ്രബലപ്പെടുകയില്ല". (32)

---

30) Cardinal Pitra, "Hymnographie" p. 57; Cf. S. H. Scott, The Eastern churches and the Papacy, p. 13-14.

31) Ibid., p. 120. 32) Ibid., p. 37.

www.malankaralibrary.com

4. ഏഴാം ശതാബ്ദത്തിൽ റോമ്മാസിംഹാസനത്തെ അലങ്കരിച്ച വി. മർത്തീനോസ് മാർപ്പാപ്പായെ (649—655) ഏപ്രിൽ 13, സെപ്തംബർ 15, 20 എന്നീ തീയതികളിൽ അനുസ്മരിച്ചുകൊണ്ടു യവുനായസഭക്കാർ ഇപ്രകാരം ചൊല്ലുന്നു: "ഓ! മർത്തീനോസേ! ഏതു നാമത്തിലാണു നിന്നെ ഞാൻ വിളിക്കേണ്ടതു്? സകലർക്കും സത്യവിശ്വാസം നൽകുന്ന വിശ്രുത നേതാവെന്നു നിന്നെ ഞാൻ വിളിക്കട്ടെയോ? അഥവാ സത്യമല്ലാതെ മറ്റൊന്നും സംസാരിക്കാത്തവനും, ദൈവിക വിശ്വാസങ്ങളുടെ ദിവ്യപ്രമാണിയും, പ്രമാദത്തെ എത്രയും ശരിയായി ഭർത്സിക്കുന്നവനും എന്നു നിന്നെ ഞാൻ വിളിക്കട്ടെയോ? .... നീ മെത്രാന്മാരുടെ അടിസ്ഥാനവും, സത്യവിശ്വാസത്തിന്റെ തൂണും, മതത്തിന്റെ ഗുരുവുമായിരുന്നെന്നു ഞങ്ങൾ അറിയുന്നു.......പത്രോസിന്റെ ദൈവിക സിംഹാസനത്തെ നീ അലങ്കരിച്ചു. അവന്റെ ദൈവിക പാറമേൽ നീ സഭയെ അചഞ്ചലമായി അന്നു പരിരക്ഷിച്ചതുകൊണ്ടു ഇപ്പോൾ നീ അവനോടു (പത്രോസിനോടു) കൂടി മഹത്വം പ്രാപിച്ചിരിക്കുന്നു." (33) റോമ്മാസിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പാ വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയും, മെത്രാന്മാരുടെയെല്ലാം പരമാദ്ധ്യക്ഷനുമാണെന്നു യവുനായ ശീശ്മ സഭ ഇക്കാലത്തും സമ്മതിച്ചു പറയുന്നതു കണ്ടാലും!

## 4 പ്രോട്ടസ്റ്റന്റു പണ്ഡിതന്മാരുടെ സാക്ഷ്യങ്ങൾ *

16–ാം ശതാബ്ദം തുടങ്ങി ഇക്കഴിഞ്ഞ ശതാബ്ദം

---

33) Nilles, Kalendarium, 1, 137—138; Cf. S. H. Scott, o. c., p, 274—275.

* Cf. Our Sunday Visitor, 24 th June 1934; "വി. പത്രോസ് റോമ്മ സന്ദർശിച്ചിട്ടുണ്ടോ?" (ശ്രീമാൻ എം. പീലിപ്പോസ് എം. എ, ബി. എൽ.) സി. ഇ. ജി. ലഘുപത്രിക, നമ്പർ 17, തിരുവല്ലാ (1935); തിരുസിംഹാസനാദരവു്", പുറം 60, 63.

വരെ ചില പ്രോട്ടസ്റ്റന്റുകാർ വി. പത്രോസിന്റെ റോമ്മാവാസത്തെ നിഷേധിച്ചിട്ടുണ്ടെങ്കിലും ആധുനികകാലത്തെ മിക്കവാറും എല്ലാ പ്രോട്ടസ്റ്റന്റ പണ്ഡിതന്മാരും കത്തോലിക്കാ സഭയുടെ ബദ്ധ വൈരികളായ യുക്തിവാദികളും ഇക്കാര്യം നിസ്സംശയമായി സ്വീകരിക്കുന്നുണ്ട്. ഇവരിൽ ഇംഗ്ലണ്ടിലും, ഫ്റാൻസിലും, ജർമ്മനിയിലുമുള്ള 40 പ്രോട്ടസ്റ്റൻറ പണ്ഡിതന്മാരുടെ പേരുകളും, അവരിൽ ചിലരുടെ സാക്ഷ്യങ്ങളും താഴെ ചേർക്കുന്നു.

1. ബരാത്തിയേ (Baratier)
2. ബാസ്നാഗ് (Basnag)
3. ബ്ലെക്ക് (Bleck)
4. ബ്ലേ Bleey 34)
5. ബ്ലെൻകിൻ (Blenkin )
6. ബ്ലോൻഡൽ (Blondel)
7. കാൽവിൻ (Calvin)
8. കേവ് (Cave)
9. ക്ലൂഡിയുസ് (Cludius)
10. ക്രെഡ്നർ (Credner)
11. ദെ വെററ് (De Wette)
12. ഇ. എച്ച്. ചെയിസ് (E. H. Chase) 35
13. എഫ്. ജെ. ജാക്സൺ (F. J. Jackson) 36
14. ഫ്രെഡറിക്ക് സ്പിത്താ (Friedr. Spitta) 37
15. ഗീസ്ലർ (Gieseler)
16. ഗ്രോസിയസ് (Grotius) 38

---

34) Studien U. Kritiken 9, 2 (1836) 1061-4.
35) Dictionary of the Bible 3 (1905) 769-79.
36) Evidence for the Martyrdom of Peter and Paul in Rome, Journal of Biblical Literature 46 (1927) 74-8.
37) 2 Petr. U. Judas, Halle 1885, P. 4.
38) In 1 Petr. 5, 13, Critici sacri 1731.

www.malankaralibrary.com

17. ഗ്വെറിക്ക് (Guerike)
18. ജി. വോളെൻബർഗ് (G. Wohlenberg) 39
19. ഹെയിൽസ് (Hales)
20. ഹെയിസ് (Hase)
21. ഹിൽഗെൻഫെൽഡ് (Hilgenfeld) 40
22. ഹുൺഡൗസൻ (Hundhausen) 41
23. എച്ച്. ലിയറ്റ്സ്മാൻ (H. Lietzmann) 42
24. ലാർഡ്നർ (Lardner)
25. മാക്ക്നൈറ്റ് (Macknight)
26. മാൻഗോൾഡ് (Mangold)
27. മെയർ (Meyer)
28. മിൻസ്റ്റർ (Mynster)
29. നിയാൻഡർ (Neander)
30. പിയെഴ്സൺ (Pearson)
31. സീഫെർട്ട് (Sieffert) 43
32. സ്റ്റെയിഗർ (Steiger)
33. ഊഗോ ഡെ ഗ്രോത്ത് (Ugo de groot)
34. അസ്സർ (Usser)

---

39) 1. 2 Petr. Jud. Kommertar zum N. T 15, Leipzig. 1915, P. XX.

40) Einleitung in d. N. T. Leipzig 1875, P. 620—5; Petrus in Rom, Zeitschr. f. wiss Theologie 15 (1872) 349—72 (Contra F. C. Banr); ib. 19 (1876) 57—80 (Contra E. Zeller) et 20 (1877) 486—508 (Contra R. A. Lipsius)

41) Die beiden Pontifical hereiben des Apostelfrusten Petrus (Mainz, 1878)

42) Petrus und Paulus in Rom, Bonn 1915, 2 ed. Berlin 1927, praesertim p. 226-38.

43) Protest. Realenzyklopadie 11, 524-8; 15, 199-203.

www.malankaralibrary.com

35. വീസിലർ (Wieseler) 44
35. വിസ്റ്റൺ (Whiston)
37. വിറ്റ്ബി (Whitby)
38. സാൻ (Zahn) 45
39. ലിപ്സിയൂസ് (Lipsius)
40. ഹർണാക്ക് (Harnack) 46

1. ഇവരിൽ കേവ് ഇപ്രകാരം എഴുതുന്നു: "വി. പത്രോസ് റോമ്മാനഗരത്തിൽ പോയിട്ടുണ്ടെന്നും, ചിരകാലം അവിടെ താമസിച്ചിട്ടുണ്ടെന്നും പ്രാചീനന്മാരുടെ നിരവധി സംഘങ്ങളോടുകൂടി ഞങ്ങളും നിരാക്ഷേപം സമ്മതിക്കുന്നു. ഇതിലേക്കുള്ള തെളിവായി ഒരു വിധത്തിലും നിഷേധിക്കുവാൻ സാധിക്കാത്തതും, ഏറ്റവും പുരാതനവുമായ സാക്ഷ്യങ്ങൾ ഞങ്ങൾ കാണിച്ചുതരാം." വി. ഇഗ്നാത്തിയോസ്, പപ്പീയാസ്, ഇരേനെയൂസ്, കൊറിന്ത്യായിലെ ദിവന്നാസ്യോസ്, അലക്സാണ്ട്റിയായിലെ ക്ലീമ്മീസ്, തെർത്തുല്യൻ, റോമ്മായിലെ കായൂസ്, ഒറിജൻ എന്നിവരുടെ സാക്ഷ്യങ്ങൾ * ഉദ്ധരിച്ചശേഷം അദ്ദേഹം തുടരുന്നു: "ആകയാൽ ഇത്ര ബഹുമാനാർഹമായ നാമങ്ങളുടെ ശേഷം, വിശ്രുതങ്ങളായ ഇത്രയധികം സാക്ഷ്യങ്ങളുടെ ശേഷം, ഇത്ര സ്പഷ്ടമായും അനസ്യൂതമായും സാക്ഷീകരിക്കപ്പെട്ടിരിക്കുന്ന ഒരു സംഗതിയെ ആർ സംശയാസ്പദമാക്കും?". (47)

---

44) Chronologie des apostolischen zeitalters, Gottingen 1848, p. 552-93.

45) Einleitung in das N. T. 1, 454-61.

46) Chronologie der altchristl. Literatur. 1, 240-43, 703-10.

* ഈ സാക്ഷ്യങ്ങൾ 3-ാം അദ്ധ്യായം, 2 മുതൽ 8 വരെയുള്ള അക്കങ്ങളിൽ കാണുക. (പുറം 29-36)

47) Dr. Cave, Script. Eccl. Hist. Lib. 5.

www.malankaralibrary.com

2. ഗ്രോസിയസ് പറയുന്നു: "പത്രോസ് റോമ്മായിൽ പോയതിനെ സംബന്ധിച്ച യാതൊരു ക്രിസ്ത്യാനിക്കും വാസ്തവത്തിൽ സംശയം ഉണ്ടായിരിക്കയില്ല". (48)

3. ലാർഡ്നർ ഇങ്ങനെ എഴുതുന്നു: "ഇക്കാര്യം (അതായതു് പത്രോസ് റോമ്മയിൽ ഉണ്ടായിരുന്നു എന്നുള്ളതു്) ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള യവനായക്കാരും, ലത്തീൻകാരും, സുറിയാനിക്കാരുമായ പുരാതന ഗ്രന്ഥകാരന്മാർ പൊതുവായും, അനിഷേധ്യമായും നിഷ്കപടമായും സമ്മതിച്ചിരിക്കുന്നു."

4. വിസ്സൺ ഇപ്രകാരം രേഖപ്പെടുത്തുന്നു: "പത്രോസ് റോമ്മായിൽ ഉണ്ടായിരുന്നു എന്നുള്ളതു പുരാതന ക്രിസ്തീയ ചരിത്രത്തിൽ ഏറ്റവും സ്പഷ്ടമായി പ്രശോഭിക്കുന്ന ഒരു സംഗതിയായിരിക്കെ ഏതെങ്കിലും ഒരു പ്രൊട്ടസ്റ്റൻറുകാരൻ അതിനെ നിഷേധിച്ചെന്നു സമ്മതിക്കുന്നതു് എല്ലാ പ്രൊട്ടസ്റ്റൻറുകാർക്കും ലജ്ജാവഹമായ ഒരു സംഗതിയാകുന്നു".

5. പിയേഴ്സൺ ഇങ്ങനെ എഴുതുന്നു: "പത്രോസ് റോമ്മിൽ സുവിശേഷം പ്രസംഗിച്ചു അവിടെ രക്തസാക്ഷിയായി മരിച്ചു എന്നുള്ള വിശ്വാസം ആരംഭകാലം തുടങ്ങി പരമ്പരയാ നമുക്കു സിദ്ധിച്ചിരിക്കുന്നതുകൊണ്ടും, പത്രോസോ പൗലോസോ വേറെ ഏതെങ്കിലും സ്ഥലത്തു രക്തസാക്ഷിമകുടം പ്രാപിച്ചതായി ഇതുവരെ ആരും പറഞ്ഞിട്ടില്ലാത്തതുകൊണ്ടും ഈ വാദത്തെ (പത്രോസു റോമ്മായിൽ ഉണ്ടായിരുന്നു എന്ന വാദത്തെ) പൂർണ്ണ ഉറപ്പോടുകൂടി സമ്മതിക്കാമെന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ ഇത്ര വലിയ അപ്പസ്തോലൻ (പത്രോസു) ആർക്കും അദ്ദേഹത്തിന്റെ മരണസ്ഥലം രേഖപ്പെടുത്താൻ സാദ്ധ്യമല്ലാത്തവിധം അത്ര അജ്ഞാതമായി മരിച്ചിരിക്കും എന്നു് ആർക്കു വിശ്വസിക്കാൻ കഴിയും?".

---

48) Grotius, o. c.

www.malankaralibrary.com

6. വോളൻബർഗ് പറയുന്നു: "പത്രോസ് റോമ്മായിൽ പോയെന്നും, അവിടെ പ്രേഷിതവൃത്തി ചെയ്തെന്നും, രക്തസാക്ഷിത്വം കൈവരിച്ചു എന്നും ഉള്ള സംഗതികൾ ഇനിയും നിഷേധിച്ചുകൊണ്ടു പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ വിലയുള്ളതായി കരുതുവാൻ നിവൃത്തിയില്ല." (49)

7. യോർക്കിലെ പ്രോട്ടസ്റ്റന്റു മെത്രാപ്പോലീത്തായുടെയും, ഡോക്ടർ എല്ലിക്കോട്ടിന്റെയും, മററു ചില പ്രോട്ടസ്റ്റന്റു പണ്ഡിതന്മാരുടെയും അഭിപ്രായങ്ങൾ 2-ാം അദ്ധ്യായം 9ൽ 7, 8 എന്നീ അക്കങ്ങളിൽ കാണുക. (പുറം 18-21)

8. പ്രോട്ടസ്റ്റന്റു മതപരിവർത്തകന്മാരിൽ അഗ്രഗണ്യനായ കാൽവിൻ ഇങ്ങനെ എഴുതുന്നു: "പത്രോസു റോമ്മായിൽ വച്ചു മരിച്ചു എന്നുള്ളതു ഗ്രന്ഥകാരന്മാരുടെ ഐകകണ്ഠ്യനയുള്ള സമ്മതം നിമിത്തം അനിഷേധ്യമായ ഒരു വസ്തുതയായിത്തീർന്നിരിക്കുന്നു." (50)

9. ബരത്തിയേ എന്ന പ്രോട്ടസ്റ്റന്റു പണ്ഡിതൻ എഴുതുന്നു: "വി. പത്രോസ് റോമ്മായിൽ വസിച്ചു എന്നുള്ളതു പുരാതനലോകം മുഴുവൻ സാക്ഷീകരിക്കുന്ന ഒരു സംഭവമായിരിക്കെ, പ്രോട്ടസ്റ്റന്റുകാരിൽതന്നെ ചിലർ ഇതിനെ സംശയസ്ഥാനത്തേക്കു വലിച്ചിഴച്ചു എന്നു സമ്മതിച്ചു പറയേണ്ടിവരുന്നതിൽ ഞാൻ ലജ്ജിക്കുന്നു".

10. ബ്ളെൻകിൻ എന്ന പ്രോട്ടസ്റ്റന്റു പണ്ഡിതൻ "സ്കൂളുകൾക്കും കോളേജുകൾക്കുമായുള്ള കെയിംബ്രിഡ്ജ് ഗ്രീക്കുനിയമം" എന്ന അഭിധാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു: "വി. പത്രോസിന്റെ റോമ്മായിലെ പ്രേഷിതവൃത്തിയും രക്തസാക്ഷിത്വവും പാപ്പാമാരുടെ അവകാശങ്ങളുടെ ഒരു ബാധകമെരിക്കപോലും തർക്കിച്ചു ഏതെങ്കിലും തരത്തിൽ ജയം നേടുവാൻ സാധിക്കാത്തവിധം അത്ര പ്രാചീനവും, അത്രമാത്രം പ്രചാരം സിദ്ധിച്ചിട്ടുള്ളതും, അത്ര സർവ്വസമ്മതവുമായ തെളിവിനാൽ

---

49) G. Wohlenberg, o. c.
50) Calvin, Lib. instit. C. 6, 18.

www.malankaralibrary.com

സാക്ഷീകരിക്കപ്പെട്ടിരിക്കുന്നു". (51) റോമ്മായിലെ ക്ലീമീസ്, ഇഗ്നാത്തിയോസ്, പപ്പീയാസ്, കൊറിന്ത്യായിലെ ദിവന്നാസ്യോസ് ആദിയായി ആദിമകാലങ്ങളിലെ പലരുടെ സാക്ഷ്യങ്ങൾ (52) അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്.

11. ഗീസ്ലർ എന്ന പ്രോട്ടസ്റ്റന്റു പണ്ഡിതൻ ഇങ്ങനെ എഴുതുന്നു: "മദ്ധ്യശതകത്തിൽ ജീവിച്ചിരുന്നവരും, പാപ്പാധിപത്യത്തിന്റെ ശത്രുവുമായിരുന്ന ഏതോ ഒരാളുടെ *അവാസ്തവപ്രസ്താവനകളെ അടിസ്ഥാനമാക്കിക്കൊണ്ടു വാദപ്രതിവാദത്തിനുവേണ്ടി മാത്രമാണു ചില പ്രോട്ടസ്റ്റന്റുകാർ വി. പത്രോസ് റോമ്മായിൽ പോയിട്ടുണ്ടെന്നുള്ള സത്യത്തെ നിഷേധിച്ചിട്ടുള്ളതു". (53)

12. ചെയിസ് രേഖപ്പെടുത്തുന്നു: "The strength of the case for St. Peter's visit to and martyrdom at Rome lies not only in the absence of any rival tradition, but also in the fact that many streams of evidence converge to this result". (54) "റോമ്മാ നഗരത്തെ വി. പത്രോസ് സ

---

51) Blenkin, Cambridge Greek Testament for schools and Colleges, p. XVI.

52) മുകളിൽ 3-ാം അദ്ധ്യായത്തിൽ 1 മുതൽ ഉള്ള അക്കങ്ങളിൽ ഈ സാക്ഷ്യങ്ങൾ കാണുക (പുറം 22.)

* പതാവിയാ സ്വദേശിയായ മർസീലിയസിന്റെ കാര്യമാണ് ഗ്രന്ഥകാരൻ ഇവിടെ സൂചിപ്പിക്കുന്നതു് (1-ാം അദ്ധ്യായം കാണുക).

53) Gieseler, Lehrb. der Kirchengesch., 2 ed., I, 89.

54) F. H. Chase (afterwards Bishop of Ely) in Hasting's Dicionary of the Bible, iii, 777 (Cf. P. 21, n. 1)

www.malankaralibrary.com

ദർശിക്കയും അവിടെ വച്ച് അദ്ദേഹം രക്തസാക്ഷിയായി മരിക്കയും ചെയ്തു എന്നുള്ള പ്രതിപാദ്യ വിഷയത്തിന്റെ പ്രാബല്യം, അതിനു വിപരീതമായ യാതൊരു പാരമ്പര്യ വിശ്വാസവുമില്ലെന്നുള്ള കാര്യത്തിൽ മാത്രമല്ല അടങ്ങിയിരിക്കുന്നത്, പ്രത്യുത ഈ അനുമാനത്തിലേക്കു എത്തിച്ചേരുന്ന നിരവധി തെളിവുകളുടെ പ്രവാഹങ്ങൾ തന്നെ ഈ വിഷയത്തിൽ ഉണ്ടെന്നുള്ള വസ്തുതയിലും അടങ്ങിയിരിക്കുന്നു."

13. കത്തോലിക്കാ സഭയോടു ഒട്ടും അനുഭാവമില്ലാത്തവനും, ഒരു യുക്തിവാദിയുമായ ലിപ്സിയൂസ് പറയുന്നു: "If ever the Prince of the Apostles set foot in the Eternal City he certainly did not go as a simple traveller, but in virtue of his Apostolic power; and his martyrdom, in that case, forms but the glorious ending of his official labour among the Romans. And if, as many Protestants also hold, the episcopate is of divine institution, then the claim of the Roman Church to trace her episcopal succession back to Peter is, after all, not so very absurd". (55)

"അപ്പോസ്തോല പ്രമുഖൻ നിത്യനഗരത്തിൽ (റോമായിൽ) കാലുകുത്തിയിട്ടുണ്ടെങ്കിൽ നിശ്ചയമായും വെറും ഒരു വഴിയാത്രക്കാരനായിട്ടല്ല, പ്രത്യുത അപ്പോസ്തോലിക അധികാരം നിമിത്തമായിട്ടാണ് അവിടെ പോയത്. അങ്ങനെയെങ്കിൽ അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം റോമൻ ജനതയുടെ ഇടയിൽ അദ്ദേഹം ചെയ്ത ഔദ്യോഗികപ്രവർത്തനത്തിന്റെ മംഗളകരമായ ഒരു പര്യവസാനമത്രെ. പല പ്രോട്ടസ്റ്റന്റുകാരും സമ്മതിക്കുന്നതുപോലെ മെത്രാൻ സ്ഥാനം

55) Quoted by Schanz in Apology, iii, 476 (Trans); Cf. 69, n. 1; Cf. H. S. Scott, o. c. p. 383.

www.malankaralibrary.com

ദൈവികമായ ഒരു സ്ഥാപനമാണെങ്കിൽ റോമ്മായിലെ മെത്രാൻ സ്ഥാനത്തിന്റെ പിന്തുടർച്ച പിറകോട്ടു എണ്ണി പത്രോസിൽ സംഘടിപ്പിക്കാമെന്നുള്ള റോമ്മാസഭയുടെ അവകാശവാദം വാസ്തവത്തിൽ അത്ര അർത്ഥശൂന്യമല്ല". വി. പത്രോസ് റോമ്മായിൽ പോയിട്ടുണ്ടെങ്കിൽ അവിടെ സഭ സ്ഥാപിക്കുകയോ, മെത്രാനായി ഭരണം നടത്തുകയോ ചെയ്തിട്ടില്ലെന്നും, നേരെമറിച്ചു മരിക്കാൻവേണ്ടി മാത്രമാണ് അവിടെ പോയതെന്നും വാദിക്കുന്നവരുടെ കുയുക്തികൾക്കു എത്രയോ വിപരീതമാണ് ക്രിസ്തുമത വിദ്വേഷിയായ ഈ യുക്തിവാദിയുടെ പ്രസ്താവനം.

14. കത്തോലിക്കാസഭയുടെ ബദ്ധശത്രുവും, യുക്തിവാദികളിൽ പ്രഥമഗണനീയനുമായ ഹർണാക്കു ഇങ്ങനെ രേഖപ്പെടുത്തുന്നു: "ഒന്നാമതായി പ്രതിഷേധിക്കുന്നതിനും, രണ്ടാമതായി വിമർശിക്കുന്നതിനുമുള്ള ആകാംക്ഷനിമിത്തം ഉത്ഭൂതമായ മുൻവിധികളുടെ ഫലമായിട്ടാണു റോമ്മായിൽ നടന്ന വി. പത്രോസിന്റെ രക്തസാക്ഷിത്വം വാദപ്രതിവാദവിഷയമായി പരിണമിച്ചതു്. ഈ രണ്ടു കാരണങ്ങളാലും അതിപ്രധാനങ്ങളായ ചരിത്രസത്യങ്ങൾ സമ്പാദിക്കുന്നതിനു് അവാസ്തവ പ്രസ്താവന സഹായിച്ചിട്ടുണ്ടു്. ഇങ്ങനെ അവാസ്തവപ്രസ്താവന വാസ്തവത്തിൽ ഉപകാരം ചെയ്തിരിക്കുന്നു. ഒരിക്കൽ അവാസ്തവ പ്രസ്താവനയായിരുന്നതു് ഇപ്പോൾ നിഷ്പക്ഷബുദ്ധ്യാ സത്യം അന്വേഷിക്കുന്ന ആർക്കും പ്രസ്പഷ്ടമായിരിക്കുന്നു. പുരാതന പാരമ്പര്യത്തിനു് എതിരായി പോരാടിയ ബൗറിന്റെ (Baur) വിമർശന സന്നാഹമെല്ലാം * യഥാർത്ഥത്തിൽ ഇന്നു യാതൊരു വിലയും ഇല്ലാത്തതായി പ-

* വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള പുരാതനവിശ്വാസം തെറ്റാണെന്നു സ്ഥാപിക്കുവാൻ ബൗർ എന്ന പ്രോട്ടസ്റ്റന്റ ഗ്രന്ഥകാരൻ വളരെയധികം ശ്രമിച്ചിട്ടുണ്ടു്. ഈ പരിശ്രമങ്ങളെല്ലാം പരാജയമടഞ്ഞ കാര്യമാണു ഹർണാക്കു് ഇവിടെ പ്രസ്താവിക്കുന്നതു്.

www.malankaralibrary.com

ഗണിക്കപ്പെട്ടുവരുന്നു. (56) ഹിൽജൻഫെൽഡ്, ഹെയിസ്, ഗ്ലവെറിക്ക്, നിയാൻഡർ, സാൻ ആദിയായ പ്രോട്ടസ്റ്റന്റ പണ്ഡിതന്മാരെല്ലാം ഹർണാക്കിന്റെ ഈ അഭിപ്രായത്തോടു പരിപൂർണ്ണമായി യോജിക്കുന്നു. (57)

മാന്യ വായനക്കാരേ, കത്തോലിക്കാസഭയെ ദ്വേഷിക്കുന്ന പ്രോട്ടസ്റ്റന്റ പണ്ഡിതന്മാർ മാത്രമല്ല, ക്രിസ്തുമതത്തെത്തന്നെയും നാമാവശേഷമാക്കുന്നതിന് അക്ഷീണയത്നം ചെയ്തിട്ടുള്ള യുക്തിവാദികളും, നിർമ്മത പ്രസ്ഥാനക്കാരും, നിരീശ്വരന്മാരും കൈക്കൂപ്പി സമ്മതിക്കയും നിഷേധിക്കുന്നതിനു ലജ്ജിക്കയും ചെയ്യുന്ന സത്യത്തെയാണ്—വി. പത്രോസ് റോമായിൽ സഭ സ്ഥാപിച്ചു അവിടെത്തന്നെ രക്തസാക്ഷിയായി മരിച്ചു എന്നുള്ള ചരിത്രസംഭവത്തെയാണ്—ഇപ്പോൾ മുക്കിലും മൂലയിലും ഇരിക്കുന്ന ചില "മുറിവിദ്യക്കാർ" നിഷേധിച്ചുകൊണ്ടു സാധു ജനങ്ങളുടെ ഇടയിൽ "മിടുക്കുചമ"യുന്നതു. ഒരു പട്ടികടിച്ചു കടിച്ചു പൊട്ടിക്കാൻ നിവൃത്തിയില്ലാതെ മടുത്തു ഉപേക്ഷിച്ച എല്ലു വേറെ ഒരു പട്ടി എടുത്തു നിരുപമരസപ്രീതിയോടുകൂടി കടിക്കാറുണ്ട്. പതിനാറാം ശതാബ്ദം മുതൽ ഇക്കഴിഞ്ഞ ശതാബ്ദംവരെ ചില പ്രോട്ടസ്റ്റന്റുകാർ എടുത്തു ഉപയോഗിച്ചെങ്കിലും ഒട്ടും ഫലിക്കാതെ ഉപേക്ഷിച്ചിട്ടുള്ള "പഴഞ്ചൻ ചരക്കുകളെ"—ആധുനികകാലത്തെ പ്രോട്ടസ്റ്റന്റ പണ്ഡിതന്മാരൊടൊപ്പം യുക്തിവാദികൾ, നിരീശ്വരന്മാർ എന്നിവർപോലും തള്ളിക്കളഞ്ഞിട്ടുള്ള ചപ്പുചവറുകളെ—ആണു യാക്കോബായ സഭയിലെ ഒരു പട്ടക്കാരനായ ബ. കെ. റ്റി. സഖറിയാസ് കുഗ്രാമങ്ങളിലെന്നപോലെ തിരുവിതാംകൂറിലെ ചില പ്രധാന പട്ടണങ്ങളിലും അവയുടെ പരിസരപ്രദേശങ്ങളിലും നിർലജ്ജം കോരിവിളമ്പുന്നതു! ഇരിക്കുന്ന കൂട്ടിൽത്തന്നെ കാഷ്ഠിക്കുന്ന ചില പക്ഷികളെപ്പോലെ യാക്കോബായ

---

56) Harnack, Gesch. der altchr. Lit. Chronologie, II, 1, p, 244, n. 2. (57) Albers S. J. o. c. p. 52.

www.malankaralibrary.com

സഭയെ തന്നെ ജനതാമദ്ധ്യത്തിൽ അവഹേളനപാത്രമാക്കി, ആ സഭയുടെ "നാട്ടം മൂട്ടം" മറന്നും — മുകളിൽ ഉദ്ധരിച്ചിട്ടുള്ളതും, യാക്കോബായസഭ സ്വീകരിച്ചുവരുന്നതും, വി. കുർബാനയിൽപോലും ഏറ്റുപറയുന്നതുമായ നിരവധി പരിശുദ്ധ പിതാക്കന്മാരുടെയും, പുരാതന ഗ്രന്ഥകാരന്മാരുടെയും, ഔദ്യോഗിക ഗ്രന്ഥങ്ങളുടെയും പ്രസ്പഷ്ടമായ സാക്ഷ്യങ്ങളെ നിശ്ശേഷം വിസ്മരിച്ചും സധൈര്യം തട്ടിക്കളഞ്ഞും — പ്രസംഗങ്ങൾ നടത്തി തിമിർത്തുനടക്കുന്ന ഈ അച്ചനെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ഒരു മഹാ ദൈവദൂതനെപ്പോലെ യാക്കോബായ പട്ടക്കാരും പ്രമാണികളും പരിഗണിച്ച് അദ്ദേഹത്തെ അനേകസ്ഥലങ്ങളിൽ പ്രസംഗിക്കുവാൻ എഴുന്നെള്ളിച്ചുകൊണ്ടു നടക്കുന്നതിന്റെ രഹസ്യം എന്താണെന്നു മാന്യവായനക്കാർ തന്നെ സാവകാശം ചിന്തിച്ചു കണ്ടുപിടിച്ചുകൊള്ളും!

---

# അദ്ധ്യായം 5.

## എതിർവാദങ്ങളും പ്രത്യുത്തരങ്ങളും.

വി. പത്രോസ് റോമായിൽ പോയി സുവിശേഷം പ്രസംഗിച്ചു സഭ സ്ഥാപിച്ചിട്ടില്ലെന്നു് പറയുന്നവരുടെ പ്രധാന വാദമുഖങ്ങളും അവയ്ക്കുള്ള പ്രത്യുത്തരങ്ങളും താഴെ ചേർക്കുന്നു. (1)

---

1) Cf. "അന്ത്യോക്യായും റോമായും" (എം. ആർ. പി. പ്രസ്സ്, കുന്നംകുളം, 1930) എന്ന ഗ്രന്ഥത്തിലും, മി. കെ. എൻ. ദാനിയേലിന്റെ പാപ്പായുടെ ആധിപത്യം എന്ന ഗ്രന്ഥത്തിലും — 1927 (പുറം 60–70), നിരണം ഇടവകയുടെ മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ. മാർ തോമസ് ദിവന്നാസ്യോസിന്റെ മെത്രാഭിഷേകാവസരത്തിൽ റാവുസാഹിബ് ഒ. എം. ചെറിയാൻ പറഞ്ഞ പ്രസംഗത്തിലും താഴെ കൊടുത്തിരിക്കുന്ന വാദങ്ങളിൽ മിക്കതും കാണാവുന്നതാണ്. (കത്തോലിക്കാസഭയുടെ വിശ്വാസം യാക്കോബായക്കാർക്ക് സ്വീകാര്യമോ?, പുറം 1–21 കാണുക)

www.malankaralibrary.com

1. വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചു എന്നുള്ളത് പ്രധാനമായ ഒരു സംഗതിയാണെന്നാണ് കത്തോലിക്കർ വിശ്വസിക്കുന്നത്. ആകയാൽ വേദപുസ്തകത്തിൽ ഇതിന് വളരെ സ്പഷ്ടമായ സാക്ഷ്യങ്ങൾ കാണേണ്ടതാണ്. എന്നാൽ വേദപുസ്തകത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് യാതൊരു രേഖയും കാണുന്നില്ല. ആകയാൽ വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചിട്ടില്ല. *

ഉത്തരം:– 1) വി. പത്രോസ് റോമ്മായിൽ പോയി സഭ സ്ഥാപിച്ചതിനെപ്പററിയുള്ള സാക്ഷ്യങ്ങൾ ധാരാളമായി വേദപുസ്തകത്തിൽ കാണാത്തതുകൊണ്ട് അദ്ദേഹം റോമ്മായിൽ സഭ സ്ഥാപിച്ചിട്ടില്ലെന്നുള്ള വാദം യുക്തിപൂർവ്വകമല്ലെന്ന് 2–ാം അദ്ധ്യായം 1 മുതൽ 8 വരെയുള്ള അക്കങ്ങളിൽ കാണുക (പുറം 4–13).

2) വി. പത്രോസിന്റെ 1–ാം ലേഖനം 5–ാം അദ്ധ്യായം 13–ാ വാക്യത്തിൽ നിന്നും, വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്നും റോമ്മായിൽ വി. പത്രോസ് സുവിശേഷം പ്രസംഗിച്ചു സഭ സ്ഥാപിച്ചതായി തെളിയുന്നുണ്ട്. (രണ്ടാമദ്ധ്യായം 9,10 എന്നീ അക്കങ്ങൾ കാണുക, പുറം 13, 21) ആകയാൽ വി. പത്രോസിന്റെ റോമ്മാ വാസത്തെയും, സഭാസ്ഥാപനത്തെയും സംബന്ധിച്ച് വേദപുസ്തകത്തിൽ തെളിവൊന്നുമില്ലെന്നു പറയുന്നത് ശരിയല്ല.

3) സർവ്വ പ്രധാനമായ പല വിശ്വാസവിഷയങ്ങൾക്കും ആചാരങ്ങൾക്കും വേദപുസ്തകത്തിൽ തെളിവൊന്നുമില്ല. ഉദാഹരണമായിട്ട് പഴയനിയമത്തിൽ ആജ്ഞാപിക്കപ്പെട്ടിരുന്ന ശനിയാഴ്ചയ്ക്കു പകരം പുതിയനിയമത്തിൽ ഞായറാഴ്ചയെ ശുദ്ധമായി ആചരിക്കണം; കുട്ടികൾക്കു മാമോദീസാ നൽകണം; സ്ത്രീകൾക്കു പട്ടം കൊടുത്തുകൂടാ എന്നിങ്ങനെയുള്ള സർവ്വപ്രധാനങ്ങളായ വിശ്വാസവിഷയങ്ങളെയും, ആ

---

* അന്ത്യോക്യായും റോമ്മായും, പുറം 6, 70.

www.malankaralibrary.com

ചാരങ്ങളെയും വേദപുസ്തകത്തിൽ നിന്നു് സാക്ഷ്യങ്ങൾ ഉദ്ധരിച്ചു് സ്ഥാപിക്കാൻ ഈ വിശ്വാസാചാരങ്ങളെ സ്വീകരിക്കയും, വേദപുസ്തകത്തെ വിശ്വാസത്തിന്റെ ഏകാധാരമായി പരിഗണിക്കയും ചെയ്യുന്ന പ്രോട്ടസ്റ്റാൻറുകാർ തന്നെയും സാധിക്കുന്നില്ല. മാത്രമല്ല, വേദപുസ്തകത്തിലെ ഓരോ ഗ്രന്ഥവും സാക്ഷാൽ വേദപുസ്തകമാണെന്നു് വേദസാക്ഷ്യങ്ങളിൽ നിന്നല്ല, പ്രത്യുത ഇതര ചാരിത്രരേഖകളിൽ നിന്നാണു് നാം അറിയുന്നതു്. കത്തോലിക്കാസഭയുടെ നിർദ്ദേശപ്രകാരം വേദപുസ്തകത്തിൽ ആകെ 73 ഗ്രന്ഥങ്ങളുണ്ടെങ്കിലും ആകെ 66 ഗ്രന്ഥങ്ങളേ ഉള്ളു എന്ന വിശ്വാസം പ്രോട്ടസ്റ്റൻറുകാർ സർവ്വപ്രധാനമായ ഒന്നാണു്. ഇതിനും വേദപുസ്തകത്തിൽ യാതൊരു രേഖയുമില്ല. ആ സ്ഥിതിക്കു് വി. പത്രോസു് റോമ്മായിൽ സഭ സ്ഥാപിച്ചു എന്നുള്ളതു് പ്രധാനപ്പെട്ട ഒരു സംഗതിയാണെങ്കിലും വേദപുസ്തകത്തിൽ അതിനു സാക്ഷ്യമില്ല എന്ന കാരണത്താൽ അതു് വിശ്വാസയോഗ്യമല്ലെന്നു് വരുന്നതല്ല.

*   *   *   *

2. വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചു് അവിടെ രക്തസാക്ഷിയായി മരിച്ചിരുന്നെങ്കിൽ അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ അക്കാര്യം പറയുകയില്ലായിരുന്നോ? (2)

ഉത്തരം:—അപ്പോസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ ഇക്കാര്യം പറയാത്തതു് എന്തുകൊണ്ടാണെന്നു് 2-ാം അദ്ധ്യായം, 6-ാം അക്കത്തിൽ കാണുക. (പുറം 8)

*   *   *   *

3. വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചിരുന്നെങ്കിൽ അക്കാര്യം വി. പത്രോസു് തന്നെ എഴുതിയ രണ്ടു ലേഖനങ്ങളിലെങ്കിലും പറയുകയില്ലായിരുന്നോ?

---

2) അന്ത്യോക്യായും റോമ്മായും, പുറം 41-42, 70.

www.malankaralibrary.com

ഉത്തരം:_ 1) വി. പത്രോസിന്റെ 1_ാം ലേഖനം, 5_ാം അദ്ധ്യായം 13_ാം വാക്യത്തിൽ ഇക്കാര്യം പറയുന്നുണ്ടു്. (2_ാം അദ്ധ്യായം 7, 9 എന്നീ അക്കങ്ങൾ കാണുക പുറം 11, 13.)

2) വേദപുസ്തകത്തിലെ പല ഗ്രന്ഥങ്ങളും ഇന്നാർ ഇന്നസ്ഥലത്തു വച്ചു്, ഇന്നകാലം എഴുതി എന്നുള്ളതിനു് തെളിവുകൾ അവയിൽത്തന്നെ ഉള്ളതായി നാം കാണുന്നില്ല. സുവിശേഷഗ്രന്ഥങ്ങൾ പോലും എഴുതിയ ആളുകൾ, അവ എഴുതപ്പെട്ട സ്ഥലം, കാലം എന്നിവ ഇതര ചരിത്രരേഖകളിൽ നിന്നാണു് നാം അറിയുന്നതു്. വി. പൌലോസ് എഴുതിയ കൊറിന്ത്യർക്കുള്ള രണ്ടാം ലേഖനത്തിന്റെയും, ഗലാത്യാക്കാർക്കുള്ള ലേഖനത്തിന്റെയും, തിമോത്തിയോസിനു് എഴുതിയ ഒന്നാം ലേഖനത്തിന്റെയും സ്ഥലകാലങ്ങളെപ്പററി ഭിന്നാഭിപ്രായങ്ങളുണ്ടു്. വി. യോഹന്നാന്റെ മൂന്നു ലേഖനങ്ങളിൽ ഒന്നിന്റെ പോലും സ്ഥലകാലങ്ങളെപ്പററി സുനിശ്ചിതമായ ജ്ഞാനം നമുക്കില്ല. എഫേസ്യർക്കും, ഫിലിപ്പോസ്കാർക്കും, കൊലൊസോസ്കാർക്കും, ഫിലിമോനുമുള്ള ലേഖനങ്ങളും തിമോത്തിയോസിനുള്ള രണ്ടാം ലേഖനവും റോമ്മായിലെ കാരാഗൃഹവാസത്തിനിടയിലാണു് വി. പൌലോസ് എഴുതിയതെന്നു് ഈ ലേഖനങ്ങളിലെ ചില വാക്യങ്ങളിൽ നിന്നു് അനുമാനിക്കാം. (3) എബ്രായക്കാർക്കുള്ള ലേഖനം എഴുതിയതു് ഇത്താലിയായിൽ—റോമ്മിൽ—വച്ചാണെന്നു് സ്പഷ്ടമായി പറയുന്നു. (4) വി. പൌലോസു് റോമ്മായിൽ നിന്നെഴുതിയ ഈ ലേഖനങ്ങളിൽ ഒന്നിലെങ്കിലും റോമൻ സഭയെപ്പററിയോ, തന്നെപ്പററിയോ, റോമ്മായിലെ ക്രിസ്ത്യാനികൾ മതപീഡനം നിമിത്തം അനുഭവിച്ചിരുന്ന പീഡകളെപ്പററിയോ ഉള്ള വിവരങ്ങൾ വിദൂരസ്ഥരായ തന്റെ മക്കളെ അറിയിക്കുന്നില്ല. ഇപ്രകാരമുള്ള വിശേഷങ്ങളൊക്കെ ത

---

3) Cf. എഫേസ്യ, 3, 1; 4, 1; 6, 19; ഫിലിപ്പോ. 1, 7-14; കൊലൊ. 4, 10. 18; ഫിലിമോ. 9. 10. 13. 23; 2 തിമോ. 4, 6-8.

4) എബ്രായ. 13, 25.

www.malankaralibrary.com

ന്റെ ലേഖനം കൊണ്ടുവരുന്നവരിൽ നിന്നു് അറിഞ്ഞുകൊള്ളണമെന്നത്രേ എഫേസ്യാക്കാർക്കും കൊലൊസ്സോസ്‌കാർക്കും അയച്ച ലേഖനത്തിൽ അദ്ദേഹം പറയുന്നതു്. (5) തന്റെ മക്കളെ വിശ്വാസത്തിലും ക്രിസ്തീയ ജീവിതത്തിലും ഉറപ്പിക്കുവാൻ ഉപയുക്തമായ കാര്യങ്ങളാണു് വ്യക്തിപരമായ കാര്യങ്ങളെക്കാൾ — ലോകവർത്തമാനങ്ങളെക്കാൾ — അവരെ അറിയിക്കുന്നതിനു് വി. പൌലോസ് അഭിലഷിക്കുന്നതു്. ഇതുപോലെ തന്നെ വിശുദ്ധ പത്രോസ് എഴുതിയ രണ്ടു ലേഖനങ്ങളിൽ ആ ലേഖനങ്ങൾ റോമ്മായിൽവച്ചു് എഴുതപ്പെട്ടതാണെന്നു് പ്രത്യേകം പറയാത്തതുകൊണ്ടോ, റോമ്മിലെ സഭയെപ്പറ്റിയോ, അവിടത്തെ ക്രിസ്ത്യാനികളെപ്പറ്റിയോ യാതൊരു വിവരവും വിദൂരസ്ഥരായ വിശ്വാസികളെ അറിയിക്കാത്തതുകൊണ്ടോ വി. പത്രോസ് റോമ്മായിൽ പോയി സഭ സ്ഥാപിച്ചിട്ടില്ലെന്നും, അവിടെവച്ചു് ലേഖനം എഴുതിയിട്ടില്ലെന്നും അനുമാനിക്കുന്നതു് ശരിയായിരിക്കയില്ല.

* * * *

4. വി. പത്രോസ് 25 വർഷം, അതായതു് ക്രിസ്ത്വാബ്ദം 42 മുതൽ 67 വരെ റോമ്മാസിംഹാസനത്തിൽ മെത്രാനായി വാണു എന്നാണല്ലോ കത്തോലിക്കർ പറയുന്നതു്. എന്നാൽ ക്രിസ്ത്വാബ്ദം 50-ൽ ജെറുശലേമിൽ നടന്ന സൂനഹദോസിൽ വി. പത്രോസ് സംബന്ധിച്ചിരുന്നതായി നടപടി പുസ്തകത്തിൽ പറയുന്നുണ്ടു്. (6) ഈ കാലഘട്ടത്തോടടുത്തു് വി. പൌലോസ് ഗലാത്തിയാക്കാർക്കു ലേഖനം എഴുതുകയിൽ പത്രോസിനെ അന്ത്യോക്യായിൽവച്ചു് അദ്ദേഹം നേരിട്ടുകണ്ടു് എതിർവാദം ചെയ്തതായി പറയുന്നു. (7) ആകയാൽ പത്രോസ് റോമ്മായിൽ 25 വർഷം മെത്രാനായി വാണിട്ടില്ലെന്നു മാത്രമല്ല റോമ്മായിൽ പോയിട്ടുപോലുമില്ല. (8)

---

(5) Cf. എഫേസ്യ. 6, 21-22; കൊലൊ. 4, 7-9.
6) നട. 15, 7-12. (7) ഗലാ. 2, 11. (8) അന്ത്യോക്യായും റോമ്മായും, പുറം 15—19.

www.malankaralibrary.com

ഉത്തരം:— വി. പത്രോസ് റോമാസിംഹാസനത്തിലെ ആദ്യത്തെ മെത്രാനായിരുന്നു എന്നു വിശ്വസിക്കണമെന്നല്ലാതെ റോമായിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ചതു വി. പത്രോസാണെന്നോ, ദീർഘകാലം അഥവാ 25 കൊല്ലത്തോളം അദ്ദേഹം റോമായിൽ സഭാഭരണം നടത്തിയെന്നോ ഒരു കത്തോലിക്കനും വിശ്വസിക്കുവാൻ നിർബന്ധിതനല്ല. വി. പത്രോസ് എന്നു റോമായിൽ എത്തി, എത്ര കൊല്ലം റോമായിൽ മെത്രാനായി ഭരണം നടത്തി, എപ്പോൾ മരിച്ചു എന്നീ സംഗതികളെപ്പററി ചരിത്രകാരന്മാരുടെ ഇടയിൽ ഏകാഭിപ്രായമല്ല ഉള്ളതു്. എന്നാൽ പത്രോസ് റോമായിലെ ആദ്യമെത്രാനായിരുന്നെന്നും, അവിടെവച്ചു് രക്തസാക്ഷിയായി മരിച്ചെന്നുമുള്ള സംഗതികൾ എല്ലാവരും സമ്മതിക്കുന്നു. (9) സഭാചരിത്രകാരനായ എവുസേബിയസും, വി. ജറോമും സാക്ഷിക്കുന്നതു്, വി. പത്രോസ് റോമിൽ 25 സംവത്സരം ഭരണം നടത്തിയശേഷം അവിടെ വച്ചു് രക്തസാക്ഷിയായി മരിച്ചു എന്നാണു്. (10) യാക്കോബായ സഭയിലെ പണ്ഡിതപ്രമുഖനായ മൂശെ ബർകീപ്പാ വി. പത്രോസ് 25 വർഷം റോമായിൽ ഭരണം നടത്തിയിട്ടുണ്ടെന്നു സംശയരഹിതമായി പറയുന്നു. (11) എന്നാൽ അലക്സാണ്ഡ്റിയായിലെ എവുത്തിക്കിയസ് പറയുന്നതു് ക്രിസ്തുവിന്റെ മരണം കഴിഞ്ഞു 22-ാമത്തെ വർഷം വി. പത്രോസ് രക്തസാക്ഷിയായി മരിച്ചു എന്നാണു്. (12) 24 കൊല്ലം വി. പത്രോസ് റോമായിൽ ഭരിച്ചതായി രുഫീനൂ

---

9) മുകളിൽ 3, 4 എന്നീ അദ്ധ്യായങ്ങൾ കാണുക. (10) 3-ാം അദ്ധ്യായം 9, 13 എന്നീ അക്കങ്ങളിൽ ഇവരുടെ സാക്ഷ്യങ്ങൾ കാണുക (പുറം 36-37; 41-42).

11) മുകളിൽ 4-ാം അദ്ധ്യായം, 2-ൽ 9-ാം സാക്ഷ്യം കാണുക (പുറം 69).

12) Annales, PG (Patrologia Graeca) 111, 938 C.

www.malankaralibrary.com

സ് പറയുന്നു. (13) സലോമോ (14), ബർ എബ്രായ (15) മുതലായ പല പൗരസ്ത്യ ഗ്രന്ഥകാരന്മാരും 27 കൊല്ലം വി. പത്രോസ് റോമായിൽ ഭരണം നടത്തിയതായി അഭിപ്രായപ്പെടുന്നു. യാക്കോബായസഭ സ്വീകരിക്കുന്ന വി. ക്ലീമ്മീസിന്റെ എട്ടാം പുസ്തകത്തിലും പത്രോസ് 27 വർഷം റോമായിലെ മെത്രാനായിരുന്നെന്നു പറയുന്നു. (16) ഏതായാലും എങ്ങോട്ടും പോകാതെ 25 കൊല്ലം തുടർച്ചയായി വി. പത്രോസ് റോമായിൽതന്നെ വസിച്ചിരുന്നെന്നു യാതൊരു കത്തോലിക്കാ ചരിത്രകാരനും അഭിപ്രായപ്പെടുന്നില്ല. റോമായിൽ വന്നശേഷവും പത്രോസ് പല സ്ഥലങ്ങളിലും ചുററി സഞ്ചരിച്ചു പ്രസംഗിച്ചതായി പുരാതന പാരമ്പര്യങ്ങൾ പറയുന്നുണ്ട്. വി. പൌലോസ് പല പ്രാവശ്യം കാരാഗൃഹത്തിൽ ബന്ധിക്കപ്പെടുകയും, നിരവധി പീഡകൾ സഹിക്കയും, മൂന്നുപ്രാവശ്യം കപ്പൽ അപകടത്തിൽപ്പെട്ട് പടവുകൂടാതെ പകലും രാവും കടലിൽ കഴിച്ചുകൂട്ടുകയും, അതിദീർഘമായ മൂന്നു പ്രേഷിത യാത്രകൾ ചെയ്യുകയും ചെയ്തു എന്നു നാം അറിയുന്നു. (17) വി. പൌലോസ് മിശിഹായ്ക്കു വേണ്ടി ഈ വിധത്തിൽ ക്ലേശങ്ങൾ സഹിച്ചെങ്കിൽ വി. പത്രോസ് എങ്ങോട്ടും യാത്ര ചെയ്യാതെയും ബുദ്ധിമുട്ടാതെയും റോമായിൽ തന്നെ നല്ല ഭക്ഷണം കഴിച്ചും, തേച്ചുകുളിച്ചും 25 വർഷം സുഖമായി താമസിച്ചിരുന്നെന്നു വിചാരിപ്പാൻ നിവൃത്തിയില്ല. ക്ലാവുദിയോസ് ചക്രവർത്തി യഹൂദന്മാരെ റോമായിൽ നിന്നും ബഹിഷ്കരിച്ചതായി നട

---

13) PL (Patrologia Latina) 23, 608 D (638 D)

14) Salamo Bostrensis, Apis 48, Anecdota Oxoniensia 1, 2. p. 104

15) Bar—Hebraeus, Ed. Klameth.

16) 4-ാം അദ്ധ്യായം 2-ൽ 6-ാം സാക്ഷ്യം കാണുക (പുറം 67); ബർ എബ്രായയുടെ സാക്ഷ്യംകൂടി കാണുക (പുറം 69).

17) Cf. നട. 16, 22; 14, 18; 27, 41, 2 കൊറി. 11, 23—33.

www.malankaralibrary.com

പടി പുസ്തകത്തിൽ പറയുന്നുണ്ടു്. (18) ചക്രവൎത്തി ഈ കല്പന പുറപ്പെടുവിച്ചതു് അദ്ദേഹത്തിന്റെ ഭരണത്തിന്റെ 9-ാം വൎഷം, അതായതു ക്രിസ്ത്വബ്ദം 49-ാം, 50-ാം ഇടയ്ക്കാണെന്നു് ഒരോസിയൂസ് എന്ന ചരിത്രകാരൻ സാക്ഷിക്കുന്നു. (19) വി. പത്രോസ് 42-ൽ റോമ്മായിൽ പോയെങ്കിൽ ക്ലാവുദിയോസിന്റെ ഈ കല്പനയനുസരിച്ചു യഹൂദവംശജനായ പത്രോസിനും ക്രിസ്ത്വബ്ദം 50-ൽ റോമ്മാനഗരത്തിൽ നിന്നു പോകേണ്ടതായി വന്നിരിക്കണം. ഏതായാലും ഈ കാലഘട്ടത്തോടു് അടുത്തു ജറുശലേമിൽ നടന്ന സൂനഹദോസിൽ പത്രോസ് സംബന്ധിച്ചതായി നടപടി പുസ്തകത്തിൽ പറയുന്നുണ്ടു്. (20) ജറുശലേം സൂനഹദോസിനു് മുമ്പും അതിനു ശേഷവും വി. പത്രോസ് പല സ്ഥലങ്ങളിൽ ചുററിസ്സഞ്ചരിക്കയും അക്കൂട്ടത്തിൽ അന്ത്യോക്യായിൽ പോകയും ചെയ്തു എന്നുവരാം. പത്രോസ് പലപട്ടണങ്ങളിൽ ചുററിസ്സഞ്ചരിച്ചിരുന്നതായി നടപടി പുസ്തകത്തിൽ പറയുന്നുമുണ്ടു്. (21) ഇങ്ങനെ ചുററി സഞ്ചരിക്കുന്നതിനിടയിലാണു് വി. പൌലോസ് ഗാലാത്തിയാ ലേഖനത്തിൽ പറയുന്നതുപോലെ വി. പത്രോസിനെ അന്ത്യോക്യായിൽ വച്ചു് അഭിമുഖമായി കണ്ടു് എതിൎവാദം ചെയ്തതു്. (22)

മുട്ടയുടെ പുറത്തു പിടക്കോഴി പൊരുന്ന ഇരിക്കുന്നതുപോലെയോ, അഥവാ തേൻകൂട്ടിൽ റാണി ഈച്ച ഇരിക്കുന്നതുപോലെയോ, റോമ്മായിൽ വന്നശേഷം എങ്ങോട്ടും പോകാതെ 25 സംവത്സരം റോമ്മാസിംഹാസനത്തിൽത്തന്നെ വി. പത്രോസ് ഇരുന്നതായി ചില അകത്തോലിക്കർ സങ്കല്പിക്ക

---

18) നട. 18, 2.

19) Orosius, Historiarum 1. 7, 6, 15; PL 31, 1075 *A*.

20) നട. 15, 7—12.

21) നട. 9, 32.

22) ഗാല. 2, 11.

www.malankaralibrary.com

ന്നതുകൊണ്ടാണ് ക്രിസ്ത്വാബ്ദം 50-ൽ ജറുശലേം സൂന്നഹദോസിൽ സംബന്ധിച്ച പത്രോസ്— ആ കാലത്തോട് അടുത്തു അന്ത്യോക്യയിൽ വച്ച് വി. പൌലോസ് കണ്ട പത്രോസ്— റോമ്മായിലെ മെത്രാനായി വാഴുക സാദ്ധ്യമല്ലെന്ന് അഭിപ്രായപ്പെട്ടുപോകുന്നതു്. പത്രോസ് ജീവനുള്ള ഒരാൾ ആണെന്നും, റോമ്മായിൽ പോയാലും അദ്ദേഹത്തിന് പല സ്ഥലങ്ങളിലും ചുററിസ്സഞ്ചരിക്കാമെന്നും, അദ്ദേഹം തിരുസഭയുടെ പരമാദ്ധ്യക്ഷനായിരുന്നതുകൊണ്ട് ഇങ്ങനെ പല സ്ഥലങ്ങളിലും വിശ്വാസികളെ ഔദ്യോഗികമായി സന്ദർശിക്കേണ്ട ആവശ്യമുണ്ടായിരുന്നെന്നും, ദൂരദേശത്തു പോകുന്നതുകൊണ്ട് റോമ്മാസിംഹാസനത്തിന്റെ ഭരണാധികാരമോ, അദ്ദേഹത്തിന്റെ മെത്രാൻസ്ഥാനമോ നഷ്ടപ്പെടുകയില്ലെന്നും ഇക്കൂട്ടർ ചിന്തിക്കുന്നില്ല. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ. ചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ട് യൂറോപ്യൻ രാജ്യങ്ങളിൽ ചുററിസ്സഞ്ചരിച്ചപ്പോൾ "തിരുവിതാംകൂർ മഹാരാജാവ്" എന്ന സ്ഥാനം തിരുമനസ്സിലേക്കു നഷ്ടപ്പെട്ടുപോയോ? യൂറോപ്പിൽ തിരുമനസ്സുകൊണ്ട് താമസിച്ചിരുന്ന കാലത്തും അവിടുന്നു തിരുവിതാംകൂറിലെ മഹാരാജാവായിരുന്നു. വിദേശത്തു ചെലവഴിച്ചകാലവും തിരുമനസ്സിലെ ഭരണകാലമായിട്ടാണ് എല്ലാവരും പരിഗണിക്കുന്നതു്. ഇതുപോലെ നമ്മുടെ മെത്രാന്മാരും മെത്രാപ്പോലീത്താമാരും വിദേശ പര്യടനത്തിനിടയ്ക്കു റോമ്മാ, അമേരിക്കാ, ജർമ്മനി ആദിയായ രാജ്യങ്ങളിൽ ദീർഘകാലം ചുററിസ്സഞ്ചരിക്കുയോ, വസിക്കുയോ ചെയ്യതുകൊണ്ട് അവരുടെ ഭരണാധികാരം നഷ്ടപ്പെട്ടെന്നോ, ആ കാലഘട്ടത്തിൽ അവർ ഭരിച്ചുവന്ന രൂപതയുടെയോ അതിരൂപതയുടെയോ ഭരണകർത്താക്കളല്ലെന്നോ ആരെങ്കിലും പറയുമോ? ഇപ്രകാരം ക്രിസ്ത്വാബ്ദം 42-ൽ റോമ്മായിൽ പോയി സുവിശേഷം പ്രസംഗിച്ച് അവിടത്തെ സഭയെ ഭരിച്ചുകൊണ്ടിരുന്ന പത്രോസ് ക്രിസ്ത്വാബ്ദം 50-ൽ ജറുശലേമിൽ വന്നതുകൊണ്ടോ, അഥവാ ആ കാലഘട്ടത്തോടടുത്തു അന്ത്യോക്യായിൽ പോയതുകൊണ്ടോ റോമ്മായിൽ പോയിട്ടില്ലെന്നും, റോമ്മാസിംഹാസനത്തിലെ മെത്രാനല്ലെന്നും വരുന്നില്ല. അദ്ദേഹം പല യാത്രകൾക്കു ശേഷം വീണ്ടും റോമ്മായിൽ പോ

www.malankaralibrary.com

ഷി ക്രിസ്ത്വബ്ദം 67-ൽ അവിടെവച്ചു് രക്തസാക്ഷിയായി മരിച്ചതുകൊണ്ടു് 42 തുടങ്ങി 67 വരെ, അതായതു് 25 വർഷത്തോളം അദ്ദേഹം റോമ്മാ സിംഹാസനത്തിൽ മെത്രാനായി വാണു എന്നു് പറയപ്പെടുന്നതാണു്. എന്നാൽ പത്രോസ് റോമ്മായിൽ ആദ്യമായി എത്തിയവർഷവും, രക്തസാക്ഷിയായി മരിച്ച വത്സരവും ഏതാണെന്നു് ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല. തന്മൂലം അദ്ദേഹം 25 വർഷത്തോളം അഥവാ ദീർഘകാലം അവിടെ ഭരണം നടത്തിയെന്നല്ലാതെ 25 വർഷം മുഴുവൻ റോമ്മായിൽ തന്നെ വസിച്ചു് സഭാഭരണം നടത്തിയിരുന്നെന്നു് യാതൊരു കത്തോലിക്കാ ചരിത്രകാരനും അഭിപ്രായപ്പെടുന്നില്ല.

* * * *

5. വി. പൌലോസ് റോമ്മാക്കാർക്കു് അയച്ച ലേഖനത്തിന്റെ അവസാന അദ്ധ്യായത്തിൽ പ്രസിദ്ധരും അപ്രസിദ്ധരും, പുരുഷന്മാരും സ്ത്രീകളും ആയ 28 റോമ്മൻ നിവാസികൾക്കു വന്ദനം പറയുന്നുണ്ടു്. (23) പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചു് മെത്രാനായി വാണിരുന്നെങ്കിൽ പൌലോസ് റോമ്മാക്കാർക്കു ലേഖനം എഴുതുമായിരുന്നോ? അഥവാ എഴുതിയാലും ആ ലേഖനം വി. പത്രോസിന്റെ മേൽവിലാസത്തിൽ അയക്കുകയില്ലായിരുന്നോ? അതുമല്ലെങ്കിൽ ചുരുങ്ങിയപക്ഷം മററു പലരുടെയും കാര്യം അന്വേഷിച്ച കൂട്ടത്തിൽ വി. പത്രോസിന്റെ കാര്യം അന്വേഷിക്കയും, അദ്ദേഹത്തിനു വന്ദനം പറയുകയും ചെയ്കയില്ലായിരുന്നോ? (24)

ഉത്തരം:—വി. പൌലോസ് റോമ്മാക്കാർക്കു ലേഖനം അയച്ചതു് ക്രിസ്ത്വബ്ദം 57-ൽ ആണു്. വി. പത്രോസ് റോമ്മായിൽ എത്തുകയും മരിക്കയും ചെയ്തകാലം ഏതാണെന്നുള്ളതിനെപ്പററി ചരിത്രകാരന്മാർക്കു് ഏകാഭിപ്രായമല്ല ഉള്ള

23) റോമ്മാ 16, 1—16.
24) "അന്ത്യോക്യായും റോമ്മയും", പുറം 19-20, 71.

www.malankaralibrary.com

തെന്നു് 4-ാം എതിർ വാദത്തിന്റെ ഉത്തരത്തിൽ പ്രസ്താവിച്ചുകഴിഞ്ഞല്ലോ. പത്രോസ് റോമായിൽ വന്നശേഷം റോമാവിട്ടു് പല സ്ഥലത്തും ചുറ്റിസ്സഞ്ചരിച്ചിട്ടുള്ളതായി തെളിയുന്നു. തന്നിമിത്തം വി. പൌലോസ് റോമാക്കാൎക്കു ലേഖനം എഴുതിയപ്പോൾ പത്രോസ് റോമായിൽ ഇല്ലായിരുന്നെന്നും വരാം. എന്തുകൊണ്ടെന്നാൽ പൌലോസ് റോമാക്കാൎക്കു് ലേഖനം അയക്കുമ്പോൾ പത്രോസ് റോമായിൽ തന്നെ ഉണ്ടായിരിക്കണമെന്നു് നിൎബന്ധമുള്ളതായി ആൎക്കും തെളിയിക്കുവാൻ സാധിക്കയില്ല. ക്രിസ്ത്വബ്ദം 57-ൽ പൌലോസ് റോമാക്കാൎക്കു് ലേഖനം എഴുതുകയും, 67-ൽ പത്രോസ് റോമായിൽവെച്ചു മരിക്കയും ചെയ്തെങ്കിൽ, പത്രോസ് റോമായിൽപോയി സുവിശേഷം പ്രസംഗിച്ചതു് പൌലോസ് റോമാക്കാൎക്കു ലേഖനം അയച്ചു ഏതാനും വൎഷങ്ങൾ കഴിഞ്ഞാണെന്നുംവരാം. അങ്ങനെയെങ്കിൽ പത്രോസിന്റെ കാൎയ്യം ഈ ലേഖനത്തിൽ ചോദിക്കുവാൻ സാദ്ധ്യമല്ലല്ലോ. വി. പൌലോസിന്റെ പരിചയത്തിൽപ്പെട്ട ചിലരുടെ കാൎയ്യങ്ങൾ ലേഖനത്തിൽ പ്രത്യേകം ചോദിച്ചിരിക്കകൊണ്ടു് പത്രോസിന്റെ കാൎയ്യവും അതുപോലെ ചോദിക്കണമെന്നു് യാതൊരു നിൎബന്ധവുമില്ല. ഇക്കാലത്തും ഒരു പട്ടക്കാരൻ, അഥവാ ഒരു മെത്രാൻ, ദൂരദേശത്തുള്ള ഒരു സ്നേഹിതനോ, പരിചിതനോ എഴുത്തെഴുതുമ്പോൾ അവിടത്തെ മെത്രാന്റെ കാൎയ്യംകൂടി എല്ലാ എഴുത്തിലും ചോദിച്ചിരിക്കണമെന്നു് വല്ല നിൎബന്ധവും ഉണ്ടോ?

ആകയാൽ പൌലോസ് റോമാക്കാൎക്കു് ലേഖനം എഴുതിയതിനോ, പത്രോസിന്റെ മേൽവിലാസത്തിൽ ആ ലേഖനം അയക്കാഞ്ഞതിനോ, പത്രോസിന്റെ കാൎയ്യം ആ ലേഖനത്തിൽ പറയാതിരുന്നതിനോ നാം കാരണങ്ങൾ അന്വേഷിക്കേണ്ട ആവശ്യമില്ല. ഇവയ്ക്കു കാരണങ്ങൾ പലതു

www.malankaralibrary.com

ണ്ടാവും. പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്ന് ഇവയെ അടിസ്ഥാനമാക്കി വാദിക്കുന്നതിൽ അർത്ഥമില്ല.

* * * *

6. പൌലോസ് അപ്പസ്തോലൻ റോമ്മായിലെ കാരാഗൃഹത്തിൽ നിന്നു തിമോത്തിയോസിനു് എഴുതിയ രണ്ടാം ലേഖനത്തിൽ "ലൂക്കോസ് മാത്രമേ എന്നോടുകൂടിയുള്ളു" (25) എന്നു് പറഞ്ഞിരിക്കുന്നു. വി. പത്രോസ് റോമ്മായിൽ സഭാഭരണം നടത്തിയെങ്കിൽ പത്രോസ് തന്നോടുകൂടിയുണ്ടായിരുന്നെന്നു് പൌലോസ് പറയുകയില്ലായിരുന്നോ? (26)

ഉത്തരം:— 1) വി. പൌലോസ് തിമോത്തിയോസിനുള്ള രണ്ടാം ലേഖനം എഴുതിയതു് റോമ്മായിലെ ആദ്യ കാരാഗൃഹവാസത്തിനിടയ്ക്കു്, അതായതു് ക്രിസ്ത്വാബ്ദം 59-ൽ ആണെന്നു് ചിലർ പറയുന്നുണ്ടു്. എന്നാൽ ഭൂരിപക്ഷം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നതു് തന്റെ മരണത്തിനല്പം മുമ്പായി റോമ്മിലെ രണ്ടാമത്തെ തടവുകാലത്തു്, അതായതു് 67-ൽ ഈ ലേഖനം അദ്ദേഹം എഴുതിയെന്നാണു്. (27) പത്രോസും പൌലോസും റോമ്മായിൽ വച്ചു് ഒരേ വർഷത്തിലെ ഒരേദിവസം, അതായതു് ജൂൺമാസം 29-ാംനു രക്തസാക്ഷികളായി മരിച്ചെന്നു് കോറിന്ത്യായിലെ ദിവന്നാസ്യോസ് (28), വി. ജറോം (29), മഹാനായ വി. ലെയൊ (30) എന്നീ പിതാക്കന്മാർ പറയുന്നുണ്ടു്. എന്നാൽ വി.

---

25) 2 തിമോ. 4, 11.

26) "അന്ത്യോക്യായും റോമ്മായും" പുറം 19, 71, 72.

27) Cf. 2 തിമോ. 4, 6—8.

28) Apud Euseb. H. E. 2, 25, 8; PG 20, 209 AB; Schwartz 178.

29) De Viris illust. 5; PL 23, 617 A (647B).

30) Sermo 82 (In natale Ap. 1) 1; PL 54, 422.

www.malankaralibrary.com

ആഗസ്തീനോസ് (31), വി. അംബ്രോസീസ് (32), എന്നീ പിതാക്കന്മാരും, നീലൂസ് (33), മലലാസ് (34), ഹമർതോലോസ് (35) മുതലായ യവനായ ഗ്രന്ഥകാരന്മാരും വി. പത്രോസും വി. പൌലോസും ജൂൺമാസം 29-ാംനു മരിച്ചതായി പറയുന്നെങ്കിലും ഒരേ കൊല്ലത്തിലെ ജൂൺമാസത്തിലല്ല മരിച്ചതെന്ന് അഭിപ്രായപ്പെടുന്നു. ഇവരിൽ ആഗസ്തീനോസും, അംബ്രോസീസും, നീലൂസും പറയുന്നത്, ആദ്യം വി. പത്രോസും, പിന്നീട് വി. പൌലോസും മരിച്ചു എന്നത്രെ. എന്നാൽ മലലാസും, ഹമർതോലോസും വി. പൌലോസ് ആദ്യം മരിച്ചതായി അഭിപ്രായപ്പെടുന്നു. വി. പൌലോസ് തിമോത്തിയോസിന് രണ്ടാം ലേഖനം എഴുതുന്നതിനു മുമ്പുതന്നെ വി. പത്രോസ് രക്തസാക്ഷിയായി മരിച്ചെങ്കിൽ റോമായിൽ തന്നോടു കൂടി വി. പത്രോസും ഉണ്ടെന്ന് ആ ലേഖനത്തിൽ പൌലോസ് എഴുതുകയില്ലല്ലോ. പൌലോസ് ശ്ലീഹാ മരിച്ച് ഒരു കൊല്ലം കഴിഞ്ഞാണ് വി. പത്രോസ് മരിച്ചതെങ്കിൽ പൌലോസ് തിമോത്തിയോസിന് രണ്ടാം ലേഖനം എഴുതിയ കാലത്തിനുശേഷം വി. പത്രോസ് റോമായിലേക്ക് ഒന്നാമത്തെയോ, രണ്ടാമത്തെയോ യാത്ര ചെയ്യുന്നു വരാം. അഥവാ പൌലോസ് ലേഖനം എഴുതുമ്പോൾ പത്രോസ് റോമായിൽ നിന്നു വല്ല സ്ഥലത്തേയ്ക്കും പോയിരുന്നെന്നും വരാം. പിടിച്ചു കെട്ടിയതുപോലെ പത്രോസ് എപ്പോഴും റോമായിൽ തന്നെ ഇരിക്കണമെന്നോ; അഥവാ പത്രോസും പൌലോസും ഭാര്യാഭർത്താക്കന്മാരെപ്പോലെ വേർപിരിയാതെ എപ്പോഴും ഒരുമി

---

31) Sermo 295 (in natale Petri et Pauli 1) 7; PL 38, 1352; Sermo 381, P L 39, 1683. (32) De Virginitate 19, 124; PL 16, 299A (313B).

33) Photius, Bibl. codicum 276, PG 104, 256 B.

34) Chronographia, PG 97, 389A.

35) Chronicon 122,. PG 110, 441—4

www.malankaralibrary.com

ച്ചു വസിക്കണമെന്നോ അകത്തോലിക്കർ സങ്കല്പിക്കുന്നതു കൊണ്ടാണു് ഈ എതിർ വാദങ്ങളും മററും തോന്നുന്നതു്.

2) "ലൂക്കോസ് മാത്രമേ എന്നോടുകൂടിയുള്ളു" എന്നു് പൌലോസ് പറയുന്നതു് തന്റെ ശിഷ്യന്മാരും, തന്നോടു കൂടി സുവിശേഷവേല ചെയ്തിട്ടുള്ളവരുമായ ചിലരുടെ കാൎയ്യങ്ങൾ പറയുമ്പോഴാണു്. ആ ഭാഗം മുഴുവനായി ഉദ്ധരിക്കാം:— "ദേമാ എന്നെ വിട്ടുപിരിയുകയും ഈ ലോകത്തെ സ്നേഹിച്ചിട്ടു് തെസലോനിക്കായിലേക്കു് പോകയും ചെയ്തു. ക്രിസ്കോസ് ഗലാത്തിയായിലേക്കും, തെത്തോസ് ദൽമാത്തിയായിലേക്കും പോയിരിക്കുന്നു. ലൂക്കോസ് മാത്രമേ എന്നോടുകൂടിയുള്ളു. മർക്കോസിനെ നിന്നോടു കൂടി കൂട്ടിക്കൊണ്ടു പോരിക. അവൻ എനിക്കു ശുശ്രൂഷയ്ക്കു തക്കവനാണല്ലോ. തുകിക്കോസിനെ ഞാൻ എഫേസൂസിലേക്കു് അയച്ചിരിക്കുന്നു". (36) കൃതഘ്നതയോടുകൂടി തന്നോടു് പെരുമാറിയ തന്റെ ചില ശിഷ്യന്മാരെപ്പററി ഓരോരോ കാൎയ്യം പറയുകയും, തുകിക്കോസിനോടും മററും ഓരോരോ കാൎയ്യം നിർവഹിക്കുവാൻ ദേശങ്ങളിലേക്കു അയക്കയും, തന്നോടു കൂടി സുവിശേഷവൃത്തി ചെയ്യുന്നതിനു വേണ്ടി മർക്കോസിനെയും മററും കൂട്ടിക്കൊണ്ടുവരണമെന്നു് അനുസ്മരിപ്പിക്കയും ചെയ്തുകൊണ്ടു തന്റെ വത്സലശിഷ്യന്മാരിൽ ഒരാളായ തിമോത്തിയോസിനു ലേഖനം എഴുതുന്ന വി. പൌലോസിനു് ഈ ലേഖനഭാഗത്തു വി. പത്രോസിനെപ്പററി പറയേണ്ട ആവശ്യം എന്താണുള്ളതു്? അഞ്ചാറു വേലക്കാരുള്ള ഒരു വീട്ടിൽ നിന്നും ഒരു വേലക്കാരൻ ഒഴിച്ചു മററുള്ളവരെല്ലാം ഓരോ ആവശ്യം പ്രമാണിച്ചു ഓരോരോ സ്ഥലത്തു പോയിരിക്കയാണെന്നു് ആ വീട്ടുടമസ്ഥൻ അദ്ദേഹത്തിന്റെ ഒരു സ്നേഹിതനു് എഴുതുന്നെങ്കിൽ ആ വീട്ടുടമസ്ഥന്റെ ഭാൎയ്യയും മക്കളും ആ വീട്ടിലൊന്നും ഇല്ലെന്നും, ഒരു വേലക്കാരൻ മാത്രമേ ഉള്ളു എന്നും ആരെങ്കിലും അനുമാനിച്ചാൽ ആ അനുമാനം ശരിയായിരിക്കുമോ? ഇതുപോലെ തന്റെ ശിഷ്യന്മാരിൽ ഒ

36) 2 തിമൊ. 4, 9–12.

www.malankaralibrary.com

നളായ തിമോത്തിയോസിനു വി. പൌലോസ് ലേഖനം എഴുതുകയിൽ തന്റെ പല ശിഷ്യന്മാരിൽ ലൂക്കോസു മാത്രമേ തന്നോടുകൂടി തൽക്കാലം ഉള്ളു എന്നു പറയുന്നതിൽ നിന്നു വി. പത്രോസ് അപ്പസ്തോലൻ റോമ്മായിലെങ്ങും ഇല്ലായിരുന്നെന്നും, റോമ്മായിൽ ഒരിക്കലും പോയിട്ടില്ലെന്നും വാദിക്കുന്നതു യുക്തിയുക്തമോ?

3) വി. പത്രോസിന്റെ ശിഷ്യനായ മർക്കോസിനെപ്പററി കൊലൊസ്സോസ്കാർക്കും, (37) ഫിലേമോനും (38) എഴുതിയ ലേഖനങ്ങളിലും, റോമ്മാസിംഹാസനത്തിൽ വി. പത്രോസിന്റെ ആദ്യത്തെ പിൻഗാമിയായിരുന്ന ലീനോസിനെപ്പററി തിമോത്തിയോസിനു് എഴുതിയ ലേഖനത്തിലും (39) വി. പൌലോസു പറയുന്നുണ്ടു്. മർക്കോസും ലീനോസും റോമ്മായിൽ ഉണ്ടായിരുന്നതായിട്ടാണു് ഈ ലേഖനങ്ങളിൽ വി. പൌലോസ് പറയുന്നതു്. ഗുരു പോകുന്നിടത്താണല്ലോ ശിഷ്യന്മാരും പോകേണ്ടതു്. മർക്കോസും ലീനോസും റോമ്മായിൽ വസിച്ചിരുന്നെങ്കിൽ അവരുടെ ഗുരുവായ പത്രോസും റോമ്മായിൽ വസിച്ചു സുവിശേഷം പ്രസംഗിച്ചു എന്നു ന്യായമായി അനുമിക്കാം.

*　　*　　*　　*

7. വി. പൌലോസ് ഗലാത്തിയാക്കാർക്ക് അയച്ച ലേഖനത്തിൽ ഇങ്ങനെ പറയുന്നു: "പരിച്ഛേദനത്തിന്റെ സുവിശേഷം കേപ്പായെ ഏല്പിച്ചിരിക്കുന്നതുപോലെ അഗ്രചർമ്മത്തിന്റെ സുവിശേഷം എനിക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നു ........പരിച്ഛേദനത്തിന്റെ പ്രേഷിതത്വത്തിനു കേപ്പായെ പ്രേരിപ്പിച്ചവൻ തന്നെ പുറജാതികളുടെ പ്രേഷിതത്വത്തിനു് എന്നെയും പ്രേരിപ്പിച്ചു് തുണകളാകുന്നു എന്നു

---

37) കൊലൊ. 4, 10.
38) ഫിലി. 24. 39) 2 തിമോ. 4, 21.

www.malankaralibrary.com

വിചാരിക്കപ്പെട്ടിരുന്ന യാക്കോബും, കേപ്പായും, യോഹന്നാനും എനിക്കു നൽകപ്പെട്ട കൃപയെപ്പററി അറിഞ്ഞപ്പോൾ പുറജാതികളുടെ ഇടയിലും അവർ പരിഛേദനത്തിലും (സുവിശേഷവേല ചെയ്യേണ്ടതിനു) എനിക്കും ബർണബായിക്കും ഐക്യതയുടെ വലത്തുകൈ തന്നു''. (*39) ഈ വാക്യങ്ങളിൽ നിന്നു വി. പത്രോസ് പരിഛേദനക്കാരുടെ, അതായതു യൂദന്മാരുടെ ഇടയിലും, വി. പൌലോസ് പുറജാതികളുടെ ഇടയിലും സുവിശേഷം പ്രസംഗിക്കുവാൻ ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരുന്നവരാണെന്നു തെളിയുന്നു. എന്നാൽ റോമ്മാ പുറജാതികളുടെ നഗരമായിരുന്നു. ആകയാൽ വി. പത്രോസ് റോമ്മായിൽ പോകുകയോ, പുറജാതികൾ വസിച്ചിരുന്ന അവിടെ സുവിശേഷം പ്രസംഗിക്കയോ ചെയ്തിട്ടില്ല. (40)

ഉത്തരം:— 1) ലോകരക്ഷകനായ മിശിഹാ യൂദജനത്തിനാണു വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതു്. തന്മൂലം ക്രിസ്തു തൻെറ ജീവിതകാലത്തിൽ പ്രധാനമായി യൂദന്മാരോടു പ്രസംഗിക്കയും അവരുടെ ഇടയിൽ അൽഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തു. ''ഇസ്രായേൽ ഗോത്രത്തിൽ നിന്നു വഴിതെററിപ്പോയിരിക്കുന്ന ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല'' (41) എന്നു് അവിടുന്നു് അരുളിച്ചെയ്തെങ്കിലും പുറജാതിക്കാരിയായ ക്നാൻകാരി സ്ത്രീയുടെ അപേക്ഷയനുസരിച്ചു അവളുടെ മകളെ പിശാചുബാധയിൽ നിന്നു വിമോചിക്കയും, (42) പുറജാതിക്കാരനായ ഭൃത്യൻെറ പക്ഷവാതം സുഖപ്പെടുത്തുകയും (43) ചെയ്തു. അപ്പസ്തോലന്മാരെ സുവിശേഷം പ്രസംഗിക്കുന്നതിനു് അയക്കുമ്പോൾ ''പുറജാതികളുടെ വഴിയിൽക്കൂടി നിങ്ങൾ പോകരുതു്...... എന്നാൽ ഇസ്രായേൽ ഗോത്രത്തിൽ നിന്നു നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുക്കലേക്കു നിങ്ങൾ പ്രധാനമായി പോകു

* 39) ഗലാ. 2, 7–9.
40) അന്ത്യോക്യായും റോമ്മായും, പുറം 20–21.
41) മത്താ. 15, 24. 42) മത്താ. 15, 22, 28.
43) മത്താ 8, 5–13.

www.malankaralibrary.com

വിൻ" (44) എന്നും ക്രിസ്തു അരുളിച്ചെയ്യുന്നു. എന്നാൽ യൂദന്മാരുടെ അവിശ്വാസവും അനുതാപരാഹിത്യവും നിമിത്തം അവരെ തള്ളിക്കളഞ്ഞിട്ടു പുറജാതിക്കാരെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പിക്കുമെന്നു മുന്തിരിത്തോട്ടത്തിന്റെയും, കല്യാണവിരുന്നിന്റെയും മററും ഉപമകൾ വഴിയായി ക്രിസ്തു ഉദ്ബോധിപ്പിക്കുന്നു. "ദൈവരാജ്യം നിങ്ങളിൽ നിന്നു എടുക്കപ്പെടുകയും ഫലങ്ങൾ ചെയ്യുന്ന ജനത്തിനു കൊടുക്കപ്പെടുകയും ചെയ്യും" "കിഴക്കു നിന്നും പടിഞ്ഞാറു നിന്നും വളരെപ്പേർ വന്നു അബ്രാഹത്തിനോടും ഇസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും. രാജ്യത്തിന്റെ പുത്രന്മാരോ പുറത്തുള്ള അന്ധകാരത്തിലേക്കു പുറപ്പെടും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും". (45) സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പു ക്രിസ്തു അപ്പസ്തോലന്മാരോടു "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടിയിലും എന്റെ സുവിശേഷം അറിയിക്കുവിൻ", (46) "നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ചു... അവരെ പഠിപ്പിക്കുവിൻ" (47) എന്നും പറയുന്നു. ക്രിസ്തു ചെയ്തതുപോലെ എല്ലാ അപ്പസ്തോലന്മാരും ആദ്യം യൂദന്മാരോടും, പിന്നീടു പുറജാതികളോടും സുവിശേഷം പ്രസംഗിച്ചു.

"സകല സൃഷ്ടിയിലും എന്റെ സുവിശേഷം അറിയിക്കുവിൻ", "സകല ജാതികളോടും ഉപദേശിച്ചു അവരെ പഠിപ്പിക്കുവിൻ" എന്നു ക്രിസ്തു അപ്പസ്തോലന്മാരോടു അരുളിച്ചെയ്തപ്പോൾ വി. പത്രോസും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. "പത്രോസ് യൂദന്മാരോടു മാത്രമേ സുവിശേഷം പ്രസംഗിക്കാവൂ" എന്നു ക്രിസ്തു അപ്പോൾ പറയുന്നില്ല. ആകയാൽ വി. പത്രോസിനു പുറജാതിക്കാർ വസിക്കുന്ന റോമ്മായിൽ സു

---

44) മത്താ. 10, 5-6

45) Cf. മത്താ. 21, 33-43; ലൂക്കാ. 14, 16-24; മത്താ. 8, 10-12; യോഹ. 10, 16; Cf. റോമ്മാ. 15 9-12. (46) മർക്കോ. 16, 15. (47) മത്താ. 28, 19-20.

www.malankaralibrary.com

വിശേഷം പ്രസംഗിക്കുവാൻ പോകുന്നതിൽ എന്താണു പ്രതിബന്ധം?.

2) വി. പത്രോസ് ശ്ലീഹന്മാരുടെ തലവനായിരുന്നുകൊണ്ടു സഭ മുഴുവനിലും അദ്ദേഹത്തിനു ഭരണാധികാരം ലഭിച്ചിട്ടുണ്ടു്. (48) തന്മൂലം യൂദന്മാരോടും പുറജാതിക്കാരോടും സുവിശേഷം പ്രസംഗിക്കുന്നതിനുള്ള അധികാരവും അദ്ദേഹത്തിനു സിദ്ധിച്ചിരിക്കുന്നു.

3) യോപ്പാപട്ടണത്തിൽ വച്ചുണ്ടായ അത്ഭുതകരമായ ദർശനത്താൽ പുറജാതിക്കാരോടും സുവിശേഷം പ്രസംഗിക്കുന്നതിനു താൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നു വി. പത്രോസ് മനസ്സിലാക്കി. (49) വി. പത്രോസാണു് ആദ്യമായി പുറജാതിക്കാരനായ കൊർണേലിയസിനെ സഭയിൽ ചേർക്കുന്നതു്. (50) പുറജാതിക്കാരെ സഭയിൽ സ്വീകരിച്ചതിനെപ്പററി യൂദന്മാർ പിറുപിറുത്തപ്പോൾ പത്രോസ് അവരോടു ന്യായവാദം ചെയ്തു തർക്കം തീർക്കുന്നു. (51) ജറുശലേം സൂനഹദോസിൽ വലിയ തർക്കമുണ്ടായപ്പോൾ പത്രോസ് എഴുന്നേററു ഇങ്ങനെ പറയുന്നു: "ഞങ്ങളുടെ സഹോദരന്മാരായ മനുഷ്യരേ, <u>പുറജാതികൾ എൻറെ വായിൽ നിന്നു</u> സുവിശേഷവചനം കേട്ടു വിശ്വസിക്കണം എന്നു ആദ്യനാളുകളിൽ ദൈവം നിശ്ചയിച്ചു എന്നു നിങ്ങൾ അറിയുന്നുവല്ലോ". (52) ആകയാൽ അകത്തോലിക്കർ വാദിക്കുന്നതുപോലെ വി. പത്രോസ് യൂദന്മാരുടെ മാത്രം അപ്പസ്തോലനല്ല. പുറജാതികളെ മാനസാന്തരപ്പെടുത്തുന്നതിനുള്ള അധികാരം — മററു അപ്പസ്തോലന്മാർക്കുതന്നെയും ദൈവം ഒരിക്കൽ നല്കാതിരുന്ന പ്രത്യേകാധികാരം — അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു.

---

48) Cf. മത്താ. 16, 18–19; ലൂക്കാ. 22, 32; യോഹ. 21, 15—17. 49) നടപടി 10.
50) നട. 10.
51) നട. 11, 1–18. (52) നട. 15. 7.

www.malankaralibrary.com

4) റോമ്മായിൽ പുറജാതിക്കാർ മാത്രമല്ല യൂദന്മാരും ധാരാളം ഉണ്ടായിരുന്നു. പെന്തിക്കോസ്തി ദിവസത്തിൽ റോമ്മായിൽ നിന്നുള്ള യൂദന്മാരും ജറുശലേമിൽ വന്നിരുന്നതായി നടപടി പുസ്തകത്തിൽ പറയുന്നു. (53) ആകയാൽ പുറജാതികളെ മാത്രമല്ല, യൂദന്മാരെ മാനസാന്തരപ്പെടുത്തുന്നതിനുവേണ്ടിയും പത്രോസ് റോമ്മായിൽ പോയെന്നു കരുതാം.

5) വി. പൌലോസു പുറജാതികളോടു മാത്രമല്ല പ്രസംഗിച്ചിട്ടുള്ളതു്. കെവുപ്രോസ്, അന്ത്യോക്യാ, ഇക്കോനോൻ, ലുസ്ത്രാ എന്നിങ്ങനെ പല സ്ഥലങ്ങളിലും ചുററി സഞ്ചരിച്ചു യൂദന്മാരുടെ ഇടയിൽ അദ്ദേഹം പ്രസംഗിച്ചതായും അനേകം യൂദന്മാരെ മാനസാന്തരപ്പെടുത്തിയതായും നടപടി പുസ്തകത്തിൽ പറയുന്നുണ്ടു്. (54) അന്ത്യോക്യായിൽവച്ചു യൂദന്മാർ വി. പൌലോസ് പറഞ്ഞിരുന്ന വചനങ്ങളോടു് എതിർക്കുകയും ദൂഷണം പറയുകയും ചെയ്തപ്പോൾ പൌലോസും ബർണബായും തെളിവായി ഇങ്ങനെ പ്രസ്താവിച്ചു: "ദൈവത്തിന്റെ വചനം നിങ്ങളോടാണു് ആദ്യമായി പറയപ്പെടുവാൻ ആവശ്യമായിരുന്നതു്. എന്നാൽ നിങ്ങളുടെ അടുക്കൽ നിന്നു നിങ്ങൾ അതു തള്ളിക്കളയുകയും നിത്യായുസ്സിനു നിങ്ങൾ യോഗ്യരല്ലെന്നു നിങ്ങൾക്കുതന്നെ വിരോധമായി നിങ്ങൾ തീരുമാനിക്കയും ചെയ്യുയാൽ ഇതാ! ഞങ്ങൾ പുറജാതികളുടെ അടുക്കലേക്കു തിരിയുന്നു". (55)

മുകളിൽ ഉദ്ധരിച്ച വിവിധ സാക്ഷ്യങ്ങളിൽനിന്നു വി. പത്രോസ് യൂദന്മാരോടു മാത്രവും, വി. പൌലോസ് പുറജാതിക്കാരോടു മാത്രവും സുവിശേഷം പ്രസംഗിക്കുവാനല്ല, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടു നിയമിക്കപ്പെട്ടിരു

53) നട. 2, 10. (54) Cf. നട. 13; 14; 16; 17; 18. (55) Cf. നട. 13, 42–52.

www.malankaralibrary.com

ന്നതെന്നു മനസ്സിലാക്കാം. ഈ രണ്ടു അപ്പസ്തോലന്മാരും യൂദന്മാരോടും പുറജാതികളോടും സുവിശേഷം പ്രസംഗിച്ചു് അനേകം പേരെ മാനസാന്തരപ്പെടുത്തിയിട്ടുള്ളതായി മുകളിൽ ഉദ്ധരിച്ച സാക്ഷ്യങ്ങൾ തെളിയിക്കുന്നു. പൌലോസ് പുറജാതികളോടു മാത്രമേ സുവിശേഷം പ്രസംഗിച്ചിരുന്നുള്ളുവെങ്കിൽ റോമ്മാക്കാർക്കുള്ള ലേഖനം എഴുതുകയില്ലായിരുന്നു. ഈ ലേഖനം അയച്ചതു റോമ്മായിൽ വസിച്ചിരുന്ന യൂദന്മാരായ ക്രിസ്ത്യാനികൾക്കായിരുന്നു. ഇവരിൽ ചിലർ പൌലോസിനോടുകൂടി ജോലി ചെയ്തുവരും, ചിലർ അദ്ദേഹത്താൽ മാനസാന്തരപ്പെടുത്തപ്പെട്ടവരും, ചിലർ ചാർച്ചക്കാരും പ്രിഷില്ലാ, അക്വിലാ മുതലായവർ അദ്ദേഹത്തിന്റെ ഉററസ്നേഹിതരുമായിരുന്നു. (56) ആകയാൽ ഗലാത്തിയാക്കാരുടെ ലേഖനത്തിൽ പത്രോസിനെ യൂദന്മാരുടെ ഇടയിലും, തന്നെ പുറജാതികളുടെ ഇടയിലും പ്രേഷിതവൃത്തി ചെയ്‌വാൻ ദൈവം പ്രേരിപ്പിച്ചു എന്നു പൌലോസ് പറയുന്നതിന്റെ അർത്ഥം പത്രോസ് മുഖ്യമായി യൂദന്മാരോടും, പൌലോസ് പ്രധാനമായി പുറജാതികളോടും സുവിശേഷം പ്രസംഗിച്ചിരുന്നു എന്നാണ്. പത്രോസ് പുറജാതികളോടും, പൌലോസ് യൂദന്മാരോടും സുവിശേഷം പ്രസംഗിച്ചിട്ടില്ലെന്നോ, അവർക്കു അങ്ങനെ ചെയ്‌വാൻ അധികാരമില്ലായിരുന്നുവെന്നോ ഈ വാക്യത്തിന് അർത്ഥമില്ല. തന്മൂലം പത്രോസ് റോമ്മായിലെ പുറജാതികളോടു സുവിശേഷം പ്രസംഗിക്കുവാൻ പോയിട്ടില്ലെന്നു് ഈ വാക്യത്തെ ആസ്പദമാക്കി വാദിക്കുന്നതു ശരിയല്ല.

6) പത്രോസ് റോമ്മായിൽവച്ചു് നേറോ ചക്രവർത്തിയുടെ സേവകരെയും മററു പലരെയും മാനസാന്തരപ്പെടുത്തി

---

56) Cf. റോമ്മാ. 16, 3–16; നട. 18, 2, 26.

www.malankaralibrary.com

യതായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. (57) ഇവരെല്ലാം പുറജാതിക്കാരായിരുന്നു.

* * * *

8. വി. പൌലോസ് റോമാക്കാർക്കു അയച്ച ലേഖനത്തിൽ ഇങ്ങനെ എഴുതുന്നു "ഞാൻ അന്യ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിനു മിശിഹായുടെ നാമം വിളിച്ചു പ്രാർത്ഥിക്കപ്പെട്ട ഇടത്തിലല്ല, മറിച്ചു 'അവനെപ്പറ്റി ആരോടു പറയപ്പെട്ടിട്ടില്ലയോ അവർ അവനെ കാണും, കേട്ടിട്ടില്ലാത്തവർ അനുസരിക്കും' എന്നു എഴുതപ്പെട്ടിരിക്കുന്നതുപോലെയത്രെ സുവിശേഷം അറിയിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നതു". (58) അന്യ അടിസ്ഥാനത്തിന്മേൽ താൻ പണിയുകയില്ലെന്നും, സുവിശേഷം കേൾക്കപ്പെട്ടിട്ടില്ലാത്ത സ്ഥലത്തു സുവിശേഷം പ്രസംഗിക്കുവാനാണു താൻ ഉദ്ദേശിക്കുന്നതെന്നും പൌലോസ് പറഞ്ഞിരിക്കുന്നതുകൊണ്ടും റോമായിൽ വി. പൌലോസ് പിന്നീടുപോയി സുവിശേഷം പ്രസംഗിച്ചു രക്തസാക്ഷിയായി അവിടെ മരിച്ചുവെന്നു എല്ലാവരും സമ്മതിക്കുന്നതുകൊണ്ടും നേരത്തെ വി. പത്രോസ് റോമായിൽ സഭ പണിതിട്ടില്ലെന്നും, അവിടെ പത്രോസോ, മറ്റാരെങ്കിലുമോ സുവിശേഷം പ്രസംഗിച്ചിട്ടില്ലെന്നും തെളിയുന്നില്ലേ? (59)

ഉത്തരം:— 1) ഒരാൾ സുവിശേഷം പ്രസംഗിച്ച സ്ഥലത്തു വേറൊരാൾക്കു പ്രസംഗിക്കുവാൻ അനുവാദമില്ലെന്നുള്ള അഭിപ്രായം വേദപുസ്തകസാക്ഷ്യങ്ങൾക്കു അനുയോജ്യമല്ല. ക്രിസ്തു സുവിശേഷം പ്രസംഗിച്ച പാലസ്തീനാ നാട്ടിൽതന്നെ ശ്ലീഹന്മാരും സുവിശേഷം പ്രസംഗിച്ചിട്ടുണ്ടു. ഒരു അപ്പോസ്തോലൻ സുവിശേഷം പ്രസംഗിച്ച സ്ഥലത്തു വേറൊരു അപ്പോസ്തോലൻ സുവിശേഷം പ്രസംഗിച്ചിട്ടുള്ളതായും നാം അറി

57) 4-ാം അദ്ധ്യായം, 1-ൽ 3-ാം സാക്ഷ്യവും, 2-ൽ 11, 12, 13, 14 എന്നീ സാക്ഷ്യങ്ങളും കാണുക പുറം 69, 70).

58) റോമാ. 15, 20-21.

59) അന്ത്യോക്യായും റോമായും, പുറം 21-23; 71.

www.malankaralibrary.com

യുന്നു. ക്രിസ്തു 70 പേരെ തെരഞ്ഞെടുത്തശേഷം താൻ പോകുവാനിരുന്ന എല്ലാ സ്ഥലങ്ങളിലേക്കും നഗരങ്ങളിലേക്കും തനിക്കു മുമ്പേ അവരെ ഈരണ്ടുപേരായി സുവിശേഷം പ്രസംഗിക്കുവാൻ അയച്ചതായി ലൂക്കോസ് സുവിശേഷകൻ പറയുന്നു. (60) ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം പത്രോസും യോഹന്നാനും മററു ശ്ലീഹന്മാരും ജറുശലേമിൽ തന്നെ സുവിശേഷപ്രസംഗങ്ങൾ നടത്തി അനേകം പേരെ മാനസാന്തരപ്പെടുത്തിയതായി നടപടി പുസ്തകത്തിൽ നിന്നും നാം അറിയുന്നു. (61) എസ്തപ്പാനോസ്, പീലിപ്പോസ്, പൌലോസ്, ബർണബാ എന്നിവരെല്ലാം ജറുശലേമിലും സമീപപ്രദേശങ്ങളിലും പ്രസംഗിക്കുന്നു. (62) ജറുശലേം സൂനഹദോസിൽ പത്രോസും യാക്കോബും പ്രസംഗിക്കുന്നു. (63) അന്ത്യോക്യായിൽ വി. പത്രോസു മാത്രമല്ല മററു പലരും പ്രസംഗിച്ചതായി നടപടി പുസ്തകത്തിൽ പറയുന്നു. (64) "പൌലോസും ബർണബാസും അന്ത്യോക്യായിൽ താമസിച്ചു മററു പലരോടുംകൂടി ദൈവവചനം പഠിപ്പിക്കയും പ്രസംഗിക്കയും ചെയ്തിരുന്നു" (65) എന്നു നടപടിപുസ്തകത്തിൽ പ്രസ്പഷ്ടമായി പറഞ്ഞിരിക്കയാൽ വി. പത്രോസു പ്രസംഗിച്ചു അന്ത്യോക്യായിൽ വി. പൌലോസിനും മററുള്ളവർക്കും പ്രസംഗിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു എന്നു തെളിയുന്നു. ആകയാൽ റോമ്മായിൽ സുവിശേഷം പ്രസംഗിക്കുവാൻ പൌലോസ് വളരെ ആഗ്രഹിച്ചതുകൊണ്ടോ, പിന്നീടു സുവിശേഷം പ്രസംഗിക്കാൻ അദ്ദേഹം അവിടെ പോയതുകൊണ്ടോ പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്നോ, അവിടെ സുവിശേഷം പ്രസംഗിച്ചിട്ടില്ലെന്നോ പറയുന്നതു യുക്തിപൂർവ്വകമല്ല.

---

60) ലൂക്കോ. 10, 1—20. (61) Cf. നട. 2; 3; 4; 5.
62) Cf. നട 6; 7; 8; 13; 14. (63) നട. 15, 7.
13. (64) നട. 11, 19—21; 13, 1. (65) നട. 15, 34.

www.malankaralibrary.com

2) വി. പൌലോസ് റോമ്മായിൽ സുവിശേഷം പ്രസംഗിക്കുവാൻ പോകുന്നതിനു വളരെക്കാലം മുമ്പുതന്നെ റോമ്മായിൽ സഭ സ്ഥാപിക്കപ്പെട്ടിരുന്നെന്നും, റോമ്മായിലെ സഭ ഏറ്റവും വിശ്രുതമായിരുന്നെന്നും പൌലോസ് റോമ്മാക്കാർക്കു അയച്ച ലേഖനത്തിൽ നിന്നു തെളിയുന്നു. പെന്തിക്കോസ്തി തിരുനാളിൽ വി. പത്രോസ് നടത്തിയ പ്രസംഗം കേട്ടവരുടെ ഗണത്തിൽ റോമ്മായിൽ നിന്നു വന്ന യഹൂദന്മാരും ഉണ്ടായിരുന്നതായി നടപടി പുസ്തകം സാക്ഷ്യം വഹിക്കുന്നു. (66) ഇവരിൽ ചിലർ മാനസാന്തരപ്പെട്ടു വി. പത്രോസ് റോമ്മായിൽ എത്തുന്നതിനു മുമ്പുതന്നെ അവിടെ എത്തി സുവിശേഷം അറിയിച്ചു ചിലരെ മാനസാന്തരപ്പെടുത്തിയെന്നു വരാം. ഏതായാലും വി. പൌലോസ് ലേഖനം അയക്കുന്നതു് റോമ്മായിലെ പുറജാതിക്കാർക്കല്ല, ക്രിസ്ത്യാനികൾക്കാണു്. അദ്ദേഹം ഇങ്ങനെ എഴുതുന്നു: "ദൈവസ്നേഹിതന്മാരും, വിളിക്കപ്പെട്ടവരും, വിശുദ്ധന്മാരുമായി റോമ്മായിലുള്ള എല്ലാവർക്കും എഴുതുന്നതു്....... നിങ്ങളുടെ വിശ്വാസം ലോകമെങ്ങും കേൾവിപ്പെട്ടിരിക്കുന്നതിനാൽ നിങ്ങളേവരേയും കുറിച്ചു് ആദ്യം തന്നെ ഈശോമിശിഹാമൂലം എന്റെ ദൈവത്തിനു ഞാൻ സ്തോത്രം ചെയ്യുന്നു.... ഞാൻ നിങ്ങളുടെ അടുക്കൽ വരേണ്ടതിനു ദൈവേഷ്ടത്താൽ വല്ലപ്പോഴും എനിക്കു വഴി തുറക്കപ്പെടുവാൻ ഞാൻ കൃപ പ്രാർത്ഥിക്കയും ചെയ്യുന്നു.

....നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഞാൻ ആഗ്രഹിച്ചു എന്നും ഇപ്പോൾവരെ എനിക്കു വിഘ്നം നേരിട്ടു എന്നും നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു". (67) "നിങ്ങളുടെ അടുക്കൽ വരുന്നതിനു പല പ്രാവശ്യം ഞാൻ തടയപ്പെട്ടു .. നിങ്ങളുടെ അടുക്കൽ വരുവാൻ വളരെ വത്സരങ്ങൾ മുമ്പു മുതൽ ഞാൻ ആഗ്രഹിച്ചു". (68) ഈ വാക്യങ്ങളിൽ നിന്നു വി. പൌലോസ് റോമ്മാക്കാർക്ക് ലേഖനം അയ

66) നട. 2, 10.
67) റോമ്മാ. 1, 7—14. (68) റോമ്മാ. 15, 22—23.

www.malankaralibrary.com

ച്ചുകാലംവരെ റോമ്മായിൽ പോയിട്ടില്ലെന്നും, അവിടെ സുവിശേഷം പ്രസംഗിപ്പാൻ അദ്ദേഹം പോകുന്നതിനു അനേക സംവത്സരങ്ങൾക്കു മുമ്പുതന്നെ റോമ്മായിൽ ക്രിസ്തീയസഭ സ്ഥാപിതമായിരുന്നെന്നും തെളിയുന്നുണ്ട്. (69) റോമ്മാക്കാർക്കുള്ള ഈ ലേഖനം എഴുതപ്പെട്ടതു് ക്രിസ്താബ്ദം 57-ൽ ആണ്. ക്രിസ്ത്വബ്ദം 67-ൽ റോമ്മായിൽവച്ചു മരണം പ്രാപിച്ചു വി. പത്രോസ് 25 സംവത്സരത്തോളം റോമ്മാസിംഹാസനത്തിൽ മെത്രാനായി വാണെന്നു പല ചരിത്രരേഖകൾ ചൂണ്ടിക്കാണിക്കുന്നതിനാൽ ക്രിസ്താബ്ദം 57-ൽ വി. പൌലോസ് റോമ്മാക്കാർക്കു ലേഖനം എഴുതുന്നതിനു മുമ്പുതന്നെ പത്രോസ് റോമ്മായിലെ മെത്രാനായിരുന്നെന്നു് അനുമിക്കാം. (70) ആകയാൽ വി. പൌലോസ് റോമ്മായിൽ സുവിശേഷം പ്രസംഗിക്കുവാൻ പോയതുകൊണ്ടു അദ്ദേഹമാണ് റോമ്മാ സിംഹാസനത്തിന്റെ സ്ഥാപകൻ എന്നോ, പൌലോസ് പ്രസംഗിച്ച സ്ഥലത്തു പത്രോസ് പ്രസംഗിക്കുവാൻ ഇടയില്ലെന്നോ ഉള്ള അനുമാനം മുകളിൽ ഉദ്ധരിച്ച വേദസാക്ഷ്യങ്ങൾക്കുതന്നെയും വിരുദ്ധമത്രെ.

3) ''അന്യ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിനു കേട്ടിട്ടില്ലാത്തവരുടെ ഇടയിൽ സുവിശേഷം അറിയിക്കുന്നതിനു ഞാൻ ഉത്സാഹിക്കുന്നു'' എന്നു പൌലോസ് പറയുന്നതിന്റെ അർത്ഥം സഭ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള സ്ഥലത്തു് എന്നതിനെക്കാൾ പുറജാതികളുടെ ഇടയിൽ പ്രധാനമായി ജോലിചെയ്തു അവരെ മാനസാന്തരപ്പെടുത്താൻ താൻ ആഗ്രഹിക്കുന്നു എന്നാണ്.

ക്രിസ്തുവിന്റെ നാമം വിളിച്ചു പ്രാർത്ഥിക്കപ്പെടാത്ത

69) Cf. റോമ്മാ 1, 7–15; 15, 14–33.

70) 2-ാം അദ്ധ്യായം 6-ാം അക്കവും, 3-ാം അദ്ധ്യായം 9, 11, 13 എന്നീ സാക്ഷ്യങ്ങളും, 4-ാം അദ്ധ്യായം 2-ൽ 6, 7, 9, 10 എന്നീ സാക്ഷ്യങ്ങളും കാണുക (പുറം 8; 36–42; 67–70)

www.malankaralibrary.com

സ്ഥലത്തും, ക്രിസ്തുവിനെപ്പററി കേട്ടിട്ടില്ലാത്ത സ്ഥലത്തും മാത്രമേ ജോലിചെയ്യുകയുള്ളു എന്നു പൌലോസ് ദൃഢനിശ്ചയം ചെയ്തിരുന്നെങ്കിൽ ഏതെങ്കിലും ഒരു സ്ഥലത്തു ഒരാൾ മാനസാന്തരപ്പെട്ടുകഴിയുമ്പോൾ പൌലോസിന് ആ സ്ഥലം വിടേണ്ടതായിവരുകയില്ലേ? അങ്ങനെയെങ്കിൽ അദ്ദേഹത്തിന് സദാ ചുററിസ്സഞ്ചരിക്കാനല്ലാതെ ഒരിടത്തും കുറേ ദിവസത്തേക്കെങ്കിലും താമസിച്ചു സുവിശേഷം പ്രസംഗിക്കാൻ സാധിക്കാതെ വരുകയില്ലായിരുന്നോ?

4) അന്യ അടിസ്ഥാനത്തിന്മേൽ പണിയുകയില്ലെന്നും, ക്രിസ്തുവിന്റെ നാമം വിളിക്കപ്പെടാത്ത സ്ഥലത്തു പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നു എന്നും പറയുന്ന പൌലോസ് റോമ്മായിലെ ക്രിസ്ത്യാനികൾക്ക ലേഖനം എഴുതുന്നു; റോമ്മായിലെ സഭയെ സന്ദർശിക്കുവാനും അവിടെയുള്ള പുറജാതികളോടു സുവിശേഷം പ്രസംഗിക്കുവാനും ആഗ്രഹിക്കുന്നു. 'നിങ്ങളുടെ വിശ്വാസം ലോകമെങ്ങും കേൾവിപ്പെട്ടിരിക്കുന്നു" (71) എന്നു പ്രസ്താവിച്ചുകൊണ്ടു റോമ്മായിലെ ക്രിസ്ത്യാനികളുടെ വിശ്വാസം അദ്ദേഹം പ്രകീർത്തിക്കുന്നു. ഇതിൽനിന്നും ക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ റോമ്മായിൽ ധാരാളമുണ്ടായിരുന്നെന്നും, പൌലോസ് റോമ്മായിൽ എത്തുന്നതിനു അനേക സംവത്സരങ്ങൾക്ക മുമ്പുതന്നെ സുവിശേഷം റോമ്മായിൽ കേൾക്കപ്പെട്ടിരുന്നെന്നും സ്പഷ്ടമാണല്ലോ. അന്യ അടിസ്ഥാനത്തിന്മേൽ പണിയുകയില്ലെന്ന്, അതായതു വേറൊരാൾ സുവിശേഷം പ്രസംഗിച്ചു സഭസ്ഥാപിച്ചസ്ഥലത്തു പ്രസംഗിക്കുകയില്ലെന്നും, സുവിശേഷം കേൾക്കപ്പെട്ടിട്ടില്ലാത്ത സ്ഥലത്തു മാത്രമേ പ്രസംഗിക്കയുള്ളു എന്നും പൌലോസ് ദൃഢനിശ്ചയം ചെയ്തിരുന്നെങ്കിൽ റോമ്മായിലെ ക്രിസ്ത്യാനികൾക്ക ലേഖനം എഴുതുകയോ, റോമ്മായിൽ സുവിശേഷം പ്രസംഗിക്കുന്നതിന് ആഗ്രഹിക്കയോ, പിന്നീടു അതിനായിട്ടു അവിടെ പോകയോ ചെയ്യുയില്ലായിരുന്നു. ആകയാൽ പൌലോസ് റോമ്മായിൽ പോകയും സുവിശേഷം പ്ര

71) റോമ്മാ. 1, 8.

www.malankaralibrary.com

അംഗീകരിക്കയും ചെയ്തുകൊണ്ടു പത്രോസ് റോമ്മായിൽ പോയില്ലെന്നോ, അവിടെ സഭ സ്ഥാപിച്ചില്ലെന്നോ അനുമിക്കുന്നതു് അബദ്ധമത്രെ.

*　　*　　*　　*

9. വി. പൌലോസ് റോമ്മാക്കാർക്ക അയച്ച ലേഖനത്തിൽ "നിങ്ങളെ കാണ്മാനും നിങ്ങൾ സ്ഥിരീകരിക്കപ്പെടുവാനുള്ള പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക തരുവാനും നിങ്ങളുടെയും എന്റെയും വിശ്വാസംകൊണ്ടു നാം ഒരുമിച്ചു ആശ്വാസം പ്രാപിക്കുവാനും ഞാൻ വളരെ ആഗ്രഹിക്കുന്നു" (72) എന്നു് എഴുതിയിരിക്കുന്നു. വി. പത്രോസ് റോമ്മായിൽ സഭ സ്ഥാപിച്ചു ഭരണം നടത്തിയിരുന്നെങ്കിൽ പരിശുദ്ധാത്മാവിന്റെ ദാനം കൊടുക്കുന്നതിനുവേണ്ടി വി. പൌലോസ് റോമ്മായിലെ ക്രിസ്ത്യാനികളുടെ അടുക്കലേക്ക പോകുന്ന ആവശ്യമുണ്ടായിരുന്നോ? (73)

ഉത്തരം:— 1) അപ്പസ്തോലന്മാർ ഓരോ സ്ഥലത്തു സഭ സ്ഥാപിച്ച ശേഷം അവിടെയുള്ള ക്രിസ്ത്യാനികളെ കൂടക്കൂടെ സന്ദർശിക്കയും, അവരെ വിശ്വാസത്തിലും ഭക്തിയിലും സ്ഥിരപ്പെടുത്തുന്നതിനും പീഡകളിൽ അവരെ ആശ്വസിപ്പിക്കുന്നതിനുംവേണ്ടി പല ഉപദേശങ്ങൾ അവർക്ക നൽകുകയും, നേരിട്ടു സന്ദർശനം നടത്തുവാൻ സാധിക്കാത്തപ്പോൾ അവർക്ക ലേഖനങ്ങൾ അയക്കുകയും ചെയ്യുക പതിവുണ്ടായിരുന്നു. (74) പൌലോസ് റോമ്മായിലെ ക്രിസ്ത്യാനികൾക്ക ലേഖനം എഴുതുന്നതും അവരെ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്നതും ഈ ഉദ്ദേശ്യത്തോടുകൂടിയാണു്. പൌലോസ് റോമ്മാക്കാർക്ക ലേഖനം അയച്ചപ്പോൾ വി. പത്രോസ് റോമ്മായിൽ ഇല്ലായിരുന്നെ

72) റോമ്മാ. 1, 11-12. 73) അന്ത്യോക്യായും റോമ്മായും, പുറം 21.

74) Cf. നട. 14, 20-24; 15, 35-40; 16; 20, 2.

www.malankaralibrary.com

നു വരാം. (75) ആകയാൽ റോമ്മായിലെ ക്രിസ്ത്യാനികളെ സന്ദർശിക്കുന്നതുകൊണ്ടു് അവർക്കു വളരെ പ്രയോജനമുണ്ടാകുമെന്നു ശ്ലീഹാ മനസ്സിലാക്കിയിരുന്നു. (76) മാത്രമല്ല റോമ്മാ പുറജാതികളുടെ കേന്ദ്രസ്ഥാനമായിരുന്നതുകൊണ്ടു അവരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കണമെന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നു. (77) യൂദന്മാരിൽ നിന്നു മാനസാന്തരപ്പെട്ടവരും, പൌലോസിന്റെ സ്നേഹിതന്മാരും പരിചിതരുമായി പല ക്രിസ്ത്യാനികൾ റോമ്മായിൽ വസിച്ചിരുന്നെന്നു റോമ്മാ ലേഖനത്തിന്റെ ഒടുവിൽ ഓരോരുത്തന്റെയും പേർ പറഞ്ഞു നൽകുന്ന വന്ദനോക്തികളിൽ നിന്നു മനസ്സിലാക്കാം. (78) ഇവരെ സന്ദർശിക്കുന്നതിനും ശ്ലീഹാ ആഗ്രഹിച്ചിരുന്നു. ഇങ്ങനെ പല ഉദ്ദേശ്യങ്ങളോടു കൂടിയാണു വിശുദ്ധൻ റോമ്മായിലേക്കു പോകുവാൻ ആഗ്രഹിച്ചതു്. പരിശുദ്ധാത്മാവിന്റെ ദാനം കൊടുക്കുക എന്നുള്ളതു പല ഉദ്ദേശ്യങ്ങളിൽ ഒന്നു മാത്രമായിരുന്നു.

2) റോമ്മായിലെ ക്രിസ്ത്യാനികളെ സന്ദർശിക്കുവാൻ വി. പൌലോസ് ആഗ്രഹിച്ചതു് അവർക്കു പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഒന്നും കിട്ടാഞ്ഞല്ല. അപ്പസ്തോലനായ താൻ അവരെ സന്ദർശിച്ചാൽ അവർക്കും തനിക്കും സന്തോഷവും ആശ്വാസവും ഉണ്ടാകുമെന്നാണു് അദ്ദേഹം പറയുന്നതു്. "നിങ്ങളുടെയും എന്റെയും വിശ്വാസംകൊണ്ടു നാം ഒരുമിച്ചു ആശ്വാസം പ്രാപിക്കുവാനും ഞാൻ വളരെ ആഗ്രഹിക്കുന്നു." (79) "ഞാൻ സ്പെയിനിലേക്കു പോകുമ്പോൾ വന്നു നിങ്ങളെ കാണാമെന്നും, നിങ്ങളുടെ കാഴ്ചകൊണ്ടു ഏറ്റക്കുറെ ആനന്ദിച്ചശേഷം നിങ്ങൾ എന്നെ അവിടേക്കു യാത്ര അയക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു". (80) "ദൈവത്തിന്റെ

75) 5-ാം എതിർവാദത്തിന്റെ ഉത്തരം കാണുക (പുറം 103.)
76) റോമ്മാ. 1, 11—55. 77) റോമ്മാ. 1, 15-16; 15, 8-24. 78) റോമ്മാ. 16; 79) റോമ്മാ. 1, 12. 80) റോമ്മാ. 15, 24.

www.malankaralibrary.com

ഇഷ്ടത്താൽ ഞാൻ സന്തോഷത്തോടുകൂടി നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടി ആശ്വസിക്കുവാനും തന്നെ".

(81) റോമ്മായിലെ ക്രിസ്ത്യാനികൾ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ധാരാളം സ്വീകരിച്ചിട്ടുള്ളവരായിരുന്നെന്നു പൌലോസ് തന്നെ തന്റെ ലേഖനത്തിൽ പലടത്തും പറഞ്ഞിട്ടുണ്ടു്. അവരുടെ വിശ്വാസത്തെയും ഭക്തിയെയും ഗുണഗണങ്ങളെയും പ്രശംസിച്ചുകൊണ്ടു അദ്ദേഹം ഇങ്ങനെ എഴുതുന്നു: "ദൈവസ്നേഹിതന്മാരും, വിളിക്കപ്പെട്ടവരും, വിശുദ്ധന്മാരുമായി റോമ്മായിലുള്ള എല്ലാവർക്കും എഴുതുന്നതു്.... നിങ്ങളുടെ വിശ്വാസം ലോകമെങ്ങും കേൾവിപ്പെട്ടിരിക്കുന്നു ..............എന്റെ സഹോദരന്മാരേ, നിങ്ങൾ തന്നെ നന്മകൊണ്ടു നിറഞ്ഞവരും സകല അറിവുകൊണ്ടും പൂർണ്ണരും മററാളുകളെയും കൂടി ഉപദേശിക്കുവാൻ കഴിയുന്നവരുമാകുന്നു എന്നു നിങ്ങളെപ്പററി എനിക്കും സമ്മതം വന്നിട്ടുണ്ടു്....... നിങ്ങളുടെ അനുസരണം എല്ലാ മനുഷ്യർക്കും പ്രസിദ്ധമായിരിക്കുന്നു. ആകയാൽ നിങ്ങൾ നിമിത്തം ഞാൻ സന്തോഷിക്കുന്നു .......സമാധാനത്തിന്റെ ദൈവമോ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാലുകളുടെ കീഴിൽ തകർത്തുകളയും."(82) ഇതിൽ കൂടുതലായി റോമ്മായിലെ ക്രിസ്ത്യാനികളെ പ്രശംസിച്ചുപറയുന്നതു് എങ്ങനെയാണു്? പൌലോസ് റോമ്മായിൽ പോകുന്നതിനു വളരെ മുമ്പുതന്നെ പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ യാതൊരു കുറവും കൂടാതെ അവിടത്തെ ക്രിസ്ത്യാനികൾക്കു ലഭിച്ചിരുന്നെന്നു് ഈ വാക്യങ്ങൾ വിളിച്ചറിയിക്കുന്നില്ലേ? വി. പൌലോസിനെപ്പോലെതന്നെ, അഥവാ അദ്ദേഹത്തെക്കാൾ വളരെ കൂടുതലായി നൽവരങ്ങളും യോഗ്യതകളുമുള്ള ഒരാളിൽ നിന്നാണു റോമ്മായിലെ ക്രിസ്ത്യാനികൾ സുവിശേഷം സ്വീകരിച്ചതെന്നു് ഈ വാക്കുകൾ തെളിയിക്കുന്നില്ലേ? "സഹോദരന്മാരേ, ഞാൻ നിങ്ങൾക്കു ചിലേടത്തു അതിധൈര്യമായി എഴുതിയിരിക്കുന്നു" (83) എന്നു

81) റോമ്മാ. 15, 32.
82) റോമ്മാ. 1, 7. 8; 15, 14; 16, 19-20.
83) റോമ്മാ. 15, 15.

www.malankaralibrary.com

ള്ള പൌലോസിന്റെ വാക്യവും ചിന്തനീയമാണു്. വി. പത്രോസിൽ നിന്നു റോമ്മായിലെ ക്രിസ്ത്യാനികൾ സുവിശേഷം സ്വീകരിച്ചില്ലെങ്കിൽ പൌലോസിന്റെ ഈ പ്രശംസകൾക്കും അഭിനന്ദനങ്ങൾക്കും അർത്ഥമില്ല. വി. പൌലോസിനു മുമ്പു പത്രോസല്ലാതെ മററു യാതൊരു അപ്പസ്തോലനും റോമ്മായിൽ സുവിശേഷം പ്രസംഗിച്ചതായി ചരിത്രരേഖകൾ ഇല്ലാത്തതുകൊണ്ടു റോമ്മാസിംഹാസനത്തിന്റെ സ്ഥാപകൻ പത്രോസാണെന്നുള്ള വിശ്വാസം പ്രബലീഭവിക്കുന്നു. പൌലോസ് അവർക്കു നൽകുവാൻ ഉദ്ദേശിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനം, തന്റെ ഉപദേശങ്ങൾകൊണ്ടു വിശ്വാസത്തിൽ അവരെ സ്ഥിരപ്പെടുത്തുകയും, അവരെ ആശ്വാസിപ്പിക്കയും ചെയ്യുക എന്നല്ലാതെ വി. പത്രോസിൽ നിന്നു റോമ്മായിലെ ക്രിസ്ത്യാനികൾക്കു ലഭിച്ചിട്ടില്ലാത്ത അനുഗ്രഹങ്ങൾ ഒന്നുമല്ല. ഒരു അപ്പസ്തോലന്റെ ദർശനം ക്രിസ്ത്യാനികൾക്കു വിശ്വാസവും ഭക്തിയും വർദ്ധിക്കുന്നതിനു പ്രേരകമാകാതിരിക്കയില്ല. അതിനെ സൂചിപ്പിച്ചാണു് "നിങ്ങൾ സ്ഥിരീകരിക്കപ്പെടുവാനുള്ള പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു തരുവാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു" (84) എന്നു പൌലോസ് പറയുന്നതു്. യഥാർത്ഥ്യം ഇങ്ങനെയിരിക്കെ ഈ വാക്യത്തെ മുറുകെ പിടിച്ചുകൊണ്ടു പത്രോസ് റോമ്മായിൽ പോകയോ, അവിടെ സഭ സ്ഥാപിച്ചു അവിടത്തെ ക്രിസ്ത്യാനികൾക്കു നൽവരങ്ങൾ കൊടുത്തു സഭാഭരണം നടത്തുകയോ ചെയ്തിട്ടില്ലെന്നു വാദിക്കുന്ന അകത്തോലിക്കരുടെ ബുദ്ധിസൂക്ഷ്മതയെപ്പററി എന്താണു പറയേണ്ടതു്?

* * * *

**10.** വി. യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു വി. പത്രോസിനോടു ഇപ്രകാരം പറഞ്ഞതായി എഴുതിയിരിക്കുന്നു: "നീ ചെറു പ്രായക്കാരനായിരുന്നപ്പോൾ....... നിനക്കു ഇഷ്ടമുള്ള സ്ഥലത്തേക്കു നടന്നിരുന്നു; നീ വയസ്സൻ ആകുമ്പോഴോ........ നീ ഇച്ഛിക്കാത്ത സ്ഥലത്തേയ്ക്കു

84) റോമ്മ. 1, 11-12.

www.malankaralibrary.com

നിന്നെ കൊണ്ടുപോകും". (85) വി. പത്രോസ് മരിച്ച സ്ഥലം, അതായത് റോമ്മാ അദ്ദേഹത്തിനു ഇഷ്ടമില്ലാത്ത സ്ഥലമാണെന്നു ക്രിസ്തുതന്നെ പറഞ്ഞിരിക്കയാൽ അവിടെ പത്രോസ് സഭ സ്ഥാപിക്കയോ, മെത്രാനായി ഭരണം നടത്തുകയോ ചെയ്തിട്ടില്ല.

ഉത്തരം:- ഫാദർ കെ. റി. സഖറിയാസിന്റെ പ്രസംഗങ്ങളിൽ പ്രയോഗിക്കാറുള്ള ഒരു കുയുക്തിയും ദുർവ്യാഖ്യാനവുമാണ് ഇത്. "നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ചു....... അവരെ പഠിപ്പിക്കുവിൻ (86 ); "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടിയിലും എന്റെ സുവിശേഷം അറിയിക്കുവിൻ" (87) എന്നിങ്ങനെ വി. പത്രോസിനോടും മററു അപ്പസ്തോലന്മാരോടും ക്രിസ്തു അരുളിച്ചെയ്തപ്പോൾ, "റോമ്മാ എനിക്കു ഇഷ്ടമില്ലാത്ത സ്ഥലമാണ്; അവിടെ ഞാൻ പോകയില്ല" എന്നു പത്രോസ് കർത്താവിനോടു പറഞ്ഞിരിക്കുമോ? പത്രോസിനു റോമ്മാ ഇഷ്ടപ്പെടാതിരിക്കുവാൻ ഒരു കാരണവുമില്ല. വിഗ്രഹാരാധനയിൽ നിമഗ്നമായതും വിഷസർപ്പങ്ങൾ നിറഞ്ഞതുമായ ഇൻഡ്യയിൽപോലും വി. തോമ്മാശ്ലീഹാ വന്നു സ്ഥിതിക്കു ധീരനായ പത്രോസിനു റോമ്മായിൽ പോകുവാൻ ഭയമായിരുന്നോ? പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനു മുമ്പുതന്നെ സകലവും പരിത്യജിച്ച്, എവിടെയും മിശിഹായെ അനുഗമിക്കുന്നതിനു സന്നദ്ധനായിരുന്ന പത്രോസിനു ഏതെങ്കിലും സ്ഥലം ഇഷ്ടപ്പെടാതെ വരുമോ? (88 ). സുവിശേഷം പ്രസംഗിക്കുന്നതിനായി പുറപ്പെടുന്നതിനു മുമ്പു അപ്പസ്തോലന്മാർ ചിട്ടിയിട്ടപ്പോൾ പത്രോസിനു റോമ്മായാണു കിട്ടിയതെന്നും, "എനിക്കു റോമ്മാ പട്ടണം മതി" എന്നു പത്രോസ് പറഞ്ഞു അന്ത്യോക്യായിലേക്കു പോകുവാൻ വിസമ്മതിച്ചെന്നും, ദീർഘകാലം പത്രോസ് റോമ്മായിൽ

85) യോഹ. 21, 18. (86) മത്താ. 28, 19-20.
87) മർക്കോ. 16, 15. (88) മർക്കോ. 10, 28-30; മത്താ. 26, 33-35; ലൂക്കാ. 22, 33.

www.malankaralibrary.com

സുവിശേഷവൃത്തി ചെയ്തു മരണം നടത്തി അവിടെ മരിച്ചു
ന്നും യാക്കോബായക്കാർ സമ്മതിക്കുന്ന സഭാ പിതാക്കന്മാരു
ടെയും ഗ്രന്ഥകാരന്മാരുടെയും ആ സഭയിലെ പണ്ഡിതന്മാ
രുടെയും സാക്ഷ്യങ്ങളിൽ നിന്നു തെളിയുന്നു (3-ാം അദ്ധ്യാ
യത്തിലെ സാക്ഷ്യങ്ങളും, 4-ാം അദ്ധ്യായം 2-ൽ 6 മുതൽ
12 വരെയുള്ള സാക്ഷ്യങ്ങളും കാണുക).

താൻ സഹിക്കാനിരുന്ന അത്യുഗ്രമായ പീഡകളെ ദർ
ശിച്ചു മനുഷ്യനെന്ന നിലയിൽ ക്രിസ്തുനാഥൻ സംഭ്രമിച്ചു്
“എന്റെ പിതാവേ! കഴിവുണ്ടെങ്കിൽ ഈ പാനപാത്രം
എന്നെ കടന്നുപോകട്ടെ”. (89) എന്നു മൂന്നുപ്രാവശ്യം പ്രാ
ർത്ഥിച്ചല്ലോ. എന്നാൽ സ്വപിതാവിന്റെ ഇഷ്ടത്തിനു പ
രിപൂർണ്ണമായി കീഴ്‌വഴങ്ങിക്കൊണ്ടു് “എങ്കിലും ഞാൻ ഇ
ച്ഛിക്കുന്നതുപോലെയല്ല, മറിച്ചു നീ ഇച്ഛിക്കുന്നതുപോലെ”
എന്നു പറഞ്ഞു അവിടുന്നു പ്രാർത്ഥിച്ചു. (90) മനുഷ്യനെ
ന്ന നിലയിൽ ദൈവപുത്രനായ ക്രിസ്തുപോലും പീഡകളിൽ
നിന്നൊഴിവാൻ ഇച്ഛിച്ചെങ്കിൽ കേവലം മനുഷ്യരായ അപ്പ
സ്തോലന്മാർ സ്വാഭാവികമായി പീഡകൾ സഹിക്കാൻ ആഗ്ര
ഹിച്ചിരുന്നില്ല. എന്നാൽ മിശിഹായോടുള്ള സ്നേഹം നിമി
ത്തം അവരെല്ലാം പീഡകൾ സഹിക്കയും, ജീവനെ ബലിക
ഴിച്ചു രക്തസാക്ഷികളായി മരിക്കയും ചെയ്തു. വി. പത്രോ
സിന്റെ ഈ വിധത്തിലുള്ള രക്തസാക്ഷിത്വത്തെ സൂചിപ്പി
ച്ചാണു കർത്താവു മേൽ ഉദ്ധരിച്ച വാക്യം അരുളിച്ചെയ്തതെ
ന്നു വി. യോഹന്നാൻ പ്രത്യേകിച്ചു പറയുന്നു: “എന്നാൽ
ഇതു് അവൻ ഏതു വിധ മരണത്താൽ ദൈവത്തെ മഹത്വ
പ്പെടുത്തുവാനിരിക്കുന്നു എന്നു് കാണിക്കുവാൻ അവൻ അരു
ളിച്ചെയ്തു.” (91) ചെറുപ്രായത്തിൽ വി. പത്രോസ് സ്വത
ന്ത്രമായി ജീവിച്ചിരുന്നെന്നും, എന്നാൽ ക്രിസ്തുവിനാൽ പ്ര
ത്യേകവിധം തെരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്മാരുടെ തലവ
നായി നിയമിതനായ അദ്ദേഹം ദീർഘകാലം സുവിശേഷപ്ര

89) മത്താ. 26, 39.
90) മത്താ. 26, 39.   91) യോഹ. 21, 19.

www.malankaralibrary.com

വൃത്തി ചെയ്തു വൃദ്ധനായിത്തീരുമ്പോൾ ശത്രുക്കളാൽ ബന്ധിക്കപ്പെട്ടു സ്വാഭാവികമായി വരുന്ന പീഡകളെ--ഏററം നിന്ദ്യമായ കുരിശുമരണത്തെത്തന്നെ—അനുഭവിക്കേണ്ടിവരുമെന്നും, പീഡകർ അദ്ദേഹത്തിന്റെ കൈകാലുകൾ വലിച്ചുനീട്ടി നിർദ്ദയമായി കുരിശിൽ തറയ്ക്കുമെന്നും, എന്നാൽ സ്വഗുരുവിനോടുള്ള നിസ്സീമസ്നേഹം നിമിത്തം സസന്തോഷം ഈ പീഡകളെല്ലാം സഹിച്ചു രക്തസാക്ഷിയായി അദ്ദേഹം മരിച്ചു ദൈവത്തെ മഹത്വപ്പെടുത്തും എന്നുമാണ് ക്രിസ്തു അരുളിച്ചെയ്ത വാക്യത്തിന്റെ സാക്ഷാൽ അർത്ഥം.

ഇഷ്ടമില്ലാത്ത സ്ഥലത്തു് ഒരാൾ സമാധാനത്തോടും സന്തോഷത്തോടുംകൂടി മരിക്കയില്ലല്ലോ. പത്രോസിനു റോമ്മാ ഇഷ്ടമില്ലായിരുന്നെങ്കിൽ അവിടെവച്ചുണ്ടായ അദ്ദേഹത്തിന്റെ മരണം സംതൃപ്തിയും സമാധാനവും സന്തോഷവുമില്ലാത്ത ദുർമ്മരണമായിരുന്നെന്നു സമ്മതിക്കേണ്ടി വരും. എന്നാൽ പത്രോസ് സ്വമരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തുവാനിരിക്കുന്നു എന്നാണു കർത്താവു പ്രവചിച്ചിട്ടുള്ളതു്. ആകയാൽ "ഇഷ്ടമില്ലാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകും" എന്ന വാക്യത്തിനു സ്വാഭാവികമായി വരുന്ന പീഡകൾ നിറഞ്ഞ മരണത്തിനു— കുരിശു മരണത്തിനു —പത്രോസിനെ പീഡകർ കൊണ്ടുപോകുമെന്നല്ലാതെ റോമ്മാനഗരത്തെ ഉദ്ദേശിച്ചല്ല ഇവിടെ "ഇഷ്ടമില്ലാത്ത സ്ഥലം" എന്നു പറയുന്നതു്. ജ്ഞാനവും ചിന്താശക്തിയും തൊട്ടുതേച്ചിട്ടില്ലാത്ത വല്ല "മുരമണ്ടന്മാരെ"യും കബളിപ്പിക്കാമെന്നല്ലാതെ ഈ കുയുക്തിക്കും ദുർവ്യാഖ്യാനത്തിനും പണ്ഡിതദൃഷ്ടിയിൽ വിലയൊന്നുമില്ല.

* * * *

11. അപ്പസ്തോലന്മാർ വിശിഷ്യ പത്രോസും പൌലോസും ലോകം മുഴുവൻ ചുററിസ്സഞ്ചരിച്ചു പ്രവർത്തിപ്പാനുള്ളവരായിരിക്കെ ഒരു പട്ടണത്തിന്റെ മെത്രാനാകുവാൻ നി

www.malankaralibrary.com

വൃത്തിയില്ല. ആകയാൽ പത്രോസ് റോമായിൽ മെത്രാനായിരുന്നില്ല. (92)

ഉത്തരം:—അപ്പോസ്തോലന്മാർ ഒരു സ്ഥലത്തു സുവിശേഷം പ്രസംഗിച്ചു സഭ സ്ഥാപിച്ചിട്ടു മറ്റൊരാളെ ആ സ്ഥലം ഏല്പിക്കുന്നതുവരെ അവിടത്തെ ജനങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. അങ്ങനെയെങ്കിൽ അവിടെ മെത്രാനായി വർത്തിച്ചിരുന്നു എന്നു സ്പഷ്ടമത്രെ. ഉദാഹരണമായി പൌലോസ്ലീഹാ സുവിശേഷവൃത്തി ചെയ്തശേഷം തിമോത്തിയോസിനെയും തീത്തൂസിനെയും യഥാക്രമം എഫേസൂസിലും ക്രേത്തയിലും നിയമിച്ചു. ഇങ്ങനെ നിയമിച്ചെങ്കിലും ആ സ്ഥലങ്ങളിലെ സഭയിന്മേലുള്ള അധികാരം പൂർണ്ണമായി അദ്ദേഹം ഉപേക്ഷിച്ചില്ലെന്ന് അവർക്ക് പിന്നീട് ലേഖനങ്ങൾ അയക്കുന്നതിൽ നിന്നും നിർദ്ദേശങ്ങൾ കൊടുക്കുന്നതിൽ നിന്നും മനസ്സിലാക്കാം. (93) ഇതുപോലെ ദൂരസ്ഥനായിരുന്നിട്ടും കൊറിന്ത്യാസഭയിലും ലേഖനങ്ങൾ വഴി അദ്ദേഹം അധികാരം പ്രയോഗിക്കുന്നു. (94) ഇപ്രകാരം വി. പത്രോസും "ബാബേലി"ൽ (റോമായിൽ) ആയിരുന്നിട്ടും (1 പത്രോ. 5, 13) മുമ്പു സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളിലെ ക്രിസ്ത്യാനികൾക്കായി ലേഖനം എഴുതുന്നു. (95) പത്രോസ് അന്ത്യോക്യായിൽ സഭ സ്ഥാപിച്ച് ഏഴു വർഷത്തോളം അതിനെ ഭരിച്ചശേഷം എവോദിയോസിനെ അവിടെ നിയമിച്ചിട്ട് റോമായിലേക്കു പോയി. അവിടെ മരിക്കുന്നതുവരെ സുവിശേഷവൃത്തി ചെയ്തതിനാൽ മെത്രാൻ എന്ന നിലയിൽ വർത്തിച്ചിരുന്നെന്നു നിസ്സംശയമത്രെ. റോ-

---

92) Cf. മി. കെ. എൻ. മാനിയേൽ, പാപ്പായുടെ ആധിപത്യം പു. 235.

93) I & II തിമോത്തിയോസ്, തീത്തൂസ് എന്നീ ലേഖനങ്ങൾ കാണുക.

94) 1 കൊറി. 1, 11; 11, 34; 4, 21; 5, 3; 2 കൊറി. 2, 10 കാണുക.

95) 1 പത്രോ. 1. 1.

www.malankaralibrary.com

മ്മായിലെ സഭയുടെ ഭരണം ആരെയെങ്കിലും ഏല്പിച്ചിട്ട പത്രോസ് കുറെക്കാലം പ്രവൎത്തിച്ചിരുന്നെങ്കിൽ ഇപ്പോഴത്തെ മെല്പട്ടക്കാർ രൂപതാഭരണം ഏല്പിച്ചിട്ട വിദേശങ്ങളിൽ പ്രവൎത്തിക്കുന്നതുപോലെയേ അതിനെയും പരിഗണിക്കേണ്ടതുള്ളു. വിദേശത്തു പോയതുകൊണ്ടോ, വേറൊരാളെ ഭരണം കുറെക്കാലത്തേക്ക ഏല്പിച്ചതുകൊണ്ടോ അവരുടെ അധികാരമോ ഭരണമോ നഷ്ടപ്പെടുന്നില്ല. സഭയുടെ തലവൻ അഥവാ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ പത്രോസിനു ലഭിച്ച അധികാരം മുഴുവൻ അദ്ദേഹം ജീവിച്ചിരിക്കെ വേറൊരാൾക്ക കൊടുക്കയില്ലെന്നു തീർച്ചയാണല്ലോ. അങ്ങനെ കൊടുത്തെങ്കിൽ തത്സമയം മുതൽ സഭാദ്ധ്യക്ഷനായ പത്രോസ് വേറൊരാൾക്ക വിധേയനായി എന്നുവരും. ആകയാൽ പത്രോസിന്റെ മരണത്തോടുകൂടി മാത്രമേ അദ്ദേഹത്തിന്റെ യഥാൎത്ഥ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട മെത്രാന്ന ആ ഭരണാധികാരം മുഴുവനായി ലഭിച്ചുള്ളു. അതുവരെ പത്രോസു മാത്രമായിരുന്നു റോമ്മായിൽ സഭാദ്ധ്യക്ഷൻ.

*    *    *    *

12. ഒരു ഭാൎയ്യക്കു പല ഭൎത്താക്കന്മാർ ഉണ്ടാകുവാൻ പാടില്ലാത്തതുപോലെ ഒരു രൂപതയ്ക്കു പല മെത്രാന്മാർ ഉണ്ടാകാൻ പാടില്ല. എന്നാൽ പത്രോസിന്റെ ജീവിതകാലത്തുതന്നെ ലീനോസ്, അനക്ലേത്തൊസ്, ക്ലീമ്മീസ് എന്ന മൂന്നു പേരെ റോമ്മാമെത്രാന്മാരായി അഭിഷേകം ചെയ്തതായി ചില പിതാക്കന്മാരും ഗ്രന്ഥകാരന്മാരും പറയുന്നുണ്ട്. ആകയാൽ പത്രോസ് റോമ്മായിലെ മെത്രാനായിരുന്നില്ല. (96)

ഉത്തരം:—ഒരു ഭാൎയ്യക്കു ഒന്നല്ലാതെ പല ഭൎത്താക്കന്മാർ ഉണ്ടാകാൻ പാടില്ലാത്തതുപോലെ ഒരു രൂപതയ്ക്കു ഒരു മെത്രാനേ ഉണ്ടാകുവാൻ പാടുള്ളു എന്ന തത്വം മി. മാണിയേൽ സ്വീകരിക്കുന്നെങ്കിൽ റോമ്മാ മെത്രാന്മാരായി വാഴി

96) പാപ്പായുടെ ആധിപത്യം, പുറം 245-249.

www.malankaralibrary.com

ക്കപ്പെട്ട ആ മൂന്നുപേരും ഒരേ അർത്ഥത്തിൽ റോമ്മായിലെ മെത്രാന്മാർ ആകുവാൻ പാടില്ലല്ലോ. അവരിൽ ഒരാൾ മാത്രം യഥാർത്ഥത്തിൽ, അതായതു പരിപൂർണ്ണാധികാരം ലഭിച്ച റോമ്മാ മെത്രാനാണെങ്കിൽ മററു രണ്ടു പേരും ആ അർത്ഥത്തിൽ മെത്രാന്മാരല്ല. അങ്ങിനെയെങ്കിൽ വി. പത്രോസ് ജീവനോടെ റോമ്മായിൽ ഇരിക്കുമ്പോൾ ഇവർ മൂന്നു പേരും യഥാർത്ഥമായ അർത്ഥത്തിൽ, അതായതു പരിപൂർണ്ണമായ അധികാരത്തിൽ റോമ്മാ മെത്രാന്മാരായിരുന്നില്ല, പത്രോസു മാത്രമേ അങ്ങിനെ റോമ്മാ മെത്രാനായിരുന്നുള്ളു എന്നു വിചാരിക്കുന്നതിൽ എന്താണു കുഴപ്പം?

റോമ്മായിലെ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ സാധിക്കുന്നതിനു പത്രോസ് ജീവിച്ചിരിക്കെ മൂന്നു പേരെ അവിടെ അഭിഷേകം ചെയ്യുകയും, പത്രോസിനോടു കൂടി അവർ മൂന്നുപേരും സുവിശേഷവൃത്തി നിർവ്വഹിക്കയും ചെയ്തിരുന്നാൽ തന്നെയും അവരെല്ലാം വി. പത്രോസിനെപ്പോലെ പരമാധികാരം പ്രാപിച്ചവരായിരുന്നെന്നു പുരാതന പിതാക്കന്മാരോ, ഗ്രന്ഥകാരന്മാരോ പറയുന്നില്ല. ഇക്കാലത്തും വിപുലമായ ഒരു രൂപതയെ ഭരിക്കാൻ പ്രധാന മേല്പട്ടക്കാരനെ കൂടാതെ സഹായ മെത്രാനോ, മെത്രാന്മാരോ ഉള്ളതുപോലെ അപ്പസ്തോലന്മാരുടെ കാലത്തും പലരും അവരെ സഹായിക്കാനുണ്ടായിരുന്നു. ഇങ്ങനെ സഹായിച്ചിരുന്നവർക്കു മെത്രാൻപട്ടം ലഭിച്ചിരുന്നെങ്കിലും അപ്പസ്തോലന്മാർക്കുള്ള അധികാരമെല്ലാം ലഭിച്ചിരുന്നില്ല. പത്രോസിന്റെ മരണശേഷം പത്രോസിന്റെ യഥാർത്ഥപിൻഗാമിയായി മുറപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ലീനോസിനു പത്രോസിന്റെ അധികാരമെല്ലാം ലഭിച്ചു. ലീനോസ് മരിച്ചപ്പോൾ അനക്ലേത്തസിനും, പിന്നീടു ക്ലീമ്മീസിനും ആ അധികാരം ലഭിച്ചു. ആകയാൽ മെത്രാൻ സ്ഥാനം ലഭിച്ചെങ്കിലും ഒരേ സമയത്തു ഇവരെല്ലാം റോമ്മായിൽ പരിപൂർണ്ണമായ അധികാരത്തോടുകൂടി ഭരിച്ചിരുന്നില്ല. പത്രോസ് റോമ്മായിൽ ഉണ്ടായിരുന്നപ്പോഴും, പല സ്ഥലങ്ങളിൽ ചുററിസ്സഞ്ചരിച്ചപ്പോഴും പത്രോസിനെപ്പോലെ പൂർണ്ണമാ

www.malankaralibrary.com

യ അധികാരത്തോടുകൂടിയല്ല ഇവർ റോമ്മായിൽ സഭാഭരണം നിർവഹിച്ചതു്. പത്രോസിന്റെ മരണശേഷം മുറപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരാൾക്കല്ലാതെ മൂന്നുപേർക്കും ഒരേസമയത്തു ഒരുപോലെ പത്രോസിന്റെ പരമാധികാരം ലഭിച്ചുമില്ല. (71, 73, 81 എന്നീ പുറങ്ങളും, മുകളിൽ 42-50 പുറങ്ങളിലുള്ള മാർപ്പാപ്പാമാരുടെ പട്ടികയും കാണുക).

*        *        *        *

13. വി. പത്രോസ് റോമ്മായുടെ മെത്രാനായിരുന്നെന്നു വി. ക്രിസോസ്തോം (സ്വർണ്ണനാവുകാരൻ ഈവാനിയോസ്) എവുസേബിയസ് എന്നിവരാരും പറഞ്ഞിട്ടില്ല. (97)

ഉത്തരം: ഈ രണ്ടുപേർ ഇക്കാര്യം പറഞ്ഞിട്ടില്ലെങ്കിൽ തന്നെയും പത്രോസ് റോമ്മായിലെ മെത്രാനായിരുന്നില്ലെന്നു വരുന്നില്ല. നാലു അദ്ധ്യായങ്ങളിലായി ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ള അനേക പിതാക്കന്മാരുടെയും ഗ്രന്ഥകാരന്മാരുടെയും സാക്ഷ്യങ്ങൾ ഇതു തെളിയിക്കുന്നു.

വി. പത്രോസ് അന്ത്യോക്യായിൽ മെത്രാനായിരുന്നെങ്കിലും ദീർഘകാലം അദ്ദേഹത്തെ ആസ്വദിക്കുവാൻ ഇടയാകാതെ മഹനീയമായ റോമ്മാ നഗരത്തിനു വിട്ടുകൊടുക്കേണ്ടിവന്നു എന്നു വി. ക്രിസോസ്തോം പറയുന്നതുകൊണ്ടു ദീർഘകാലം അദ്ദേഹത്തെ ആസ്വദിക്കുവാൻ ഭാഗ്യം സിദ്ധിച്ചതു റോമ്മായിക്കാണെന്നു സ്പഷ്ടമല്ലേ? (മുകളിൽ, പുറം 39-40 കാണുക).

വി. പത്രോസ് 25 കൊല്ലം റോമ്മാ പട്ടണത്തിന്റെ മെത്രാനായി വാണെന്നു എവുസേബിയസ് സ്പഷ്ടമായി "നാളാഗമം" എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. (98) അദ്ദേഹം എഴു

---

97) പാപ്പായുടെ ആധിപത്യം, പുറം 236-237, 238-242.

98) മുകളിൽ 3-ാം അദ്ധ്യായം 9-ാം അങ്കത്തിൽ (പുറം 36-38) ഈ സാക്ഷ്യം കാണുക.

www.malankaralibrary.com

തിയ സഭാചരിത്രത്തിൽ വി. പത്രോസ് റോമ്മായിൽ പ്രസംഗിച്ച കാര്യങ്ങളാണ വി. മർക്കോസ് സുവിശേഷത്തിൽ എഴുതിയിട്ടുള്ളതെന്നും, ദേവാലയങ്ങളിൽ വായിക്കപ്പെടുന്നതിനായി പിന്നീട ആ പുസ്തകത്തെ തന്റെ അധികാരത്താൽ പത്രോസ് അംഗീകരിച്ചെന്നും പറഞ്ഞിരിക്കുന്നതിനാൽ അല്പകാലത്തേക്കു മാത്രമല്ല വി. പത്രോസ് റോമ്മായിൽ വസിച്ചിരുന്നതെന്നു അനുമാനിക്കാം. അങ്ങനെയെങ്കിൽ അന്ത്യോക്യായിൽ എന്നതുപോലെ റോമ്മായിലും അദ്ദേഹം മെത്രാനായി വർത്തിച്ചിട്ടില്ലേ? (മുകളിൽ പുറം, 38 കാണുക)

ഒരാൾ സ്പഷ്ടമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ പറഞ്ഞിട്ടില്ലെന്നു സ്വഗ്രന്ഥങ്ങളിൽ ധൈര്യപൂർവ്വം എഴുതി സത്യാന്വേഷകരായ വായനക്കാരെ തെറ്റിദ്ധരിപ്പിച്ചാൽ ഇരുട്ടുകൊണ്ടു ഓട്ട അടയ്ക്കുന്നതുപോലെ എന്നല്ലാതെ എന്തു ഗുണമാണുണ്ടാകുന്നതു്?

വി: പത്രോസ് റോമ്മായിൽ പോകയോ, സഭ സ്ഥാപിക്കയോ മെത്രാനായി ഭരണം നടത്തുകയോ ചെയ്തിട്ടില്ലെന്നു പറയുന്ന അകത്തോലിക്കരുടെ പ്രധാന വാദമുഖങ്ങളെയെല്ലാം നാം പരിശോധിച്ചു് അവയിൽ എത്രമാത്രം യുക്തിയും ന്യായവും ഉണ്ടെന്നു കണ്ടു കഴിഞ്ഞു. നാലു അദ്ധ്യായങ്ങളിലായി മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദപുസ്തകത്തിലെ സാക്ഷ്യങ്ങളോടും അനിഷേധ്യമായ നിരവധി ചരിത്രരേഖകളോടും, വിവിധ പണ്ഡിതന്മാരുടെ സാക്ഷ്യങ്ങളോടും താരതമ്യപ്പെടുത്തി നോക്കുമ്പോൾ കത്തോലിക്ക വിശ്വാസത്തിന് എതിരായി അകത്തോലിക്കർ അജയ്യായുധമെന്നു പോലെ കൊണ്ടുവരുന്ന ഈ എതിർ വാദങ്ങൾ എത്ര ബാലിശങ്ങൾ, എത്ര ദുർബലങ്ങൾ, എത്ര ലജ്ജാവഹങ്ങൾ!!

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com